ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ചെമ്മനാട് ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

ആശംസകളോടെ

പുളിന്തോട്ടി ഗ്രൂപ്പ്സ്

1. പുളിന്തോട്ടി ഫർണ്ണീച്ചേഴ്സ്

കളനാട് ബസ്സ് സ്റ്റാൻറ്

നിങ്ങൾക്കാവശ്യമുള്ള കട്ടിലകൾ, ജനലുകൾ

കൊത്തുപണിയോടുകൂടിയ ഡോറുകൾ,

ആധുനിക രീതിയിൽ കരവിരുതോടുകൂടിയ ഫർണ്ണീച്ചറുകൾ

നിങ്ങളാവശ്യപ്പെടുന്ന തടികളിൽ

നിർമ്മിച്ചു കൊടുക്കുന്നു.

ഉൽഘാടനം ഉടൻ പ്രതീക്ഷിക്കുക.

2. പുളിന്തോട്ടി ട്രേഡേഴ്സ്, പൊയിനാച്ചി

ഫോൺ: 0499-420621.

3. പുളിന്താട്ടി സ്റ്റോഴ്സ്, അബുദാബി

യു.എ.ഇ.

ഫോൺ: 341076.

4. സൈബാത്തി ഇലക്ട്രോണിക്സ് ദുബൈ.

ഫോൺ : 226362.

289124

5. പുളിന്തോട്ടി കോംപ്ലക്സ്, പൊയിനാച്ചി.

150-5

അധികാരം ജനങ്ങളിലേക്ക്

ചെമ്മനാട് ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം

സമഗ്ര വികസനരേഖ

CHEMNAD GRAMA PANCHAYAT

കാസർഗോഡ് ജില്ല
ചെമ്മനാട് ഗ്രാമ പഞ്ചായത്ത്



വിഷയ വിവരം

1. ആമുഖം..

2.പഞ്ചായത്ത് പൊതുവിവരണം ....

3.സാമൂഹ്യസാംസ്ക്കാരിക ചരിത്രം..........

4. ഭൂപ്രകൃതി ,ജനപ്രകൃതി, ജലപ്രകൃതി..

5. സാമൂഹ്യസാമ്പത്തിക മേഖലകൾ.........

5-1 കൃഷിയും ജലസേചനവും.............

5-2 മൃഗസംരക്ഷണം, മത്സ്യബന്ധനം..........

5-3 വ്യവസായം..

5-4 വിദ്യാഭ്യാസം ....

5-5 കുടിവെള്ളവും പൊതു ജനാരോഗ്യവും.

5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.....................

5-7 സാമൂഹ്യക്ഷേമം പാർപ്പിടം

5-8 സംസ്കാരം..

5-9 വനിത...

5-10 സഹകരണം..

5-11 പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം...

5-12 വിഭവസമാഹരണം...

6 ഉപസംഹാരം..

7 ചെമ്മനാട് ഗ്രാമപഞ്ചായത്ത് ....

ജനകീയാസൂത്രണ പ്രവർത്തനങ്ങൾ..........................

"സ്വാതന്ത്രദിനം നിങ്ങളെ
ആഹ്ലാദിപ്പിക്കുന്നുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ.
ഞാൻ ആ ആഹ്ലാദത്തിൽ പങ്കുകൊള്ളുന്നില്ല.
സ്വാതന്ത്ര്യത്തിന്റെ ദുർഗന്ധം എന്റെ മൂക്കിനെ
മഷ്ലാക്കിയിരിക്കുന്നു".

ഗാന്ധി

എഡിറ്റർ : ബാലകൃഷ്ണൻ തെക്കിൽ

എഡിറ്റോറിയൽ ബോർഡ്

1. സി.ഹരിദാസൻ
2. രാധാകൃഷ്ണൻ പെരുമ്പള
3 .പി. കുഞ്ഞിക്കണ്ണൻ.
4 എം.അബ്ദു റഹിമാൻ

സബ്കമ്മറ്റിഅംഗങ്ങൾ

1. എ. നാരായണൻ നായർ
2. സുദർശൻ പിള്ള.
3. എസ്.വി സുകുമാരൻ
4. അബ്ബാസ് ബന്താട്
5. ഡോ.ടിറ്റോ ജോസഫ്
6.ഡോ. ജോർജ് ഡിക്രൂസ്.
7 .കുമാരൻ നായർ ആലച്ചേരി
8. കുഞ്ഞമ്പു അണിഞ്ഞ.
9.ബാലകൃഷണ്ൻ വയലാംകുഴി.
10. ബാലകൃഷ്ണൻ പെരുമ്പള
11. മാധവൻ പി
12. സുകുമാരൻ വയലാംകുഴി.
13. നാരായണൻ തലക്കണ്ടം
14. കുഞ്ഞിക്കണ്ണൻ നായർ ഇ.
15.കൃഷ്ണൻ നായർ (വി.ഇ.ഒ)
16.ലളിത ജെ.
17. നഫീസത്ത് ബീവി

ഡി.ടി.പി ഉത്തര മലബാർ ഡി.ടി.പി സിസ്റ്റംസ്
അച്ചടി. ഉത്തര മലബാർ ഓഫ്സെറ്റ് പ്രിൻറിംങ്
പ്രസ് കാഞ്ഞങ്ങാട്

ജനകീയാസൂത്രണം

ഒമ്പതാം പഞ്ചവൽസര പദ്ധതിയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.
ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഗ്രാമസഭകളിലെ പ്രശ്നങ്ങളും, നിർദ്ദേശങ്ങളും, വിവിധ സർക്കാർ ആഫീസുകളിലെ സ്ഥിതി വിവര കണക്കുകളുമാണ് ഉപയോഗിച്ചത്.
തികച്ചും സമയ ബന്ധിത പരിപാടിയായതു കൊണ്ട് സാമ്പത്തിക സാമൂഹ്യ സർവ്വേ നടത്തി വസ്തുനിഷ്ഠമായ കാര്യങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.
നവംബർ 11ാം തിയ്യതി രണ്ടാം ഘട്ട പരിശീലനം കഴിഞ്ഞ് നവംബർ 20 ന് പഞ്ചായത്ത് ഭരണ സമിതി അന്തിമമായി അംഗീകരിക്കുന്നത് വരെയുള്ള ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.
തികച്ചും നൂതനമായ ഈ സംരംഭം വിജയിപ്പിക്കാൻ കഴിഞ്ഞത് ആത്മാർത്ഥതയും ത്യാഗസന്നദ്ധരുമായ ഒരു സംഘം പ്രവർത്തകരുടെ പരിശ്രമം കൊണ്ടാണ്.
ഈ വികസന റിപ്പോർട്ടിൽ എന്തെങ്കിലും പോരായ്മകൾ ദൃശ്യമാകുന്നുവെങ്കിൽ അവ വികസന സെമിനാറിൽ ചർച്ചകളിലൂടെ നിർദ്ദേശിക്കുമെന്ന് പ്രത്യാശിക്കുന്നു.

— എഡിറ്റോറിയൽ ബോർഡ്

മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ

ടി.ബി.മൊയ്തീൻ കുഞ്ഞി
തെക്കിൽ വില്ലേജ് പഞ്ചായത്ത്

ശ്രീ.എം.അബ്ദുറഹിമാൻ
തെക്കിൽ വില്ലേജ് പഞ്ചായത്ത്

പരേതനായ
ശ്രീ.സി.പി. മാഹിൻ
ചെമ്മനാട് വില്ലേജ് പഞ്ചായത്ത്

1 ശ്രീ. ഇ.അബ്ദുൾ ഖാദർ
,ചെമ്മനാട് (Late)

ശ്രീ. പി.കുഞ്ഞാലി ,കളനാട്

ശ്രീ. കെ. മൊയ്തീൻ കുട്ടി ഹാജി.

ശ്രീ. കല്ലട്ര അബ്ബാസ് ഹാജി.

പഞ്ചായത്ത് മെമ്പർമാർ

എ.സുകുമാരി
(പ്രസിഡൻറ്)

പി.എ.മുഹമ്മദ് കുഞ്ഞി
(വൈ. പ്രസിഡൻ്റ്)

ടി. ശ്രീധരൻ
സ്റ്റാൻറിങ്ങ് കമ്മിറ്റി
ചെയർമാൻ

ടി.കെ ഉമ്മർകുഞ്ഞി

കെ.അങ്കരൻ

ടി.ഓമന

ബേബി കൃഷ്ണൻ

ടി.എച്ച് അബ്ദുല്ല ഹാജി

എം. മാധവൻ നായർ

കെ. മാധവൻ നായർ

മറിയം ബികോച്ചനാട്

എ മൊയ്തീൻ കുഞ്ഞി

പാർവ്വതി ഗോപാൽ

കെ.പി ശാന്തി

കുന്നരിയത്ത് മാഹിൻ ഹാജി

അകാലത്തിൽ മരണമടഞ്ഞ
എ.എം അബ്ദുല്ല
(15 ാം വാർഡ്)

ആമുഖം

ഇന്ത്യൻ സ്വാതന്ത്ര്യത്തിൻെറ അമ്പത് വർഷങ്ങൾ കടന്ന ുപോയിരിക്കുന്നു. ത്യാഗനിർഭരമായ പോരാട്ടങ്ങളിലൂടെ അനേകം രക്തസാക്ഷികളിലൂടെയും നമ്മെ ഗ്രസിച്ചിരുന്ന രാഷ്ട്രീയ ആധിപത്യം നാം ഇല്ലാതാക്കി. 'ഭാരതത്തിൻെറ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്' എന്ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി മനസ്സിലാക്കിയിരുന്നു. സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ അദ്ദേഹത്തിൻെറ സ്വപ്നമായിരുന്നു. സ്വാശ്രയത്തിലൂടെ ജനങ്ങളുടെ കൂട്ടായ്മയാണ് ഗാന്ധിജി ഉദ്ദേശിച്ചിരുന്നത്. എട്ട് പഞ്ചവത്സരപദ്ധതികൾ ഇതിനകം നമ്മുടെ രാജ്യത്ത് നടപ്പിലാക്കപ്പെട്ടു. ദാരിദ്രനിർമ്മാർജനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീമേഖലകളിൽ പൂർണ്ണമായും പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനം പൊതുവെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻ പന്തിയിലാണ്., കടന്നുപോയ അര നൂറ്റാണ്ടുകാലത്തെ പ്രവർത്തനങ്ങൾ ഇന്ത്യയെ പലരംഗത്തും ശ്രദ്ധേയമാക്കി എന്നത് പ്രസ്താവ്യയോഗ്യമാണ്.

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതെളിക്കുന്ന നൂതന സംരംഭമാണ് സംസ്ഥാന സർക്കാരും സംസ്ഥാന ആസൂത്രണബോർഡും ചേർന്ന് നടപ്പിലാക്കി വരുന്ന '' ജനകീയാസൂത്രണ പ്രസ്ഥാനം'. ഓരോപ്രദേശത്തിൻെറയും ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴെതട്ടിൽ നിന്നും ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത് കരിക്കന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഈ കർമ്മ പരിപാടി രാഷ്ട്രീയ കക്ഷി ഭേദമന്യേ എല്ലാവിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിജയകരമായി മുന്നേറുകയാണ്. അധികാര വികേന്ദ്രീകരണം അതിൻെറ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കാൻ ലക്ഷമിടുന്ന ഈ പദ്ധതി അഞ്ചുഘട്ടങ്ങളിലയാണ് നടപ്പിലാക്കപ്പെടുന്നത്.

ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിക്കും അവിടത്തെ ജനകീയ ആവശ്യങ്ങൾക്കും അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതുമൂലം നന്നായി ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും പരാജയപ്പെട്ടതിന് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നാം തുടർന്നുവരുന്ന ആസൂത്രണ സംപ്രദായങ്ങളുടെ വൈകല്യങ്ങൾ ഒഴിവാക്കി വികസനത്തിൻെറ എല്ലാ തലങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുക എന്നതാണ് ജനകീയാസൂത്രണപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽവികസന പ്രശ്നങ്ങളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ആസൂത്രണം. ഇന്നോളം നടന്നിട്ടുള്ള ആസൂത്രണവും വികസന പ്രക്രിയകളും കേന്ദ്രീകൃതവും പരസ്പര പൂരകങ്ങളുമല്ലാത്തതുമായിരുന്നു. ആസൂത്രണമെന്നത് പ്രയോഗത്തിൽ വിവിധവകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധ:പതിച്ചു. സ്ഥലജലവിഭവങ്ങളുടെ കഴിവുകളെയും അവയുടെ വിനിയോഗപ്രവർത്തനങ്ങളെയും സമഗ്രമായി കണ്ട് പരിപാടികൾ തയ്യാറാക്കുന്നതിനു പകരം 'അടിച്ചേൽപ്പിക്കൽ '' ആയിത്തീർന്നു ഇന്ത്യൻ ആസൂത്രണത്തിൻെറ മുഖമുദ്ര. ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വപരവുമായി. പദ്ധതികൾ നടപ്പാക്കേണ്ട പ്രദേശത്തെ ജനങ്ങൾക്ക് അവസംബന്ധിച്ച തീരുമാനങ്ങളിലോ നിർവ്വഹണങ്ങളിലോ പങ്കുണ്ടായിരുന്നില്ല. വിഭവപരിമിതി കണക്കാക്കാതെ ഒട്ടനവധി പദ്ധതികൾ ഒരേ സമയം ഏറ്റെടുക്കുന്നു. പദ്ധതി നടത്തിപ്പിൻെറ മോണിറ്ററിംഗ് തൃപ്തികരമായിരുന്നില്ല. വൈവിദ്യമാർന്ന ഭൂപ്രകൃതിയാൽ സമ്പന്നമായ കേരളംപോലുള്ള ഒരു സംസ്ഥാനത്ത് എല്ലാകാര്യങ്ങളിലും വ്യക്തമായ ധാരണകളോടുകൂടിയേ ഏതൊരു പദ്ധതിയും നടപ്പിലാക്കാൻ പാടുള്ളൂ. ഇത്തരം കാര്യങ്ങളിൽ എല്ലാവിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് അവരിൽ നിന്നുതന്നെ ആസൂത്രണം പ്രാദേശികമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'ഒമ്പതാം പദ്ധതി ജനകീയപദ്ധതി എന്ന ആശയം ഉരിത്തിരിഞ്ഞത്. സമൂഹത്തിൻെറ ഏറ്റവും താഴെത്തട്ടിലുള്ള നിരക്ഷരനും അജ്ഞനുമായ ഒരുവൻെറ അഭിപ്രായം കണ്ടറിഞ്ഞും കേട്ടറിഞ്ഞും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ മികവ് ഉപയോഗപ്പെടുത്തുകയും ഒരു പുതിയ ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിക്കുകയുമാണ് നമ്മുടെ കേരളം.

വികസനരംഗത്ത് 'കേരളമോഡൽ' അന്താരാഷ്ട്ര ശ്രദ്ധതന്നെ ആകർഷിച്ചു. മെച്ചപ്പെട്ട ജീവിത സാഹചര്യം പലമേഖലകളിലും ഉണ്ടായി എങ്കിലും അസന്തുലിതമായ വികസനഫലമായി ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ കൈപിടിച്ചുയർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. യുവജനങ്ങളെ അലട്ടുന്ന തൊഴിലില്ലായ്മ അനുദിനം പെരുകി വരുന്നു.

ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന് ഒരു സാമൂഹ്യ പ്രക്രിയയാണ് വികസനം. വികസന രംഗത്ത് കേരളം ഒട്ടേറെ പുരോഗതികൾ കൈവരിച്ചു വെങ്കിലും സാമ്പത്തിക ഉൽപാദനത്തിന്റെ മേഖലയിൽ നാം തകർച്ചയെ നേരിടുകയാണ്. വിദ്യാഭ്യാസ ആരോഗ്യമേഖലയിലുണ്ടായ പുരോഗതി നമ്മുടെ സാമ്പത്തിക വളർച്ചയിൽ ദൃശ്യമായില്ല. സ്വാതന്ത്ര്യാനന്തര ഘട്ടത്തിലുടനീളം സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ താഴ്ന്നതായിരുന്നു. സാമ്പത്തിക രംഗത്തെ അപകടകരമായ സ്ഥിതിവിശേഷം പ്രകടമാവാത്തതിന് മുഖ്യകാരണം ഗൾഫ് മലയാളികളിൽ നിന്നുള്ള വൻ വരുമാന മാർഗങ്ങളായിരുന്നു. എന്നാൽ ഈ രാജ്യങ്ങളിൽ അടുത്തകാലത്തായി നടപ്പിലാക്കിയ തൊഴിൽ നിയന്ത്രണം കേരളത്തിന്റെ -പ്രത്യേകിച്ചും നമ്മുടെ പഞ്ചായത്തിന്റെ -സാമ്പത്തിക മേഖലകളിൽ വൻ തിരിച്ചടിയായിതീർന്നിട്ടുണ്ട്.

വികസനരംഗത്ത് ഒട്ടേറെ പുരോഗതികൾ ദൃശ്യമായെങ്കിലും അടുത്തകാലത്തായി ഒരുതരം മാന്ദ്യമാണ് അനുഭവപ്പെടുന്നത്. ഈ വികസന പ്രതിസന്ധിക്കുള്ള പരിഹാരം കാണുക എന്നത് നാം ഓരോരുത്തരുടെയും കടമയാണ്.മുൻകാല അനുഭവങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുക, മാമൂൽ വിട്ട് ചിന്തിക്കുക, പുതിയ ഒരു പ്രവർത്തന ശൈലി കരുപിടിപ്പിക്കുക എന്നിവയാണ് നാം ഇദംപ്രദമായി ചെയ്യേണ്ടത്.

കേരളത്തിൽ നടപ്പിലാക്കിവരുന്ന ജനകീയാസൂത്രണ പരിപാടി ഒരു മാറ്റത്തിന്റെ തുടികൊട്ടാണ്. അധികാരം ത്രിതലപഞ്ചായത്തുകൾക്ക് പൂർണ്ണമായും കൈമാറുകയാണ്. ഒരു ജനാധികാരസഭയായി പഞ്ചായത്തുകൾ മാറിക്കഴിഞ്ഞു. ആസൂത്രണവികേന്ദ്രീകരണത്തിന് ഇത്രമാത്രം പ്രാധാന്യം ഉണ്ടെങ്കിലും ഇവ പ്രായോഗികമാവാതിരിക്കാനുള്ള പ്രധാനകാരണം പ്രാദേശികമായി ആസൂത്രണത്തിനാവശ്യമായ സ്ഥിതിവിവര കണക്കുകൾ ഇല്ലാത്തത്, വിദഗ്ദന്മാരുടെ അഭാവം തുടങ്ങിയ പലകാരണങ്ങൾ പറയാമെങ്കിലും ഏറ്റവും പ്രധാനമാണ് ആസൂത്രണംചെയ്യുന്നതിനോ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോ പ്രാദേശിക സ്വയം ഭരണസ്ഥാപനങ്ങൾക്ക് അധികാരം ഉണ്ടായില്ല എന്നതാണ്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുമ്പായി വിശേഷാൽ ഗ്രാമസഭകളിൽ പഞ്ചാത്തിലെ 15 വാർഡ്തല ഗ്രാമസഭകളിലുംസ്ത്രീകൾ ഉൾപ്പെടെ നല്ല പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. ആരോഗ്യകരമായ ചർച്ചകളും വിമർശനങ്ങളും ഈ ഗ്രാമസഭകളിൽ ഉണ്ടായിരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. ചരിത്രപരമായി ഒട്ടേറെ പ്രാധാന്യമുള്ള നമ്മുടെ പഞ്ചായത്തിൽ വിവരശേഖരണത്തിനായി നമുക്ക് ജനപ്രതിനിധികൾ ഉൾപ്പെടെ പല ആളുകളുടെയും സഹകരണം ഉണ്ട്യായിട്ടുണ്ട്. ചുരുങ്ങിയ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ വസ്തുതകൾ ശേഖരിക്കാൻ കഴിഞ്ഞത് പഞ്ചായത്ത് ഭരണസമിതി, വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥന്മാർ, സന്നദ്ധപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുടെ സഹകരണം ഒന്നുകൊണ്ടുമാത്രമാണ്.

ജനകീയാസൂത്രണപസ്ഥാനം സംസ്ഥാനതലത്തിൽ ആരംഭിച്ചശേഷം സപ്തബർ മാസം ആദ്യവാരം മുതൽ തന്നെ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ഈ പരുപാടികളോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ ഈ റിപ്പോർട്ടിൽ പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നത് പ്രസ്താവ്യയോഗ്യമണ്.

ചെമ്മനാട് ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചായത്തിൻെറ പേര്	:	ചെമ്മനാട് ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന ഗ്രാമങ്ങൾ	:	തെക്കിൽ,പെരുമ്പള, ചെമ്മനാട്, കളനാട്
ബ്ലോക്ക്	:	കാസറഗോഡ്
താലൂക്ക്	:	കാസറഗോഡ്
ജില്ല	:	കാസറഗോഡ്
ജില്ലാ പഞ്ചായത്ത്	:	കാസറഗോഡ്
അസംബ്ലി മണ്ഡലം	:	ഉദുമ
ലോകസഭാമണ്ഡലം	:	കാസറഗോഡ്
വിസ്ത്രീർണ്ണം	:	40.11 ച.കി.മി.
അതിരുകൾ	:	

കിഴക്ക്,വടക്ക്- ചന്ദ്രഗിരിപ്പുഴ

പടിഞ്ഞാറ് - അറബിക്കടൽ

തെക്ക് - ഉദുമ, പള്ളിക്കര പഞ്ചായത്തുകൾ

മൊത്തം ജനസംഖ്യ - 41,651 എണ്ണം (1991 സെൻസസ്)

പുരുഷന്മാർ -20,511 എണ്ണം

സ്ത്രീകൾ - 21,140 എണ്ണം

മൊത്തം വീടുകൾ -9718

ജനസാന്ദ്രത - 1035 / കി.മി

സാക്ഷരതാ നിരക്ക്

പുരുഷൻ മാർ : 74.53 %

സ്ത്രീകൾ 66.01 %

പട്ടിക ജാതി

പുരുഷൻ മാർ :608

സ്ത്രീകൾ 573

പട്ടികവർഗ്ഗം

പുരുഷൻ മാർ 5

സ്ത്രീകൾ 2

ഭരണം

ചെമ്മനാട്.തെക്കിൽ കളനാട് ,പെരുമ്പള എന്നീ നാല്‌വില്ലേജുകൾ ചേർത്ത് 1962 ൽ ചെമ്മനാട് ഗ്രാമപഞ്ചായത്ത് രൂപീകരിച്ചു. 1963 ൽ ആദ്യമായി തെരഞ്ഞെടുപ്പ് നടന്നു.

പ്രഥമ പ്രസിഡൻറ്

ശ്രീ. ഇ അബ്ദുൾഖാദർ (1963 -70)

ശ്രീ പി കുഞ്ഞാലി (1970- 79)

ശ്രീ.കെ.മൊയ്തീൻ കുട്ടിഹാജി (1979- 87)

ശ്രീ കല്ലട്ര അബ്ബാസ് ഹാജി (1987 -95)

1995 ഒക്ടോബർ 2 ന് ഇപ്പോഴത്തെ ഭരണ സമിതി നിലവിൽ വന്നു.

പ്രസിഡൻറ് : കുമാരി എ. സുകുമാരി(വാർഡ് 2)

വൈ: പ്രസിഡണ്ട്: ശ്രീ പി.എ മുഹമ്മദ് കുഞ്ഞി (വാർഡ് 13)

അംഗങ്ങൾ

ശ്രീ .ടി കെ ഉമ്മർ കഞ്ഞി.(വാർഡ് 1)

ശ്രീ.കെ. അങ്കരൻ (വാർഡ് 3)

ശ്രീ മതി ടി.ഓമന (വാർഡ് 4)

ശ്രീ ടി.ശ്രീധരൻ (വാർഡ് 5)

ശ്രീ മതി ബേബി കൃഷ്ണൻ(വാർഡ് 6)

ശ്രീ ടി.എച്ച്.അബ്ദുല്ല(വാർഡ് 7)

ശ്രീ എം മാധവൻ നായർ (വാർഡ് 8)

ശ്രീ കെ മാധവൻ നായർ(വാർഡ് 9)

ശ്രീമതി മറിയംബി കോച്ചനാട്(വാർഡ് 10)

ശ്രീ എ മൊയ്തീൻ കുഞ്ഞി(വാർഡ് 10)

ശ്രീമതി പാർവ്വതി ഗോപാൽ (വാർഡ് 12)

ശ്രീമതി കെ.പി ശാന്തി(വാർഡ് 14)

ശ്രീ കുന്നരിയത്ത് മാഹിൻ ഹാജി(വാർഡ് 15)

(1995 നടന്ന തെരഞ്ഞെടുപ്പിൽ 15 ാം വർഡിൽ നിന്നും തെരഞ്ഞെടുത്ത ശ്രീ എ .എം. അബ്ദുല്ല മരിച്ച ഒഴിവിൽ നടന്ന ഉപ തെരഞ്ഞെടുപ്പിലാണ് 1996 ആഗസ്റ്റിൽ കുന്നരിയത്ത് മാഹിൻ ഹാജി തെരഞ്ഞെടുക്കപ്പെട്ടത്.)

ചെമ്മനാട് ഗ്രാമപഞ്ചായ ... സ്



സ്റ്റാഫ്- ചെമ്മനാട് ഗ്രാമപഞ്ചായത്ത്

സാംസ്ക്കാരിക ചരിത്രം.

കാസർകോട് ജില്ലയിലെ കാസർകോട് താലൂക്കിൽ തെക്കിൽ ,പെരുമ്പള,ചെമ്മനാട്,കളനാട് ഗ്രാമങ്ങൾ ഉൾ ക്കൊള്ളുന്നതാണ് ചെമ്മനാട് പഞ്ചായത്ത്. വടക്കും കിഴക്കും പടിഞ്ഞാറും ചന്ദ്രഗിരിപ്പുഴയും പടിഞ്ഞാറ് അറബിക്കടലു ംതെക്ക് ഉദുമ,പള്ളിക്കര പഞ്ചായത്തുകളും അതിർത്തിയാണ്. 40. 11 ച.കി.മീറ്റർ വിസ്ത്രിതിയുള്ള പഞ്ചായത്തിലെ ജനസംഖ്യം 41651ആണ്. പെരുമ്പളയിലെ വിവിധ ഭാഗങ്ങളിൽ കണ്ടെത്തിയ ഗുഹാവാസസ്ഥാനങ്ങവും അവശിഷ്ടങ്ങളും സഹസ്രാബ്ദങ്ങളായി ജനവാസമുള്ള സ്ഥലമാണിതെന്ന് തെളിയിക്കുന്നു. എന്നാൽ നൂറ്റാണ്ടുകളുടെ ജനജീവിതത്തെക്കുറിച്ച ചരിത്രരേഖകൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല.

പടയോട്ടങ്ങളുടെ നൂറ്റാണ്ടുകൾ പിന്നിട്ടതിൻെറ അവശിഷ്ടമാണ് ചന്ദ്രഗിരിക്കോട്ട. 1649 ഇക്കേരി രാജാവായ ശിവപ്പനായക്ക് പണിത കോട്ട ഇന്നും കാലത്തെ അതിജീവിച്ച് തലഉയർത്തി നിൽക്കുകയാണ്. പഴയകാല പ്രതാപങ്ങളുടെ അവശിഷ്ടങ്ങൾ കളനാട് ഗ്രാമത്തിൻെറ വിവധഭാഗങ്ങളിൽ കാണാവുന്നതാണ്. ഐതിഹ്യങ്ങളും കഥകളും മാറ്റിവെച്ചാൽ തന്നെ എ.ഡി. 216-ൽ ആരംഭിച്ച പെരുമാൾ മാരുടെ കീഴിലായിരുന്നു ഈ പ്രദേശം. 12 ാം നൂറ്റാണ്ടോടെ കോട്ടയം (ചിറക്കൽ) രാജാക്കന്മാരുടെ കീഴിലായ ഈ പ്രദേശം നിരന്തരം വിജയനഗരരാജാക്കന്മാരാൽ കീഴ്പെടുത്തപ്പെട്ടു. അത്തരമൊരു പടയോട്ടത്തിലാണ് 1649 ൽ ഉക്കേരി രാജാവായ ശിവപ്പനായക്ക് ഇത്തരമൊരു കോട്ട പണിതത്. 1766 ൽ മൈസൂർ ഭരണാധികാരിയായ ഹൈദരാലി ചെമ്മനാട് പഞ്ചായത്ത് ഉൾപ്പെടുന്ന തെക്കൻ കർണ്ണാടകയും, മലബാറും തൻെറ ഭരണത്തിൽ കീഴിലാക്കി. താലൂക്കുകളും വില്ലേജുകളുമായിവിഭജിച്ച് നികുതി പിരിവ് ആരംഭിച്ചത് ഇക്കാലത്താണ്. അന്ന് ഈ പ്രദേശം ബേക്കൽ താലൂക്കിൽ പെട്ടു. 1792-ൽ ബ്രിട്ടീഷുകാർ ടിപ്പുവിനെ തോൽപ്പിച്ച് മലബാർ പിടിച്ചടക്കി. ഈപ്രദേശത്തെ ബോംബെ സംസ്ഥാനത്തോട് ചേർത്തു. 1800 -ൽ തെക്കൻ കർണ്ണാടകം അടക്കം മദ്രാസ് സംസ്ഥാനത്തോട് കൂട്ടിച്ചേർത്തു.

കാസർഗോഡ് താലൂക്ക് എന്നപേരിൽ മദ്രാസ് സംസ്ഥാനത്തിലെ തെക്കൻ കർണ്ണാടകജില്ലയിലാണ്. അക്കാലത്ത് ഈ പ്രദേശങ്ങൾ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ കീഴിലായിരുന്നു ഉൾപ്പെട്ടിരുന്നത്. ഭരണാധികാരികൾ മാറിവന്നെങ്കിലും ചിറക്കൽ രാജാക്കന്മാരായിരുന്നു സാമൂഹ്യാചാരങ്ങളുടെ അധികാരികൾ. ഫ്യൂഡൽവ്യവസ്ഥയുടെ താങ്ങായി രാജവംശം പ്രവർത്തിച്ചു. കാസറഗോഡ് താലൂക്കിനെ തെക്കൻ കർണ്ണാടകയിൽ ചേർത്ത് കൃത്യമായി കേരളത്തിൻെറ മറ്റുഭാഗങ്ങളിൽ നിന്ന് വേർപെടുത്തി. അതിനാൽ ഈ പ്രദേശം തികച്ചും അവഗണിക്കപ്പെട്ട് കൊളോണിയൽ ചൂഷണത്തിന് വിധേയമാവുകയാണുണ്ടായത്.

1792 മുതൽ 1956 വരെയുള്ള 164 വർഷക്കാലം കേവലം ചൂഷണത്തിനുമാത്രം വിധേയമായി യാതൊരു വികസന പ്രവർത്തനവും ഇവിടെ നടത്തിയിരുന്നില്ല. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനോ, വിദ്യാഭ്യാസം, ചികിത്സ, ഗതാഗത സൗകര്യങ്ങൾ മുതലായ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനോ യാതൊരു പദ്ധതിയും ഉണ്ടായിരുന്നില്ല. 1906-ൽ കളനാട് വഴി നിർമ്മിച്ച റെയിൽപാതയും മാംഗ്ലൂർ ചെറുവത്തൂർ റോഡും ഉണ്ടാക്കിയത് ബ്രിട്ടീഷുകാരുടെ കാലത്താണ്. ഇത് എം.സി.സി.റോഡ് എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ സ്വാതന്ത്ര്യാനന്തരമാണ് ഒരു ട്രെയിൻ ഹാൾട്ട് എങ്കിലും കളനാട് ഉണ്ടായത്. കളനാട് എരുതും വണ്ടിപ്പാലവും, ചളിയം കോടുവരെയുള്ള റോഡും, പൊയിനാച്ചി, തെക്കിൽ തടവു റോഡുമാണ് ഗതാഗതസൗകര്യത്തിനായി ഉണ്ടായിരുന്നത്. തപാൽഓഫീസുകളോ , ആശുപത്രികളേ ഉണ്ടായിരുന്നില്ല. റവന്യൂഭരണം പട്ടേൽമാർ (ഗ്രാമാധികാരി)മുഖേനയാണ് നടത്തിയിരുന്നത്.

തെക്കൻ കർണ്ണാടകയിൽ പെട്ടതുകൊണ്ട് കുനിൻമേൽ കുരു എന്ന പോലെ ഭാഷാപരവും,ഭരണപരവുമായി കൂടുതൽ അവഗണിക്കപ്പെട്ടു.മാത്രമല്ല ജനജീവിതം തികച്ചും പിന്നോക്കാവസ്ഥയിൽ കഴിയുകയുമായിരുന്നു .റിക്കാർഡുകളും,വ്യവഹാരങ്ങളും,ഭരണവും,കന്നടയിലായിരുന്നു.

ഭരണരംഗത്തു നിന്ന് പുറം തള്ളപ്പെട്ടു പോയ നാട്ടുകാർ തികച്ചും അന്യവൽക്കരിക്കപ്പെട്ടു കഴിഞ്ഞു. സ്വന്തം നാടിൻെറ പേരുപോലുംകർണ്ണാടകയിലായി. 'കിഴക്കേക്കര രാമൻ' കർണ്ണാടകയിലായപ്പോഠ 'മൂടുകര റാമ' ആവുകയുംവോട്ടു ചെയ്യാൻ പോലും കഴിയാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്തു.1956-ൽ കേരള സംസ്ഥാനം രൂപീകരിച്ചപ്പോഠ മാത്രമാണ് ഇതിൽ നിന്നും മോചിതരായത്.

1952-ൽ പുതിയ ഗ്രാമ പഞ്ചായത്തുകഠ സ്ഥാപിതമാകുമ്പോഠ തെക്കിൽ,ചെമ്മനാട്,കളനാട് എന്നിങ്ങനെ 3 ഗ്രാമപഞ്ചായത്തുകഠ രൂപീകൃതമായി. പെരുമ്പള ഗ്രാമം ചെമ്മനാട് ഗ്രാമപഞ്ചായത്തിലായിരുന്നു. ഈപഞ്ചായത്തുകഠ 1962 വരെനിലനിന്നു.1953-ലെ നവംബർ മാസത്തിലെതിരഞ്ഞെടുപ്പിൽ കളനാട് ശ്രീ.പി.കുഞ്ഞാലിയും,ചെമ്മനാട് സി.പി.മാഹിനും,തെക്കിലിൽ ടി.ബി. മെയ്തീൻ കുഞ്ഞിയും പ്രസിഡൻറുമാരായി .ശ്രീ. മെയ്തീൻ കുഞ്ഞി മരിച്ചതിനുശേഷം ശ്രീ.മൂടമ്പയൽ അബ്ദുഠ റഹ്മാൻ കുറച്ചുകാലം പ്രസിഡണ്ടായിരുന്നു .പ്രസിഡണ്ടിനെ ജനങ്ങഠ നേരിട്ട് കൈ പൊക്കി തിരഞ്ഞെടുക്കകയായിരുന്നു.1962-ൽ ഇന്നത്തെ പഞ്ചായത്ത്നിലവിൽവന്നു.4 വില്ലേജുകഠ ഉഠക്കൊണ്ട ഇന്നത്തെ പഞ്ചായത്തിൻെറ ആദ്യത്തെപ്രസിഡണ്ടായി ശ്രീ.ഇ.അബ്ദുഠ ഖാദറിനെ തിരഞ്ഞെടുത്തു.70 മുതൽ 79 വരെ ശ്രീ.പി.കുഞ്ഞാലിയും 79 മുതൽ ശ്രീ. മെയ്തീൻ

കുട്ടി ഹാജിയും 87 മുതൽ 89 വരെ ശ്രീ കല്ലട്ര അബ്ബാസ് ഹാജിയും പ്രസിഡണ്ടുമാരായി പഞ്ചായത്ത് ഭരണത്തിന് നേതൃത്വം നൽകി.95 ഒക്ടോബർ മുതൽ കുമാരി.എ.സുകമാരിയുടെ നേതൃത്വത്തിലുള്ള ഭരണ സമിതിയാണ്.

നൂറ്റാണ്ടുകളായി ഫ്യൂഡലിസത്തിനും കൊളോണിയൽ ഭരണത്തിനും കീഴിൽ ഞെരിഞ്ഞമർന്ന നമ്മുടെ ജനത 1935 നു ശേഷമാണ് ഉണരാൻ തുടങ്ങിയത്. ഇന്ത്യയിൽ അലയടിച്ച സ്വാതന്ത്ര്യസമരപ്രസ്ഥാനവും കേരളത്തിലെ കർഷക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമാണ് ജനതയെ ഉണർത്തിയത്. 1935 ഓടെ വിദ്യാഭ്യാസം നേടിയ മദ്ധ്യവർഗക്കാരായ ചെറുപ്പക്കാർ കേൺഗ്രസിൻെറ ആഹ്വാനം കേട്ട് നിസ്സഹരണ പ്രസ്ഥാനം, വ്യക്തി സത്യാഗ്രഹം, കള്ളുഷാപ്പ് പിക്കറ്റിംഗ് എന്നിവയ്ക്ക് നേതൃത്വംനൽകി. അദ്ധ്യാപകനായിരുന്ന തുളുച്ചേരി ചന്തുക്കുട്ടിനായർ, നിയമവിദ്യാർത്ഥിയായിരുന്ന തെക്കേക്കര മേലത്ത് കുഞ്ഞമ്പുനമ്പ്യാർ, മേലത്ത് നാരായണൻ നമ്പ്യാർ, പെരുമ്പള കൃഷ്ണമണോളിത്തായ, അള്ളംകുളം മേലത്ത് നാരായണൻ നായർ , തുളിച്ചേരി ഗോപാലൻ നായർ, നാരന്തട്ട കിഞ്ഞമ്പു നമ്പ്യാർ, സി.എച്ച്,കുഞ്ഞിക്കലന്തർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രക്ഷോഭണം നടന്നത്. വിവിധസ്ഥലങ്ങളിൽ കള്ള്ഷാപ്പ് പിക്കറ്റിംഗ് നടന്നു. 1941-ൽ പരവനടുക്കം ആസാദ്മൈതാനിയിൽ വ്യക്തിസത്യാഗ്രഹം നടന്നു. തുളിച്ചേരി ചന്തുക്കുട്ടി നായരുടെ അയിത്തത്തിനെതിരായ പ്രവർത്തനംശ്രദ്ധേയമായിരുന്നു. എങ്കിലും ജാതി പ്രമാണിമാർ അത് അടിച്ചമർത്തുകയും അദ്ദേഹം നാടുവിട്ടുപോവുകയുമാണുണ്ടായത് 1938-ൽ കാടകം വനസത്യാഗ്രഹം 1939ലെ കൊടക്കാട് കർഷകസമ്മേളനം എന്നിവടിൽ കൃഷ്ണമണോളിത്തായ, അള്ളംകുളം മേലത്ത് നാരായണൻ നായർ തുടങ്ങിയവർ പങ്കെടുത്തു. 1941 ഓടെ മുസ്ലീംലീഗിൻെറ പ്രവർത്തനം ചെമ്മനാട് കളനാട്, തെക്കിൽ ഭാഗങ്ങളിൽ പ്രവർത്തനംആരംഭിച്ചു. മറ്റുഭാഗങ്ങളിൽ കോൺഗ്രസ് പ്രവർത്തനങ്ങവും, നവോത്ഥാന പ്രസ്ഥാനങ്ങളും മന്ദീഭവിച്ചപ്പോൾ പെരുമ്പള കേന്ദ്രമായി ഒരു പുതിയ പ്രസ്ഥാനം ശക്തിപ്പെട്ട് വരികയായിരുന്നു. 1939-40-ൽ ആദ്യമായി പെരുമ്പളയിൽ വിദ്യാർത്ഥി സമാജം രൂപീകരിച്ചു. വായനശാല പ്രസ്ഥാനം ആരംഭിച്ചു. 1940-ൽപരവനടുക്കത്ത് യുവാക്കളുടെ ഗ്രാമസേവാസംഘം രൂപീകരിച്ചു. മേലത്ത്നാരായണൻ നമ്പ്യാർ ആയിരുന്നു മുഖ്യ സംഘാടകൻ, ബാലൻ നമ്പ്യാർ പ്രസിഡൻറും, തുളിച്ചേരികൃഷ്ണൻ നായർ, ഇ.കൃഷ്ണൻ നായർ എന്നിവർ സെക്രട്ടറി മാരുമായിരുന്നു. 1941-ൽ കർഷകസംഘവും 1942-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ബ്രാഞ്ചുംപെരുമ്പളയിൽ രൂപീകരിച്ചു. പെരുമ്പളയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി. കർഷകരെ സംഘടിപ്പിക്കാനും, ജന്മിത്വത്തിനും, സാമ്രാജ്യത്ത്വത്തിനുമെതിരെ പോരാടാനും, കർഷകരെ സജ്ജമാക്കുകയായിരുന്നു. റേഷൻകാർഡിനും, റേഷകട സ്ഥാപിക്കാനുമുള്ള പ്രക്ഷോഭം, പാട്ടം, രശീതിക്ക് വേണ്ടിയുള്ള പോരാട്ടം വിളയും, ഭൂമിയും ഒഴിപ്പിക്കുനനതിനെതിരായും ചെറുത്ത് നിൽപ്പ്, കരിഞ്ചന്ത നെല്ല് പിടിച്ചെടുത്ത് വിതരണം ചെയ്യൽ എന്നിവയിലൂടെ ജനങ്ങളെ സംഘടിപ്പിക്കുകയും പ്രബുദ്ധരാക്കുകയും ചെയ്തു. 1944-ൽ നവംബറിൽ വർത്തോട് വയലിൽചേർന്ന വമ്പിച്ച കർഷക സമ്മേളനം പഞ്ചായത്തിലെ ജന്മിമാർക്കുള്ള താക്കീതാ.യി മാറി. ജന്മിമാരുടെ അധിക്രമങ്ങൾക്ക് തടയിടാനും കുടിയാന്മാരായ കർഷകർക്ക് ആത്മവിശ്വാസം പകരാനും കഴിഞ്ഞു. 1945-ൽ തലക്ലായി ക്ഷേത്രത്തിലേക്ക് 25 കർഷകർ ജാഥയായി ചെന്ന് ക്ഷേത്രപ്രവേശനം ചെയ്തു. ഈ പ്രവർത്തനങ്ങൾക്ക് കെ.മാധവൻ, കേരളീയൻ, വിഷ്ണുഭാരതീയൻ, പി.അമ്പുനായർ, ഇ.കെ.നായനാർ,എന്നിവരുടെ നേതൃത്വംഉണ്ടായിരുന്നു. ജന്മിമാർ കൈവശം വെച്ചിരുന്ന കോളിയടുക്കത്തെ പൊതുസ്ഥലത്ത് മുളി(പുല്ല്) സ്ത്രീകളടക്കം നൂറുകണക്കിനാളുകൾ കർഷകസംഘം നേതൃത്വത്തിൽ അരിഞ്ഞെടുത്തു. ഇതുപോലെ ജന്മിമാർ കൈവശം വെച്ചിരുന്നതും, അന്യായമായി കൈവശം വെച്ചിരുന്നതുമായ സ്വത്തുക്കൾ ജനങ്ങൾക്കു പിടിച്ചുനൽകുന്നതിന് കർഷകസംഘം മുൻകൈ എടുത്തു. ഇതിനൊടൊപ്പം തന്നെ ഈ പ്രവർത്തനങ്ങളെ തടയുന്നതിന് ബ്രിട്ടീഷ് സർക്കാർ ക്രൂരമായ അടിച്ചമർത്തൽ നടപടിസ്വീകരിക്കുകയും ചെയ്തു. പലപ്പോഴും നിരോധനാജ്ഞകൾ പുറപ്പെടുവിച്ചു. കടുത്ത മർദ്ദനുവും ഉണ്ടായി. പലരേയും ജയിലിൽ അടച്ചു. അനേകം പേരെ കള്ളക്കേസിൽ പെടുത്തി സ്ത്രീകളും കുട്ടികളും അടക്കം കൊടിയ മർദ്ദനത്തിന് ഇരയായി.അനേകം വീടുകളും,വീട്ടുപകരണങ്ങളും നശിപ്പിക്കപ്പെട്ടു.46-48 കാലത്ത് മർദ്ദനം അതിൻെറ മൂർദ്ധന്യത്തിലെത്തി.1948-ൽ 27 സ്ത്രീകാം പോലീസ് തകർത്ത ചട്ടിയും,കലവുമായി കാസറഗോഡ് പട്ടണത്തിൽ പ്രകടനം നടത്തിതഹസീൽദാരുടെ മുമ്പിൽ കൊണ്ടുവച്ചത് അക്കാലത്തെ ചെറുത്ത് നിൽപിൻെറ ഉജ്ജ്വല അദ്ധ്യായമാണ്. ഈപ്രവർത്തനങ്ങളുടെ ഭാഗമായി തെക്കിൽ വില്ലേജിലെ മണ്യം,മാച്ചിപ്പുറം ഭാഗങ്ങളിലും ശക്തമായ കർഷക സംഘം വളർന്നു വന്നു.1963-ൽ ജനസംഘത്തിൻെറ പ്രവർത്തനവും പഞ്ചായത്തിൽ ആരംഭിച്ചു. പി.എസ്.പി യുടെ പ്രവർത്തനവും പഞ്ചായത്തിൽ ശക്തമായിരുന്നു.

ഭൂമിയിൽ ഭൂരിപക്ഷവും ജന്മിമാരുടെയും ദേവസ്വത്തിൻെറയും കീഴിലായിരുന്നു. കുടിയാന്മാർ പാട്ടത്തിന് കൃഷിചെയ്യുകയും ഉൽപാദനത്തിൽ നല്ലൊരു പങ്ക് പാട്ടം നൽകുകയും ചെയ്തിരുന്നു. ഭൂമിയില്ലാത്ത ബഹഭൂരിപക്ഷം കർഷകർക്ക് താമസിക്കാൻ കുടിൽ പോലും ഇലായിരുന്നു. ഹരിജനങ്ങൾ ജന്മിമാരുടെ അടിമകൾ തന്നെയായിരുന്നു. 1957 ലെ കുടിയൊഴിപ്പിക്കൽ നിരോധനനിയമവും തുടർന്നുവന്ന ഭൂപരിഷ്കരണനിയമങ്ങളും, ഭൂമി കർഷകർക്കും, കർഷകതൊഴിലാളികൾക്കുംപതിച്ചു നൽകി. കുടികിടപ്പുകാർക്ക് പത്ത്സെൻെറങ്കിലും പതിച്ചു നൽകി., ജന്മിത്വം അവസാനിപ്പിക്കുകയും ജനങ്ങളെ മോചിതരാക്കുകയും ചെയ്തു. അടിയന്തിരാവസ്ഥകാലത്ത് ആദ്യമായി കണ്ണൂർ കലക്ടറേറ്റ് പിക്കറ്റ് ചെയ്തതും നമ്മുടെ പഞ്ചായത്തിലെ ആളുകളായിരുന്നു. പലവിധത്തിലുള്ള പോലിസ് മർദ്ദത്തിനും അവർ വിധേയരായി. നെല്ല്, തേങ്ങ, കരിമ്പ്, കിഴങ്ങ്, പുകയില, എന്നിവയായിരുന്നു പഴയകാലത്തെ പ്രധാന വിളകൾ. മറ്റ് യാതൊരു തൊഴിലും ഇല്ലാത്തതിനാൽ അനേകംപേർ കർണ്ണാടകയിലെ ഏലക്കാടുകളിൽ പണിക്കുപോകുമായിരുന്നു. വേനൽക്കാലത്ത് കുറച്ചുപേർക്ക് ഓട്ടുകമ്പനിയിൽ മണ്ണെടുക്കുന്ന ജോലി കിട്ടിയിരുന്നു.

1980 നോടടുപ്പിച്ച് തെക്കിൽ പാണൂർ മൂലയിൽ ക്രിസ്ത്യൻ മിഷനറിമാർ സ്കൂൾ സ്ഥാപിച്ചു. ഇതായിരുന്നു ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. 1925-ൽ മേൽപറമ്പിൽ കർണ്ണാടകസ്കൂൾ സ്ഥാപിച്ചു. പെയിനാച്ചി പറമ്പിലും, പരവനടുക്കത്തും ഇതേകാലത്ത് ഏകാധ്യാപകസ്കൂളുകൾ സ്ഥാപിതമായി. 1941-ൽ കേരളത്തിലെ പ്രമുഖ

ഇസ്ലാം മതപഠനകേന്ദ്രമായ ആലിയ അറബിക് കോളേജ് പരവനടുക്കത്ത് സ്ഥാപിക്കപ്പെട്ടു. മറ്റൊരു പ്രമുഖ പഠന കേന്ദ്രമായ ദേളിയിലെ ജാമിയ സ:അദിയ്യ അറബിയായും ജൂബിലി ആഘോഷിച്ച വൻസ്ഥാപനങ്ങളാണ്. ഇന്ന് പഞ്ചായത്തിൽ എൽ.പി,യു.പി.സ്കൂളുകളുടെ ഒരു ശൃംഘലതന്നെയുണ്ട്.എല്ലാം സ്വാതന്ത്ര്യാനന്തരം സ്ഥാപിച്ചതാണ്. 1953-ൽ തെക്കിൽപാലം തുറന്നുകൊടുത്തതോടെ ഗതാഗതസൗകര്യത്തിന് ഒരു മുന്നേറ്റം ഉണ്ടായി. ഇതുവഴി മംഗലാപുരത്തേക്ക് പൂർണ്ണമായ വാഹനഗതാഗത സൗകര്യം ഉണ്ടായി.

പഴയ തെക്കൻ കർണ്ണാടക ജില്ലയിൽ മെട്രിക്കുലേഷൻ പാസായ ആദ്യത്തെ മുസ്ലീം ചെമ്മനാട്ടുകാരനായ മുഹമ്മദ് ഷംനാട് ആണ്. അദ്ദേഹം മദ്രാസ് അസംബ്ലിയിൽ അംഗമായിരുന്നു. മറ്റൊരു ചെമ്മനാട്ടുകാരനായ മാഹിൻ ഷംനാട് 1945-ൽ മദ്രാസ് നിയമസഭാംഗമായി. ഇവർക്കു പുറമേ കാസർഗോഡിനെ പ്രതിനിധീകരിച്ച് കേരളനിയമസഭയിലെത്തിയവരാണ് ഇ.അബ്ദുൾ ഖാദർ, മന്ത്രിയായിരുന്ന സി.ടി.അഹമ്മദാലി, നാദാപുരം മണ്ഡലത്തിൽ നിന്നും ജയിച്ച ഹമീദലിഷംനാട് എന്നിവർ. ഹോസ്ദുർഗിൽനിന്നും വിജയിച്ച മേലത്ത് നാരായണൻ നമ്പ്യാർ, ആദ്യത്തെ ബാരിസ്റ്ററായിരുന്ന എം.കെ.കെ.നമ്പ്യാർ എന്നിവരും ചെമ്മനാട്ടുകാരാണ്.

സ്വാതന്ത്ര്യാനന്തരമാണ് തപാലാപീസുകൾ, സ്കൂളുകൾ,,ആശുപതികൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിതമായത്. 1957-ലെ ഇ.എം.എസ്. ഗവർമെൻറിൻെറ നടപടികൾ ഈ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി. ഭൂപരിഷ്കരണം ദാരിദ്ര്യം കുറക്കുന്നതിനും, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമായി. അതുപോലെ മത്സ്യതൊഴിലാളി, പട്ടികജാതി വിഭാഗങ്ങളിലെ കൊടിയ ദാരിദ്ര്യം അവസാനിപ്പിക്കാനും കഴിഞ്ഞു. നമ്മുടെ രാജ്യത്തിൻെറ വികസനപ്രക്രിയയിൽ സമസ്തമേഖലയിലും സംഭാവന നൽകാൻ കഴിയുമാറ് നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. എന്ന് നമുക്ക് അഭിമാനപൂർവ്വം പറയാം. ഇതിനിടയിൽ നമ്മുടെതായ പലകൃഷിയും, മഞ്ചുനിർമ്മാണം പോലുള്ള വ്യവസായങ്ങളും നിലനർത്താനും ശ്രമിച്ചിട്ടുണ്ട്.

മാറിയ പരിതസ്ഥിതിയിൽ ഇവരെ പുനരുദ്ധരിക്കാനും, കൂടുതൽ വ്യവസായങ്ങൾ സ്ഥാപിക്കാനും ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.



ചന്ദ്രഗിരിക്കോട്ട -ഒരു ദൃശ്യം

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി, ജൈവ പ്രകൃതി

ഭൂപ്രകൃതി: ചെമ്മനാട് ഗ്രാമപഞ്ചായത്ത് പൊതുവെ ഭൂമിശാസ്ത്രപരമായി തീരപ്രദേശങ്ങളും സമതലങ്ങളും ചേന്നതാണ്. പടിഞ്ഞാറ് അറബിക്കടൽ ചന്ദ്രഗിരി അഴിമുഖം മുതൽ കിഴക്ക് കരിച്ചേരി വരെ നീണ്ടു പരന്നു കിടക്കുന്നു. കാസറഗോഡ് ജില്ലയുടെ മധ്യഭാഗത്തായി കിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ പടിഞ്ഞാറും വടക്കും ചന്ദ്രഗിരിപ്പുഴയോടു ചേർന്നു കിടക്കുന്ന ഫലഭൂയിഷ്ടമായ സ്ഥലങ്ങളും തീരപ്രദേശങ്ങളുമാണ്. മധ്യഭാഗം സമതല പ്രദേശവും തെക്ക് കിഴക്ക് കുന്നിൻ പ്രദേശവുമാണ്. ഭൂമിശാസ്ത്രപരമായി നമ്മുടെ പഞ്ചായത്തിനെ മൂന്നായി തരം തിരുക്കാം.

ഭൂമിയുടെ തരം	വിസ്ത്രീർണ്ണം	ശതമാനം
1.ചെങ്കൽ കലർന്ന കുന്നിൻ പ്രദേശം	4913.48	49%
2.തീരപ്രദേശം	1804.95	18%
3. സമതലം	3309	38%

1.ചെങ്കൽ കലർന്ന കുന്നിൻ പ്രദേശം

പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ 49 % വരുന്ന കുന്നിൻ പ്രദേശങ്ങളാണ് ചെമ്പരിക്കമൊട്ട, നിർക്കന കുന്ന്, കോട്ടരുവം കൊമ്പനടിക്കം, കപ്പണയടുക്കം, കുഞ്ഞടുക്കം, കോളിടയടുക്കം, കുന്നുപാറ, ചട്ടഞ്ചാൽ കുന്ന്, കൊറക്കുന്ന് മൊട്ട, കൂനിക്കുന്നു, മണ്ടലിപ്പാറ, പൊയിനാച്ചിമൊട്ട, ബിട്ടിക്കൽ, കോലോംകുന്ന്, പൂടംകല്ല്, തുടങ്ങിയ ഈ പ്രദേശങ്ങളിൽ ഏറെയും ചെങ്കൽ പാറയും കൃഷിയോഗ്യമല്ലാത്തതുമാകുന്നു. ഈ പ്രദേശങ്ങളിൽ നാമമാത്രമായി തെങ്ങു കൃഷിയും കശുമാവ് കൃഷിയും നടത്തിവരുന്നുണ്ട്.

2. തീരപ്രദേശം

മൊത്തം ഭൂവിസ്ത്രിതിയുടെ 18% തീരപ്രദേശമാണ്. ചെമ്പരിക്ക, അച്ചേരി, കീഴൂർ പുറം, ചളയംകോട്, താന്നൂർ, ചെമ്മനാട്, പെരുമ്പള, കുണ്ട, വയലാകുഴി, ബന്താട്, തെക്കിൽ, തൈര, മാച്ചിപ്പുറംതുടങ്ങിയ സ്ഥലങ്ങൾ പ്രധാനമായും തീരപ്രദേശമാണ്. തോലക്കുന്ന്, ചെട്ടിക്കൽ ഈ പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങ് നെൽകൃഷി, കവുങ്ങ് എന്നിവ കൃഷിചെയ്തുവരുന്നു.

3. സമതല പ്രദേശം

പഞ്ചായത്തിൻെറ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഈപ്രദേശം മൊത്തം ഭൂവിസ്തൃതിയുടെ 33% വരും. കളനാട്, മേൽപറമ്പ്, അരമങ്ങാനം പരവനടുക്കം, കോളിയടുക്കം, ബെണ്ടിച്ചാൽ, ചട്ടംചാൽ, പുത്തരിയടുക്കം,പൊയിനാച്ചി, തെക്കിൽ പറമ്പ, എന്നീ സ്ഥലങ്ങൾ ഈ പ്രദേശത്ത് ഉൾപ്പെടുന്നു. പ്രധാനമായും തെങ്ങ് കൃഷിയാണ് ഈ പ്രദേശങ്ങളിൽ ചെയ്യുന്നത്.

ജലപ്രകൃതി

ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട ജലസംഭരണികളാണ് ചന്ദ്രഗിരിപ്പുഴയും നൂമ്പിൽ പുഴയും. ഏകദേശം 28.25കി.മീ. തോടും, 15 പൊതു കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്രയേറെ ജലസ്രോതസ്സുകളും, ജലസംഭരണികളും ഉണ്ടായിട്ടും മഴവെള്ളം തടഞ്ഞുനിർത്താൻ സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ട് ഫെബ്രവരി മുതൽ ജൂൺവരെ കടുത്ത കുടിവെള്ള ക്ഷാമവും വരൾച്ചയും അനുഭവപ്പെടുന്നു.

ജൈവപ്രകൃതി

ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ജൈവപ്രകൃതിയെ കുറിച്ച് എന്തെങ്കിലും പഠനങ്ങളോ റിപ്പോർട്ടുകളോ ഉണ്ടാക്കാനുള്ള യാതൊരു ശ്രമവും ഇതുവരെ ഉണ്ടായിട്ടില്ല. നൂമ്പിൽ പുഴയോരങ്ങളിൽ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് അമൂല്യങ്ങളായ വൃക്ഷലതാദികളും മറ്റും കാണപ്പെടുന്നു. പൗരാണിക ജീവിതത്തിൻെറ ഉരക്കല്ലുകളായി പൗരാണികക്ഷേത്രങ്ങളും അനവധികാവുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. കിണറ്റുങ്കര, വളപ്പോത്ത് കാവ്, വളപ്പോത്ത് രക്തേശ്വരികാവ്, കൈൻന്താർ കാലിച്ചൻ കാവ്, ഇടവുങ്കാൽ നരിപ്പനടികാവ്, മരവയൽ കാവ്, മൂലവയൽകാവ്, തലക്ലായികാവ്, മീത്തലെ അണിഞ്ഞകാവ്, അണിഞ്ഞ ഒറവങ്കര കാവ്, തൈര അമ്പലകാവ്, മാണിയം കോട്ട് കാവ്, നിലപ്പനടികാവ്, പാദൂർ കാവ്, തുടങ്ങിയ കാവുകളിൽ ഒട്ടേറെ ജൈവവൈവിധ്യങ്ങൾ കാണാൻ കഴിയും.

ജനപ്രകൃതി

1991 ലെ സെൻസസ് അനുസരിച്ച് ചെമ്മനാട് പഞ്ചായത്തിൽ 41651 ജനങ്ങളുണ്ട്. ഇതിൽ 20511 പുരുഷന്മാരും 21140 സ്ത്രീകളുമാണ്. പുരുഷന്മാരേക്കാൾ 629 സ്ത്രീകൾ കൂടുതലാണ്. ഇതിൽ 1181 പട്ടികജാതിക്കാരും 7 പട്ടിക വർഗക്കാരും ഉണ്ട്. ഇതിൽ 613 പുരുഷന്മാരും 575 സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയിൽ 10141 പേർ തൊഴിലുള്ളവരാണ്. 7784 പുരുഷന്മാരും 2357 സ്ത്രീകളും. കൃഷിക്കാർ 1182 പേരും കർഷകതൊഴിലാളികൾ 2546 പേരുമാണ്. പ്രധാനപ്പെട്ട തൊഴിൽ മേഖല ബീഡി തൊറുപ്പ്, നിർമ്മാണപ്രവർത്തനം, പാറപൊട്ടിക്കലും നിലം നിരപ്പാക്കലും,മത്സ്യബന്ധനം തുടങ്ങിയവയാണ്. വൻകിട വ്യവസായമോ, മറ്റെന്തെങ്കിലും വൈവിധ്യ തൊഴിൽ മേഖലകളോ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഇതിൻെറ ഫലമായി തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു. ജനങ്ങളുടെ പ്രധാന വരുമാന മാർഗം കൃഷിയും വിവിധ തൊഴിൽ മേഖലയുമാണെങ്കിലും ഗൾഫ് വരുമാനവും ഒരു പരിധിവരെ ഉണ്ട്.

സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

ചെമ്മനാട്, പെരുമ്പള, തെക്കിൽ, കളനാട് എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന ചെമ്മനാട് ഗ്രാമപഞ്ചായത്ത് വൈവിധ്യമാർന്ന കൃഷിരീതികളാൽ സമ്പന്നമായിരുന്നു. താഴ്ന്ന പ്രദേശങ്ങളിൽ നെല്ല്, തെങ്ങ്, കവുങ്ങ്, എന്നിവയും തീരസമതലങ്ങളിൽ തെങ്ങും, ഉയർന്ന പ്രദേശങ്ങളിൽ കശുമാവുമാണ് പ്രധാനകൃഷി. മഴയെ ആശ്രയിച്ചുള്ളനടന്നുവരുന്ന ഒറ്റ വിള നെൽകൃഷിയാണ് പ്രധാനമായും നടന്നുവരുന്നത്. ഉയർന്നതും നിരപ്പായതുമായ പ്രദേശങ്ങളിൽ പുനം കൃഷിയും ഉണ്ടായിരുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലുള്ള കുന്നിൻ ചരിവുകളെ തട്ടുകളാക്കി തിരിച്ച് കൃഷിചെയ്യുന്നരീതി ഇവിടങ്ങളിൽ കുറവാണ്. റബ്ബർ കൃഷി പഞ്ചായത്തിൽ തീരെ കാണാനില്ല്.

പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളായ തെക്കിൽ, അണഞ്ഞ്, കളനാട് ബന്താട്, പെരുമ്പള , വയലാംകുഴി, ചെമ്മനാട്, കീഴൂർ പ്രദേശങ്ങളിൽ ധാരാളമായി ഉണ്ടായിരുന്ന നെൽകൃഷി സമീപകാലത്തായി ചിരകാല വിളകളായ തെങ്ങ്, കവുങ്ങ് എന്നിവയായും പുരയിടങ്ങളായും മാറുന്ന അവ്സ്ഥയാണ്. ചന്ദ്രഗിരിപ്പാലത്തിൻെറ അപ്രോച്ച് റോഡ് കടന്നുപോകുന്നതുകൊണ്ട് ചെമ്മനാട് ഭാഗങ്ങളിലാണ്ടായിരുന്ന നെൽകൃഷി പൂർണ്ണമായിത്തന്നെ നശിച്ചരീതിയാണ്. ജലസേചനസൗകര്യങ്ങളുടെ അഭാവം, രാസവളങ്ങളുടെ വിലക്കയറ്റം, കാരഷികമേഖലയിൽ തൊഴിലാളികളെ കിട്ടാത്ത അവസ്ഥ, കാർഷികതൊഴിലാളികൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനംലഭിക്കായ്ക, സ്ത്രീ-പുരുഷതൊഴിലാളികളുടെ കൂലിയന്തരം, ഉയർന്ന കൂലി തുടങ്ങിയ കാരണങ്ങളൊക്കെ നെൽകൃഷിയുടെ അവസ്ഥ പരിതാപകരമായിത്തീരാൻ കാരണമായി. അത്യാധികമായ ജനസംഖ്യാവർദ്ധനവും, ഗൾഫ് പണത്തിൻെറ സ്വാധീനവും നെൽപാടങ്ങൾ നികത്തി പുരയിടങ്ങൾ ഉണ്ടാക്കാൻ കാരണമായി.

ഏകദേശം മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് ജന്മികുടിയാൻ വ്യവസ്ഥ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. ജന്മിമാരിൽനിന്നും കുടിയാന്മാർക്ക് കൃഷിഭൂമി സ്വന്തമാക്കുന്നതിനുവേണ്ടി ഒട്ടേറെ പ്രക്ഷോഭപരിപാടികൾ നടത്തുകയും 1971 ലെ ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നതോടുകൂടി കുടിയാൻന്മർക്ക അവരുടെ കൃഷിഭൂമി സ്വന്തമായി ലഭിക്കുകയും ചെയ്തു.

ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ നാല് ഗ്രാമങ്ങളിലും പെടുന്ന ഭൂമി സബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ കൊടുക്കുന്നു.

പട്ടിക 1- കാണുക

പട്ടിക 1 എ ചെമ്മനാട്ഗ്രാമപഞ്ചായത്തിലെ കർഷകരുടെകൈവശഭൂമിയുടെ വിവരങ്ങൾ പ്രതിപാദിക്കുന്നു.

ഭൂഉടമകളിൽ ഒരു ഹെക്ടറിൽ കുറവുള്ളതാണ് ഭൂരിഭാഗവും. അവരുടെ എണ്ണം ഏകദേശം 4400 ആണ്. ചെറുകിട കർഷകർ 100 ഉം വൻകിട കർഷകർ 35 ഉം മാത്രമാണ്.

പട്ടിക -2 പഞ്ചായത്തിലെ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങളും , പട്ടിക-3 പതിച്ചുകൊടുക്കാവുന്ന ഭൂമി സബെന്ധിച്ച വിവരങ്ങളും, പട്ടിക 4 സംരക്ഷിത വൃക്ഷങ്ങളുടെ വിവരങ്ങളും, പട്ടിക 5- 1986മുതൽ 1995 വരെയുള്ള കാലാവസ്ഥാവിവരങ്ങളും പ്രതിപാദിക്കുന്നു.

നെല്ല്, തെങ്ങ്, കവുങ്ങ്, പുകയില, കശുമാവ്, പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ എന്നിവയാണ് പ്രധാനമ്യായും ഇപ്പോൾ കൃഷിചെയ്തുവരുന്നത്.

പട്ടിക 6-ൽ പഞ്ചായത്തിലെ വിവിധവിളകളുടെ വിസ്ത്രീർണ്ണവും ഉൽപാദനവും പ്രതിപാദിക്കുന്നു,

പട്ടി ക 6 കാണുക

പട്ടികയിൽ നിന്നും 320 ഹെക്ടർ സ്ഥലത്തു നെല്ലും, 2400 ഹെക്ടർ സ്ഥലത്ത് തെങ്ങും 175 ഹെക്ടർ സ്ഥലത്ത് കവുങ്ങും കൃഷിചെയ്തുവരുന്നതായി കാണാം

നമ്മുടെ പഞ്ചായത്തിലെ 1986-മുതൽ 1995 വരെയുള്ള കാലാവസ്ഥാ ചാർട്ട് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന മ്സങ്ങൾ ഏപ്രിൽ,മെയ്, ആണെന്നും ജൂലൈ-ആഗസ്റ്റ് മാസങ്ങളിലാണ് ചൂട് കുറവ് അനുഭവപ്പെടുന്നതെന്നും കാണാം. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ മാസത്തിലാണ്. (1036.4മി.മീ) അതുപോലെ ഫെബ്രവരി മാസത്തിലാണ് സൂര്യപ്രകാശം ഏറ്റവും കൂടുതൽ ലഭിക്കുന്നതെന്നും ചാർട്ടിൽ നിന്നും മനസ്സിലാക്കാം.

പ്രധാനപ്പെട്ട തോടുകൾ സംബന്ധിച്ച വിവരം

പട്ടിക 7 കാണുക.

പ്രധാന തോടുകൾ വഴിയും കുളങ്ങൾ വഴിയും കൃഷിക്ക് ജലസേചനം നടത്തുന്നു. പ്രധാനമായും 19 തോടുകളാണ് പഞ്ചായത്തിൽ ഉള്ളത്. ഭൂരിഭാഗം തോടുകളും ചന്ദ്രഗിരിപ്പുഴയിൽ അവസാനിക്കുന്നു. ബാക്കിയുള്ള തോടുകൾ നൂമ്പിൽ പുഴയിൽ അവസ്ാനിക്കുന്നു. ബെണ്ടിച്ചാലിൽ നിന്നും തുടങ്ങി അണി ഞ്ഞ, കളനാട് വഴി നൂമ്പിൽ പുഴയിൽ അവസാനിക്കുന്ന തോടാണ് ഏറ്റവും വലിയ തോട്.

പട്ടിക 8-ൽ കാണുന്നപ്രകാരം 65 കുളങ്ങളും 6 ക്രോസ്ബാറുകളും, 4 പൊതുജലസേചന കിണറുകളും പഞ്ചായത്തിലുണ്ട്. ഇവയൊന്നും കൃഷി ആവശ്യത്തിന് വേണ്ട വെള്ളം പ്രദാനം ചെയ്യാൻ മതിയാകുന്നില്ല. ക്രോസ്ബാറുകളാവട്ടെ യഥാസമയം പരിചരണം കിട്ടാത്തതിനാൽ വെള്ളം തടഞ്ഞുനിർത്തുന്നതിന് പര്യാപ്തമല്ല.

ഭൂരിഭാഗംകർഷകരുടെയും കാർഷികവരുമാനം വളരെ തുച്ഛമാണ്. കൃഷി മുഖ്യവരുമാനമാർഗമല്ലാത്തതുകൊണ്ടുതന്നെ കൃഷിക്കാർക്ക് ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ താൽപര്യമില്ല. സമയലാഭം ഉദ്ദേശിച്ചുകൊണ്ട് എല്ലാസാധനങ്ങൾക്കും കടകളെ ആശ്രയിക്കുന്ന അവ്സ്ഥയാണ് കണ്ടുവരുന്നത്. മംഗലാപുരം ഭാഗത്തുനിന്നും പഞ്ചായത്തിലേക്ക് ധാരാളം പച്ചക്ക്റികൾ ഇറക്കുമതി ചെയ്യുന്നുണ്ട്.

പ്രധാന്വിളയായ നെല്ലിൻെറ ഉൽപാദനവും ഉൽപാദനക്ഷമതയും കുറഞ്ഞുകൊണ്ട് വരുകയാണ്. നാടൻ വിത്തിനങ്ങൾ തന്നെ ഉപയോഗിക്കുന്നതുകൊണ്ട് ഉൽപാദനക്ഷമത വർദ്ധിക്കുന്നില്ല. ംമേനി കുറവാണെങ്കിലും നാടൻ ഇനങ്ങൾ തണ്ടുറപ്പുള്ളതും ചെറുത്തുനിൽപ്പുശേഷി കൂടുതലുള്ളതുമാണ്. ചന്ദ്രഗിരിപാലത്തിൻെറ അ

പട്ടിക I — ഭൂമിയുടെ ഉപയോഗം, ഉടമസ്ഥത സംബന്ധിച്ച വിവരണം

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം [ഏക്കറിൽ]					ഉടമസ്ഥരുടെ എണ്ണം.						
	പുരയിടം	നിലം	പുറമ്പോക്ക്	ക[illegible]	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മുകളിൽ
തൈക്കൽ	331.79	444.57	329.23	2702.67	3808.26	83	121	172	154	76	48	69
പെരുമ്പളം	289.12	243.86	161.45	1260.69	1955.1	74	98	131	145	84	32	56
കുടനാട്	1465.07½	335.23	205.54½	86.02	2091.87	208	1200	810	500	250	200	70
ചെമ്മനാട്	1161.05	367.30½	309.82¾	215.41	2053.58¼	190	1110	650	350	200	170	50
ആകെ	3247.03½	1390.96½	1006.03¾	4264.79	9908.82¼	555	2529	1763	1149	610	450	245

അവലംബം: വില്ലേജ് ഓഫീസ് രേഖകൾ.

ചെമ്മനാട് ഗ്രാമ പഞ്ചായത്ത് കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ [1 ഹെക്ടറിൽ താഴെ]	ചെറുകിട കർഷകർ [1-2 ഹെക്ടർ]	വൻകിട കർഷകർ [2 ഹെക്ടറിനു മുകളിൽ]
1	280	10	8
2	320	8	4
3	320	5	3
4	320	10	2
5	320	10	3
6	290	4	2
7	300	5	2
8	300	4	1
9	220	5	2
10	290	4	1
11	280	6	2
12	300	3	1
13	320	10	2
14	250	10	1
15	290	6	1
ആകെ	4400	100	35

പട്ടിക 3. പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ വിവരങ്ങൾ

വില്ലേജിന്റെ പേര്	വിസ്തീർണ്ണം [ഏക്കറിൽ]					സ്ഥാവര വസ്തുക്കൾ
	പുരയിടം	നിലം	തരിശ്	മറ്റുള്ളവ	ആകെ	
1	2	3	4	5	6	7
തൈക്കൽ	—	—	185.68	—	185.68	—
പെരുമ്പളം	—	—	53.37	—	53.37	—
ചെമ്മനാട്	—	—	—	—	—	—
കുടനാട്	—	—	—	—	—	—
ആകെ	ഇല്ല	ഇല്ല	239.05	ഇല്ല	239.05	ഇല്ല.

അവലംബം: വില്ലേജ് ഓഫീസ് രേഖകൾ.

പ്രോച്ച് റോഡ് കടന്നുപോകുന്ന നെൽവയലുകളിൽ നീർ കെട്ടും അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ 4 രാസവള വിൽപ്പന കേന്ദ്രങ്ങൾ ഉണ്ട്. സഹകരമമേഖലയിലും,സ്വകാര്യമേഖലയിലുമായി പ്രവർത്തിക്കുന്ന വിൽപ്പന കേന്ദ്രങ്ങൾ ആവശ്യമായ വളങ്ങൾ വിതരണ് ചെയ്യുന്നു.

പട്ടിക 9 -ൽ രാസവള വിതരണ കേന്ദ്ര ങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്ര യോഗം നൽകാനുള്ള ബോധവൽക്കരണസംവിധാനങ്ങ ളൊന്നും തന്നെ ഉണ്ടായിട്ടില്ല. ജൈവവളപ്രയോഗമാക ട്ടെ, കാലിസമ്പത്ത് ശോഷിച്ചതോടെ കുറഞ്ഞിരിക്കുന്നു. കന്നുകാലികളെ ഉപയോഗിച്ച് നിലം ഉഴുകുന്നതും ഇന്ന് വളരെ കുറവാണ്. പകരം ഇന്ന് ട്രാക്ടറുകളും ടില്ലറുകളു മാണ് ഉപയോഗിക്കുന്നത്.

സ്വകാര്യ കമ്പനികളുടെ ജൈവവളവും അയൽ സം സ്ഥാനങ്ങളിൽ നിന്നും കോഴിവളവും വെണ്ണീറുമൊക്കെ ഇവിടങ്ങളിൽ ഇറക്കുമതി ചെയ്യുന്നു. കീടനാശിനികളു ടെ അമിതമായ ഉപയോഗവും അതുമൂലം ഉണ്ടാകുന്ന പാ രിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളും ഗുരുതരമാണ്.ശാ സ്ത്രീയ പഠനങ്ങളോ സമീപനങ്ങളോ ഈ രംഗത്ത് നടന്നിട്ടില്ല. അശാസ്ത്രീയമായ കീടനാശിനി ഉപയോ ഗത്തിന്റെ പ്രത്യാഘാതം വളരെ ഗുരുതരമാണ്., മൊത്തം 225 ലിറ്റർ ദ്രവരൂപത്തിലുള്ള കീടനാശിനിയും 350 കി, ഗ്രാം ഖരരൂപത്തിലുള്ളകീടനാശിനിയും 95-96 വർ ഷത്തിൽ ഉപയോഗിക്കുന്നതായാട്ടാണ് കൃഷിഭവൻ കണക്കുകൾ സൂചിപ്പിക്കുന്നത്, ഈ പഞ്ചായത്തിൽ നിന്ന് കഴിഞ്ഞ 3 വർഷങ്ങളിൽ വിൽപ്പന നടത്തിയ വളം -കീ ടനാശിനിയുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടു ക്കുന്നു.

പട്ടിക 10 കാണുക

ഓരോ വർഷവും രാസവളപ്രയോഗം കൂടി വരുന്നതാ ണ് പട്ടികയിൽ നിന്നു മനസ്സിലാക്കാം. പരമ്പാരാഗതമായ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതിയിൽ നി ന്നും മാറ്റം വന്നിട്ടുണ്ട്. യന്ത്രവൽക്കരണം ഈ രംഗത്ത് കടന്ന് വന്നിരിക്കുന്നു വാടകക്കെടുത്ത് ട്രാക്ടർ ഉപയോ ഗിച്ച് ഇന്ന് കർഷക്ർ നിലം ഉഴുകുന്നുണ്ട്. പട്ടിക-11 പ്രകാ രം നമ്മുടെ പഞ്ചായത്തിൽ ഒരു ട്രാക്ടറും 13 ടില്ലറും ഉണ്ട്. പഞ്ചായതിൽ 193 ജോടി ഉഴുവുകാളകൾ മാത്രമേ ഉള്ളൂ.

പട്ടിക 11 കാണുക

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ഉള്ളത് തെങ്ങാണ്. ഇവിടെ ഒരു കേരവികസന സമിതി ഉണ്ടെങ്കി ലും പ്രവ്ര്ത്തനം തൃപ്തികരമല്ല. ഏകദേശം 2400 ഹെക്ടർ സ്ഥലത്ത് തെങ്ങ കൃഷി ചെയ്തുവരുന്നു. തെങ്ങിന്റെ എണ്ണം വർഷംതോറും കൂടുന്നുണ്ടെങ്കിലും ഉൽപാ ദനക്ഷമത കൂടുന്നില്ല. തെങ്ങിന്റെ ഉൽപ്ാദനക്ഷമതയെ ബാധിക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ അശാസ്ത്രീയമാ യ കാർഷികമുറകളും, വൃക്ഷസാന്ദ്രതയുംമാണ്. ഇടയകലത്തിന്റെ കാര്യത്തിൽ മാത്രമല്ല, നടീൽ സം മ്പ്രദായങ്ങളിലും തകരാറുണ്ട്. പാടങ്ങൾ നികത്തി യെടുത്ത് അവിടങ്ങളിൽ മൺകൂനകൾ ഉണ്ടാക്കിയാണ് സാധാരണയായി തെങ്ങ് നടാറ്. എന്നാൽ കുഴികൾ എടുത്ത് തെങ്ങിൻതൈകൾ നടുന്ന തുകൊണ്ട് തെങ്ങിൻ തടിയിൽ അഞ്ചാറടി ഉയർത്തിൽ വേരുകൾ ഉയർന്നു നിൽ ക്കുന്നതുകാണാം.

പട്ടിക 12 -ൽ ഒന്നുമുതൽ പതിനഞ്ച് വാർഡുകളിലെ തെങ്ങുകളുടെ വിശാദാംശങ്ങൾ കാണാം. കാ യ്ക്കാത്തതും കായ്ക്കുന്നതുമായ തെങ്ങുകൃഷിയുടെ വി സ്ത്രീർണ്ണം ഹെക്ടറിൽ കൊടുത്തിരിക്കുന്നു. രോഗം ബാ ധിച്ച തെങ്ങുകളുടെ എണ്ണവും പട്ടികയിൻ നിന്ന് അറി യാം.

പട്ടിക 12 കാണുക

നടീൽ വസ്തുക്കളും കർഷകർക്ക് ആവശ്യാനു സരണം ലഭിക്കുന്നില്ല. കർഷകർക്ക് നേരിട്ടുണ്ടാകുന്ന നടീൽവസ്തുക്കൾക്കുപുറമേ കൃഷിഭവൻ മുഖാന്തി രവുംനടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു. പട്ടിക 13 പരിശോധിച്ചാൽ 1995-96 വർഷത്തിൽ 650 എണ്ണം തെങ്ങു കളും, 1600 എണ്ണം കശുമാവിൻ തൈകളും, 500 എണ്ണം കവുങ്ങുകളും കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്തി ട്ടുണ്ട്.

അതുപോലെ ഓരോവർഷവും കൃഷിഭവൻ മുഖാന്തി രം വിതരണം ചൈയ്യുന്ന നടീൽ വസ്തുക്കളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമു ള്ള കൃഷിക്കാർ അവ ശരിയായി ഉപയോഗിക്കുന്നില്ല.

പട്ടിക 13 കാണുക

കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് വിതരണം ചെയ്യുന്ന ദുരിതാശ്വാസത്തെക്കുറിച്ച് പട്ടിക 14 പരിശോ ധിച്ചാൽ അറിയാം വെള്ളപ്പൊക്കം മൂലമാണ് നമ്മുടെ പഞ്ച്യത്തിൽ കൂടുതൽ കൃഷിനാശം സംഭവിക്കുന്നത്. 95-96 -ൽ ഏകദേശം 41,586 രൂപ ദുരിതാശ്വാസമായി വി തരണം ചെയ്തിട്ടുണ്ട്. അതുപോലെ 94-95-ൽ 94,325 രൂ പയാണ് ഈ വകയിൽ വിതരണം ചെയ്തത്.

പട്ടിക - 14 കാണുക

കുരുമുളക് കൃഷിയുടെയും നിലനിൽപ്പ് വളരെ പരു ങ്ങലിലാണ്. ദ്രുതവാട്ടം എന്ന രോഗം അതിന്റെ സർ വ്വനാശത്തിന് കാരണമായിക്കൊണ്ടിരിക്കുകയാണ്. വെറ്റി ലകൃഷിയും ഇന്ന് വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്ര മേ കൃഷിചെയ്യുന്നുള്ളൂ. നെൽവയലുകളിലും പറമ്പുകളി ലും ഇടവിളയായി കൃഷിചെയ്തിരുന്ന പച്ചക്കറി, മുതിര, ഉഴുന്ന്, പയർ തുടങ്ങിയ ധാന്യങ്ങളും ഇന്ന് അപൂർവ്വമാ യി മാത്രമെ ഉള്ളൂ. വീട്ടുപറമ്പിലെ കിഴങ്ങുവർഗകൃഷി കളായ ചേമ്പ്, ചേന, കിഴങ്ങ്, മുണ്ട്യ എന്നിവയും കുറവാ ണ്.

പഞ്ചായത്തിലെ കാർഷിക പ്രവർത്തിക്കുള്ള കൂലി നിരക്ക് ഏകീകൃതമല്ല. ഈ മേഖലയിലെ ആകർഷണീ യമല്ലാത്ത കൂലിനിരക്കും, സാമൂഹ്യമായ മാന്യതയും കുറയുന്നതുകൊണ്ട് ആളുകൾ മറ്റുമേഖലകളിലേക്ക് തി രിയുന്നു.

നെല്ല്, തെങ്ങ് എന്നീകൃഷികളുടെ കാസർഗോഡ് ജി ല്ലയിലെയും ചെമ്മനാട് പഞ്ചായത്തിലെയും വിള ശരാ ശരി പട്ടിക 15 -തൽ കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ വിളശരാശരി കാസർഗോഡ് ജി ല്ലയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതൽ ആ ണെന്നുകാണാം.

പട്ടിക 2

ചെമ്മനാട് ഗ്രാമപഞ്ചായത്ത് - പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണം [ഹെക്ടറിൽ]									
	റോഡ്	തോട്	കുളം	പുഴ	റെയിൽവേ	വെളിമ്പ്	വനം	വിദ്യാലയം	നടപ്പാത	ആകെ
1	2	3	4	5	6	7	8	9	10	11
തെക്കിൽ	95.47	18.93	0.89	151.36	—	50.87	—	2.47	0.24	329.23
പെരുമ്പള	13.61	10.55	—	98.99	Nil	31.54	—	6.74	—	161.43
ചെമ്മനാട്	33.33	7.62	—	209.80	—	84.83	—	—	—	335.58.
കളനാട്	34.22	9.31	1.05	77.29	39.81	41.77	—	—	—	203.45
ആകെ	176.63	46.41	1.94	537.44	39.81	218.01	—	9.21	0.24	1029.69

അവലംബം: വില്ലേജ് ഓഫീസ് രേഖകൾ.

പട്ടിക 4

സംരക്ഷിത വൃക്ഷങ്ങളുടെ വിവരങ്ങൾ

വില്ലേജിന്റെ പേര്	വൃക്ഷങ്ങൾ : എണ്ണം								ആകെ
	ഇരുൾ	തേക്ക്	ഈട്ടി	തേമ്പാവ്	ആഞ്ഞിലി	ചന്ദനം	മറ്റുള്ളവ	മറ്റുള്ളവ	
1	2	3	4	5	6	7	8	9	10
തെക്കിൽ	3	27	—	—	—	20	—	—	50
പെരുമ്പള	10	19	—	—	—	9	—	—	38
ചെമ്മനാട്	—	—	—	—	—	—	—	—	—
കളനാട്	—	—	—	—	—	—	—	—	—
ആകെ	13	46	ഇല്ല	ഇല്ല	ഇല്ല	29	—	—	88

അവലംബം: വില്ലേജ് ഓഫീസ് രേഖകൾ.

പട്ടിക - 6

വിള അടിസ്ഥാനത്തിൽ വിസ്തീർണ്ണവും ഉത്പാദനവും

ക്രമ നമ്പർ	വിള	വിസ്തീർണ്ണം	മൊത്തം ഉത്പാദനം	ഉത്പാദന ക്ഷമത /(ഹെക്ടറിൽ)
1	നെല്ല് (ഒന്നാം വിള)	200 Hec.	50,0000 Kg	2500 Kg/Hec.
2	നെല്ല് (രണ്ടാം വിള)	110 Hec.	25 3,000 Kg	2300 Kg/Hec.
3	നെല്ല് (മൂന്നാം വിള)	10 Hec.	22,000 Kg.	2200 Kg/Hec.
4	പയർ	10 Hec.	6000 Kg.	600 Kg/Hec.
5	[illegible]	—	—	—
6	പച്ചക്കറികൾ	20 Hec.	80 T	4 T/Hec.
7	തെങ്ങ്	2400 Hec.	86,400,000 N.	30 Nuts/tree.
8	വാഴ	50 Hec.	12,50,000 Kg	10 Kg/bunch.
9	മരച്ചീനി	5 Hec.	22500 Kg.	1.5 Kg/no.
10	കുരുമുളക്	10 Hec.	5500 Kg.	1 Kg/hec.
11	പ്ലാവ്	5000 No.	50,000 No	10 No./tree.
12	കശുമാവ്	60 Hec.	38400 kg.	4 Kg./tree
13	മാവ്	4000 Nos.	—	12 kg/tree
14	കവുങ്ങ്	17 5 Hec.	4125 Quintal	250 Nuts/tree
15	പുകയില	10 hec.	20 T	2 T/Hec
16	റബർ	—	—	—

അവലംബം : കൃഷിഭവൻ.

പട്ടിക - 7

പ്രധാന തോടുകൾ സംബന്ധിച്ച വിവരം

Sl. No.	പ്രധാന തോടുകൾ	ദൂരം കി.മീ.
1	പൊയിനാച്ചി - തെന്നിക്കടവ് ബെർക്കാ തോട്	6
2	പൊയിനാച്ചി - കുട്ടം	3
3	മുണ്ട്യം തോട്	3
4	കുടനായൽ - അട്ടംകുളം - ഇരുത്തി	3
5	കിനത്തിൽ കുന്ന് - തെക്കിൽ പള്ളിക്കര — ദേലംപാടി	3
6	പാറൂർ - ബെന്നാട് - അട്ടംകുളം	4
7	ബെണ്ടിച്ചാൽ - അരമനത്തെ - തെക്കിൽ	8
8	തെക്കിൽ കുന്ന് - വയലാംകുഴി	2
9	ചെടിക്കുണ്ട് - പെരുമ്പള	2
10	തെക്കനാർ - കാഞ്ഞിയാറ്	4
11	കാവുങ്കാൽ - മാവില	1.5
12	തായലത്തൊടി - താമസൂർ	2.5
13	പാക്കിപ്പുറം - ചളിയംകോട്	1
14	തൊക്കാനാൽ - തെക്കിൽ	2
15	തെക്കനോത്ത് — തെക്കിൽപ്പുഴ	1.5
16	അരമനക്കാൽ തൊടി - തെക്കിൽപുഴ	3
17	മാമ്പല - തൈവളപ്പ്	1
18	വാഴക്കോട് - കിഴനാട്	1.5
19	നെല്ലിന — ചന്ദ്രഗിരി, കിഴൂർ	1

അവലംബം ; [illegible]

പട്ടിക-5

WEATHER DATA FOR 10YEARS FROM 1986 – 1995 (MEAN)

DATAS FROM : C.P.C.R.I KASARAGOD

Temperature	JAN	FEB	MAR	APR	MAY	JUN	JULY	AUG	SEP	OCT	NOV	DEC
MAX	32.3	31.9	32.5	33.2	33.2	30.1	28.8	28.9	29.9	31.1	32.3	33.0
MIN.	18.7	19.7	21.8	23.5	23.5	22.4	22.0	21.6	21.4	21.3	20.4	18.7
MEAN	25.5	25.8	27.2	28.4	28.4	26.2	25.4	25.2	25.6	26.2	26.4	25.8
R.H% F.N	92	87	87	82	82	91	92	94	92	91	78	81
A.N	51	57.	60	61	64	80	83	82	75	71	61	50
MEAN	72	72	74	72	73	86	88	88	84	81	70	66
EVAPO.	4.1	4.8	5.2	5.7	5.3	3.6	2.9	3.1	3.6	3.6	3.7	4.1
SUNSHINE(Hour)	9.3	10.0	9.0	8.6	8.1	3.4	2.6	3.7	5.8	6.4	7.9	9.3
RAINFALL	0.24	0.0	9.7	32.0	165.1	1036.4	1010.8	678.3	214.6	166.4	112.6	10.3

പട്ടിക - 8

ജലസേചന സംവിധാനങ്ങൾ

അവലംബം: കൃഷിഭവൻ.

വാർഡ് നമ്പർ	പൊതു ജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	അണക്കെട്ട്.
1	1	10	15	1	
2	—	5	10	—	
3	1	10	5	1	
4	1	5	3	—	
5	1	3	6	—	
6	—	—	—	—	
7	—	—	1	—	
8	—	—	3	1	
9	—	2	4	1	ഇല്ല
10	—	—	—	—	
11	—	—	4	—	
12	—	—	2	1	
13	—	2	6	1	
14	—	—	1	—	
15	—	2	5	—	
ആകെ.	4	39	65	6	ഇല്ല

പട്ടിക [illegible]

രാസവള - കീടനാശിനി വിപണനം

		1993-94		1994-95		1995-96	
		രാസവളം	കീടനാശിനി	രാസവളം	കീടനാശിനി	രാസവളം	കീടനാശിനി
		കിഗ്രാം		കിഗ്രാം		കിഗ്രാം	
1	സഹകരണം	198722	200 LTR 375 kg	208383	200 LTR 400 kg	171292	225 LTR 350 kg
2	സ്വകാര്യം	52000	–	29500	–	27000	–

അവലംബം: കൃഷിഭവൻ

പട്ടിക.1[illegible]

വർഷം	നൈട്രജൻ N	ഫോസ്ഫറസ് P	പൊട്ടാഷ് K.	ജൈവവളം	മറ്റുവളം
93-94	6.3	7.8	6.5	1500	1200
94-95	8.5	15.5	10.2	2100	2000
95-96	7.8	16.4	12.5	2220	3500

അവലംബം: എക്കണോമിക്സ് റിവ്യൂ, കൃഷിഭവൻ

ചെമ്മനാട് ഗ്രാമപഞ്ചായത്ത് -
കാർഷികോപകരണങ്ങൾ.

പട്ടിക - 11

വാർഡ് നമ്പർ	ഉഴവ് ഉപകരണങ്ങൾ			കീടനാശിനി യന്ത്രങ്ങൾ			മെതിയന്ത്രം	തെങ്ങ് കയറ്റ യന്ത്രം	പോർട്ടബിൾ പമ്പ് സെറ്റ്
	ട്രാക്ടർ	ടില്ലർ	നാടൻ കലപ്പ	റോക്കർ സ്പ്രേയർ	നാപ്സാക്ക് സ്പ്രേയർ	മറ്റുള്ളവ			
1	–	3	15	15	4			–	50
2	1 [illegible]	2	15	15	2			2	100
3	–	3	15	2	4			1	50
4	–	–	18	5	2			–	60
5	–	–	15	8	2			–	40
6	–	1	10	4	1			–	75
7	–	–	6	2	1	ഇല്ല	ഇല്ല	–	45
8	–	–	20	25	1			1	100
9	–	–	18	2	1			1	50
10	–	1	18	2	1			–	8
11	–	1	6	3	–			–	10
12	–	–	10	1	–			–	15
13	–	1	20	3	6			1	50
14	–	–	3	2	2			–	25
15	–	1	4	2	1			–	60
ആകെ	1	13	193	91	28			6	738

അവലംബം: കൃഷിഭവൻ.

തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ

പട്ടിക - 12

വാർഡ് നമ്പർ	തെങ്ങ്കൃഷി വിസ്തീർണം	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്			
		കായ്ക്കാത്ത	കായ്ക്കുന്നത്	ആകെ	[illegible]	[illegible]	കൂമ്പ് ചീയൽ	ആകെ
I	115	15 H	60 H	75	–	50	100	150
II	175	10 H	40 H	50 H	–	60	80	140
III	195	15	60	75	–	90	140	230
IV	180	20	110	130	–	8	120	128
V	140	10	100	110	–	20	180	200
VI	160	15	105	120	–	12	130	142
VII	200	20	80	100	–	20	110	130
VIII	165	20	105	125	–	100	120	220
IX	160	20	90	110	–	25	100	125
X	120	20	100	120	–	15	120	135
XI	160	10	90	100	–	8	100	108
XII	130	15	115	130	15	10	120	145
XIII	120	10	80	90	120	10	116	246
XIV	150	15	65	80	110	15	80	205
XV	150	15	50	65	110	15	20	145

പട്ടിക: 13

ഇനം	എണ്ണം 1993-94	എണ്ണം 1994-95	എണ്ണം 1995-96
തെങ്ങ്	400	500	650
കശുമാവ്	800	800	1600
കുരുമുളക്	17000	-	-
കവുങ്ങ്	200	500	500
മാവ്	400	150	-
സപ്പോട്ട	130	86	-
നെല്ലി	150	-	-
ചെറി	75	-	-
ചാമ്പ		60	-

അവലംബം കൃഷിഭവൻ

പട്ടിക: 14

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം					
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾ പൊട്ടൽ	ധനസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	വിതരണം ചെയ്ത തുക.
1993-94	✓	-	-	-	23	12,500
1994-95	✓	-	✓	-	400	94,325
1995-96	✓	-	✓	-	126	41,586

അവലംബം കൃഷിഭവൻ

പട്ടിക: 15

വിളകൾ	കാസറഗോഡ് ജില്ല	ചെമ്മനാട് ഗ്രാമപഞ്ചായത്ത്.
നെല്ല്	2018 kg/hector	2188 kg/hector
തെങ്ങ്	32 Nuts/Tree	30 Nuts/tree

അവലംബം: കൃഷിഭവൻ

പട്ടിക 15 കാണുക

പുതിയ ഇനം നടീൽ വസ്തക്കളുടെ അഭാവം ശാസ്ത്രീയമായ വളപ്രയോഗത്തിലുള്ള അറിവില്ലായ്മ, നൂതന കൃഷിരീതിയിലുള്ള അറിവില്ലായ്മ, കൃഷിഭവൻെറ പ്രയോജനം എല്ലാസ്ഥലത്തും ലഭ്യമാകാത്തതിൻെറ അഭാവം, കാരഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയില്ലായ്മ തൊഴിലാളികളെ യഥേഷ്ടം ലഭിക്കായ്മ, തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ പഞ്ചായത്തിലെകാർഷിക രംഗം നേരിടുന്നു.

പഞ്ചായത്തിലെ കൃഷി രംഗത്തുള്ള വിവിധ പ്രശ്നങ്ങളും ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും തുടർന്ന് കൊടുത്തിരിക്കുന്നു .

പ്രശ്നങ്ങൾ

1. കൃഷിസ്ഥലങ്ങളിൽ ജലസേചനസൗകര്യം കുറവാണ്

2. വോൾട്ടേജ് ക്ഷാമം, വേണ്ടത്ര മണ്ണെണ്ണയുടെ ദൗർബല്യം ഇവ വേനൽകാല കൃഷിയെ ബാധിക്കിന്നു,

3. വർഷകാലങ്ങളിൽ പുഴയിൽ നിന്ന് വെള്ളം കയറി കൃഷി നശിക്കുകയും, അതുപോലെ വേനൽക്കാലത്ത് ഉപ്പ് വെള്ളം കയറിയും കൃഷി നശിക്കാൻ ഇടയാവുന്നു.

4. ജലദൗർലഭ്യം മൂലം രണ്ടാംവിളയും മൂന്നാം വിളയും നശിക്കുന്നു,

5. യഥാസമയം അത്യുൽപാദനശേഷിയുള്ള വിത്തുകളുടെ അപര്യാപ്തത.

6. നെൽകൃഷിക്ക് പലതരം രോഗങ്ങളും ബാധിക്കുന്നു.

7. നെൽപാടങ്ങൾ നികത്തി പുരയിടങ്ങൾ നിർമ്മിക്കുന്നതും മറ്റും.കൃഷികുറയാൻ കാരണമാകുന്നു.

8. അത്യാധുനിക യന്ത്രസാമഗ്രികളുടെ അപര്യാപ്തത

9. തെങ്ങുകൾക്ക് രോഗ- കീട-സംരക്ഷണമാർഗങ്ങൾ യഥാസമയം സ്വീകരിക്കാത്തതുകൊണ്ട് ആദായം കുറയുന്നു.

10. തെങ്ങുകൃഷിക്കാവശ്യമായ ജലസേചനത്തിന് വേണ്ടതുപോലെ പരിഗണന നൽകുന്നില്ല. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ പ്രവർത്തന രഹിതമാണ്

11. കവുങ്ങുകൃഷിയെ ബാധിക്കുന്ന മഹാളി രോഗത്തിനും, തൊഴിലാളിക്ഷാമത്തിനും പരിഹാരം ഉണ്ടാവണം.

12. കാരഷികോൽപാദനചെലവ് കൂടുന്നു. ഉൽപ്പന്നങ്ങൾക്ക് ഉൽപാദനചിലവിന് ആനുപാതികമായ വില ലഭിക്കുന്നില്ല.

13. കാർഷികോൽപന്നങ്ങൾ വിററഴിക്കുന്നതിനും വേണ്ട വിപണന സൗകര്യവും, താങ്ങുവിലയും ഇല്ല.

14. പരിശീലനം സിദ്ധിച്ച കർഷകതൊഴിലാളികളുടെ ദൗർലഭ്യം

15. പഞ്ചായത്തുകളിൽകൂടി ഒഴുകുന്ന പ്രധാനപ്പെട്ട് തോടുകൾക്ക് ക്രോസ്ബാർ ഇല്ലാത്തതുകൊണ്ട് കർഷകർക്ക ജലക്ഷാമം നേരിടുന്നു. ഉള്ള ക്രോസ്ബാറിൽ തന്നെ വെള്ളം നിൽക്കുന്നില്ല്.

16. ചെറുകിട ജലസേചന പദ്ധതികളുടെ അപര്യാപ്തത

17. മണ്ണുപരിശോധനയ്ക്കു വേണ്ട ബോധനപ്രക്രിയ ഇല്ലായ്മ.

18. മണ്ണൊലിപ്പ് തടയുന്നതിനുള്ള ഉപാധികൾ ഇല്ല.

19. കൃഷിഭവനിൽ സ്ഥിരം ഉദ്യോഗസ്ഥന്മാർ ഇല്ല.

20. വായ്പാസൗകര്യം ആവശ്യത്തിന് ലഭിക്കുന്നില്ല

21. കീടബാധ കൂടി വരുന്നു.

22. ഉൽപന്നസംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഇല്ല.

23. കൃഷിക്ക് ഉപയുക്തമായ ഭൂമി കൃഷിചെയ്യാതെ തരിശായി ഇടുന്നു.

24. എല്ലാഭാഗങ്ങളിലും ദൊഡ്ഡി(പഞ്ചായത്താല)കളുടെ ഇല്ലായ്മ.

സാധ്യതകൾ

1. ജലത്തിൻെറ ദൗരലഭ്യംമൂലം നെൽകൃഷിക്കാർ ബുദ്ധിമുട്ടുന്നതിനാൽ പഴയ കുളങ്ങൾ നന്നാക്കുകയും, അതോടൊപ്പം പുതിയ കുളങ്ങൾ നിർമ്മിച്ച ജലം എത്തുന്നതിനുവേണ്ടി പമ്പ്സെറ്റ് സ്ഥാപിക്കുകയും ചെയ്ത് കർഷകരെ സഹായിക്കുക.

2. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി, രാസവളം കീടനാശിനി എന്നിവ 50% സബ്സിഡിയായി യഥാസമയം വിതരണം ചെയ്യുക.

3. നെൽപ്പാടങ്ങൾ നികത്തി മറ്റുകൃഷി ചെയ്യുന്നതും, പുരയിടം നിർമ്മിക്കുന്നതും കർശനമായി നിയന്ത്രിക്കുക.

4. പഞ്ചായത്തിൽ കൂടി ഒഴുകുന്ന പ്രധാനപ്പെട്ട തോടുകൾക്ക് ക്രോസ്ബാർ നിർമ്മിക്കുക.

5. തോടിൻെറ ഇരു കരകളും കല്ലുകൊണ്ട് ഭിത്തിനിർമ്മിച്ച് നെൽപാടങ്ങളിംലേക്ക് വെള്ളം കയറുന്നതിനെ തടയുക

6. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും വൈദ്യുതി എത്തിക്കുക.

7. കർഷകതൊഴിലാളികളുടെ ക്ഷാമംമൂലം കൂലിവർദ്ധിക്കുകയും അതുമൂലം നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ട്, നെൽപാടങ്ങളിൽ, തെങ്ങ്, കവുങ്ങ് മുതലായ കൃഷികൾ കൂടികൊണ്ടിരിക്കുന്നു. അതിനാൽ നെൽകൃഷി ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

9. ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തുകയും അതോടൊപ്പം പവർ ടില്ലർ, പവർസ്പ്രേയർ, മെതിയന്ത്രം, നടിയിൽ യന്ത്രം എന്നിവ വിതരണം ചെയ്യുകയും വേണം.

10. ഇരുപ്പുനിലങ്ങളിൽ പച്ചക്കറി കൃഷി, പയറുവർഗങ്ങൾ, മധുരക്കിഴങ്ങ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിത്ത്, വളം, കീടനാശിനി, എന്നിവ തക്കസമയത്ത് എത്തിക്കുകയും അവ സംഭരിക്കാനുള്ള സൗകര്യം എർപ്പെടുത്തുകയും ചെയ്യുക.

11. തെങ്ങുകൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജലസേചന സൗകര്യം, വളം മുതലായവലഭ്യമാക്കുക.

12. ജൈവവളം ലഭ്യമാക്കുന്നതിന് കന്നുകാലി വളർത്തൽ ഡെയിമ്പ, ചണമ്പ് തുടങ്ങിയവയുടെ സാധ്യത പരമാവധി പ്രയോജന പ്പെടുത്തുക.

13. തെങ്ങുകളെ ബാധിക്കുന്ന ചെന്നീരൊലിപ്പ്, മുണ്ടചീയൽ എന്നീരോഗങ്ങളെ തടയുന്നതിനുവേണ്ടി രോഗനിവാരണപ്രവർത്തനങ്ങൾ സാമ്പത്തിക സഹായ ത്തോടെ സമഗ്രമായി നടപ്പിൽ വരുത്തുക.

14. കവങ്ങുകൃഷിയെ ബാധിക്കുന്ന മഹാളിരോഗത്തി നിന്ന് സംരക്ഷിക്കുന്നതിനുവേണ്ടി കുമിൾ നാശിനി കർ ഷകർക്ക് വർദ്ധിച്ച് സബ്സിഡിനിരക്കിൽ യഥാസമയം ലഭ്യമാക്കണം.

15. കൃഷിക്കാർ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷികോൽ പ്പന്നങ്ങൾക്ക് ന്യായവി[illegible] കിട്ടുന്നതിനുവേണ്ടി സഹകരണസ്ഥാപനങ്ങളുംമറ്റു മാർക്കറ്റിംഗ് സൗകര്യ ങ്ങളും ഏർപ്പെടുത്തുക.

16. തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പരിശീലനുവും തൊഴിൽ മാ ന്യതയും നിലനിർത്തുക.

17. മണ്ണ്പരിശോധനാറിപ്പോർട്ട് എളുപ്പം ലഭ്യമാക്കു ന്നതിന് അതാത് പ്രദേശങ്ങളിൽ മണ്ണ്പരിശോധമാകേന്ദ്ര ം എത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

18. കൃഷിക്കാർക്ക് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാർ തക്കസമയത്ത് നേരിട്ട് ചെന്ന് സേവനങ്ങൾ നൽകുവാ നുള്ള സംവിധാനം ഏർപ്പടുത്തുക.

19. സർക്കാരിൽനിന്നും എല്ലാകർഷകർക്കും ലഭി ക്കത്തക്കവിധം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

20 പുഴതീരം ഇടിഞ്ഞ് കൃഷിഭൂമി നശിച്ചുകൊണ്ടിരി ക്കുന്നതിനെതിരെപദ്ധതികൾ ആവിഷ്കരിക്കുക.

21.മണ്ണൊലിപ്പ് തടയുന്നതിനു[illegible]യുള്ള നടപടി കൾ സ്വീകരിക്കുക.

22. കൂൺകൃഷി, തേനീച്ച വളർത്തൽ, [illegible]ഷി ഔ ഷധച്ചെടി എന്നിവയുടെ സാധ്യതകൾ ആ[illegible]യുക.

23. വൃക്ഷങ്ങളുടെ പുനരുദ്ധാരണം ഏർപ്പെടുത്തുക.

24. എല്ലാവിളകൾക്കും ഇൻഷൂറൻസ് ഏർപ്പെടുത്തു ക.

25. ജലസേചനസൗകര്യം വരദ്ധിപ്പിക്കുന്നതിനുവേണ്ടി ചെറുകിടജലസേചന പദ്ധതികൾ നടപ്പിൽ വരുത്തുക.

26. മത്സ്യകൃഷിചെയ്യാനുള്ള സാധ്യതകൾ ആരായുക

27. ചക്കപോലുള്ള പഴവർഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് വിപണനസാധ്യതകൾ ശക്തി പ്പെടുത്തുന്നതിനുള്ള പ്രാദേശിക സംവിധാനങ്ങൾ പരി ഗണിക്കുക.

28. തരിശുഭൂമിയിൽ കശുമാവ് വച്ചുപിടിപ്പിക്കുകയും അവയുടെ വിപണന സൗകര്യം ഏർപ്പെടുത്തുക.

29. ദ്രുതവാട്ടരോഗത്തിനെതിരെയുള്ള പ്രതിരോധ നടപടികൾ ഉടൻ സ്വീകരിക്കുക.

30. രോഗംമൂലം നശിക്കുന്ന എല്ലാകാർഷികവിളകൾ ക്കും ഇൻഷൂറൻസ് ആനുകൂല്യം ലഭ്യമാക്കുക.

31. എല്ലാ കാർഷിക ആവശ്യങ്ങൾക്കും ആവശ്യമുള്ള ത്ര തൊഴിലാളികളെ ലഭ്യമാക്കന്നതിനുവേണ്ടി പരിശീ ലനം നൽകുക.

32. കീടനാശിനി ഉപയോഗിക്കാതെ യുള്ള പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുകയും അങ്ങനെ ഉൽപാ ദിപ്പിച്ചെടുത്ത പച്ചക്കറികൾക്ക് കൂടുതൽ വിലനൽകി കൊണ്ട് അവ സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവി ധാനം ഏർപ്പെടുത്തുക.

33. തരിശായികിടക്കുന്ന നെൽപാടങ്ങൾ കൃഷിയോ ഗ്യമാക്കുവാൻവേണ്ടി ഭൂമിയുടെ ഉടമസ്ഥാവകാശം നി ലനിർത്തികൊണ്ട് താൽപര്യമുള്ള കർഷകർക്ക് കൃഷി ചെയ്യുവാനുള്ള അവസരം ഏർപ്പെടുത്തുക.

34. കവങ്ങ് കൃഷി വികസനത്തിന് വേണ്ടി സ്പ്രിംഗ്ലർ ഇരിഗേഷൻ പദ്ധതിക്കുംവേണ്ടി പ്രോത്സാഹനം നൽകു ക.

35. ഭൂവികസന പ്രവർത്തനങ്ങൾക്ക് (മണ്ണ് ഇടൽ തട്ടു തിരിക്കൽ) സാമ്പത്തിക സഹായം നൽകുക.

36. പുകയിലകർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുക.

37. പഞ്ചായത്തിനാവശ്യമായ നടീൽ വ്സ്തുക്കൾ ഉൽ പാദിപ്പിക്കുവാൻ വേണ്ടി അംഗീകൃത നഴ്സറികൾ കൊണ്ടുവരികയും കൃഷിഭവൻ മുഖേന സബ്സിഡിയോടു കൂടി വിതരണം ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുക

38. എല്ലാഭാഗങ്ങളിലും ദൊഡ്ഡി (പഞ്ചായത്താലി) കളുടെ സൗകര്യം ഉണ്ടാക്കി അലഞ്ഞുതിരിയുന്ന കന്നു കാലികളിൽ നിന്ന് കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ തടയുക.

39. എലി ന[illegible]ണപ്രവർത്തനങ്ങൾവ്യാപകമാക്കുക.

40. [illegible] പദ്ധതിപ്രകാരം [illegible] സബ്സി ഡി [illegible] പുരുഷ [illegible] ക്കുക.

41. വിളഇൻഷൂറൻസ് രോഗം മൂലം നശിക്കുന്ന കാർ ഷികവിളകൾക്കും ഏർപ്പെ്ടുത്തുക.

42. വിള ഇൻഷൂറൻസ് ഗവർമെൻറ് നേരിട്ട് നടത്തു കയും കൃഷിനശിച്ചവർക്ക് എല്ലാവർക്കും നഷ്ടപരിഹാ രം നൽകുകയും ചെയ്യുക.

43. എല്ലാകൃഷിക്കും വൈദ്യുതി സൗജന്യമായി നൽ കുക.



മേൽപറമ്പ് ടൗണിന്റെ ഹൃദയഭാഗത്ത്
ആധുനിക സൗകര്യത്തോട് കൂടിയ
ഒരു ഐസ് ക്രീം പാർലർ നിങ്ങൾക്ക് വേണ്ടി
ഞങ്ങൾ ഒരുക്കിയിരിക്കുന്നു.
സ്വാദിഷ്ടവും വീണ്ടും വീണ്ടും കഴിക്കണമെന്ന്
ആഗ്രഹം ജനിപ്പിക്കുന്നതുമായ
വിവിധതരത്തിലുള്ള
ഐസ്ക്രീമുകളും, ശീതള പാനീയങ്ങളും വൃത്തിയോടും
വെടിപ്പോടും കൂടി നല്കുന്നതായി
ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.
ഇത് ഒരു ക്ഷണമായി സ്വീകരിച്ച് ഈ സംരംഭം
ഒരു വൻ വിജയമാക്കിത്തീർക്കുവാൻ വേണ്ടി
ഇതിന്റെ ഉദ്ഘാടനചടങ്ങിലേക്ക്
നിങ്ങളേവരേയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.
മേലിലും നിങ്ങളുടെ സഹായ സഹകരണങ്ങൾ
പ്രതീക്ഷിക്കുന്നു.

IDEAL
ICE CREAM PARLOUR

PHONE : 680783

KUNNIL COMPLEX
BUS STAND, MELPARAMBA

With Best Compliments from:

•HARITHA FRUITS & VEGETABLES
MELPARAMBA

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാസർകോട് ടൗണിനോട് ചേർന്ന് കിടക്കുന്ന ചെമ്മനാട് പഞ്ചായത്തിൽ ധാരാളം കൃഷിയിടങ്ങളും കന്നുകാലികളെ വളർത്തുന്ന സ്ഥലങ്ങളുമുണ്ടായിരുന്നു. കൃഷിക്കാർ അനുബന്ധ മായി നാടൻ കന്നുകാലി വളർത്തിയിരുന്നു.പ്രധാനമായും കൃഷിപ്പണിക്കുള്ള കാളകളെയും പശുക്കളെയും പാലിനും വളത്തിനുമായി വളർത്തിയിരുന്ന.നെൽവയലുകൾ കുറഞ്ഞുവരുകയും ഉള്ളവയിൽ യന്ത്രവക്കരണ് നടപ്പിലാക്കുകയും ചെയ്തതോടെ ജോലിക്കുള്ള കന്നുകാലികളുടെ എണ്ണം കുറഞ്ഞു വന്നു.

ധവള വിപ്ലവത്തിന്റെ പ്രചാരം പഞ്ചായത്തിന്റെ പകുതിയോളം ഭാഗങ്ങളിലെത്തിയതും പരവനടുക്കം മൃഗാശുപത്രിയുടെയും . ചട്ടഞ്ചാൽ ഐ. സി..ഡി.സി.എസ്.-സിന്റെയും പ്രവർത്തനഫലമായി സങ്കരയിനം കന്നുകാലികളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

മൃഗസംരക്ഷണമേഖലയുടെ പ്രാധാന്യം മനസിലാക്കാത്തതും ഇതിലേക്ക് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ ആകർഷിക്കുവാനുള്ള പദ്ധതികളുടെ അഭാവം ഈ മേഖയുടെ വികസന സാധ്യത അടഞ്ഞുനിൽക്കുന്നു. മേൽപറഞ്ഞ കാരണങ്ങളോടൊപ്പം സമീകൃതാ കാലിത്തീറ്റയുടെ വില വർദ്ധനവു ംതീറ്റ പ്പുല്ലിന്റെ ലഭ്യതക്കുറവ് കർഷകരെ കന്നുകാലി വളർത്തിൽ നിന്ന് പിന്തിരിപ്പിക്കുകയാണ്.

പഞ്ചാത്തിൽ ഉപഭോഗത്തിനാവശ്യമായി പാൽ ഇവിടെത്തെ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ലാത്ത തിനാൽ മിൽമ പാലിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. മ-ഗസംരക്ഷണത്തിാവശ്യമായ ഗവ സംവിധാനങ്ങൾതാഴെ പറയുന്നവയാണ്.

സർക്കാർ മൃഗാശുപത്രി -പരവനടുക്കം.

2 ഐ.സി ഡി.പി സബ്സെൻറർ ,ചട്ടഞ്ചാൽ

പ്രധാനമായി വളർത്തുമൃഗങ്ങൾ പശു, എരുമ ആട് കോഴി നായ എന്നിവയാണ്.ഇതിൽ പശു കോഴി, എന്നിവ യാണ് കൂടുതൽ വളർത്തിവരുന്നത്. ഇറച്ചിക്കോഴികളെ ലാഭകരമായി പഞ്ചായത്തിൽ വളർത്തിവരുന്നു.

(പട്ടിക 4-5 കാണുക)

കൂടുലായി പാൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രദേശങ്ങളിൽ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ടുമൂലം മതിയായ വില ലഭിക്കുന്നില്ല, ഇതു മൂലം പശുക്കളുടെ രണ്ട് ഗർഭങ്ങൾ തമ്മിലുള്ള കാലം കർഷർ മനപൂർവ്വം ദീർഘിപ്പിക്കുന്ന പ്രവണതപോലും കണ്ടുവരുന്നു. അടിയന്തിര പ്രാധാന്യം കൽപ്പിച്ച് പാൽവിപണനം സൗകര്യങ്ങൾ ഉണ്ടാക്കുവാൻ സാധിക്കൂ. വളപ്പോത്ത് എന്ന പ്രദേശത്ത് പാൽ വില്പ്പനയിലൂടെ മാത്രം ഉപജിവന മാർഗ്ഗം കണ്ടെത്തുന്ന നിരവധി പേരുണ്ട്.

ആട് വളർത്തൽ പ്രധാനമായും കണ്ട് വരുന്നത് മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിലാണ്.സ്ത്രീകൾക്ക് ചെയ്യൻ പറ്റുന്ന പ്രധാന ഉപതൊഴിലാണ് ആടു വളർത്തലു ംവീട്ടുമുറ്റത്തെ മുട്ടക്കോഴി വളർത്തുമെങ്കിലും ഇതിലേക്ക് അധികംപേർ ഇറങ്ങിയിട്ടില്ല. പമ്പരാഗതമായി വളർത്തുന്ന ശീലമുള്ളതിനാൽ ഏതാനും കോഴികളെ മാത്രം വളർത്തുന്നു.എന്നതാ ഇവയ്ക്ക് ശാസ്ത്രീയ പരിചരണ് നൽകുന്നില്ല.അതുകൊണ്ട് ഉപഭോഗത്തിനാവശ്യമായ കോഴിമുട്ട മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെചടുകയാണ്. കോഴി വസന്തക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പിനെ പറ്റി അധികം ആളുകളും അജ്ഞരാണ്.ആയതിനാൽ ഈ അസുഖം മൂലം കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുകയും ജനങ്ങൾ ഇതിൽ നിന്ന് പിന്തിരിയുന്നതാണ് കണ്ടുവരുന്നത്.ഇറച്ചിക്കോഴി വളർത്തലും ചില വ്യക്തിതകൾ മാത്രമാണ് നടത്തുന്നത്.

(പട്ടിക 4.3 കാണുക)

പ്രത്യുൽപ്പാദന സംബന്ധമായ രോഗങ്ങളാണ് കൂടുതലായി കാണുന്നത് .ഇത് ചികിത്സിച്ചുഭേദമാക്കുന്നതിനുപകരം പലരും അറവുശാലകളിലേക്ക് പ്രവണത വർദ്ധിപ്പിച്ചുവരുന്നു. ഇതിപോലെ കൂടുതാലായി കണ്ടുവരുന്ന ദഹന സംബന്ധമായ രോഗങ്ഹളും പരാദരോഗങ്ങളും മൃഗങ്ങളുടെ ഉൽപ്പാദനക്ഷമതയെ സാരമായി ബാധിക്കുന്നു. അകിടുവീക്കം മൂലം പാൽഉൽപ്പാദനം കുറയുന്നതായി കംണ്ടുവരുന്ന ജൂലായ് ആഗസ്റ്റ മാസങ്ങളിൽ മുടന്തൻ പനികൂടുതലായി പ്രത്യക്ഷപ്പെടുന്നു.

പഞ്ചായത്തിൽ പന്ത്രണ്ടോളം ഗോവർഗ്യാസ് പ്ലാൻറ് ഉണ്ട്.ഇതിന്റെ പ്രയോജന വും ,ഉണ്ടാകാവുന്ന ചില പുകകളെയും പറ്റി ഭൂരിപക്ഷവും ബോധവാന്മാരല്ല. ഇതിനം കൂടുതൽ പ്രചാരം ലഭിക്കുകയാണെങ്കിൽ ഇന്ധനക്ഷാമം കുറയ്ക്കുവാനും ഇതിൽ നിന്നും വരുന്ന അവശിഷ്ടങ്ങൾ മെച്ചമായ ജൈവവളമായി ഉപയോഗിക്കുവാനും സാധിക്കും.മൃഗസംരക്ഷണ വകുപ്പുവഴി ഗോവർ ഗ്യാസ് നിർമ്മാണത്തിലുള്ള സബസിഡി എത്തിയിട്ടില്ല.

അനധികൃത അറവുശാലകാളാണ് പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും ലഭിക്കുന്ന മാസം പൊതു ജനരോഗ്യത്തിന് ബാധിക്കുന്നതാണോയെന്നുള്ള പരിശോധ നടക്കുന്നില്ല.

മുയൽ വളർത്തലിന് സ്ഥലവും മുതൽ മുടക്കും കുറെച്ചെ ആവശ്യമുള്ളുവെങ്കിലും ഈ സംരംഭത്തിലേക്ക് അധികമാരും താൽപര്യം കാണിക്കിന്നില്ല. ആവശ്യമായ ബോധവൽകരണത്തിന്റെയും ംവിപണനരംത്തിന്റെയും അഭാവമാണ് ഇതിന് കാരണം.

പേപ്പട്ടി ശല്യം ഇടയ്ക്കിടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാവുന്നുണ്ട്. മൃഗാശുപത്രിയിൽ പ്രതിരോധ കുത്തിവെപ്പിനുള്ള വാക്സിൻ പരിമിതമായ തോതിലെ ലഭിക്കാറുള്ള നായ വളർത്തലിൽ താപര്യമുള്ളവർ കൂടുതൽ പണം മുടക്കി വാക്സിൻ വാങ്ങിക്കേണ്ടി വരുന്നു.നായവേട്ടയ്ക്കു വരുന്നവർ ചുരുക്കം

സ്ഥലങ്ങളിൽ നിന്നുമത്രം നായക്കളെ പിടിക്കിന്നിതിനാൽ അതിൻെറ പ്രയോജനം എല്ലാവർക്കും ലഭിക്കുന്നില്ല.

(പട്ടിക 4.4 കാണുക)

അറവുശാലകൾക്ക് ചുറ്റും അലഞ്ഞുതിരിയുന്ന നായ്ക്കളെ വളരെയധികം കണ്ടു വരുന്ന ഇവയുടെ പരാക്രമം മൂലം ആ പ്രദേശങ്ങളിലുള്ള നിരവധി ആടുകൾ ചത്തുപോവുകയും പരിക്കേൽക്കുകയും ചെയ്യുന്നു. ഇത് കർഷർക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു. മേൽപ്പറമ്പിലിതൊരു നിത്യസംഭവമാണ്.

വിവിധ ഗ്രമ സഭകളിൽ നിന്നു വന്ന പ്രശ്നങ്ങൾ ഇങ്ങെനെ അപഗ്രഥിക്കാം.

1ക്ഷീര വിപണന സൗകര്യത്തിൻെറ അര്യാപ്തത

2 മൃഗാശുപത്രിയിലേക്കുള്ള ദൂരം.

3തീറ്റപ്പുല്ലിൻെറ ലഭ്യതക്കുറവ്

4 കാലിത്തീറ്റയുടെ വില വർദ്ധനവ്

5 മൃഗപരിപാലനത്തിന് സാമ്പത്തിക സഹായം ത്തിൻെറയും പ്രോത്സഹനത്തിൻെറയും അഭാവം.

6കോഴി വസന്ത, പരാദരോഗങ്ങൾ ,പ്രത്യുൽപ്പാദന സംബന്ധമായ രോഗങ്ങൾ തുടങ്ങിയവ കർഷകരെ തളർത്തുന്നു.

7 തെരവുനായക്കുളുടെ ശല്യം.

ഗ്രാമപഞ്ചാത്തിലെ മൃഗസംരക്ഷണമേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന പദ്ധതികൾ ആവിഷകരിക്കാൻ നിർദ്ദേശ മുണ്ടായി.

1 എല്ലാ വർക്കും സൗകര്യപ്രദമായ രീതിയുലുള്ള പാൽ സൊസൈറ്റി സ്ഥാപിക്കുക.

2 കൃത്രമി ബീജ സംങ്കരണ സൗകര്യത്തിനായി പഞ്ചായത്തിൻെറ വിവധ ഭാഗങ്ങവിൽ സബ്ബ് സെൻററുകൾ സ്ഥാപിക്കുക.

3 ഓരോ വാർഡുകളിലും 10 വീതം 'മിനി ഡയറി' യൂണിറ്റുകൾ ആരംഭിക്കാനുളഅള പദ്ധതികതൾ ആവിഷ്ക്കിക്കുക.

4 കാലിത്തീറ്റയും തീറ്റ പ്പുല്ല്സൊസൈറ്റിമുഖാന്തിരം സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

5വളപ്പോത്ത് മാതൃക മിൽക്ക് കോളനി സ്ഥാപിക്കിക.

6 മൃഗാശുപത്രി യുടെ പ്രാഥിമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആവശ്യത്തിനുള്ള മരുന്നൾഎത്തിക്കുകയും ചെയ്യുക

7 അലഞ്ഞുതിരിയുന്ന കന്നുകാലികളെനിയന്ത്രിക്കാനായ ആലകൾ നിർമമിക്കിക.

8 ഇറച്ചിക്കോഴി ആടുവളർത്തലിന് സൗജന്യങ്ങൾ പ്രഖ്യാപിക്കിക.

9 വീട്ടുമുറ്റത്ത് മുട്ടക്കോഴി വളർത്തലിനം സൗജന്യങ്ങൾ പ്രഖ്യാപിക്കിക.

10 ശാസ്ത്രീയ രീതിയിലുള്ള അറവുശാലയും ,തുകൽ സംസ്ക്കരണ കേന്ദ്രവും പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ സഥാപിക്കിക.

11 സമ്പൂർണ പേവിഷബാധ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുക.

12ഗോവർ ഗ്യാസ് പ്ലാൻറിനും മുയൽ വളർത്തലിനും പ്രചാരം നൽകിന്നതിനാവശ്യമായ ബോദവൽക്കരണവും പ്രോത്സാഹനവും നൽകുക.

മത്സ്യബന്ധനം

ചെമ്മനാട് പഞ്ചാത്തിൽ 6 കിമി കടലോരമുണ്ട്. ഇത് തെക്ക് കളനാട് പുഴ (നൂമ്പിൽ പുഴയു ംവടക്ക് പടക്ക് ചന്ദ്രഗിരി പുഴയും അരബിക്കടലിൽ സംഗമിക്കുന്ന സ്ഥാനം വരെ വ്യാപിച്ചി കിടക്കുന്നു. കടൽ മത്സ്യബന്ധനം കീഴിരിലാണ് നടത്തുന്നത് പരമ്പരാഗതമായ 300 ൽ പരം മത്സ്യ തൊഴിലാളി കുടുംബങ്ങൾ ഇവിടെ ജിവിക്കുന്നുണ്ട്. മത്സ്യബന്ധനമേഖലയുമായ് 800 ൽ പരം ആളുകൾ തൊഴിലെടുക്കുന്നു.

പഴയ കാലങ്ങളിൽ ചെറുവള്ളങ്ങൾ തുഴഞ്ഞു െകൊണ്ടുപോയിട്ടാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. കൊല്ലിവല ചാക്കുവല തുടങ്ങിയ വലകളായിരുന്നു ഉപയോഗിച്ചിരുന്നത്.ഓരോ തരത്തിലുള്ള മത്സ്യ ത്തിന് പ്രത്യേകതര ം വലകൾ ഉപയോഗിച്ചുപോന്നു.മുൻ കാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന പല മത്സ്യങ്ങളും ഇന്ന് പലകാരണം കൊണ്ടും അപ്രത്യക്ഷമായിരിക്കുന്നു. മുമ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യത്തിൻെറ പകുതിപോലും ഇന്ന് ലഭിക്കുന്നില്ല. കൂടുൽ ലഭിച്ചുകൊണ്ടിരിന്ന മത്സ്യങ്ങളിൽ നിന്നും പലതരത്തിലുള്ള ഉപോൽപ്പന്നം ഉണ്ടാക്കി ദൂരദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ചെമ്മീൻനിൽ നിന്നും ഉണ്ടാക്കുന്ന 'ചെമ്മീൻ പരിപ്പിന് നല്ല ഡിമാൻറ് ഉണ്ടായിരുന്നു.

പട്ടിക 4.6 കാണുക

ഇന്ന് മത്സ്യബന്ധനമേഖവലയിൽ 36 വലിയ വള്ളങ്ങളും 166 ബോട്ടുകളും 80 ൽ പരം ചെറുവള്ളങ്ങളും ഉപയോഗിക്കുന്നുണ്ട്. വലിയ വള്ളങ്ങളെല്ലാം യന്ത്രത്തിൻെറ സഹായത്തോടുകൂടയാണ് പ്രവർത്തിക്കുന്നത്. ചില സ്വകാര്യ വ്യക്തകിളൊഴിച്ചാൽ ബാക്കിയെല്ലാം തൊഴിലാളികളും ചെറിയ ഗ്രൂപ്പുകളായി (കമ്പനി വലക്കാർ) യാണ് മത്സ്യ ബന്ധനം നടത്തുന്നത് ഇവരൊക്കെ ഒന്നിച്ച് ചേർന്ന് ഇവരുടെ പല തരത്തിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത പരിഹരിക്കുന്ന., പ്രധാനപ്പെട്ട 9 കമ്പനി ക്കാരാണ് ഇവിടെമത്സ്യ ബന്ധനം നടത്തുന്നത് ഓരോ വള്ളങ്ങളിലും 9 പേർ വീതം മത്സ്യബന്ധനത്തിന് പോകുന്നു, അതിലെ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ചുമതലകളാണ് ഉള്ളത്. കടലിലെ ഓരോ മേഖലയിലുള്ള മത്സ്യങ്ങളെ മുൻക്കൂട്ടി മനസിലാക്കുവാൻ ഇവർക്ക് സാധിക്കുന്നുണ്ട്., അതിരാവിലെയാണ് മത്സ്യബന്ധനത്തിന് പുറപ്പെടുന്നത്.ഉച്ചയാകുമ്പാഴെക്കും തിരിച്ചുവരും. രാത്രി കടലിൽ തങ്ങി മത്സ്യബന്ധനം നടത്തി അതിരാവിലെ മടങ്ങിവരുന്നവരുമുണ്ട്. ഇവർ താരതമ്യേന വലിയ മത്സ്യങ്ങളാണ് പിടിക്കുന്നത് .ഇതിന് പ്രത്യേകം തരത്തിലുള്ള വലകൾ ഉപയോഗിക്കുന്നു,. കടൽ ക്ഷോഭമുള്ള സന്ദർഭങ്ങളിൽ കടലിൽ മത്സ്യബന്ധനം നടത്താൻ കഴിയാറില്ല.

മെയ്, ജൂൺ, ജാലായ്, ആഗസ്ത് മാസങ്ങളിലാണ് പ്രധാനമായും മത്സ്യബന്ധനം നടത്താൻ കഴിയാത്തത്, ഈ മസങ്ങളിൽ മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാവുന്നു.

വലകൾക്ക് പലപ്പോഴും നാശം സംഭവിക്കാറുണ്ട്. ബോട്ടുകളിൽ കുടുങ്ങിയാണ് നാശം സംഭവിക്കുന്നത് .ഇന്ന് ഉപയോഗിക്കുന്ന റാണിവല യുണ്ടാക്കുന്ന കേട്പാട് തീർക്കാൻ ആയിരക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. അതുപോലെ വള്ളങ്ങൾകൂട്ടിമുട്ടിയും കടൽ ക്ഷോഭത്തിൽ പ്പെട്ടും നഷ്ടപ്പെടാറുണ്ട്.വള്ളങ്ങൾ നന്നാക്കാൻ വർഷത്തിൽ ഭാരിച്ച തുക ചിലവഴിക്കുന്നുണ്ട്. അപകടത്തിൽ പ്പെടുന്ന തൊഴിലാളികളെയോ മത്സ്യബന്ധന ഉപകരങ്ങളെയോ രക്ഷപ്പെടുത്താനുള്ള യാതൊരു വിധത്തിലുള്ള രക്ഷാ മാർഗ്ഗവും ഇവിടെയില്ല.

മത്സ്യവിപണനം പ്രധാനമായും നടത്തുന്നത് സ്ത്രീകളാണ്. കൂട്ടകൾ ചുമന്ന് കിലോമീറ്ററുകൾ നടന്നാണ് ഇവർ മത്സ്യവിപണനും നടത്തുന്നത് .രാവിലെ പുറപ്പെടുന്ന ഇവർ രാത്രിയാടെയാണ് തിരിച്ചെത്തുന്നത് ബസ്സുകളിലും മറ്റുവാഹനങ്ങളിലും ഇവരെ കയറ്റുവാൻ വിമുഖത കാണിക്കുന്നു. മത്സ്യവിപണനം ചെയ്യാൻ സൗകര്യപ്രദമായി വപണന കേന്ദ്ര പഞ്ചായത്തിലെവിടെയുമില്ല, ഇത് കാരണം തൊഴിലാളിക്ക് വളരെയധികം ബുദ്ധിമുട്ടുന്നുണ്ട് കൂടുതൽ മത്സ്യം ലഭിച്ച ദവസങ്ങളിൽ അവ അഴുകാതെ സംരക്ഷിക്കാനുള്ള 'ഐസ് പ്ലാൻറിൻെറ അഭാവം മൂലം വളരെ യധികം നഷ്ടം സഭവിക്കാറുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ജീവിത ചുറ്റുപാട് വളരെ പരിതാപകരമാണ്.പലരും ഇന്നും കുടിലുകളിലാണ് ജീവിക്കുന്നത്.അത്യാവശ്യ സൗകര്യമുള്ള വീടോ,ശുദ്ധ ജല ലഭിക്കുന്ന കിണറോ,കക്കൂസോ ഒന്നും തന്നെ ഇവിടെയില്ല.ഇതുകാരണം ചില പകർച്ച വ്യാധി രോഗങ്ങൾ വളരെ വേഗത്തിൽ പടർന്നു പിടിക്കുന്നു.മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെങ്കിലും പഠന നിലവാരം വളരെ കുറവാണ്. കൊഴിഞ്ഞ് പ്പോക്കും കാണപ്പെടുന്നുണ്ട്.മത്സ്യ ബന്ധനം നടത്താൻ കഴിയാത്ത മെയ് ,ജൂൺ,ജൂലായ്,ഓഗസ്റ്റ്,മാസങ്ങളിലാണ് ഇവർ കൂടുതൽ കഷ്ടതയനുഭവിക്കുന്നത്. അപകടം പതിയിരിക്കുന്നതും ഒപ്പം വളരെ തുച്ഛമായ വരുമാനവും ലഭിക്കുന്നതിനാൽ പല തൊഴിലാളികളും മറ്റും തൊഴിലേക്ക് ചേക്കേറാൻ തുടങ്ങിട്ടുണ്ട്.

കടലിലെ മത്സ്യ സമ്പത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.കഴിഞ്ഞ കാലങ്ങളിൽ ഇവിടെ പിടിക്കുന്ന മത്സ്യം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെ ഉപയോഗത്തിനു പലതരത്തിലുള്ള മത്സ്യ ഉപ്പേൽപന്നം ഉണ്ടാകുവാനും പര്യാപ്തമായിരുന്നു എന്നാൽ ഇന്ന് ലഭിക്കുന്ന മത്സ്യം പലപ്പോഴും ഇവിടെയുള്ളവരുടെ തന്നെ ഉപയോഗത്തിന് തന്നെ തികയുന്നില്ല.മത്സ്യത്തിന് വേണ്ടി മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ട അവസഥായാണുള്ളത്.മത്സ്യ സമ്പത്തിലെ ഈകുറവിന് പ്രധാനകാരണം,ആഴകുടൽ മത്സ്യബന്ധനമാണ്; കൂടാതെ ആധുനിക രീതിയിലുള്ള മത്സ്യ ബന്ധനം,മത്സ്യ കുഞ്ഞുങ്ങളുടെയും,മുട്ടകളെയും കൂട്ടത്തോടെ നശിപ്പിക്കുന്നു.എല്ലാറ്റിനുമുപരി സമുദ്ര ജല മലിനീകരണം പല മത്സ്യങ്ങളുടെയും വർഗ്ഗത്തിന് തന്നെ ഭീക്ഷണി ഉയർത്തിട്ടുണ്ട്.പലപ്പോഴു സുലഭമായി ലഭിക്കുന്ന മത്തി,കൂന്തൾ,ഏട്ട,തിരണ്ടി മുതലായ മത്സ്യങ്ങൾ വളരെ വിരളമായിട്ടാണ് ഇപ്പോൾ ലഭിക്കുന്നത്.മലിനീകരണം കാരണം മത്സ്യങ്ങളുടെ രുചിയാൽ തന്നെ കാര്യമായ വ്യത്യാസം വന്നിട്ടുണ്ട്.

പഞ്ചായത്തിൽ 10.കീ.മി പുഴയോരുണ്ട്.പ്രധാനപ്പെട്ട രണ്ട് പുഴകളാണ് ഉള്ളത് ചന്ദ്രഗിരി പുഴയും,കളനാട് പുഴയും പരിമിതമായ തോതിൽ ഇവിടെ നിന്നും മത്സ്യബന്ധനം നടത്തുന്നുണ്ട്.ചെറു വള്ളങ്ങളിൽ നിന്നും ചൂണ്ടയിട്ടോ,ചെറു വലകൾ ഉപയോഗിച്ചുമാണ് മത്സ്യം പിടിക്കുന്നത്.അറവു ശാലകളിൽ നിന്നുമുള്ള മാംസാവശിഷ്ടങ്ങളും,മറ്റു പലതരത്തിലുള്ള മാലിന്യങ്ങളും ചന്ദ്രഗിരിപുഴയിലും,കളനാട്പുഴയിലും,തള്ളുന്നത്. ജല മലീനീകരണത്തിനും,മത്സ്യ രോഗത്തിനും,അതു വഴി അവയുടെ കൂട്ടത്തോടെയുള്ള നാശത്തിനും കാരണമാകുന്നു.ഇതിനെതിരെ കർശനമായ നടപടിയെടുക്കാത്ത പക്ഷം.പുഴയിലെ മത്സ്യങ്ങൾ വർഗ്ഗനാശം,തന്നെ സംഭവിക്കും,മലിനീകരണം കാരണം ജലത്തിൻെറ നിറത്തിൽ തന്നെ കാര്യമായ മാറ്റം വന്നിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ചില രോഗ കാരണം പുഴയിലെ ചില മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങിട്ടുണ്ട്.

ചെമ്മീൻ കൃഷിയോ മറ്റു ശുദ്ധ ജല കൃഷിയോ പഞ്ചായത്തിലില്ല.അവയ്ക്കു വേണ്ട എല്ലാതരത്തിലുള്ള സൗകര്യവും,സന്നദ്ധരായ ആളുകളുമുണ്ടെങ്കിലും,അതിനെ കുറിച്ച് ആവശ്യമായ അറിവില്ലാത്തത്,പ്രോത്സാഹനം ലഭിക്കാത്തതും ഈകൃഷിക്ക് തടസ്സമായി നിൽക്കുന്നു ശുദ്ധ ജല മത്സ്യ കൃഷി നടത്തുവാൻ ധനസഹായവും,പ്രോത്സാഹനവും ആവശ്യമായ പരിശീലനവും നൽകിയാൽ ഈരംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടത്തുവാൻ സാധിക്കും.

മത്സ്യതൊഴിലാളികളുടെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി 342 പേർ അംഗങ്ങളായുള്ള മത്സ്യത്തൊഴിലാളി വികസന സൊസൈറ്റി കീഴൂരിൽ പ്രവർത്തിക്കുന്നുണ്ട്.തൊഴിലാളികൾക്ക് ആവശ്യമായ പലത്തരത്തിലുള്ള സഹായം ഇതു വഴി നൽക്കുന്നുണ്ട്

വിവിധ ഗ്രാമ സഭകളിൽ നിന്നു ഇങ്ങെനെ ക്രോഡികരിക്കാം

1.മത്സ്യ വിപണനം ചെയ്യാൻ സൗകര്യ പ്രദമായ മാർക്കറ്റില്ല.

2.കൂടുതൽ പിടിച്ച മത്സ്യം അഴുകാതെ സൂക്ഷികാനുള്ള മാർഗ്ഗങ്ങളില്ല.

3.കടലിലോ,പുഴയിലോ,അപകടത്തിൽപ്പെട്ടാൽ രക്ഷാപ്പെടുത്താനുള്ള മാർഗ്ഗങ്ങളില്ല.

4.മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യമില്ല.

5ആഴക്കടൽ മത്സ്യബന്ധനം പരമ്പാഗതമായ മത്സ്യ

ബന്ധനത്തെ പ്രതികൂലമായി ഭാധിക്കുന്നു.

6 തീരദേശ സംരക്ഷണ നിയമം വികസനത്തെ പ്രതീകൂലമായി ബാധിക്കുന്നു.

7 അറവുശാലകളിൽ മുന്നു ംമറ്റും മാലിന്യങ്ങൾ പുഴകളിൽ തള്ളുന്നത് മത്സ്യനാശത്തിന് കാരണ മാകുന്നു.

8 മത്സ്യ വിപണനത്തിനത് വാഹനസൗകര്യമില്ല.

9 ചെമ്മീൻ കൃഷിക്ക് ആവശ്യമായ പരിജ്ഞാനമില്ല.

10 പുകവലി ,മദ്യപാനം മറ്റുലഹരി പദാർത്ഥങ്ങളുടെ ദോഷഫലങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.

മത്സ്യബന്ധനരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ താഴ പറയുന്ന പദ്ധതികൾ. ആവിൾഷകരിക്കാൻ നിർദ്ദേശമുണ്ടായി.

1 മത്സ്യവിപണനം ചെയ്യാൻ സൗകര്യമപ്രദമായ മാർക്കറ്റുകൾ കീഴൂർ ചെമ്പരിക്ക,മേൽപറമ്പ്, ദോളി,കോളിയടുക്കം, പരവനടുക്കം ,ചെമ്മനാട് ,ചട്ടഞ്ചാൽ മുതലായ പ്രദേശങ്ങളിൽ നിമ്മിക്കണം.

2 കീഴൂർ ഐ.സ് പ്ലാൻറ് നിരമ്മിക്കുക വഴി മത്സ്യം അഴുകുന്നതുമൂലമുള്ള നഷ്ടം കുറയ്ക്കാൻ കഴിയും.

3 കടലിൽ രക്ഷാ പ്രവർത്തനം നടത്താനുള്ളസംവിധാനവും മത്സ്യതൊഴിലാളികസ്ക്ക് വീട് കിണർ,കക്കൂസ് മുതലായവ നിർമ്മിക്കാൻ ധനസഹായം നൽകണം.

4 ആഴക്കടൽ മസത്സ്യബന്ധനം ദീരദേശ സംരക്ഷണ നിയമം തുടങ്ങിയ നിർത്തലാക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തണം.

5 മത്സ്യതൊഴിവാളികൾക്ക് വള്ളവും മറ്റ് മത്സ്യബന്ധനഉപകരണങ്ങൾ എന്നിവ വാങ്ങനുള്ള ധനസഹായം നൽകണം.

6 കടലോരത്ത് സെർച്ച ലൈറ്റ് സ്ട്രീറ്റ് ലൈറ്റ് ഇവ സ്ഥാപിക്കണം.

7 മത്സ്യവിപണനത്തിനം പഞ്ചായത്തു വക വാഹനസൗകര്യം ഏർപ്പെടുത്തണം.

8 അറവുശാലകളിൽ നിന്നുമ റ്റും മാലിന്യങ്ങൾ പുഴയിൽ തള്ളുന്നത് കർശനമായി തടയണം. കൂടാതെമാനില്യങ്ങളെ വളമാക്കി മാറ്റാനുള്ള പദ്ധതി നടപ്പാക്കണം.

9 കാലാകാലങ്ങളിൽ ചന്ദ്രഗിരി അഴി മുഖത്തള്ള മണ്ണ് നീക്കം ചെയ്യാനുള്ള നടപടിയെടുക്കണം.

10 കീഴൂർ ഒറവങ്കര ചെമ്പിരിക്ക മറ്റു പ്രദേശങ്ങളിൽ നിന്നും ചെമ്മീൻ കൃഷിയും മറ്റുശുദ്ധ ജലകൃഷിയും നടത്തുവാൻ തയ്യാറുള്ള 10 പേർക്ക് വീതം പരിശീലനം വും പ്രോത്സാനവും ധനസഹായവും നൽകി ചെമ്മീൻ കൃഷി നടത്തുവാൻ പ്രേരിപ്പിക്കുക

11 തോട്ട ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതം കർശനമായി തടയണം

12 ലഹരി പദാർത്ഥങ്ങളടെ ദൂഷ്യഫലങ്ങളെക്കിറിച്ച് ബോധവൽകരണം, ആരഗ്യേ വകുപ്പും സന്നദ്ധ സംഘടനകളമായും നടപ്പാക്കണം.

ചെമ്മനാട് ഗ്രാമപപഞ്ചായത്ത് 4.1 വളർത്തു മൃഗസംഖ്യം

വാർഡ്	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ					
	വംശവർദ്ധനവ്	മറ്റുള്ളവ	വംശനർദ്ധനവ്	മറ്റുള്ളവ	കറവയുള്ളത്	കറവ ഇല്ലാത്തത്	കറവയുള്ളത്	കറവ ഇല്ലാത്തത്	കറവയുള്ളത്	കറവ ഇല്ലാത്തത്	പോത്ത്	ആട്	പട്ടി	ആന
1	2	3	4	5	6	7	8	9	10	11	12	13	14	15
	8	347	5	412	2011	938	670	430	45	23	52	1136	688	

പട്ടിക 4.2 ചെമ്മനാട് ഗ്രാമ പഞ്ചായത്ത് വളർത്തു പക്ഷി സംഖ്യ

		പിടക്കോഴി		താറാവ്		
വാർഡ് നമ്പർ	പൂവൻ കോഴി	മുട്ടയിടുന്നകോഴി	മുട്ടയിടാത്തത്	ആൺ	പെൺ	മറ്റുള്ളവ
	3712	9432	605	43	52	-

പട്ടിക- 4-3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	മുയൽ	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1.	ദഹന സംബന്ധം	317	12	68							
2.	ശ്വാസകോശ സംബന്ധം	190	2	7							
3	ഉപാപചയ സംബന്ധം	39	1								
4	ത്വക്ക്രോഗങ്ങൾ	260									
5	ധാതുലവണങ്ങളുടെ കുറവ്	69					77				
6	[illegible]	411									
7	പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട	86	7	58							
8.	വന്ധ്യത	128									
9.	അകിടുവീക്കം	95	3	36							
10	കുടന്തൻപനി	2.11	8	12							
11	പകർച്ച വ്യാധികൾ						36				

അവലംബം [illegible]

പട്ടിക 4.5 കൃത്രിമ [illegible] വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം		(ആകെ എണ്ണം) കൃത്രിമ ബീജസങ്കലനം		[illegible]	
	സങ്കരം	നാടൻ	സങ്കരം	നാടൻ	സങ്കര	നാടൻ
പശു	410	1311	290	120	3[illegible]	
കിടാരി	260	700	130	36	21	
എരുമ	68	—	—	—	—	—

[illegible]

പട്ടിക 4.4 - പ്രതിരോധ കുത്തിവെയ്പ്പ് [illegible]

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	[illegible]
പേവിഷബാധയ്ക്ക് കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം				180		
കടിയേറ്റതിനുശേഷം കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം	2		11	6		

അവലംബം: വെറ്ററിനറി ഡിസ്പെൻസറി.

പട്ടിക 4.6 മത്സ്യബന്ധനം.

കടൽ മത്സ്യം					ഉൾനാടൻ മത്സ്യം		മത്സ്യബന്ധന ഉപകരണങ്ങൾ		
തൊഴിലാളികൾ		അനുബന്ധ തൊഴിലാളികൾ			വിസ്തീർണം	കുളങ്ങളുടെ എണ്ണം	യന്ത്രവൽകൃത ബോട്ടുകൾ	പരമ്പരാഗത വള്ളങ്ങൾ	ചീനവല
മുഴുവൻ തൊഴിൽ	ഭാഗിക തൊഴിൽ	മത്സ്യ വിപണനം	വല നന്നാക്കൽ	മത്സ്യ സംസ്കരണം					
350	—	200	100	50	—	—	20	30	70



വ്യവസായം

ചെമ്മനാട് പഞ്ചായത്ത് പ്രദേശം പ്രധാനമായും കാർഷികമേഖലയാണ്.നാമമാത്രമായ വ്യവസായസ്ഥാപനങ്ങളം മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളു. വൻകിട വ്യവസായങ്ങൾ ഇല്ലെന്ന് തന്നെ പറയാം. പരമ്പരാഗതവ്യവസായത്തിൽ പെടുന്നനെയ്ത്ത് മരപ്പണി കല്ലുകൊത്ത് എന്നിവ നിലവിലുണ്ട്. പരമ്പരാഗത തൊഴിലാളികളായ മരപ്പണിക്കാർ ആമേഖലയിൽ കൂലിവെല് ചെയ്ത ഉപജിവനം നടപ്പിലാക്കുമ്പോൾ നെയ്ത്ത് തൊഴിലാളികൾ ആമേഖലയിലുള്ള കളനാട് മെയ്ത്തുകാരുടെ പരസ്പര സഹായ സഹകരണ ഉല്പന്നങ്ങവിക്രയസംഘം കീഴൂരിനെആശ്രയിച്ച് ജോലി ചെയ്യുന്നു. ആറോളം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ചെമ്മനാട് എസൈൻഷ്യൽ ഓയിൽ (ചന്ദനതൈലം) മില്ല് അസംസ്കൃത വസ്തുക്കളുടെ ഭാവം മൂവം പൂട്ടികിടപ്പാണ് ഈ പഞ്ചായത്തിൽ എട്ടോളം എണ്ണയാട്ടു മി്ല്ലുകൾ പ്രവർത്തിക്കുന്നു.രണ്ട് മരമില്ലുകളും ലഘു എൻജിനിയറിംഗ് സ്ഥപനങ്ങളും നിലവിലുണ്ട്. കൂടാതെ ഡെൽക്കോ എന്ന പേരിൽ ഒരു സിമൻറ് ഫാക്ടറിയും ടാസ്കോ എന്നരേിൽ ഒരു പി.വി.സി പൈപ്പ് നിർമ്മാണ് ഫാക്ടറിയും മോഡേൺ പ്ലാസ്റ്റിക് പ്രെഡക്ട്സ് എന്ന പേരിൽ ഒരു ബാഗ് നിർമ്മാണ ഫാക്ടറിയും കേരളാ ഖാദി ഗ്രാമ വ്യവസായ ബോർഡിൻെറ കീഴിൽ പയ്യന്നൂർ ഖാദി കേന്ദ്രം വക ഒരു നൂൽ നൂൽപ്പ് കേന്ദ്രവും ഉണ്ട്, സജ്ഗുരി മെറ്റൽ പ്രൊഡക്ട്സ് എന്ന പേരിൽ ഫർണാച്ചർ നിർമ്മാണ കേന്ദ്രവും പ്രശാന്ത് ടയർ വർക്സ് ലക്ഷമി ഇൻഡസട്രീസ് എന്ന പേരിൽ ഒരു ലഘു എൻജിനീയറിംഗ് സ്ഥാപനവും ഉണ്ട്. എസ്.എസ്. ഐ രജിസ്ട്രേഷൻ ഉള്ള നിരവധി ചെറുകിട വ്യവസായസ്ഥാപനങ്ങൾ ഉണ്ടെങ്കിലും അവയുടെ ഒന്നും പ്രർത്തനം നാമമാത്രമാണ്. മത്സ്യതൊഴിലാളി മേഖലയിലും പ്രവർത്തനതിക്കുന്നവരുണ്ട്. ഇവരും സഹകരണ സംഘത്തിൻ കീഴിലും മത്സ്യഫെഡിൽ കീഴിലും പ്രവർത്തിക്കുന്നു.ചെങ്കല്ല് എന്നപോലെ ഈ മേഖലയിലും യന്ത്രവൽക്കരണം തൊഴിൽ പ്രശ്നം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. ഇക്കോരിയ രാജവംശത്തിൽ പെട്ട് ശിവപ്പ്യനായിക്കിൻെറ കാലത്ത് തുടങ്ങിയ തുകൽ വ്യവസായം പിടിച്ച് നിൽക്കാൻ പറ്റാത്തത് കാരണം തകർന്നു. മേൽപ്പറമ്പ് ചളയം കോട് ചെമ്മനാട് എന്നിവിടങ്ങളിൽ തുകൽ ഫാക്ടറികൾ ഉണ്ടായിരുന്നു. പെരുമ്പള ഗ്രാമത്തിൽ വ്യാപകമായി ഉണ്ടായിരുന്ന കരിമ്പ് കൃഷിയെ ആശ്രയിച്ച് നിലവിലുരുന്ന വെല്ലം വ്യവസായ നിർമ്മാണവും തകർന്നു .കരിങ്കൽ വ്യവസായം നാമമാത്രമായി ഉണ്ട്, കാസർകോട് ബിഡി വ്യവസായസഹരണ സംഘത്തിൽ കീഴിൽ രണ്ട് ദിനേശ് ബീഡി നിർമ്മാണ യൂനിറ്റു പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലും ധാരാളം സ്ത്രീതൊഴിലാളികൾ ബീഡിരംഗത്ത് പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ നിലവിലുണ്ട്.

ജില്ലാ ആസ്ഥാനത്തോട് ചേർന്ന് കിടക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ വളരെയധികം വ്യവസായ വികസന സാധ്യത ഉള്ള ഒരു പഞ്ചായത്താണ് ചെമ്മനാട്.നല്പതോളം ഏക്കർ സ്ഥലം വ്യവസായ എസ്റ്റേറ്റിന് ആയി നീക്കിവെച്ചിട്ടുണ്ടെങ്കിലും അതെല്ലാം ഉപയോഗിക്കപ്പെടാതെ കിടക്കുന്നു ബേക്കൽ ടൂറിസം പദ്ധതിയിൽ പെടിത്തി കീഴൂർ ചന്ദ്രഗിരിക്കോട്ട നിലനിർത്തുകയും സംരക്ഷിക്കുയം ചെയ്ത്. ടൂറിസം വ്യവസായം ഈ പദ്ധതിയൽ വ്യാപിക്കുവാൻ കഴിയും.

സ്ഥിരോത്സാഹവും ആത്മധൈരവും കൈമുതലായുള്ള ധാരാളംലതൊഴിലാളികൾ ഉണ്ടെങ്കിലും പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതി സാങ്കേതിക വിപണ രംഗത്തെ പരിചയക്കുറവ് എന്നിവ മൂലം തുടങ്ങപ്പെടുന്ന ചെറുകിട വ്യവസായങ്ങൾ അധികം താമസിയാതെ ഇല്ലാതാകുന്നു. ഗൾഫ് മേഖലയിൽ നിന്നും പിൻ തള്ളപ്പെടുന്ന വിദഗദ്ധ തൊഴിലാളികളെ ഉപയോഗിച്ച് ആധുനിക വ്യവസായങ്ങൾ ആരംഭിക്കാൻ പറ്റിയ ഒരു സന്ദർഭമാണിപ്പോൾ.പ്ലാസ്റ്റിക്ക് ഇലക്ട്രാണിക്സ് ഉടുപ്പ് നിർമമാണം എന്നീ മേഖലയിൽ ഏറെ സാധ്യതകൾ ഉണ്ട്, തുകൽ വ്യവസായം ഭക്ഷ്യസംസ്ക്കരണം പഴസംസ്ക്കരണം ന്നിവയും ശ്രദ്ധിക്കപ്പെടേണ്ട മേഖലകളാണ്. വർദ്ധിച്ച തൊഴിൽ സാധ്യത കുറഞ്ഞ വൈദ്യിതി ഉയരന്ന വിപണന സാധ്യത എ!ന്നീ അനുഗുല ഘടകളുള്ള ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ മേഖയ്ക്ക് വിപുലമായ സാധ്യതയുണ്ട്. കേരളത്തിലെഅറയപ്പെടുന്ന കോൺട്രാക്ടർ മാരെയും ഗൾഫ് മേഖലയിൽ ഉള്ള ഈ പ്രദേശത്തെവ്യവസായ സംരഭകരെയും ഉൾപ്പെടുത്തിക്കൊണ്ട് ധാരാളം വ്യവസായ യൂനിറ്റുകൾ തുടങ്ങുവാൻ നീക്കിവെച്ച സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ സ്ഥാപിച്ചാൽ വ്യവസാ. വികസനത്തിൻെറ ഒരു നാഴിക കല്ലാകും.

വ്യവസായമേഖലയ്ൽ സ്ത്രീകളടെ പങ്കാളിത്തം

ബീഡിനിർമ്മാണ് വസ്ത്ര നിർമ്മാണ് പായ നെയ്ത്ത് എന്നിവ ഒഴിച്ച് നിർത്തിയാൽ ബാക്കി യെല്ലാ മേഖലയിലു ംപുരുഷന്മാരുടെ ആധിപത്യമാണുള്ളത് .നാമമത്രമായ പുരുഷൻമാരെ ബീഡിവ്യവസായരംഗത്തുള്ളൂ ഖാദി നൂൽ നൂൽപ്പ് രംഗത്തും സ്ത്രീകൾക്കാണ് പ്രാമുഖ്യം.തയ്യൽ രം

ഗത്ത് സ്ത്രീകൾ പ്രവേശിച്ച് തുടങ്ങിയട്ടുണ്ട്.നെയ്ത്ത് രംഗത്ത് പുരുഷന്മാരാണ് കൂടുതൽ സ്ത്രീകരളുടെ സാന്നധ്യം വ്യവസായ രംഗത്ത് പുരുഷന്മരാണ് കൂടുതൽ . സ്ത്രീകളുടെ സാന്നിധ്യം വ്യവസായരംഗത്ത് താരതമ്യേന കുറവാണെങ്കിലും കാർഷികമേഖലയിൽ ഇവരുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൽ കൂടുതലാണ്. നിർമ്മാണ് പ്രവർത്തനമാണ് പുരുഷന്മാരെ ആക്ർഷിക്കുന്ന പുത്തൻ തൊഴിൽ മേഖല ഈ രംഗത്ത് സ്ത്രീക്കളുടെ പങ്കും തുലോം കുറവല്ല.പഞ്ചായത്തിലെ പരിമിതമായ വ്യവസായ മേഖലയിൽ സഹകരണ വ്യവസായ സംരഭങ്ങൾക്ക് ഉള്ള സ്വാധീനം പരിമിതമാണ്.സ്ത്രീകളുടെ നിയന്ത്രണത്തിൽ ആരംഭിച്ച വ്യവസായസഹകരണ സംഘം സങ്കേതിക വിപണന പരിശീലനം കുറവിൻെറ അഭാവത്താൽ മൃതാവസ്ഥയിലാണ്.

വൻ വ്യവസായ വികസന സാധ്യതക്ക് ഉപകരിക്കുമായിരുന്ന സഹകരണ വ്യവസായ സ്ഥാപനങ്ങൾ ദശാബ്ദങ്ങൾക്ക് മുമ്പ് തന്നെ ഈപ്രദേശത്ത് തുടങ്ങിയിരുന്നു. പെരുമ്പള ഗർഘണ്ട സാരി ഗ്രാമ വ്യവസായ സഹകരണ സംഘം(വയലാം കുഴി) ഇതിനുദാഹരണമാണ്. അതുപോലെ തുകൽ വ്യവസായവും,ഇന്നും നിലവിലുള്ള നെയ്ത്ത് വ്യവസായം ആധുനികവൽക്കരിക്കേണ്ടതുണ്ട് .മനോജ് മെൻറിൻെറ പിടിപ്പുകേട്,സാമ്പത്തിക കെടുകാര്യസ്ത,മേൽ നോട്ട നിർവ്വഹണത്തിനുള്ള അലസത എന്നിവയെല്ലാം ക്രമേണ ഈ സ്ഥാപനങ്ങളുടെ നാശത്തിനുംതകർച്ചക്കും കാരണമായി. പ്രാദേശിക മായി ലഭിക്കുന്ന ചികിരിനാളീകേരം,ഇളനീര കുശുമാങ്ങ,കശുവണ്ടി അടയ്ക്ക എന്നിവയെ അടിസ്ഥആനമാക്കിയുള്ള വ്യവസാങ്ങൾ പ്രായയോഗിക സാധ്യതയുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കണ്.ഇരുമ്പ് പണിയായുധ ങ്ങളുടെ നിർമ്മാണം കോട്പാട് തീർക്കാൻ എന്നിവ തൊഴിൽ സാധ്യതയുള്ള കുടിൽ വ്യവസായമാണ്. കുവലത്തൊഴിലാളികൾ മാത്രമാണ് ഈ രംഗത്ത് ഇന്നുള്ളത്. അതുകൊണ്ട് ശാസത്രീയ പരിശീലനം ലഭിച്ചവർ കുറവാണ്. പാരമ്പര്യ വൈദ്യന്മാർ ഈ പ്രദേശത്ത് അറയപ്പെടുന്ന വരായി ഉണ്ടായിരുന്നു. ഇവരെ കേന്ദ്രീരിച്ച് മരുന്ന നിർമ്മാണ യൂനിറ്റുകളും ഉണ്ടായിരുന്നു.ഇതിന് ഇന്ന് പരിമിതമായ ഉൽപ്പാദന വിപണന സൗകര്യം മാത്രമേയുള്ളൂ. കള്ളുചെത്തും ചക്കര നിർമ്മാണവും നിലവിലില്ല.ഏറെ സാധ്യതയുള്ള രൊ മേഖലയാണിത്.യന്ത്രവൽക്കരണ് പരമ്പരാഗത കല്ലു കൊത്ത് രീതിയെ തർത്തുകൊണ്ടിരിക്കുന്നു.ബേക്കറി വസ്തുകളുടെ ഉല്പ്പാദനം വിപണനം എന്നിവ നടത്തുന്ന ഒറ്റപ്പെട്ട യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സംസംഖടിതമായ വ്യവസായങ്ങൾ ഈ മേഖവയിൽ ഇല്ല. പ്രിൻറിംഗ് ഓട്ടോ മോബൈൽ .-റിപ്പേയറിംഗ് യൂനിറ്റും ഫർണീച്ചർ നിമ്മാണവും വെൽഡിംഗക് യൂനിറ്റുകൾ റെഡിമേഡ് വസ്ത്ര നിർമ്മാണം എന്നിവയുടെ യൂനിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സംരംഭകരെ പങ്കെടുപ്പിച്ചുകൊമ്ട് നിരവധി യൂനിറ്റുകൾ തുടങ്ങാൻ കഴിയും. ഇഷ്ടിക, സിൻറ് കട്ടി മൊസൈക്ക് ടൈൽസ് ,എന്നിവയും വിപണനസാധ്യതയൊുട നിർമ്മാണം, പാൽ ഉൽപ്പനങ്ങളുടെ സംസ്ക്കിരണ് എന്ിവയും പരീക്ഷക്കപ്പെടേണ്ടതാണ്. ഇറച്ചിക്കോഴി,മുട്ടിക്കോഴി എന്നിവ വളർത്തൽ നല്ല വിപനസാധ്യതയുള്ള മേഖലയാണ്. പായനെയാത്ത് മരപ്പണി, ഇരുമ്പ് പണി എന്നിവ കൂലിത്തൊഴിലായി സ്വീകരിച്ചവർ ഈ പ്രദേശത്തുണ്ട്. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയം വിപണനത്തിൻെറ പുതിയ സാധ്യതകളും കണ്ടെത്തുകയും ചെയ്താൽ ഈ മേഖലയിൽ കുറേ പേർക്ക് ഉപജിവന മാർഗ്ഗം കണ്ടെത്താൻ കഴിയും.

ചെമ്മനാട് പഞ്ചായത്തിനകത്ത് ലഭ്യമായ അസംസ്കൃത സാധനങ്ങളും സാങ്കേതിക വൈദഗ്ധ്യം ലഭിച്ച തൊഴിലാളികളേയും ഉപയോഗിച്ച് ഉന്നത നിലവാരത്തിലുള്ള സാങ്കേതിക വിദ്യകളോ ഭാരിച്ച് സാമ്പത്തിക ബാധ്യതകളോ ഇല്ലാത്ത് ചിരട്ടക്കരി ,ചരിട്ടപ്പൊടി തേങ്ങാ പ്പൊടി എന്നിവ നിർമ്മിക്കുന്ന യൂനിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

ചക്ക,മാങ്ങ, കശുമാങ്ങ എന്നിവ ഇവിടെ സുലഭമാണ്. ഇവി ലഭിക്കുന്ന സീസണുകളിൽ ശേഖരിച്ച് സംസ്കരണം നടത്തി വിപണനം നടത്താവുന്നതാണ്. ഇതിന് വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങളും പരിശീലനവും സി.എഫ്.ടി ആർ ഐ മൈസൂർ എന്നീ സാഥാപനത്തിൽ നിന്ന് ലഭ്യമാണ്. എഫ് പി.ഒ ലൈസൻസുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. വ്യാപകമായ പ്രചരണം നടത്തി വൃത്തിയം ഭംഗിയും ഉള്ള പാക്കറ്റുകളിൽ ാക്കി വിപണനം ചെയ്യാവുന്നതാണ്.പഴം പച്ചക്കറി എന്നിവ കൊണ്ടുള്ള കൊണ്ടാട്ടം അച്ചാർ ,ജാം എന്നീ ഉൽപ്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വിപണനസാധ്യതയുമ്ട്. ഇതും പരീക്ഷിക്കാവുന്ന താണ്. ഉപയോഗശൂന്യമായ പത്രക്കടലാസ്,പ ഴയ തുണി വൈക്കോൽ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന കൈക്കടലാസിനം ഗ്രാമങ്ങളിലും വിപണന സാധ്യത ഉണ്ട്. ക്ഷണക്കത്തുകൾക്കും മറ്റും വ്യാപകമായി കൈക്കടലാസ് ഉപയോഗിച്ച് വരുന്നുണ്ട്. ഈ പ്രദേശത്ത് സുലഭമായിട്ടുള്ള കവുങ്ങിൻ പാള ഉപയോഗിച്ച് ഒരിക്കൽ മാത്രം ഉപയോഗിക്കുന്ന പ്ലേറ്റുകൾ ഉണ്ടാക്കുകയാണെങ്കിൽ തവൻകിട ഹോട്ടലുകളിൽ പോലും ഇവ യഥേഷ്ടം ചെലവാകുന്നതാണ്.

ദശാ ബ്ദങ്ങൾക്ക് മുമ്പ്നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ആറോൽ കമ്പനിയുടെ ചേടി വിവ്യസായം പൂർണമായും നശിച്ചിരിക്കയാണ്. പഞ്ചായത്തിൽ സുലഭമായി ലഭിക്കുനന്േ ചേടി അസംസ്കൃത പദാർത്ഥമായ ഉപയോഗിച്ച് ഒരു കളിമൺ ഫാക്ടറി (ചൈനക്ലേ) തുടങ്ങാവുന്നതാണ്. മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട ഐസ് പ്ലാൻറ് മത്സ്യവള നിർമ്മാണ വിപണന യൂനിറ്റ് പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങിയതാൽ അത് പഞ്ചായത്തിന് ഒരു മുതൽ കൂട്ടായിരിക്കും.

കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൻെറ മാത്രം കുത്തകയായ ഉരു നിർമ്മാണ വ്യവസായം നിലനിർത്തുകയും സഹകരണാടിസ്ഥആനത്തിൽ പുനസംഘടിപ്പിക്കകുയം ചെയ്യാവുന്നതാണ്. വിശാലമായ കടപ്പുറമുളള ചെമ്മനാട് പഞ്ചായത്തിൽ കീഴൂരിൽ ഒരു ഉപ്പുനിർമ്മാണ കേന്ദ്രം തുടങ്ങാവുന്നതാണ്.

മൾബറി പൂകൃഷി കൂൺ വളർത്തൽ എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്ത പരീക്ഷിക്കാ

വരുന്നതാണ്.

മേൽ വിവരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനമാക്രമം നിശ്ചയിച്ച് സമഗ്രമായ ഒരു ആസൂത്രണ പദ്ധതി തയ്യാറാക്കിയാൽ അടുത്ത ഏതാനും വർഷത്തിനുള്ള ചെറുകിട വ്യവസായരംഗത്ത് കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും. വൻകിട വ്യവസായങ്ങൾക്ക് തുടക്കമിടാനും സാമൂഹ്യ സാസംക്കാരിക പുരോഗതിക്ക് നിദാനവും പിതിയൊരു വികന സാക്ഷരത ഉയർന്നു വരുവാൻ ഇടയാക്കുകയും ചെയ്യു. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ നിന്ന് തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഇന്നത്തെ രീതി ഒരളവുവരെ ഒഴിവാക്കാനും തൊഴിലില്ലായമ പരിഹരിക്കുന്നതിനും ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനും മൊത്തത്തിൽ പഞ്ചായത്തിൻെറ സിഥിതി മെച്ചപ്പെടുത്തുവാനും കഴിയും.

ഗ്രാമ സഭകളിൽ നിന്നും വരുന്നന ിർദ്ദേശങ്ങൾ

1 തേങ്ങാ ,തേങ്ങവെള്ളം ഇളനീർ ചിരിട്ട, ചകിരി എന്നിവ ഉപയോഗിച്ച് നിരമ്മിക്കാവുന്ന ഉല്പ്പനങ്ങളുടെ ഫാക്ടറി

2 സ്ത്രീകൾക്ക്ജോലി ലഭിക്കത്തക്കവണ്ണം കുടിൽ വ്യവസായം ആരംഭിക്കുക.

3 ഐ.സ് പ്ലാൻറ് മത്സ്യസംസ്ക്കരണം യൂനിറ്റ് മത്സ്യവള നിർമ്മാണയൂനിറ്റ് എന്നിവ കീഴൂർ കടപ്പുറത്ത് നിർമ്മിക്കുക.

4 തയ്യൽ ജോലി അറിയാവുന്ന വനിതകളുളെ ഉപയോഗിച്ചുകൊണ്ട് റെഡിമെയ്ൽ വസ്ത്ര നിർമ്മാണ് കേന്ദ്രകം ആരംഭിക്കുക.

5 കയർ ,ഖാദി, പപ്പടം,മെഴുകുതിരി എന്നീകുടിൽ വ്യവസായം ആരംഭിക്കാൻ ആവശ്യമായി നടപടി സ്വീകരിക്കുക.

6 കുടിൽ വ്യവസായമായ കോഴിവളർത്തൽ ആംരഭിക്കുക.

7 ചെമ്പരിക്കയിൽ ഒരു എണ്ണ യാട്ടുമില്ല്സാഥാപിക്കുക.

8 പായനെയ്ത്ത് ഫർണിച്ചർ നിരമ്മാണം എന്നിവ കുടിൽ വ്യവസായമായി ആരംഭിക്കുക.

9 പഞ്ചായത്തിൽ ചെമ്മീൻ വളർത്തുകേന്ദ്രങ്ങൾ ആരംംഭിക്കുക.

10 ഫ്ളൈവുഡ് ഫാകടറി ,ഓയിൽ മില്ല്,സ്റ്റീൽ ഫർണാച്ചർ ചെരുപ്പ് നിരമ്മാണക്കമ്പനി സിമൻറ് ചട്ടിനിരമ്മാണയൂനിറ്റ് എന്നിവ തുടങ്ങുക.

11 ഹോളോബ്രിക്സ ഇഷ്ടിക എന്നിവ നിരമ്മിക്കുന്ന ഫാകടറി തുടങ്ങുക.

12 സിമൻറ് പൈപ്പ് നിർമ്മാണ ഫാക്ടറി നിർമ്മിക്കുക.

13 രണ്ടാം വാർഡിൽ വ്യവസായസ്ഥാനപനങ്ങൾക്ക് നീക്കിവെച്ച് സ്ഥലത്ത് വ്യവസായയൂനിറ്റുകൾ ആരംഭിക്കുക.

14 വൈദ്യാതിക്ഷാമം പരിഹരിക്കുക.

15 ബീഡിവ്യലസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുക.

16 വ്യവസായസംരഭകർക്ക ആവശ്യമായ ധനസഹായം ധനകാര്യസ്ഥപനങ്ങൾ വഴി എത്തിച്ചുകൊടുക്കു.

17 കവുങ്ങിൻ പാളയിൽ നിന്നും പ്ലേറ്റ്, അലങ്കാരവസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുക.

18 ടാർ പെയിൻറ് ഓയിൽ ജപ്പൻ ബ്ലാക്ക് എന്നിവ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റുകൾ ആരംഭിക്കുക.

19 മൾബറി, പൂകൃഷി കൂൺകൃഷി പഴം പച്ചക്കറി എന്നിവ വ്യാപകമായി തുടങ്ങുക.

20 തിപ്പെട്ടി വ്യവസായം ആരംഭിക്കുക.

21 ഗ്ലൂക്കോസ് സ്റ്റാർച്ച നിരമ്മാണ് കമ്പനി സ്ഥാപിക്കുക.

22 പാൽ മുട്ട ഇറച്ചിഎന്നിവയുടെ സംസ്ക്കരണ യൂനിറ്റുകൾ സ്ഥാപിക്കുക.

23 റെഡിമെയ്ഡ് വസ്ത്രി നിർമ്മാണ് വ്യവസായത്തെ സഹായിക്കാൻ ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനത് പുതിയ ഡിസൈനും നവീന രീതിയിലുള്ള സംവിധാനങ്ങൾ മാർക്കറ്റിംഗ് എന്നിവ പഠിപ്പിക്കാൻ ഒരു മാതൃകാ സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കുക.

24 പഞ്ചായത്ത് വ്യവസായവികസന സമിതി രൂപീകരിച്ച് വ്യവസായ സംരംഭകർക്ക ആവശ്യമായ നിർദ്ദേശങ്ങളും പരിശീലവും നൽകുക.

25 മിനറൽ വാട്ടർ ബോട്ടിലിൽ നിറച്ച് വിതരണം ചെയ്യുന്നയൂനിറ്റുകൾ തുടങ്ങുക.

26 ബീഡി വ്യവസായതൊഴിലാളികൾക്ക ആവശ്യമായ വേതന സേവന വ്യവസ്ഥകൾ ലഭ്യമാക്കുക.

27 ഗൾഫിൽ നിന്നും പൊതുമാപ്പിൽ തതിരിച്ചുവന്ന ആൾക്കാർക്ക് വ്യവസാസംരഭം ആരംഭിക്കുന്നതിനും ആവസ്യമായ സാമ്പത്തിക സഹായങ്ങളും ,സൗകര്യങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ നൽകുക.

വിദ്യാഭ്യാസം

അറിവുകൾ സമ്പാദിക്കുകയും കഴിവുകൾ വളർത്തിയെടുക്കുകയും ചെയ്യുന്ന പ്രക്രിയയ്ക്കാണ് വിദ്യാഭ്യാസം എന്നുപറയുന്നത്. ഇത് ഔപചാരികമോ അനൗപചരികമോ ആവാം. വിദ്യാലയങ്ങളിലെ പ്രബോധനങ്ങൾ വഴിയുള്ളത് ഔപചാരികം. ദൈനം ദിന അനുഭവങ്ങളിലൂടെയോ പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരിണങ്ങൾ, റോഡിയോ ,ടെലിവിഷൻ ,ചലചിത്രം എന്നിങ്ങനെയുള്ള വാർത്താ മാധ്യമങ്ങൾ വഴിയോ ഉള്ളത് അനൗപചാരികം.

സവർണ്ണർക്കും ംഅവർണ്ണർക്കും വേവ്വെറെയായിരുന്നു ഈദ്യകാലത്ത് വിദ്യാഭ്യാസം.ഒരു നാട്ടിലെ എല്ലാവർക്കും ഒരു ഗുരുവിൻെറ കീഴിൽ എഴുത്തിനിരുത്തുകയും, എഴുത്ത് കൂട് എന്നറിയപ്പെടുന്ന ഈ ഗുരുകുല വിദ്യാഭ്യാസത്തിൽ നാലരയണ ഫീസ് ഈടാക്കിയ തായു ംഅറിയാൻ കഴിഞ്ഞുഅമരം,കാവ്യം രൂപം മുതലായവയായിരുന്ന പാന നിലവാരങ്ങൾ .ആദ്യം കൈവിരൽ കൊണ്ട് പൂഴി യിലെഴുതുകയും പിന്നീട് നാരായം കൊണ്ട് ഓലയിലെഴുത്തുമാണ് നിലവിലുണ്ടായിരുന്നത്.

1890 നോടടുപ്പിച്ച് പാണൂർ മൂലയിൽ കൃസ്ത്യൻ മിഷനറി മാർ സ്കൂൾ സ്ഥാപിച്ചു. 1925 ൽ-മേൽ പറമ്പിൽ കർണാടകസ്കൂൾ സ്ഥാപിച്ചു. പൊയിനാച്ചി പറമ്പിലും പരവനടുക്കത്തും ഇതേ കാലത്ത് ഏകാധ്യാപക സ്കൂൾ സ്ഥാപിതമായി. പിന്നീട് ക്കോളിയടുക്കത്ത് ഇപ്പോഴെത്തെ സ്കൂളിനടുത്ത് വാടകകെട്ടിടത്തിൽ സ്കുൾ ആരംഭിക്കുകയും അത് പിന്നീട് ബേന്നൂരിലേക്ക് മാറുകയും കാലക്രമേണ അത് പെരുമ്പള -ചിറവാതുക്കൽ എൽ.പി സ്കൂളായി മാറുകയും ചെയ്തു. 1941 ൽ സ്ഥാപിച്ച കേരളത്തിലെ പ്രമുഖ ഇസ്ലാം മത പഠന കേന്ദ്രമായ ദേളിയിലെ ജാമിയ സ:ആദിയ അറിബിയയും ജൂബിലി ആഘോഷിച്ച് ഒരുവൻ സ്ഥാപനമാണ്.ഇന്ന് പഞ്ചായത്തിൽ ആകെ ഗവൺമെൻറ് എയ്ഡഡ് മേഖലകളിലായി 19 സ്കൂളകളാണുള്ളത്. മിക്കവാറും സ്കുളുകൾ സ്ഥാപിച്ചത് സ്വാതന്ത്യ ാനന്തരമാണ് . പഞ്ചായത്തിൽ കോളേജുകൾ ഉൾപ്പെടെ പതിനെന്നോളം അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്.

(പട്ടിക 6 പട്ടിക 11) കാണുക

ഇന്ന് പഞ്ചായത്തിൽ 19990 ൽ പരം കുട്ടികളാണ് വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്നത് അതിൽ ഏകദേശം 10470 ആൺകുട്ടികളും 9520 പെൺകുട്ടികളുമാണ്. പ്രൈമറി തലത്തിലുള്ള ഉണർവ്വ് സെക്കൻററി തലത്തിലെത്തുമ്പോഴേക്കും കുറുഞ്ഞുവരുന്നതായാണ് കണ്ടുവരുന്നത്. ദാരിദ്ര്യമാണ് ഇതിന് ആധാരമായ കാരണം. ഗവ. എൽ.പി സ്കൂൾ കളനാട് ഓൾഡ്, ഗവ. എൽ.പി സ്കൂൾ ചെമ്മനാട് ഈസ്റ്റ് എന്നീ സ്കൂളികളിൽ പെൺകുട്ടികളാണ് ആൺകുട്ടികളേക്കാൾ കൂടുതൽ .മാതൃഭാഷാ പഠനത്തോടൊപ്പം അറബിക്,സംസ്കൃതം ഉറുദു ,കന്നട എന്നീ ഭാഷകൾ പഠിക്കുന്ന കുട്ടികൾ പഞ്ചായത്തിൽ ഉണ്ട് .

(പട്ടിക 5 പട്ടിക 7) കാണുക

കേരളത്തിലെ എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിച്ചെന്ന് അവകാശപ്പെടുന്നുവെങ്കിലും ഈ പഞ്ചായത്തിലെ സ്കൂളുകളിലേക്ക് എത്തുന്ന മിക്ക കുട്ടികളും മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കേണ്ടി വരുന്നവരാണ്. ധനവാന്മാർ കൂടുതൽ ധനവാനും ദരിദ്രർ കൂടുതൽ ദ്രരിദ്രനും ആകുന്ന സ്ഥിതി വിശേഷം ഈ പഞ്ചായത്തിലും ഉള്ളതിനാൽ ഉന്നത വിദ്യാഭ്യാസത്തിനും വേണ്ടി ധനവാന്മാർ ഏറ്റവും അടുത്തുള്ള കർണാടക സംസ്ഥാനത്തെ ആശ്രയിക്കുന്ന പതിവാണുള്ളത്.

1961 ൽ ആണ് ആദ്യമായി ചെമ്മനാട് പഞ്ചായത്തിൽ ഹൈസ്കൂൾ സ്ഥാപിതമായത്. ഗവ . ഹൈസ്കൂൾ ചെമ്മനാടാണിത്.ഇന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് മിക്ക കുട്ടികളുടേയും ആശ്രയം. ഗവ , ഹൈസ്കൂൾ ചന്ദ്രഗിരി, ഗവ. ഹൈസ്കൂൾ ചെമ്മനാട് ,എയിഡഡ് സ്ഥാപനങ്ങളായ ചെമ്മനാട് ജമാ അത്ത് ഹൈസ്കുൾ,ചട്ടഞ്ചായൽ ഹയർ സെക്കൻററി സ്കൂൾ എന്നിവയാണ്.ഇതിൽ ഗവ ഹൈസ്കൂൾ ചന്ദ്രഗിരിയിൽ വളരെക്കാലമായി ഷിഫ്റ്റ് സമ്പ്രദായം തുടരുകയാണ്.ഗവ. ഹൈസ്കൂൾ ചെമ്മനാടിൽ കുറേ കാലം ഷിഫ്റ്റ് സമ്പ്രദായം നിലനിന്നതാണ്.ഈ പഞ്ചായത്തിൽ പ്ലസ്ടുഉള്ളഏക സ്കൂൾ ചട്ടഞ്ചാൽ ഹയർ സെക്കൻററി മാത്രമാണ്.അടുത്തുള്ള കോളേജ് കാസറഗോഡ് ഗവ.കോളേജാണ്. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനമെന്ന് അവകാശപ്പെടാൻ ഒന്നുമില്ല, ഈ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെതന്നെ മൂല്യശോഷണത്തിനുകാരണം വിദ്യാലയത്തിലെ പരിമിതകളും അദ്ധ്യാപക-രക്ഷാകത്തൃസമിതിയുടെ കാര്യക്ഷമതിയില്ലായ്മയും ആണ്. രക്ഷിതാക്കൽ ഗൾഫിലായവരുടെ കാര്യത്തിൽ സ്വന്തം കുട്ടികളെ ശ്രദ്ധിക്കാൻ കഴിയാത്തത് മൂലം കുട്ടികളെ പഠന നിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ വരുന്നു

(പട്ടിക 2) കാണുക

സ്കൂളിലെ അക്കാദമിക് സൗകര്യങ്ങളുടെ പട്ടികയിൽ കാണുന്നത് പോലെ ആവശ്യമായ ലൈബ്രറി ലാബോറട്ടറി സൗകര്യങ്ങൾ ഇല്ലായ്മ യഥാർത്ഥത്തിൽ കുട്ടികളുടെ ന്യായമായ അവകാശങ്ങളുടെ നിഷേധമാണ്.

(പട്ടിക 1) കാണുക

വിദ്യാലയങ്ങളിലെ ഭൗതീക സൗകര്യങ്ങളുടെ പോരായ്മ നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും വലിയ പ്രശ്നമാണ്. ഗവ. എയ്ഡഡ് മേഖലയിൽ വേണ്ടത്ര കെട്ടിടസൗകര്യങ്ങളില്ല. പഞ്ചായത്തിലെസ്കൂളിലെ അക്കാദമിക്ക് സൗകര്യങ്ങളടെ വിവരങ്ങൾ പട്ടികയിൽ കാണാം.

പട്ടിക 3 പട്ടിക 4 കാണുക.

പട്ടകയിൽ ഭൗതീക സാഹചര്യങ്ങളുടെ വിശകലനം കാണാം. മൂത്രപ്പുര,കക്കൂസ് ,കുടിവെള്ളം, . വൈദ്യുതി മതിയായ ക്ലാസ് മുറികളുടെ ഇല്ലായ്മ, അധ്യാപകരുടെ കുറവ് മുതലായവ പഞ്ചായത്തിലെ സ്കൂളുകളിലെ മുഖമുദ്രയായി മാറിയിട്ടുണ്ട്. ഗ്രാമസഭകളിൽ പ്രശ്നങ്ങൾ ഉയർന്നതോടൊപ്പം തന്നെ ശ്രദ്ധേയമായ ധാരാളം നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഭാവി കാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഈ നിർദ്ദേശങ്ങൾ ഏറെ സഹായകമായി തീരും.

(പട്ടിക 9 പട്ടിക 10) എന്നിവ കാണുക

നിർദ്ദേശങ്ങൾ

1 ആറ് വയസ്സിന് താഴെയുള്ള കുട്ടികൾ കണ്ടും കേട്ടും കളിച്ചും രസകരമായ മാർഗ്ഗങ്ങളിലൂടെയാണ് അനൗപചാരികവിദ്യാഭ്യാസം ആരംഭിക്കേണ്ടത്. അതിനായി എല്ലാ സ്കൂളുകളിലും ഓരോ പ്രീ പ്രൈമറി സ്കൂളികൾ അനുവദിക്കുക.ഇപ്പോഴത്തെ അങ്കണവാടികളെ പ്രീ പ്രൈമറി വിദ്യാലയങ്ങളായി മാറ്റുകയും.അങ്കൺ വാടി ടീച്ചർ മാരെ പ്രീ പ്രൈമറി വിദ്യാലയത്തിൽ നിയമിക്കുകയും ചെയ്യുക.

2 പാഠ്യപദ്ധതിയിൽ സ്കൂൾ ലൈബ്രറികൾക്ക് അതിപ്രധാനമായ സ്ഥാനമാണ്നൽകേണ്ടത്.വായനയിലൂടെ അറിവ് നേടുന്നതിനുള്ള പ്രചോദനം വിദ്യാർത്ഥികളിൽ ഉളവാക്കണം. അതിനായി ലൈബ്രറികളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

3 വിദ്യാർത്ഥികളുടെ ഉന്നമനത്തിന്വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കാതെ ഹെഡ്മാസ്റ്റർ വെറും നോക്കുകുത്തിയാകുന്ന ഇന്നത്തെ സ്ഥിതി വിശേഷം മാറി സ്കൂളിൻെറ പരമാധികാരം ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാക്കാനുള്ളനിയമ സംഹിതകൾ ഉണ്ടാക്കുക.

4 പ്രവർത്തി ദിവസങ്ങളിൽ അധ്യാപകരെ മററു ദോലികൾക്ക് നിയോഗിക്കുന്ന ഏർപ്പാട് നിർത്തുക.

5 നവ സാക്ഷരരുടെ അഭിപ്രായ പ്രേരണകളും താൽപര്യങ്ങളും നിലനിർത്തിക്കൊണ്ട് ഓരോ വാർഡിലും ഗ്രാമീണ വയാനശാലതുറക്കുക.

6 പാഠ പുസ്തകങ്ങൾ അധ്യയന വർഷം ആരംഭത്തിൽ തന്നെ ലഭിക്കാനുള്ള സാഹചര്യമൊരുക്കുയം അദ്ധ്യാപക നിയനങ്ങളും, സ്ഥലമാറ്റങ്ങളും ,അധ്യായന വർഷാരംഭത്തിൽ തന്നെ നടത്തുക, ഡി.പി.ഇ.പി , എം.എൽ.എൽ തുടങ്ങിയ പ്രൈമറിവിദ്യാഭ്യസം ഏകീകരിക്കുക. ഹൈസ്കൂളിൽ നിന്ന് പ്രൈമറി വേർതിരിക്കുക.

7 സ്കൂഠം പി.ടി.എ മദർ പി.ടി എ എന്നിവ മാസത്തിൽ ഒരിക്കലെങ്കിലും വിളിച്ചുചേർത്ത് അക്കാദമിക കാര്യങ്ങൾ ചർച്ച ചെയ്യുകയും രക്ഷിതാക്കളിൽ ബോധവൽക്കരണ ശ്രമങ്ങൾ നടത്തുകയും ചെയ്യുക.

8 എല്ലാ പ്രൈമറി കുട്ടികൾക്കു ഉച്ചക്കഞ്ഞി വിതരണം ചെയ്യുക.

9 നിലവിലുളള ഹൈസ്കൂളുകളിൽ പ്ലസ്ടു .വി .എച്ച്.സി സമ്പ്രദായം തുടങ്ങുക.

10 താഴെ പറയുന്ന സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടവയാണ്.

1. കോളിയടുക്കം യു.പി സ്കൂൾ ഹൈസ്കുളാക്കുക.

2. തെക്കിൽപറമ്പ് യു.പി സ്കൂൾ ഹൈസ്കുളാക്കുക.

3. പെരുമ്പള എൽ.പി സ്കൂൾ യു.പി സ്കുളായ ഉയർത്തുക

4ദോളി എ.എം.എൽ.പി സ്കൂളായി ഉയർത്തുക .

5ചെമ്പരിക്ക യു.പി സ്കൂൾ അപഗ്രേഡ് ചെയ്യുക.

6 തെക്കിൽ ഈസ്റ്റ് ഗവ എൽ.പി സ്കൂൾ യു.പി സ്കുളായി ഉയർത്തുക.

7 കളനാട് ന്യൂ എൽ.പി സ്കൂളിനെ യു.പി യായി ഉയർത്തുക.

8 കീഴൂർ യു.പി.എസ് ഹൈസ്കൂളാക്കു.

11 ചന്ദ്രഗിരി എൽ.പി സ്കൂളിന് സ്വന്തമായ കെട്ടിടം നിർമ്മിക്കുക.

12 ചന്ദ്രഗിരി സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

13 ദരിദ്രരായ കുട്ടികൾക്ക് സൗജന്യമായ യൂണിഫോറവും പഠനോപകരണങ്ങളും നൽകുക, പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

14 പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളുടേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുക.

15 അക്കാദമിക് സൗകര്യങ്ങളുടെ പട്ടികയിൽ കാണന്നുപോലെ അക്കാദമിക് സൗകര്യങ്ങവില്ലാത്ത എല്ലാ സ്കൂളികളിലും സൗകര്യമേർപ്പെടുത്തുക.

16 ഭൗതീക സാഹചര്യങ്ങളുടെ പട്ടികയിൽ കാണുന്നതുപോലെ ഭൗതീക സാഹചര്യങ്ങളില്ലാത്ത എല്ലാ സ്കൂളികളിലും ഭൗതീക സാഹചര്യമേർപ്പെടുത്തുക.

17 കൊമ്പനടുക്കത്ത് പുതുതായി എൽ.പി സ്കൂൾ അനുവദിക്കുക.

18 തൈരയിൽ പുതുതായി എൽ.പി സ്കുൾ അനുവദിക്കുക.

പട്ടിക 1

സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ വിവരം

ക്രമ നമ്പർ	സ്കൂളുകൾ	ആകെ കുട്ടികൾ	അദ്ധ്യാപകരുടെ എണ്ണം	[illegible]	ക്ലാസ് മുറികൾ		[illegible]	മൂത്രപ്പുര	കക്കൂസ്	കുടി വെള്ളം	വൈദ്യുതി
					ആവശ്യം	ഉള്ളത്					
1	[illegible]	1844	60	4.00	52	27	42	ഇല്ല	ഉണ്ട്	[illegible]	ഉണ്ട്
2	[illegible]	1067	35	4.00	25	20	24	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
3	[illegible]	536	22	3.00	21	19	15	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4	[illegible]	1321	63	3.00	42	42	30	ഉണ്ട്	ഉണ്ട്	[illegible]	ഉണ്ട്
5	[illegible]	801	27	4.80	27	23	23	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്
6	[illegible]	531	18	0.30	15	7	14	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
7	[illegible]	320	11	1.50	9	8	8	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
8	[illegible]	559	20	0.37	18	14	16	ഇല്ല	ഇല്ല	കിണർ	ഉണ്ട്
9	[illegible]	418	14	4.11	14	9	14	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല
10	[illegible]	553	18	3.00	14	12	14	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല
11	[illegible]	308	13	1.34	10	11	11	ഇല്ല	ഇല്ല	കുഴൽ കിണർ	ഇല്ല
12	[illegible]	101	3	0.16	4	3	4	ഉണ്ട്	ഇല്ല	കിണർ	ഇല്ല
13	[illegible]	125	5	0.30	5	4	5	ഉണ്ട്	ഇല്ല	കിണർ	ഇല്ല
14	[illegible]	211	10	–	8	വാടക	7	ഇല്ല	ഇല്ല	കിണർ	ഇല്ല
15	[illegible]	129	5	1.52	4	3	4	ഇല്ല	ഇല്ല	കിണർ	ഇല്ല
16	[illegible]	85	4	0.90	4	3	4	ഉണ്ട്	ഉണ്ട്	കുഴൽ കിണർ	ഇല്ല
17	[illegible]	208	7	1.00	9	9	7	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
18	[illegible]	47	15	0.08	14	–	13	ഉണ്ട്	ഇല്ല	കിണർ [illegible]	ഇല്ല
19	[illegible]	314	9	2.00	15	15	9	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	[illegible] -			18.8%							
	[illegible] - 189										

പട്ടിക 2

[illegible]

[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	7.24	16.66	10[illegible]	9.01	7.8
[illegible]	25	25	24	[illegible]	27
[illegible]	52	41	56	48	59
[illegible]	51	51	51	49	[illegible]

പട്ടിക 3

[illegible]കളിലെ സ്ഥിതിവിവരപ്പട്ടിക.

	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	11	18	7	13	4	10	9
[illegible]	8	8	1	12	6	15	—	10

പട്ടിക 5

[illegible]

ക്രമ നമ്പർ	[illegible]	[illegible]	[illegible]			[illegible]	
			[illegible]	[illegible]	[illegible]	[illegible]	[illegible]
1.	[illegible]	[illegible]	53	48	101	3	5
2	" " " [illegible]	"	95	116	211	10	10
3	" " " [illegible]	"	214	203	417	15	15
4	" " " [illegible]	"	62	63	125	5	6
5	[illegible]	[illegible]	130	78	208	8	8
6	[illegible]	[illegible]	154	160	314	9	9
7	" " " " [illegible]	"	74	55	129	5	5
8	" " [illegible]	"	44	41	85	4	5
9	[illegible]	"	465	426	891	27	27
10	" " " " [illegible]	"	157	163	320	11	11
11	" " " [illegible]	"	310	295	605	21	21
12	" " [illegible]	"	207	211	418	14	16
13	" " [illegible]	"	270	283	553	18	18
14	" " [illegible]	"	197	198	398	13	14
15	[illegible]	"	266	265	531	18	18
16	[illegible]	"	1013	831	1844	60	62
17	" " " [illegible]	"	592	475	1067	35	35
18	[illegible]	[illegible]	355	181	536	22	22
19	[illegible]	[illegible]	675	508	1183	63	63
			[illegible]	[illegible]	9[illegible]	[illegible]	[illegible]

പട്ടിക 4

[illegible]

	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	17	10	12	9	2	3	4
[illegible]	6	9	7	10	17	16	15

പട്ടിക 6

[illegible]

വർഷം	ശതമാനം
1994 - 95	10
1995 - 96	12
1996 - 97	15

പട്ടിക. 7

പട്ടിക ജാതി. പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിവരം.

ക്രമ നമ്പർ	സ്കൂളിന്റെ പേര്.	ആൺ	പെൺ	ആകെ.
1	ജി. എൽ. പി. എസ് ചാത്തമംഗലം	1	—	1
2	" " " കൂളിമാട്	—	—	—
3	" " " ചൂലൂർ	4	2	6
4	" " " കൂളിമാട് ഈസ്റ്റ്	2	—	2
5	എം. എൽ. പി. എസ് ചേളി.	5	5	10
6	ജി. എൽ. പി. എസ് വെള്ളനൂർ	21	12	33
7	" " " പാലക്കാട്	6	3	9
8	" " " മലയിൽ ഈസ്റ്റ്	2	1	3
9	ജി. യു. പി. എസ് ചാത്തമംഗലം	48	33	81
10	" " ചെറുവാടി	—	1	1
11	" " മാവൂർ വെസ്റ്റ്	—	—	—
12	" " മലയിൽ വെസ്റ്റ്	3	8	11
13	" " കോട്ടക്കുന്ന്	—	1	1
14	" " നായർകുഴി	0	2	2
15	ജി. ബേസിക് യു. പി. എസ് കിഴക്ക്.	—	—	—
16	ജി. എച്ച്. എസ് ചൂലൂർ	7	15	22
17	" " " മാവൂർ.	37	32	69
18	ഇസ്ലാമിക് എച്ച്. എസ്. മാവൂർ	—	—	—
19	ആർ. ഇ. സി. ഹൈസ്കൂൾ	95	42	137.
	ആകെ.	231	157	388.

പട്ടിക 8

ഉച്ചഭക്ഷണത്തിന് കിട്ടുന്ന കുട്ടികൾ

ക്രമ നമ്പർ	സ്കൂളുകൾ	ആകെ കുട്ടികൾ	ഉച്ചഭക്ഷണം കിട്ടുന്ന കുട്ടികൾ
1	ജി. എൽ. പി. എസ് ചാത്തമംഗലം	101	87
2	" " " കൂളിമാട്	211	136
3	" " " ചൂലൂർ	417	374
4	" " " കൂളിമാട് ഈസ്റ്റ്	125	106
5	എം. എൽ. പി. എസ്. ചേളി.	208	187
6	ജി. എൽ. പി. എസ് വെള്ളനൂർ	314	282
7	" " " പാലക്കാട്	129	104
8	" " " മലയിൽ ഈസ്റ്റ്	85	69
9	ജി. യു. പി. എസ് ചാത്തമംഗലം	891	810
10	" " " ചെറുവാടി	320	306
11	" " " മാവൂർ വെസ്റ്റ്.	605	497
12	" " " മലയിൽ വെസ്റ്റ്	418	396
13	" " " കോട്ടക്കുന്ന്	553	488
14	" " " നായർകുഴി	395	342
15	ജി. ബേസിക് യു. പി. എസ് കിഴക്ക്	531	476
	[illegible]	[illegible]	[illegible]

പട്ടിക 9

ആവശ്യമായ ഫർണ്ണിച്ചറുകളുടെ എണ്ണം.

ക്രമ നമ്പർ	സ്കൂളുകൾ	മേശ	കസേര	ബെഞ്ച്	ഡെസ്ക്	അലമാര
1	ജി. എൽ. പി. എസ്. ചാത്തങ്കൈ	2	3	10	10	2
2	" " തിരുനാട് ഈസ്റ്റ്	-	-	15	15	0
3	" " ചന്ദ്രഗിരി	8	8	50	30	1
4	" " തിരുനാട് വെസ്റ്റ്	—	—	—	—	—
5	എ. എൽ. പി. എസ്. ദേളി.	—	—	—	—	—
6	ജി. എൽ. പി. എസ്. ചെമനാട് ഈസ്റ്റ്	3	3	20	20	2
7	" " പെരുമ്പള	2	3	10	—	1
8	" " തെക്കിൽ ഈസ്റ്റ്	—	—	—	—	—
9	ജി. യു. പി. എസ്. തെക്കിൽപറമ്പ	4	4	10	20	1
10	" " " ചെമ്പരിക്ക	4	5	26	20	2
11	" " ചെമനാട് വെസ്റ്റ്	3	8	16	12	2
12	" " തെക്കിൽ വെസ്റ്റ്.	8	8	10	10	2
13	" " കോളിയടുക്കം	5	2	13	33	3
14	" " ബെണ്ടിച്ചാൽ	2	4	50	25	2
15	ജി. എം. യു. പി. എസ്. കീഴൂർ.	19	20	100	50	5
16	ജി. എച്ച്. എസ്. ചന്ദ്രഗിരി.	27	27	70	70	1
17	" " " കളനാട്	25	25	100	100	6
18	ജമാഅത്ത് എച്ച്. എസ്. ചെമനാട്	—	—	—	—	—
19	എച്ച്. എസ്. എസ്. ചട്ടഞ്ചാൽ	—	—	—	—	—
	ആകെ	112	120	500	415	31.

പട്ടിക 10

വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിവിധ സ്കോളർഷിപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ.

ക്രമ നമ്പർ	സ്കൂളുകൾ	മെറിറ്റ് സ്കോളർഷിപ്പ്	ലംസം ഗ്രാന്റ്	മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ ആശ്രിതർക്കുള്ള ധനസഹായം	ബീഡി തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്	മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	മറ്റുള്ളവ
1	ജി. എൽ. പി. എസ്. ചാത്തങ്കൈ	—	—	—	—	—	—	—	—
2	" " തിരുനാട് ഈസ്റ്റ്	—	—	—	—	—	—	—	—
3	" " ചന്ദ്രഗിരി	—	5	—	1	—	3	—	—
4	" " തിരുനാട് വെസ്റ്റ്	—	2	—	—	—	2	5	—
5	എ. എൽ. പി. എസ്. ദേളി.	—	9	—	1	—	—	—	—
6	ജി. എൽ. പി. എസ്. ചെമനാട് ഈസ്റ്റ്	—	33	—	—	—	2	—	—
7	" " പെരുമ്പള	—	5	—	—	—	—	—	—
8	" " തെക്കിൽ ഈസ്റ്റ്	—	4	—	—	—	—	—	—
9	ജി. യു. പി. എസ്. തെക്കിൽപറമ്പ	—	—	—	—	—	—	—	—
10	" " ചെമ്പരിക്ക	—	1	31	—	—	—	—	—
11	" " ചെമനാട് വെസ്റ്റ്	—	—	—	—	—	—	4	—
12	" " തെക്കിൽ വെസ്റ്റ്	—	10	56	—	—	—	—	—
13	" " കോളിയടുക്കം	—	2	50	—	—	12	0	—
14	" " ബെണ്ടിച്ചാൽ	—	—	—	3	—	—	—	—
15	ജി. എം. യു. പി. എസ്. കീഴൂർ	—	234	37	1	—	1	35	—
16	ജി. എച്ച്. എസ്. ചന്ദ്രഗിരി.	2	86	200	16	—	20	31	—
17	" " കളനാട്	1	65	13	11	—	6	—	—
18	ജമാഅത്ത് എച്ച്. എസ്. ചെമനാട്	1	7	32	—	—	—	3	—
19	എച്ച്. എസ്. എസ്. ചട്ടഞ്ചാൽ	2	51	2	8	2	5	—	—
	ആകെ	6	516	421	41	2	50	78	—

അവലംബം - സ്കൂൾ രേഖകൾ.

19 ചലിയാം കോട് പുതുതായി എൽ.പി സ്കൂൾ അനുവദിക്കുക.

20 അയ്യൻകോലിൽ തൊട്ടിയിൽ പുതുതായി എൽ.പി സ്കൂൾ അനുവദിക്കുക.

21 പാഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്കൂൾ തുറക്കുന്നതിനുമുമ്പായി പുസ്തകങ്ങൾ എത്തിക്കുക.

22 സ്കൂളിന് ആവശ്യമായ ഫർണിച്ചർ ,മറ്റ് സൗകര്യങ്ങൾ അനുവദിക്കുക

23 .യു.പി സ്കൂളിൻെറ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൻെറ അധികാര പരിധിയിൽ കൊണ്ടുവരിക .

പഞ്ചായത്തിലെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ [സമാന്തരകോളേജുകൾ ഉൾപ്പെടെ

പട്ടിക 11

ക്രമ നമ്പർ	സ്ഥാപനത്തിൻെറ പേര്	സ്ഥിതിചെയ്യുന്ന സ്ഥലം
1	നാഷണൽ കോളേജ് ചട്ടഞ്ചാൽ	ചട്ടഞ്ചാൽ
2	സ:ആദിയകോളജ് ദേളി	ദേളി
3	ടാഗോർ ഹിന്ദി വിദ്യാലയം	പരവനടുക്കം
4	ടാഗോർ കോളജ്	പരവനടുക്കം
5	ചാച്ച ഇംഗ്ലീഷ് മീഡിയം നഴ്സറി യു,പി സ്കൂൾ	ചട്ടഞ്ചാൽ
6	കെ.എച്ച് ജെ. യു.പി സ്കുൾകളനാട്	കളനാട്
7	ആലിയ പ്രൈമറി സ്കൂൾ	പരവനടുക്കം
8	മാഹിനാബാദ് എൽ.പി സ്കൂൾ	മാണിയടുക്കം തൈറ
9	വിശ്വജ്ഞൻ നഴ്സറി എൽ.പി സ്കൂൾ	ചട്ടഞ്ചാൽ
10	റോസ് ഗാർഡൻ നഴ്സറി ആൻറ് എൽ.പി സകൂൾ	കളനാട്
11	കൊമ്പനടുക്കം ഇംഗ്ലീഷ് മീഡിയം എൽ.പി സ്കൂൾ	കൊമ്പനടുക്കം
12	നാഷണൽ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ	കീഴൂർ

മനുഷ്യൻെറ നാനാവിധ
ത്തിലുള്ള വ്യക്തിത്വ
വികസനമാണ് വിദ്യാഭ്യാസം

ആശംസകളോടെ...

ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപതം

No: CS(F.F)

പി.ഒ.പരവനടുക്കം-കാസർകോട് ജില്ല

ഫോൺ: 522460

* എല്ലാ വിധ ബാങ്കിംഗ് ഇടപാടുകളുംനിർവ്വഹിച്ചുവരുന്നു.
* ആകർഷണീയങ്ങളായ വിവിധയിനം നിക്ഷേപ സൗകര്യങ്ങൾ
* നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയും പരിപൂർണ്ണ സുരക്ഷിതത്വവും ഉറപ്പുനൽകുന്നു
* കാർഷികവും കാർഷികേതരവുമായ വായ്പകൾനൽകിവരുന്നു.
* അംഗങ്ങൾക്ക് 1,00,000 രൂപവരെ വായ്പകൾ നൽകുന്നു .

കെ.കുഞ്ഞിരാമൻ നായർ
(പ്രസിഡൻറ്)

കെ.കുഞ്ഞമ്പു നായർ
(സെക്രട്ടറി

ആശംസകളോടെ....

പെരുമ്പള സർവ്വീസ് സഹകരണ ബേങ്ക്

ക്ലിപ്തംനമ്പർ എഫ് .എഫ് നമ്പർ 59

കോളിയടുക്കം പെരുമ്പള പി.ഒ

കാസർകോട് ജില്ല

* എല്ലാവിധ ബേങ്കിങ്ങ് ഇടപാടുകളും നടത്തുന്നു.
* കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകുന്നു
* സ്വർണ്ണ പണയിത്തിൻമേൽ വായ്പ നൽകുന്നു
* രാസവളങ്ങൾ ,കീടനാശിനികൾ എന്നിവ വിൽക്കപ്പെടുന്നു.
* നിങ്ങളുടെ ചെറുതുംവലുതുമായ നിക്ഷേപങ്ങൾനമ്മുടെ ബേങ്കിൽ നിക്ഷേപിക്കുക

പ്രസിഡൻറ്
എനാരായണൻ നായർ

സെക്രട്ടറി
എ.കുമാരൻ നായർ

കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യമുള്ള ജനത ഒരു നല്ലസമൂഹത്തിൻെറ ഉത്തമ ലക്ഷണമാണ്. ആശുപത്രി, മരുന്ന്, ഡോക്ടർ എന്നിമൂന്നുകാര്യങ്ങളാണ് ആരോഗ്യരക്ഷയുടെ അടിസ്ഥാന ഘടകങ്ങൾ എന്ന ധാരണ തന്നെതെറ്റാണ്. ശുദ്ധമായ ജലം ശുദ്ധവായു പോഷകാഹാരം പാർപ്പിടം ഇവയാണ് ജനതയുടെ ആരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാന ഘട്ടങ്ങൾ .ഇവയിൽ പ്രധാനപ്പെട്ട ഒന്നാണല്ലോ ശുദ്ധജലം. ചെമ്മനാട് പഞ്ചായത്തിലെ എല്ലാ വർഡുകളും ശുദ്ധജലക്ഷാമം നേരിടുന്നവയാണ്. ജലസമൃദ്ധമായ ചന്ദ്രഗിരിപ്പുഴയിൽ വേനൽക്കാലത്ത് ജലം ലവണാംശകൂടിയായതിനാൽ ഉപയോഗയോഗ്യമല്ല. അതിനാൽ ജല സമൃദ്ധമായ പുഴയോര നിവാസികൾക്കും ജന ലഭ്യമല്ലാത്ത ഉയർന്ന പ്രദേശങ്ങളിലെ ആൾക്കാർക്കും ഒരുപോലെ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.. വേനൽക്കാലത്ത് രൂക്ഷമായ ജനക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്ചെമ്മാനാട്. പഞ്ചായത്ത്.

കുടിവെള്ളത്തിനായി ജനങ്ങൾ ആശ്രയിക്കുന്ന ഒരു മുഖ്യ സ്രോതസ്സാണ് കുഴൽ കിണറുകൾ. കുടിവെള്ളത്തിനും കൃഷിആവശ്യത്തിനുപോലും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ അടുത്തടുത്ത സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ച് ഭൂഗർഭജലം അമിതമായ ചൂഷണം ചെയ്തുവരികയാണ്. വനനശീകരണം പോലെ ഗുരുതരമായ ഒരു പ്രശ്നമാണ് ഇത്. ഇതുമൂലം മറ്റ് കിണറുകളിലെ ജലലഭ്യതക്കുറയുവാനും ഭൂഗർഭ ജലം വറ്റിപ്പോകാനുംഅതുവഴി കുഴൽകിണറുകൾ ഉപയോഗ്യശൂന്യമാകാനും കാരണ മാകും. ചെമ്മനാട് പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളത്തിൻെറ സ്രോതസ്സ് പട്ടിക 1 ൽ കൊടിത്തിരിക്കുന്നു

ഇനം	കിണർ	പൊതുടാപ്പ്	പൊതുകിണർ	കുഴൽകിണർ
കുടുംബങ്ങൾ	4767	11	12	31

ന്ന്. പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക. ജലലഭ്യമല്ലാത്ത ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടുക എല്ലാ ടാപ്പുകളിൽ നിന്നും ജലം ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുക മുതലായവ. ചെമ്മനാട് പഞ്ചായത്തിലെ ശുദ്ധ ജലസംവിധാനങ്ങളുടേയും സ്രോത സ്സുകളുടെ ഉപയോഗക്രമത്തിൻെറയു ംവിവിരങ്ങൾ പട്ടിക 2 ലും മൂന്നിലും ആയിക്കാണാം.

(പട്ടിക 2, 3 എന്നിവ കാണുക)

കുടിവെള്ളത്തനായി 25 ശതമാനം കുടുംബങ്ങൾക്ക ഒന്നര കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടിവരുന്ന. വേനൽക്കാലത്ത് ഭൂരിഭാഗം കിണറുകളിലേയും ജല വറ്റിപ്പോകുന്നതായിക്കാണാം.

പ്രശ്നങ്ങൾ

1ജനങ്ങൾ തിങ്ങിപ്പാർക്കുന്ന എല്ലാ സ്ഥലങ്ങളിലു കുടിവെള്ളക്ഷാമം രൂക്ഷമാണ്.

2.പൊതു ടാപ്പുകളുടേയും സ്രോതസ്സുകളുടേയും എണ്ണം വളറെ ക്കുറവും പൊതു ടാപ്പുകളിൽ പകുതി യ്ലധിക ജലലഭ്യമല്ലാത്തതും ആണ്.

3പൊതു കിണറുകളുടെ എണ്ണം വളരെ ക്കുറവും ഉള്ളവ സംരക്ഷിക്കപ്പെടുന്നുമില്ല.

4 കിണറുകളിലെ വെള്ളം വറ്റാൻ കാരണായ ഭൂഗർഭ ജലത്തിൻെറ കുറവ് നികത്താൻ അടുത്തടുത്ത പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിന് നിയന്ത്രണം ഇല്ല..

5 ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കിണർ കുഴിക്കാനുള്ള സഹായംധനത്തിനുള്ള നിയന്ത്രണം.

6 ദരിദ്ര കുടുംബങ്ങൾക്ക് കിണർ കുഴിക്കാനുള്ള സഹായ ം ലഭിക്കുന്നില്ല.

7 തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനംനടത്തുന്നതുമൂലം നാമമാത്രമായി ലഭിക്കുന്ന ശുദ്ധജലം മലിനപ്പെടുന്നു.

8 കവലകളിൽ ശുദ്ധതലവിതരണം കാര്യക്ഷമമല്ലാത്തതുകാരണ് ഹോട്ടലുകളിൽ നിന്നും മറ്റ് പാനീയങ്ങൾ വിൽക്കുന്ന കടകളിൽ നിന്നും ലഭിക്കുന്ന ജലം ശുദ്ധജലമല്ല.

9 ജലസംരക്ഷണത്തിൻെറയു ംശുദ്ധജലവിതരണത്തിൻെറയും ആവശ്യകതയേക്കുറിച്ച് ബോധവൽക്കരണ നടക്കുന്നില്ല.

10 പൊതു ശ്മശാനം പൊതുഅറവുശാലകൾ ഇവയുടെ അഭാവവും ജലമലീനീകരണത്തിന്കാരണമാകുന്നു.

12 മഴക്കാലത്ത് പുഴയോരത്തെ ജലം വെള്ളപ്പൊക്കിത്തിൻെറ ഫലമായി അശുദ്ധമാകുന്നു.

സാധ്യതകൾ

1 ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മറ്റ് പ്രദേശങ്ങളിലും വാർഡ് സമിതികളുടേയും പഞ്ചായത്തിന്റേയും സഹകരണത്തോടെ പൊതു കിണർ സ്ഥാപിക്കുകയും ഉപയോഗ ശൂന്യമായ പവൃത്തിയാക്കുകയും ഉപയോഗിക്കുന്നവ സംരക്ഷിക്കപ്പെടുകയും വേണം.

2 പഞ്ചായത്തിലെ കവ്വും വള്ളം പരവനടുക്കം, ബിട്ടിക്കൽ, മേൽപ്പറമ്പ് എന്നീസ്ഥലങ്ങളിൽ ഒരു ലക്ഷം ഗ്യാലൻ വെള്ളം സംഭരിക്കാൻ കഴിയുന്ന ടാങ്കുകൾ നിർമ്മിച്ച് കുഴൽകിണറുകളിൽ നിന്ന് വെള്ളം ശേഖരിച്ച് വിതരണം നടത്താനുള്ള സംവിധാ[illegible] ഉണ്ടാക്കണം.

3 വേനൽക്കാലങ്ങളിൽ ജല ലഭ്യമായ അർഹതപ്പെട്ട സ്വകാര്യവ്യക്തികളുടെ കിണറുകളിൽ ആഴം കൂട്ടിയും വൃത്തിയാക്കിയും പരിസര വാസികൾക്കുകൂടി പ്രയോജനപ്പെടുത്തണം.

4 എല്ലാ കവലകളിലും ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം.

5 പൊതു ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാനും ജലം ലഭ്യമല്ലാത്തവയിൽ ജലം ലഭ്യമാക്കാനും ആവശ്യമായ സ്ഥലങ്ങളി[illegible] പൈപ്പ് ലൈൻ നീട്ടാനപരിപാടികൾ ആസൂത്രണം ചെയ്യണം വേണം.

6 [illegible]ദലത[illegible]ന്റെ മേന്മ പരിശോധിക്കുന്നതിനുള്ള മാർ[illegible] ക[illegible]ക്ഷമമാക്കണം.

7 [illegible]ിണറുകളൽ നിന്ന് ലഭിക്കുന്ന ജലം ജി.ഐ പൈപ്പുകൾക്കുപകരം പി.വി സി പൈപ്പുകളിലൂടെ വിതരണം ചെയ്യൻ കഴിയണം ,കോൺ[illegible] ടാങ്കുകൾ ഉപയോഗിക്കണം. കിണറുകൾകുഴിക്ക[illegible]തിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളസാഹ[illegible] കുറഞ്ഞ പലിശയ്ക്ക് സാമ്പത്തികമായി പിന്നോക്കംനി[illegible]ന്ന ആളുകൾക്ക് ലഭ്യമാക്കണം.

ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ കുട[illegible]ള്ളക്ഷാമം പരിഹരിക്കാൻ കരിച്ചേരി ഓഗ്മൻേറഷൻ സ്കീം നടപ്പിലാക്കുക.

10. എല്ലാ വിധത്തിലുള്ള സ്രോതസ്സുകളും സം[illegible]ക്കന്നതിന് സാമൂഹ[illegible] അവബോധസൃഷ്ടിക്കു[illegible] ഗ്രാമസഭകൾക്ക് കഴിയണം.

11 ഭൂഗർഭ ജല സ്രോതസ്സിൻെറ സംരക്ഷണാർത്ഥം കുഴൽ കിണർ കുഴിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണം. ഭൂഗർഭ ജല വികുപ്പിൻെറ നിർദ്ദേങ്ങൾ പാലിച്ചായിരിക്കണം കുഴൽ കിണർ കുഴിപ്പിക്കാൻ.

12 ഭൂഗർഭജലം വർദ്ധിപ്പിക്കുന്നതിന് കുളങ്ങൾ കുഴിച്ചും ബണ്ടുകൾ നിർമ്മിച്ചും വർഷക്കാലത്ത് ലഭിക്കുന്ന ജലം ഭൂമി യിലേക്ക് ഊർന്നിറങ്ങാൻ സഹായിക്കണം.

13 സമ്പൂർണ സാനിട്ടേഷൻ പദ്ധതി ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ ശ്രമിക്കണം.

14 പൊതു ശ്മശാനം, ഇറച്ചിവെട്ടുകേന്ദ്രം ,മത്സ്യസംസ്ക്കരണ ശാല ഇവ നിർമ്മിച്ച് ജലം അശുദ്ധമാക്കുന്നത് തടയണം.

ശുദ്ധമായ കുടിവെള്ളം ഏതൊരു മനുഷ്യൻെറയും മൗലികാവകാശമാണ്. അത് ലഭ്യമാക്കാതിരിക്കുന്നത് ഒരു സാമൂഹ്യബാധ്യതയായി വേണം കാണാൻ ബോധവൽക്കരണം കൊണ്ടുമാത്രം നേടാവുന്ന ഒന്നല്ല ശുദ്ധജലം കൂ[illegible] യത്നത്തിലൂടെ അത് നേടിയെടുക്കുക തന്നെ വേണം. അതിനുള്ള എല്ലാ മാർഗ്ഗങ്ങളുംനമുക്ക് ഉപയോഗിക്കാൻ കഴിയണം.

ശുചിത്വം

എല്ലാ കാര്യങ്ങൾക്കും നാം മററ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.എല്ലാ കാര്യങ്ങളിലും ഇല്ലായെങ്കിലും കുറേയേറെ നാം വികസിത രാജ്യങ്ങൾ ക്കൊപ്പമാണ്.അതിൻെറ ഭാഗമായിട്ടായിരിക്കാം കേരളത്തിൽ നഗരവൽകരണം വളരെ വേഗത്തിൽ നടക്കുന്നത്. അതായത് ഗ്രാമങ്ങൾ ഇല്ലാതാവുന്നു.എന്നാൽ എല്ലാ ആധുനിക സൗകര്യങ്ങളും എത്തിയിട്ടും കേരളം ശുചിത്വത്തിൻെറ കാര്യത്തിൽ വളരെ പിന്നിലാണ്.

ചെമ്മനാട് പഞ്ചായത്തിൻെറ സ്ഥതി യും മറിച്ചല്ല. ഗ്രാമങ്ങൾ എല്ലാ തന്നെ വളരെ വേഗത്തിൽ നഗര ങ്ങളായിമാറുകയാണ് ഇതിൻെറ ഒരു പ്രധാന കാരണം കാസർഗോഡ് മുനിസിപ്പാലിറ്റിയോടുള്ള സാമീപ്യവും ഗൾഫ് സാമ്പത്തിലൂടെ നമുക്ക് ലഭിച്ച് ഉപഭോകതൃസംസ്ക്കാരവുമാണ്. ജനപ്പെരുപ്പവും അതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളുമാണ് ശുചിത്വമില്ലായ്മയ്ക്കും പ്രധാന കാരണം. ചെമ്മനാട് പഞ്ചായത്തിലെ 60 ശതമാനത്തിലധികം ജനങ്ങൾ കക്കൂസ് ഉപയോഗിക്കുന്നില്ല എന്നത് ഒരു അത് ഭുതസത്യമായി കരുതണം. പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളും ഇക്കാര്യത്തിന് പ്രഥമസ്ഥാനം നൽകിയിട്ടുണ്ട്. ആ രോഗ്യ[illegible]പ്രശ്നങ്ങളിൽഒന്നായ പല പകർച്ച വ്യാധി[illegible] കാരണവും ത[illegible]സ്സായ



പട്ടിക 2

Si No:	ITEM	NUMBERS
1	Bore Wells With Hand Pump	
2	Bore Wells With Motor	4
3	R.W.S.S Water Supply Scheme	-
4	T.W.S.S	
5	Public taps	111
6	Water connection as on 1.4.93 (Domestic)	
7	Water connection(1.4.93) NotDomestic	
8	Panchayath Borewells	32
9	Panchayath Wells	12
10	Tanks or Ponds	8
11	Public taps	127

സ്ഥലങ്ങളിലെ മല മൂത്ര വിസർജ്ജനം ഒന്നുമാത്രമാണ്. ചെമ്മനാട് പഞ്ചായത്തിലെ ജനങ്ങളിൽ കക്കൂസുള്ളവരുടേയും ഉള്ളവരിൽ ഏതു തരം കക്കൂസാണ് ഉപയോഗിക്കുന്നു എന്നതിനേയും സൂചിപ്പിക്കുന്ന ഒരു രേഖ ചിത്രം ചേർക്കുന്നു.

പ്രശ്നങ്ങൾ

1പകുതിയിലധികം കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല.

2 കവലകളും ഓടകളും വൃത്തി ഹീനമാണ്.

3ഇറച്ചിവെട്ടുന്നതിനോ വിൽക്കുന്നതിനോ പ്രത്യേക സംവിധാനം ഇല്ല.

4 മീൻ വിൽക്കുന്നതിനും സംസ്കരിക്കുന്നതിനും പ്രത്യേക സംവിധാനം ഇല്ല.

5 കവലകളിൽ ചപ്പുചവറുകൾ കുന്നുകൂടുന്നത് നീക്കം ചെയ്യുന്നില്ല.

6 അമിത മായ പ്ലാസ്റ്റിക്ക് കവറുകളുടെ ഉപയോഗം നമൂലംഅവ ജീർണ്ണക്കുകയുംമണ്ണിന്റെ ജലാംശംഇല്ലാതാക്കുകയും ചെയ്യുന്നു.

7ഹോട്ടലുകളിൽ വൃത്തിഹീനവും ശുദ്ധജലംലഭ്യമല്ലാത്തും ആണ്.

8 പഞ്ചായത്തിന് കൊതുക് നിവാരണത്തിന് ഒരു സ്ഥിരം സംവിധാനമില്ല

നിർദ്ദേശങ്ങൾ

1സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്നവർക്ക് അതാത് സ്ഥലത്തെ ജനങ്ങളുടെ സഹകരണത്തോടെ കുറഞ്ഞ ചെലവിൽ കക്കൂസ് നിർമ്മിക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡ് സമിതികൾ ഉണ്ടാക്കുക. പഞ്ചായത്തിന്റെ സാമ്പത്തിക സഹായം ഉണ്ടാവണം.

2 എല്ല കവലകളും ഓടകളും വൃത്തിയായി സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഗ്രാമ സഭകളുടെ സഹായത്തോടെ വേണം ചെയ്യാൻ. കവലകളിൽ ഡസ്സ്ബിൻ സ്ഥാപിക്കുക.അത് നീക്കം ചെയ്യാൻ വണ്ടികൾ ,അവ നിക്ഷേപിക്കാനുള്ള ഡംപിങ്ങ് ഗ്രൗണ്ടും ആവശ്യത്തിന് ദിവനക്കാരെയും അനുവദിക്കുക.

3പഞ്ചായത്തിൽ കൊതുകുനിവാരണത്തിന് സ്ഥിരം മരുന്നുതളി സംവിധാനം ഏർപ്പെടുത്തണം.

4 ഇറച്ചി,മീൻ എന്നിവ വിൽക്കുന്ന തിനുള്ള ശുചിത്വമുള്ള മാർക്കറ്റ് കീഴൂർ പരവനടുക്കം മേൽപറമ്പ് പൊയിനാച്ചി ചട്ടഞ്ചാൽ എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കണം.

5 ഹോട്ടലുകളിൽ ശുചിത്വപരിശോധന ഉറപ്പുവരുത്തണം .ശുചിത്വപരിശോധന സർട്ടിഫിക്കറ്റ് കൂടാതെ ഹോട്ടലുകൾക്കും മററ് ആഹാര സാധനങ്ങൾ വിളമ്പുന്ന കടകൾക്കും ലൈസൻസ് പുതുക്കുവാനോ നൽകുവാനോ പാടില്ല.

6 സ്കൂൾ പരിസരത്ത് ലൈസൻസ് ഇല്ലാത്ത ആഹാര സാധനങ്ങളുടെ വില്പന കർശനമായും നിരോധിക്കണം.

7 അറവുശാലകൾ (ഇറച്ചി വെട്ടുന്നതും വിൽക്കുന്നതും)ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് നിരോധിക്കണം.

8 എല്ലാ വിധ സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ സ്ഥാപിക്കണം.

9 വൈദ്യുത ശ്മശാനം ഉൾപ്പെടെയുള്ള പൊതു ശ്മശാനം സ്ഥാപിക്കുക.

10 പ്രധാന കവലകളിൽ മൂത്രപ്പുരയുംകക്കൂസും സ്ഥാപിക്കുക .

11 ശുചിത്വത്തെ സംബന്ധിച്ചതും വാർഡുതോറും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കക.

12 കക്കൂസില്ലാത്തമുഴുവൻ വീട്ടുകാർക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

പൊതുജനാരോഗ്യം

ആരോഗ്യംകൊണ്ട് അർത്ഥമാക്കുന്നത്കേവലം രോഗത്തിൽ നിന്നുള്ളമോചനമോ രോഗമില്ലാത്ത അവസ്ഥയോ മാത്രമല്ല അത് പൂർണമായ ശാരീരിക വും മാനസികവും സാമൂഹികവുമായ വ്യവസ്ഥിതിയാണ്.അർത്ഥമാക്കുന്നത് ചെമ്മനാട് പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ചികിത്സാ കേന്ദ്രം തെക്കിലിൽ സ്ഥാപിച്ച ഗവൺമെൻറ് റൂറൽ ഡിസ്പെൻസറിയാണ് .ഏകദേശം 25 വർഷം മുമ്പ് സ്ഥാപിച്ച ചട്ടഞ്ചാൽ .പ്രാഥമികാരോഗ്യകേന്ദ്രം പിന്നീട് ഒരു വികസന വും ലഭ്യമാകാതെ മുരടിച്ചു നിൽക്കുകയാണ്. സ്ഥലത്തിന്റെ അഭാവമായിരുന്നില്ല അതിന്റെ കാരണം.

ജനങ്ങൾ അവരുടെ ആരോഗ്യപ്രവർത്തനങ്ങൾക്ക് പൊതുവെ ആശ്രയിക്കുന്ന സർക്കാർ വക ആരോഗ്യ രക്ഷാ സാഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1താലൂക്ക് ഹോമിയോ ഡിസ്പെൻസറി-കോളിയടുക്കം.

2പ്രൈമറി ഹെൽത്ത് സെൻറർ കളനാട്

3.പ്രൈമറി ഹെൽ ത്ത്സെൻറർ കീഴൂർ

4.ഗവ .ആയൂർ വേദ ആശുപത്രി പരവനടുക്കം

5കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ചട്ടം ഞ്ചാൽ

(1)കോളിയടുക്കം

(2)ചെമ്മനാട്

(3)അരമങ്ങാനം

(4)മേൽപറമ്പ്

(5)കീഴൂർ

(6)കളനാട്

ഇത് കൂടാതെ രോഗികളെ കിടത്തിചികിത്സിക്കുന്ന സ്വകാര്യആശുപത്രിയൽ പൊയിനാച്ചിയിലും മേൽപറമ്പിലും പ്രവർത്തിക്കുന്നു. ഏതാനും ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് മൂലമുള്ള സേവനങ്ങളുംജനങ്ങൾക്ക്ലഭിക്കുന്നു. ആരോഗ്യം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ മൂന്നെണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ല . പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ജനങ്ങളെ കിടത്തി ചികിത്സിക്കാനോ വിശദമായ പരിശോധന നടത്തി രോഗനിർണയം നടത്താനോ ഉള്ള സൗകര്യം ഇല്ല. പ്രസവചികിത്സയ്ക്കുള്ള സൗകര്യം ഈ പഞ്ചായത്തിൽ ഒരു ആശുപത്രിയിൽ നിന്നും

ലഭ്യമല്ല. അത് മൂലം സ്ത്രീകൾക്ക് വീടുകളിൽ പ്രസവിക്കേണ്ടിവരുന്നു. അതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിയും വരുന്നു. ഇപ്പോഴുള്ള രണ്ട് പി.എച്ച് സി കളിലും രക്ത പരിശോധനയ്ക്ക് എടുക്കുന്ന സാമ്പിളുകൾ വളരെ അകലെയുള്ള ബേഡടുക്ക പി.എച്ച് സിയിൽ കൊണ്ടുപോയി പരിശോധിക്കേണ്ടി വരുന്നു. കാരണം ബേഡടുക്ക പി.എച്ച് സി. യുടെ നിയന്ത്രണത്തിലുള്ള മിനി പി. എച്ച് സികളാണ് ചെമ്മനാട് പഞ്ചായത്തിലെ രണ്ട് പി.എച്ച് സികളും. ഇവയെ സ്വതന്ത്ര പി.എച്ച് സികളാക്കി [illegible]ണം.

പട്ടിക 4

ജനനം-മരണം: പഞ്ചായത്ത് രജിസ്റ്റർ

വർഷം	ജനനം	മരണം
1993	190	168
1994	149	140
1995	132	152

പഞ്ചായത്തിലെ രജിസ്റ്ററിൽ ജനനങ്ങളുടെയും മരണങ്ങളുടെയും കണക്കുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. എന്നാൽ ആരോഗ്യ വകുപ്പിന്റെ രേഖകളിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ സമയത്തിൽ നിന്ന് 3 വയസ്സു വരെ പ്രായമുള്ള കുട്ടികളുടെ എണ്ണം 1400 ഓളം വരുന്നതായി കണ്ടു. അതായത് വളരെ കുറച്ചു ജനനം മാത്രമേ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നുള്ളൂ.

പഞ്ചായത്തിലെ ജനസംഖ്യ ഇപ്പോൾ 50000 ത്തോളമാണ്. ജനസംഖ്യാനുപാതികമായി ആരോഗ്യകേന്ദ്രങ്ങളോ ജീവനക്കാരോ വർദ്ധിക്കുന്നില്ല. ഒരു കുടുംബക്ഷേമ ഉപകേന്ദ്രത്തിന് 5000 ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ നോക്കേണ്ടയിടത്ത് 10000 ഉം അതിലധികവും ജനങ്ങളുടെ നേരിടേണ്ടി വരുന്നു. ആരോഗ്യം, രംഗത്ത് വളരെ ഏറെ പ്രശ്നങ്ങൾ ജനങ്ങളും ജീവനക്കാരും പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. പകർച്ച വ്യാധികളും എല്ലാവർഷത്തിലും പെട്ടത് ചെമ്മനാട് പഞ്ചായത്തിലും ഉണ്ടാകാറുണ്ട്.

പട്ടിക-5.6 കാണുക

പ്രശ്നങ്ങൾ

1).കിടത്തിചികിത്സയ്ക്കും,പ്രസവ ചികിത്സയ്ക്കും, 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി പോലും ഈ പഞ്ചായത്തിൽ ഇല്ല.

2.)പ്രതിരോധ കുത്തിവയ്പുകൾ ലഭിക്കാൻ വേണ്ടി ജനങ്ങൾ ചില ഭാഗങ്ങളിൽ നിന്ന് മൂന്നു കിലോ മീറ്ററിലധികം യാത്ര ചെയ്യേണ്ടി വരുന്നു.

3.പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമല്ല.

4.)24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന ആശുപത്രികൾ ഒന്നും തന്നെ സർക്കാർ തലത്തിൽ ഇല്ല.

5.നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ സേവനം എല്ലാ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല.

6.കുടുംബ ക്ഷേമ ഉപ കേന്ദ്രങ്ങളിൽ മൂന്നെണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ല.ഉള്ളവയിൽ പലതിനും വൈദ്യുതി.ശുദ്ധ ജലം എന്നിവ ലഭിക്കുന്നില്ല.

7.രോഗ പ്രതിരോധ പ്രവർത്തനങ്ങൾ യഥാസമയം ചെയ്യാൻ കഴിയുന്നില്ല.

8.ജീവനക്കാരുടെ ഒഴിവുകൾ നികത്താത്തത് ആരോഗ്യ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

9.ജനസംഖ്യാനുപാതികമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെയും ജൂനിയർപബ്ലിക്ക് ഹെൽത്ത് നഴ്സുമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായി ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുമില്ല.

10 വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളായ തുരുത്തി പെരുമ്പളതുടങ്ങിയ പുഴയോര പ്രദേശത്തെ ജനങ്ങൾക്ക് രോഗത്തിൽ ആശ്രയിക്കാൻ പറ്റുന്ന ആരോഗ്യ കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല.

11.ചെമ്മനാട് പഞ്ചായത്തിലെ 12ഉം 13ഉം വാർഡുകൾ ഇപ്പോഴും തൊട്ടടുത്ത പഞ്ചായത്തിലെ ഉദുമ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

12 പല കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ചുറ്റുമതിൽ ഇല്ലാത്തത് അവിടത്തെ ശുചീകരണ പ്രവർത്തനങ്ങളെ ബാധിക്കുന്നു. ചട്ടഞ്ചാൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചുറ്റുമതിൽ ഇല്ലാത്തത് കാരണം സമീപവാസികൾ സ്ഥലം കൈയേറാൻ സാധ്യതയുണ്ട്.

13.ഗതാഗത സൗകര്യങ്ങൾ നല്ല രീതിയിൽ ലഭ്യമല്ലാത്തത് കാരണം അത്യവശ്യ സന്ദർഭങ്ങളിൽ രോഗികളെ റഫറൽ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനോ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടത്തുന്നതിനോ കഴിയുന്നില്ല.

നിർദ്ദേശങ്ങൾ

1.പ്രഥമികരോഗ്യകേന്ദ്രങ്ങളായ ചട്ടഞ്ചാൽ പി എച്ച് സിയും കളനാട് പി എച്ച് സിയും പ്രസവ ചികിത്സ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളോട് കൂടിയ പത്ത് കിടക്കകൾ ഉള്ള ആശുപത്രിയായി മാറ്റുക.ഇതിലേക്ക് ആവശ്യമായ ജീവനക്കാരെയും മറ്റ് സൗകര്യങ്ങളും (ജീവനക്കാർക്കും ഡോക്ടർ മാർക്കും താമസിക്കാൻ വേണ്ട കെട്ടിടങ്ങളും) നിർമ്മിക്കുക.

2.കൂടുതൽ സ്ഥലങ്ങളിൽ പ്രതിരോധ കുത്തി വെയ്പ്പ് നടത്തുന്ന ക്യാമ്പുകൾ സംഘടിപ്പിക്കാൻ സർക്കാർ ആശുപത്രിക്ക് വാഹന സൗകര്യം ലഭ്യമാക്കുക.

3.ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാണെന്ന് ഉറപ്പ് വരുത്തുക അതിന് വേണ്ട സൗകര്യങ്ങൾ സ്ഥിരമായി ലഭ്യമാക്കുക.

4.ആവശ്യമായ സ്ഥലങ്ങളിൽ പുതുതായി ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമ മാക്കുക.

പട്ടിക 3

കുടുംബങ്ങളുടെ ജലസ്രോതസ്സുകൾ

ജലസ്രോതസ്	കുടുംബങ്ങൾ
സ്വന്തം കിണർ	4767
അയൽക്കാരന്റെ കിണർ	3538
പൊതുകിണർ	1272
പൊതു കുളം	
സ്വന്തം കുളം	
വീടിന്റെ ടാങ്ക്	14
പൊതു ടാപ്പ്	127

5.കുടുംബ ക്ഷേമ കേന്ദ്രങ്ങളുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും ആവശ്യങ്ങൾ നിറവേറ്റി കൊടക്കുക.

6.പകർച്ച വ്യാധികൾ നിയന്ത്രണ വിധേയമാണെന്ന് ഉറപ്പ് വരുത്തുക

7.പുതുതായി ജീവനക്കാരെ നിയമിക്കേണ്ടതുണ്ടെങ്കിൽ അത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുക.പുതുതായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വേണ്ടിടുത്ത് അതിന് സ്ഥലം ലഭ്യമാക്കുകയും അതിന്റെ പ്രവർത്തനത്തിന് വേണ്ടി ഗ്രാമസഭകളുടെ സഹായത്തോടെ പ്രവർത്തിക്കുക.

8.ജനസംഖ്യാനുപാതികമായി ജീവനക്കാരുടെ സേവന മേഖലകൾ [illegible]ജനം നടത്താൻ സർക്കാർ തലത്തിലും വകുപ്പ് തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

9.വെള്ള പൊക്കബാധിത പ്രദേശങ്ങളിൽ ജനങ്ങൾക്ക് ആരോഗ്യരക്ഷ ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10.പഞ്ചായത്തിൽ പ്പെട്ട 12ഉം 13ഉം വാർഡുകൾ ഈ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിയന്ത്രണത്തിൽ ആക്കുക.

11.ചുറ്റു മതിൽ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് അത് നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12.പഞ്ചായത്ത് വകയായി ഒരു ആംബുലൻസ് വാങ്ങി കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് സേവനത്തിനായി ലഭ്യമാക്കുക.പഞ്ചായത്തിലെ സ്വന്തമായി ഒരുജീപ്പ് വാങ്ങുന്നത് നല്ലതായിരിക്കും.

13.കുടുംബ ാസൂത്രണം ആരോഗ്യം എന്നിവയെ കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

14.ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ മാരുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

15.മയക്കു മരുന്ന്,മദ്യാപനം,പുകവലി എന്നിവ വ്യക്തികൾക്കും സമൂഹത്തിനും വരുത്തുന്ന ദോഷങ്ങളെ കുറിച്ച് ബോധ വൽക്കരണം നടത്തുക.

16.ജനകീയ പങ്കാളിത്വത്തോടെ ആയുർവേദ ഡിസ്പെൻസറികളും ആശുപത്രികളും വികസിപ്പിക്കുക.

17.സ്വന്തമായി സ്ഥലവും കെട്ടിടവും മില്ലാത്ത ആയുർവേദ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുകയും കെട്ടിടം പണിയുകയും ചെയ്യുക.

18.ജനകീയ പങ്കാളിത്തത്തോടെ ഔഷധം തോട്ടം വച്ച് പിടിപ്പിക്കുക.

19.ആയുർ വേദത്തിനുള്ള പ്രാധാന്യവും പുരോഗതിയുംസംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

ചെമ്മനാട് പഞ്ചായത്തിലെ ആരോഗ്യ വകുപ്പിന്റെ ഏതാനും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച സെക്കൻററി ഡാറ്റ വിശകനലനത്തിന് വേണ്ടി താഴെ കൊടുക്കുന്നു.ഇത് അപൂർണ്ണമായ ഒരു ചിത്രമേ നൽകു കാരണം എല്ലാ ഭാഗങ്ങളുടെയും വിവരങ്ങൾ ഇതിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല.ചട്ടഞ്ചാൽ പ്രഥമികരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്ന ഭാഗത്തിന്റെ വിവരങ്ങൾ പട്ടികയായി ചേർക്കുകായണ്.

പട്ടിക -5 പകർച്ച വ്യാധികൾ-പട്ടിക

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ	മറ്റുള്ളവ
1993-1994	123	15	10	-
1994-1995	176	24	8	-
1995- 1996	108	. 8	14	-

പട്ടിക-6

വർഷം	ജനനം
1993-1994	524
1994-1995	425
1995-1996	466

ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സുണ്ടാക്കുകയുള്ളൂ.

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഊർജ്ജം

പഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. പഴയകാലത്ത് പഞ്ചായത്തിലെ പലഭാഗങ്ങളിലും വിറകുകൾ സുലഭമായിരുന്നു. എന്നാൽ ഇന്ന്സ്ഥിതി വളരെ മാറിയിരിക്കുകയാണ്. തെങ്ങ്കൃഷിയും, കവുങ്ങ് കൃഷിയും വ്യാപകമായിട്ടുള്ളപഞ്ചായത്തായതിനാൽ ഇവയിൽ നിന്ന് ലഭ്യമാകുന്ന വസ്തുക്കളാണ് ഭൂരിഭാഗവും വിറകിനായി ഉപയോഗിക്കുന്നത് പരവനടുക്കം , കോളിയടുക്കം, പെരുമ്പള, മാച്ചിപ്പുറം , ഉക്രമ്പാടി, തെക്കിൽ പ്രദേശങ്ങളിലുള്ള ജനങ്ങൾ വലിയ വിലകൊടുത്ത് വിറകുവാങ്ങി ഉപയോഗിക്കേണ്ടി വരുന്നു, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി,എന്നിവ ഉപയോഗിച്ച് പാകം ചെയ്യുന്നവർ വളറെ കുറവാണ്. എങ്കിലും വിറകിൽ നിന്ന് ഗ്യാസിലേക്കുള മാറ്റത്തിൻെറ വേഗത കൂടിക്കൊണ്ടിരിക്കുന്നു.

വീടുകളിലെ ഇന്ധനഉപയോഗത്തിൻെറ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1		
ഇന്ധനം	എണ്ണം	അളവ്
1, വിറകടുപ്പ്	7834	21,886 ടൺ
2. പുകയില്ലാത്തഅടുപ്പ്	200	320 ടൺ
3. ഗ്യാസ്	1200	28,5700 കി.ഗ്രാം
4, മണ്ണെണ്ണ	454	30150 ലിറ്റർ
5. ഇലക്ട്രിക് സ്റ്റൗ	18	--
6.ഗോബർഗ്യാസ്	12	--

പുകയില്ലാത്ത അടുപ്പുകളുടെ പ്രാധാന്യവും ഗുണവും വ്യപകമായി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു,

വൈദ്യുതി

കാസർഗോഡ്, ഉദുമ, ചെങ്കള, എന്നീ മൂന്ന് മേജർ സെക് ഷൻ ഓാഫീസുകളുടെ കീഴിലാണ് ചെമ്മനാട് പഞ്ചായത്തിലെ വൈദ്യുതി വിതരണശൃംഖലയുടെ നിയന്ത്രണം. പഞ്ചായത്തിൽ ഏകീകൃതമായ ഒരു വൈദ്യുത വിതരണ ശൃംഖല ഇല്ലാത്തതുകൊണ്ട് ഉപഭോക്താക്കൾക്ക് ഏറെ വിഷമതകൾ അനുഭവിക്കേണ്ടിവരുന്നു.

വിദ്യാനഗറിൽ ഉള്ള സബ്സ്റ്റേഷനിൽകൂടിയാണ് പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ ശേഷിയും, ഗുണഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ എല്ലാട്രാൻസ്ഫോമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് കാണാൻ കഴിയും. ഗാർഹികമേഖലയിലെയും കാർഷികമേഖലയിലെയും ഉപഭോക്താക്കൾക്കാണ് മുൻതൂക്കം ഉള്ളത്. കാർഷികമേഖലയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഏറെ അപേക്ഷകർ ഇനിയും ഉണ്ട്. വോൾട്ടേജ് ക്ഷാമംമൂലം കാർഷിക-ഗാർഹികമേഖലയിലെ ഉപഭോക്താക്കൾക്ക് ഏറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. പഞ്ചായത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വൈദ്യുതി ക്ഷാമം വിഘാതമാകുന്നു. പ്രക്ഷേപണ വിതരണ രംഗത്തിലുള്ള നഷ്ടം കുറക്കിന്നതിന് ലൈനുകൾക്ക് തൊട്ടുകിടക്കുന്ന മരകൊമ്പുകൾ മുറിച്ചു മാറ്റുക. ട്രാൻസ്ഫോമറുകളുടെ എണ്ണവും സ്ഥാനവും പുനക്രമീകരിക്കുക, പ്രക്ഷേപണസംവിധാനത്തിൻെറ തകരാറാണ് വൈദ്യുത നഷ്ടത്തിൻെറ പ്രധാന കാരണം . കാലപ്പഴക്കം ചെന്ന വൈദ്യുത ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുകയാണെങ്കിൽ ഒരളവുവരെ വൈദ്യുത നഷ്ടപരിഹാരം ഉണ്ടാക്കാൻ കഴിയും. ട്രാൻസ്ഫോമറുകളുടെ അധിക ഭാരവും വളരെ ദൈർഘ്യമുള്ള ലൈനുകളും വൈദ്യുത വിതരണശൃംഖലയിലെമറ്റൊരു ന്യൂനതയാണ്.

പഞ്ചായത്തിലെ എല്ലാവാർഡിലും വൈദ്യുതി എത്തിയെങ്കിലും വാർഡിൽ പലപ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിൽ 49 % വീടുകളിലും വൈദ്യുതി ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. ചെമ്പരിക്ക, തായന്നൂർ. വയലാംകുഴി, അണിഞ്ഞ, കുണ്ട, പെരുമ്പള, കുന്നാറ, മാച്ചിപ്പുറം, മണ്ണ്യം എന്നീപ്രദേശങ്ങളിൽഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങളാണ്.

ട്രാൻസ്ഫോർമറുകൾ ആവശ്യമുള്ള സ്ഥലങ്ങളുടെ പട്ടീക ചുവടെ കൊടുക്കുന്നു.

1.കുണ്ടടുക്കം

2, അച്ചേരി,

3. എയ്യള

4. ബേന്നൂർ

5. പരവനടിുക്കം

6. അഞ്ചങ്ങാടി

7. കാട്ടാമ്പള്ളി

8. മാണി

9. വയലാംകുഴി

10. തെക്കിൽ ഫെറി

11. ചെമ്പരിക്ക ടണൽ റോഡ് വശം

12, കോളിയടുക്കം, ബെണ്ടിച്ചാൽ പള്ളിക്കുസമീപം

പ്രശ്നങ്ങൾ

1.തൈര ഉക്രംപാടി ലൈൻ അപകടമേഖല ഒഴിവാക്കി റോഡുവഴി ആക്കണം.

2. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

3. പഞ്ചായത്തു പ്രദേശം മുഴുവൻ ഒരേ ഇലക്ട്രിക്ക് സെക് ഷൻ ഓഫീസിൻെറ കീഴിലല്ല

4. പ്രേഷണ വിതരണ നഷ്ടം സംഭവിക്കുന്നു

5. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും തെരുവുവിളക്കുകൾ ഇല്ല.

6എല്ലാ പട്ടിക ജാതി കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.

7 സ്റ്റെപ്പപ്പിന്റെ അമിതമായ ഉപയോഗംമൂലം മറ്റു വീടുകളിൽ വോൾട്ടേജ് തീരെ കുറയുന്നു.

8 വൈദ്യുതി ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ലന്ന അഭിപ്രായ മിക്ക ഗ്രാമസഭകളിലും ഉയർന്നു വന്നിരുന്നു.

9 വേനൽ കാലങ്ങളിൽ കാർഷിക ആവശ്യത്തിനുള്ള മോട്ടോർ പമ്പുകൾ വോൾട്ടേജ് ക്ഷാമംമൂലം പ്രവർത്തിക്കുന്നില്ല.

10 പവർക്കട്ട് ലോഡ്ഷെഡിങ്ങ് വൈദ്യുതി നൽകുന്നതിനുള്ള സങ്കീർണ ഉപാധികൾ എന്നിവ വ്യവസായ സംരംഭകരെ പുതിയ വ്യവസായംതുടങ്ങുന്നതിൽ നിന്ന് പിന്തിരിപ്പിക്കുൻന്നു.

11. ആഢംബരങ്ങൾക്കും, അലങ്കാരങ്ങൾക്കുമായി വൈദ്യുതി ദുർവിനിയോഗം ചെയ്യപ്പെടുന്നു.

12. വിറക് ക്ഷാമം രൂക്ഷമാണ്.

13. മണ്ണെണ്ണ പെർമിറ്റ്, ഗ്യസ് കണക്ഷൻ എന്നിവ ലഭിക്കുന്നില്ല.

14. ദക്ഷതകൂടിയ അടുപ്പുകളുടെ പ്രചാരണം ഇല്ലായ്മ. കേടുപാടുതീർക്കുന്നതിനുള്ള സാങ്കേതിക വിദഗ്ധരുടെ അഭാവം.

സാധ്യത

1. മൈലാട്ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുക

2. പ്രേഷണ വിതരണ രംഗത്തെ നഷ്ടം കുറക്കുന്നതിന് മരക്കൊമ്പുകൾ മുറിച്ചുമാറ്റുന്നതിനും മറ്റും പ്രാദേശികതലത്തിൽ സംവിധാനം ഉണ്ടാക്കണം.

3. ആവശ്യമായസ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

4. ബോർഡു ജീവനക്കാർ അവരുടെ സാമൂഹ്യ ബാധ്യത നിറവേറ്റാൻ തയ്യാറാവുകയും അതിനുതകുന്നവിധത്തിൽ ആ മേഖലയിൽ ക്രമീകരണപ്രവർത്തനങ്ങൾ ഉണ്ടാക്കുകയും വേണം.

5. ലൈനുകളുടെ തകരാറ് പരിഹരിക്കാൻ ബോർഡു ജീവനക്കാരുടെയും, പഞ്ചായത്തിന്റെയും, നേതൃത്വത്തിൽ വാർഡുതല സമിതികൾ രൂപീകരിക്കണം.

6. വയലാംകുഴിയിലെ കർഷകരുടെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി, നിർദ്ദിഷ്ട തെക്കിൽ ബന്താടുവഴിയിലുള്ള എച്ച്.ടി.ലൈനിന് വിഘാതമായുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായുള്ള ജനകീയ സമിതികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽരൂപീകരിക്കണം.

7. വൈദ്യുതി ബോർഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ ബഹുജന സമ്പർക്ക പരിപാടികൾ ആവിഷ്കരിക്കണം.

8.തരിശു പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നടുകയും,വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കുകയും വേണം.

9.ഇന്ധന ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്ത് വച്ചുപിടിച്ച മരങ്ങൾ നശിപ്പിക്കുന്നത് തടയാൻ നടപടികൾ സ്വീകരിക്കണം.

10.ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുക.

11.മണ്ണെണ്ണ പെർമിറ്റ്,ഗ്യാസ് കണക്ഷൻ എന്നിവ അനുവദിച്ചു കിട്ടുന്നതിനുള്ള വരുമാനം മാനദണ്ഡം ഉദാരവൽക്കരിക്കുകയും,ഇതിന്റെ പൂർണ്ണമായ നിയന്ത്രണം പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്പെടുത്തുകയും ചെയ്യുക.

12.ഗോബർ ഗ്യാസിന്റെ പ്രാദേശിക സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം.

13.തിരമാലയിൽ നിന്ന് ശാസത്രീയമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തണം.

14.താഴ്ന്ന വോൾട്ടേജിൽ താരതമ്യേന കൂടിയ പ്രകാശം പ്രദാനം ചെയ്യാൻ ശേഷിയുള്ള ബൾബുകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

15.സൂര്യപ്രകാശം,കാറ്റാടിയന്ത്രം എന്നിവ ഉപയോഗിച്ചുള്ള ഊർജ്ജലഭ്യതക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക.

16.കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണകണക്ഷനു വേണ്ടിയുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും,വൈദ്യുതി ഉപയോഗം പൂർണ്ണമായും സൗജന്യമാക്കുകയും ചെയ്യുക.

പട്ടിക-2

1ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് ആവശ്യമുള്ള സ്ഥലം .

1.തെക്കിൽ ഫെറി- തെക്കിൽ പാലം.

2.തെക്കിൽ ഫെറി-ബന്താട്.

3.തെക്കിൽ ഫെറി-പള്ളിക്കര കുനിക്കുന്ന്

4.ചട്ടഞ്ചാൽ ഹൈസ്കൂൾ -പാദൂർ-ബന്താട്.

5.ബെണ്ടിച്ചാൽ-പാദൂർ

6.എടയാട്ട് മൂടംബയൽ റോഡ്.

രണ്ടാം വാർഡ്

1.തെക്കിൽ-ഉക്രംപാടി.

2.ചട്ടഞ്ചാൽ-പളളത്തും കാൽ-ബിട്ടിക്കൽ

3.ചട്ടഞ്ചാൽ-തൈര.

മൂന്നാം വാർഡ്

1.ബിട്ടിക്കൽ കവല മുതൽ മുണ്ടോൾ പറമ്പ് വരെ.

2.പൊയിനാച്ചി സ്റ്റേഡിയം

3.മുണ്ടിയക്കാൽ പൊയിനാച്ചി.

നാലാം വാർഡ്

1.മീത്തലെ ബണ്ടിച്ചാൽ മുതൽ പുതിയ വളപ്പ് വരെ .

2.കോളിയടുക്കം-ബണ്ടിച്ചാൽ-ചട്ടഞ്ചാൽ വരെ.

അഞ്ചാം വാർഡ്

1:കോളിയടുക്കം മുതൽ ദേളിവരെ.

ആറാം വാർഡ്

1.തലക്കളായി ജംഗ്ഷൻ മുതൽ.കപ്പണയടുക്കം വരെ

2.കൊമ്പനടുക്കം-പെരുമ്പള കടവ് വരെ .

3.തായത്തൊട്ടി -ബേനൂർ.

4.കുണ്ടടുക്കം-പെരുമ്പള

5.കോളിയടുക്കം-കുണ്ടടുക്കം

6.തലക്കളായി-പെരുമ്പളക്കടവ് വരെ തോട്ടകരയിൽ.

ഏഴാം വാർഡ്

1.ചന്ദ്രഗിരിപ്പാലം-കൊമ്പനടുക്കം,കുപ്പണയടുക്കം റോഡ്

2.ചന്ദ്രഗിരിപ്പാലം മുണ്ടാലം കോളി യാട്ട് റോഡ് .

3. കോലാം തൊട്ടി കൊമ്പനടുക്കം റോഡ്.

4.കൊമ്പനടുക്കം പാലോത്ത് റോഡ്

5.ചെമ്മനാട് കടവ് മണൽ റോഡ്

6.ജമാത്ത് ഹൈസ്കൂൾ ലേസ്യക്ക് റോഡ്.

എട്ടാം വാർഡ്

1.തലക്കളായി ഭജന മന്ദിരം-പാലിച്ചയടുക്കം -കപ്പണയുടക്കം റോഡിൽ.

2.നെച്ചി പ്പടപ്പ് മുതൽ കൈന്താർ വരെ

3.പരവനടുക്കം മുതൽ കല്ലുവ ്പ്പ് വരെ

4.പരവനടുക്കം വളപ്പോത്ത്റോഡ്

5.പരവനടുക്കം-കോട്ടരുവം റോഡ്

ഒമ്പതാംവാർഡ്

1.മേൽപ്പറമ്പ് -ചളിയാം കോട് റോഡ്.

2.കൂവത്തൊടി-കണ്ണോത്ത് റോഡ്

3.തൈവളപ്പ് -മാനുമൂല

4.കോട്ടരുവം-പാക്കണ്ടം-കോളിയാട്

5.പരവനടുക്കം-കണ്ണോത്ത്

6.മേൽപ്പറമ്പ്-പള്ളിപ്പുറം

7.ദേളി എ.എം.എൽ.പി.സ്കൂൾ-അരമങ്ങാനം

പത്താം വാർഡ്

1.മേൽപ്പറമ്പ്-അരമങ്ങാനം റോഡ്

2.കൂവത്തൊട്ടി- അരമങ്ങാനം റോഡ്

3.മേൽപ്പറമ്പ് -വള്ളിയോട്ട് റോഡ്

പതിനൊന്നാം വാർഡ്

1.കൊമ്പമ്പാറ-കളനാട് റോഡ്വരെ

2.കളനാട് ന്യൂജംഗ്ഷൻ

3.അരമങ്ങാനം.

പന്ത്രണ്ടാംവാർഡ്

1.കളനാട് ഓവർ ബ്രിഡ്ജ്

2.നമ്പ്യാർ ഈച്ചൽ-അച്ചേരി റോഡ്

3.കൊക്കാൽ -പരിയാരം

പതിമൂന്നാം വാർഡ്

1.ചാത്തങ്കൈ ശവപ്പറമ്പ് റോഡ്

2.ചെമ്പരിക്ക കല്ലംവളപ്പ് റോഡ്

3.ചെമ്പരിക്ക ടണൽ റോഡ്

4.ചെമ്പരിക്ക റേഷൻ ഷാപ്പ് മുതൽ ബീച്ച് റോഡ് ജുമാ മസ്ജിദ് വരെ

5.മാണിമുതൽ ചാത്തങ്കൈ റോഡ്

6.പുതിയ വളപ്പ് ബീച്ച് റോഡ്

7.ഖാസി മുഹമ്മദ് കുഞ്ഞി മുസ്ലിയാർ റോഡ്

14ാം വാർഡ്

1.കീഴൂർ കടപ്പുറം റോഡ്

2.പള്ളയിൽ

15 ാം വാർഡ്

1.മേൽപ്പറമ്പ് മുതൽ കീഴൂർ വരെ

2.ചന്ദ്രഗിരി സ്കൂൾ ടണൽ റോഡ്

3.കയിനോത്ത് ടണൽ റോഡ്

4.പി.കുഞ്ഞാലി സാഹിബ് മുതൽ -കാടംങ്കോട് വരെ

5.ഇടുവൻങ്കാൽ ചാത്തങ്കൈ

മാർക്കറ്റ്

ചെമ്മനാട് പഞ്ചായത്ത് പരിധിയിൽ ഇതുവരെ ഒരു ആഴ്ച ചന്തയോ, മത്സ്യ-മാംസ ചന്തയോ ഉണ്ടായിട്ടില്ല പഞ്ചായത്തിലെ ജനങ്ങൾക്ക് മുഖ്യവിപണനകേന്ദ്രം 8കി.മീ.അകലെയുള്ള കാസറഗോഡ് തന്നെയാണ്. സ്വകാര്യമേഖലയിലെ കച്ചവടസ്ഥാപനങ്ങളാണ് ഭൂരിഭാഗവ് ഈ പരഞ്ചായത്തിൽ 3 മാവേലി സ്റ്റോർ പ്രവർത്തിക്കുന്നു. എങ്കിലും സ്വകാര്യമേഖലയിലെ കച്ചവടത്തിനാണ് മുൻ തൂക്കം ചെറിയതോതിലുള്ള ആവശ്യങ്ങൾക്ക് അതാത് പ്രദേശത്തുള്ള കൊച്ചുകൊച്ചുസ്ഥാപനങ്ങളേയാണ് ആശ്രയിക്കുന്നത്.

മത്സ്യ മാർക്കറ്റ് എന്നു പറയുന്ന ഒരു സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. തെക്കിൽ ഫെറി, ചട്ടംചാൽ, പൊയിനാച്ചി, കോളിയടുക്കം, മേൽപറമ്പ്, കളനാട്, പരവനടുക്കം , ചാത്തംകൈ, കീഴൂർ എന്നിവിടങ്ങളിലെ റോഡരികിലാണ് മത്സ്യവിൽപ്പന നടത്തുന്നത്. ഇറച്ചി വിൽപ്പന കേന്ദ്രങ്ങളും നിലവിലില്ല. ആട്, കോഴി, പോത്ത്തുടങ്ങിയവ പഞ്ചായത്തിൽ കൂടുതലായി ഉണ്ടെങ്കിലും ഒറ്റപ്പെട്ട വിൽപ്പന കേന്ദ്രങ്ങളാണ് ഉള്ളത്. വിൽപ്പന നടത്തിന്നതിന് ഒരു പ്രത്യേകവിൽപ്പന കേന്ദ്രം ഉണ്ടാക്കുന്നത് ഈ തൊഴിലിൽ ഏർപ്പെട്ടവർക്ക് പ്രയോജനമായിരിക്കും.

ആധുനികരീതിയിലുള്ള അറവുശാലകളില്ലാത്തതിനാൽ പലപ്പോഴും സമീപപ്രദേശങ്ങളിലെ കുടിവെള്ളം മലിനപ്പെടാനുള്ള സാധ്യത ഏറെയാണ്. അവശിഷ്ടങ്ങൾ മൂലമുണ്ടാകുന്ന പരിസരമലീനീകരണം വ്യാപകമായി നിലവിലുണ്ട്.

നാളികേരം, കശുവണ്ടി, അടക്ക, നെല്ല്, കിഴങ്ങവർഗങ്ങൾ, കുരുമുളക്, പച്ചക്കറികൾ എന്നിവയാണ്പ്രധാന ഉൽപ്പന്നങ്ങൾ. ഇത് വിറ്റഴിക്കാനുള്ള സംവിധാനം പഞ്ചായത്തിൽ തീരെ കുറവാണ്. കൊപ്ര, കശുവണ്ടി, അടക്ക എന്നിവയുടെ സംഭരണത്തിന് പഞ്ചായത്തിൽ സ്ഥിരമായി ഒരു സംവിധാനം ഉണ്ടാക്കിയാൽ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാൻ കഴിയും.

പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

1. സഹകരണ മേഖലയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ്, പഞ്ചായത്ത് ആസ്ഥാനമായ കോളിയടുക്കത്ത് ഉണ്ടാക്കണം

2. പച്ചക്കറി സാധനങ്ങളുടെ വിപണനത്തിന് സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കണം.

3. പ്രധാന കാർഷികോൽപ്പന്നങ്ങളായ കൊപ്ര, അടയ്ക്ക, നെല്ല്, എന്നിവയ്ക്ക് ഒരു സംഭരണകേന്ദ്രം ഉണ്ടാക്കണം

4. കശുവണ്ടിസംഭരിക്കാനുള്ള സംവിധാനം വിളവെടുപ്പോടെ ആരംഭിക്കണം.

5. കോളിയടുക്കം, പരവനടുക്കം, മേൽപറമ്പ് , ചട്ടംചാൽ, പൊയിനാച്ചി, കീഴൂർ എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റ് ഉണ്ടാക്കണം. പരിസരമലിനീകരണം ഒഴിവാക്കാനുള്ള മാരഗവും ഉണ്ട്ക്കണം.

6. ഇറച്ചി വിൽപ്പന കേന്ദ്രവും, അറവുശാലകളും, പഞ്ചായത്തിന്റെ അനുമതിയോടുകൂടി ഉള്ളതാണെന്നും, വേണ്ടത്ര വൃത്തിയോടു കൂടി, ഉള്ളതാണെന്നും ഉറപ്പുവരുത്തണം.

പരവനടുക്കം, കോളിയടുക്കം, ചട്ടഞ്ചാൽ, മേൽപറമ്പ്, കീഴൂർ എന്നിവിടങ്ങളിൽ ആഴ്ചചന്തകൾ ഉണ്ടാക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ മുഴങ്ങി ക്കേട്ടു. ഇത് വിപണന സൗകര്യത്തിന്റെ പഴയഗ്രാമീണശൈലിയുടെ ആവിർഭവമായി കാണാൻ കഴിയണം.

കാർഷികമേഖലയ്ക്ക് പുതുജീവൻ നൽകാൻ തയ്യാറെടുക്കുമ്പോൾ ആഴ്ചചന്തകൾ, അനുപേക്ഷണീയമാണ്. ഗ്രാമീണ ആഴ്ച ചന്തയോടെ കഴിന്നുത്ര ആശ്രയത്വവും, വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളുടെ തിരിച്ചുവരവ് സ്വാശ്രയത്വത്തിന്റെ ചവടുറപ്പിക്കാനും സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നുകയറാനും കഴിയും എന്നഉൾവിളി ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ടിരുന്നു.

7. ചട്ടഞ്ചാൽ വില്ലേജ് ഓഫിസിന് സമീപമുള്ള മൈതാനത്തിൽ ബസ്റ്റാൻറും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുയും ആഴ്ച ചന്ത തുടങ്ങുകയും ചെയ്യണം.

ഗതാഗതം

പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ടപെട്ട റോഡ്ശൃംഖലയാണുള്ളത്. 1950-നുശേഷമാണ് പഞ്ചായത്തിൽ സമഗ്ര റോഡ് വികസനത്തിന് തുടക്കം കുറിച്ചത്. ആദ്യകാലങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങളിലുടെ ഇടവഴികൾ റോഡാക്കി മാറ്റുകയാണുണ്ടായത്. പഞ്ചായത്തിലെ മിക്കവാറും റോഡുകൾ. സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഉണ്ടായതാണ്. റോഡുകൾ നിർമ്മിക്കേണ്ടത് സർക്കാരാണെന്ന ധാരണ വളർന്നതോടെ സന്നദ്ധപ്രവർത്തനങ്ങളോടുള്ള താൽപര്യവും സേവനോത്സുകതയും കുറഞ്ഞു വന്നു. ജനകീയാസൂത്രണ പ്രസ്ഥാനം നടപ്പിൽ വരുത്തിയംതോടെ സന്നദ്ധപ്രവർത്തിനുള്ള താൽപര്യം ഉണർന്നു വരുന്നുണ്ട് എന്നത് ആശാവഹമാണ്.

വികസനമെന്നാൽ റോഡാണെന്നത് അബദ്ധധാരണയാണെങ്കിൽ പോലും റോഡ് ജനജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണെന്ന കാര്യത്തിൽ സംശയമില്ല. യാത്രാസൗകര്യവും മെച്ചപ്പെട്ട വാണിജ്യ മേഖലകളുടെ നിലനിൽപ്പും റോഡിനെ ആശ്രയിച്ചിരിക്കുന്നു. താൽക്കാലികമായി സ്ഥലം സംഭാവനയായി നൽകിയാൽ പിന്നീട് റോഡിന്റെ വികസനത്തിനാവശ്യമായ സമീപനമല്ല സ്വീകരിച്ചുവരുന്നത്. ഈ പ്രവണത മാരുകയാണെങ്കിൽമാത്രമേ പ്രശ്നങ്ങൾ ലഘൂകരിച്ചുകൊണ്ട് പലറോഡുകളെയും വികസിപ്പിക്കാൻ കഴിയൂ.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 133.550 കി.മീ.ആണ്. ഇതിൽ 19.520കി.മീ.റോഡാണ്ടാർ ചെയ്തിട്ടുള്ളത്.മെറ്റൽ ചെയ്ത റേഡുകളുടെ നീള് 76.765കി.മീറ്റർ ആണ്. മറ്റള്ള മൺറോഡ് 37.265 കി.മീ.വരും. ഇടവഴികൾ റോഡാക്കി മാറ്റുമ്പോൾ നീരൊഴുക്കിനാവശ്യമായ സംവിധാനം ചെയ്യാതിരിക്കുക, റോഡിൽ നിന്ന് വെള്ളം ഒഴുകിപോകാനുള്ള ഓവുചാലുകൾ ശരിയാംവിധം നിർമ്മിക്കാതിരിക്കുക, ഓവുചാലുകൾ മൂടികൊണ്ടുള്ള സ്വകാര്യറോഡ് നിർമ്മാണം തുടങ്ങിയകാരണങ്ങളാൽ പലറോഡുകളും നശിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ ഭൂമിശാസത്രപരമായ കിടപ്പ് റോഡുവികസനത്തിനു സാരമായി ബാധിക്കുന്നു. ചെമ്മനാട് പഞ്ചായത്തിലെ അധികപ്രദേശങ്ങളും ചന്ദ്രഗിരിപ്പുഴക്ക് സമാന്തരമായി കിടക്കുനനതുകൊണ്ട് മഴക്കാലത്ത് ചിലപ്രദേശങ്ങൾ ഒറ്റപ്പെട്ടുപോവുകയും ഗതാഗതത്തിന് തടസമാവുകയും ചെയ്യുന്നു. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ചിലപ്രദേശങ്ങളിൽ നിന്ന് ജനങ്ങൾക്ക് വീടുവിട്ടിറങ്ങേണ്ടി വരുന്നു. എന്നാൽ ഇങ്ങനെ വീടുവിട്ടിറങ്ങേണ്ടിവരുന്ന ആളുകൾക്ക് താമസിക്കാനുള്ള ദുരിതശ്വാശകേന്ദ്രങ്ങൾ ഇല്ലാത്തതിന് ഏറെബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നു. പെരുമ്പളയിലാണ് ഈ പ്രശ്നം അനുഭവപ്പെടുന്നത്.

പഞ്ചായത്തിന്റെ വിസ്ത്രീർണ്ണാനുപാതികമായി റോഡ് സംവിധാനമുണ്ട്.

നാഷണൽ ഹൈവെ (എൻ.എച്ച്.17)പഞ്ചായത്തിലെ തെക്കിൽ ചട്ടംചാൽ എന്നീപ്രദേശങ്ങളിലൂടെ കടന്നുപോകുന്നതീനാൽ പഞ്ചായത്തിലെ ജനങ്ങൾക്ക് ദീർഘദൂരയാത്രക്ക് സൗകര്യം ലഭിക്കുന്നു. പഞ്ചായത്തിലെ പലവാർഡുകളിൽനിന്നും നാഷണൽ ഹൈവെയുമായി

ബന്ധിപ്പിക്കുന്നത് പഞ്ചായത്ത്, പി.ഡബ്ല്യു.ഡി. റോഡുകൾ ഉണ്ട്. തെക്കിൽ പാലം മുതൽ ചട്ടംചാൽവരെയുള്ള എൻ.എച്ചി. ൽ വളവുകൾ ധാരാളമുള്ളതിനാൽ ഇടയ്ക്കിടെ റോഡപകടങ്ങൾ ഉണ്ടാകുന്നു. അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി ചിലസംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അതു പരിമിതമാണ്.

കാസർഗോഡ്നിന്ന് കാഞ്ഞങ്ങാട് ഭാഗത്തേക്ക് പഞ്ചായത്തിൻെറ മധ്യഭാഗത്തുകൂടി കെ,എസ്.ആർ.ടി.സി.യുടെ ദേശസാൽകൃതറൂട്ടാണ് ഉള്ളത്. നിരവധിബസ്സുകൾ സഞ്ചരിക്കുന്ന മുണ്ടാങ്കൽ മുതൽ പരവനടുക്കം വരെയുള്ള റോഡിൽ ഇടയ്ക്കിടെ ഗതഗതതടസമുണ്ടാകുന്നുണ്ട്. ഇതൊഴിവാക്കാൻ ചന്ദ്രഗിരി അപ്രാച്ച് റോഡിൻെറ പണി എത്രയും വേഗം തീർക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ ഇപ്പോൾ ബസ്സ്ഗതാഗതം നടക്കുന്ന മുണ്ടാങ്കൽ, ദേളിജംഗ്ഷൻ വരെയുള്ള റോഡ് അടിയന്തിരപ്രാധാന്യത്തോടെ നന്നാക്കേണ്ടിയിരിക്കുന്നു. പ്രതീക്ഷയോടെ നിർമ്മാണം പൂർത്തിയാക്കിയ ചന്ദ്രഗിരിപ്പാലം ശരിയായരീതിയിൽ ഉപയോഗിക്കാൻ പഞ്ചായത്തിലെ ജനങ്ങൾക്ക് സാധിക്കാത്തതിൻെറ കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണ്.

പഞ്ചായത്തിലെ വാഹനങ്ങളുടെ എണ്ണം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിലെ ഏറെ തിരക്കേറിയ രണ്ട് ബസ്റ്റോപ്പുകളാണ് ചട്ടഞ്ചാൽ, മേൽപറമ്പ എന്നിവ ചട്ടഞ്ചാലിൽ യാത്രക്കാരുടെയും വാഹനങ്ങളുടെയും തിരക്കിനെ ഉൾക്കൊള്ളാൻ ആവുന്നില്ല. ബസ്സ് കയറാൻ വരുന്ന യാത്രക്കാർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു .ഗതാഗതതിരക്ക്മൂലം റോഡ് മുറിച്ചുകടക്കാൻ കഴിയുന്നില്ല. ചട്ടംഞ്ചാൽ കേന്ദ്രമാക്കി ബസ്സ്റൂട്ടുകൾ ഉണ്ട്. ഓട്ടോറിക്ഷ, ജീപ്പ്, ലോറി തുടങ്ങിയവയ്ക്ക് പാർക്ക് ചെയ്യാൻ സൗകര്യമില്ല. ആയതിനാൽ സമഗ്രലക്ഷ്യമാക്കി ഒരു ബസ്സ്സ്റ്റാൻറും ടാക്സി-ഓട്ടോസ്റ്റാൻറും നിർമ്മിക്കുന്നതിലൂടെ സങ്കീർണ്ണമായ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും.

പഞ്ചായത്തിലെ ചെമ്മനാട് മേൽപറമ്പ അപ്രോച്ച് റോഡ് പൂർത്തിയായാൽ ഈ പ്രദേശത്തെ ഏറെ ജനങ്ങൾക്ക് ഗുണകരമായിത്തീരും. യാത്രാക്ലേശം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ സാമാന്യം നല്ല റോഡുകൾഉണ്ടായിട്ടും ബസ്സ് സർവ്വീസ് ഇല്ലാത്തതിനാൽ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പഞ്ചായത്തിൽ മൊത്തം മെച്ചപ്പെട്ട റോഡ്ശൃംഖലയാണുള്ളതെങ്കിലും ചിലപ്രദേശങ്ങളിൽ ഗതാഗത സൗകര്യമുള്ള റോഡുകൾ തീരെ ഇലാത്ത അവസ്ഥയാണുള്ളത്. ഭൂരിഭാഗം പഞ്ചായത്തു റോഡുകളും ടാർ ചെയ്തിട്ടില്ല. ടാർ ചെയ്ത മിക്കറോഡുകളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ വഴിയാത്രക്കുപോലും പറ്റാത്ത അവസ്ഥയിലാണുള്ളത്.

മേൽപറമ്പ് ചട്ടംചാൽഎന്നീസ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡാണ് പഞ്ചായത്തിലെ പ്രധാന റോഡ്. ഈ റോഡ് ടാറിട്ടതാണെങ്കിലും ദേളി ജംഗ്ഷൻ മുതൽമേൽപറമ്പ് വരെ മുഴുവൻ പെട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. ദേളിജംഗ്ഷനിൽ നിന്ന് കാസറഗോഡ് പട്ടണത്തെ ബന്ധിപ്പിക്കുന്ന റോഡാണ് പരവനടുക്കം ചന്ദ്രഗിരിപ്പാലം റോഡ്. വളരെ ഇടുങ്ങിയതും വീതിയില്ലാത്തതുമായ ഈ റോഡിൽ യാത്ര സുഖകരമല്ല. ഈ റോഡിൽകൂടിയാണ് കാഞ്ഞങ്ങാട് ഭാഗത്തേക്കുള്ള കെ.എസ്.ആർ.ടി.സി.ബസ്സ് സർവ്വീസ് നടത്തുന്നത്. കാസർഗോഡ് നിന്ന് ചട്ടഞ്ചാൽ ഭാഗത്തേക്കും ഈ റോഡ് വഴി ബസ്സ് സർവ്വീസ് നടക്കുന്നു. മേൽപറമ്പുമായി ബന്ധിപ്പിക്കുന്ന ചെമ്പരിക്ക-കീഴൂർ, മേൽ പറമ്പ റോഡിൽബസ്സ്ഗതാഗതം നടക്കുന്നുണ്ട്. പ്രസ്തുതറോഡ് ടാർ ചെയ്തിട്ടുണ്ടെങ്കിലും വീതി കുറവായതിനാൽ ഗതാഗതത്തിന് ബദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ചെമ്മനാട്, കൊമ്പനടുക്കം, പെരുമ്പള, മുതലപ്പാറ, കോളിയടുക്കം, അണിഞ്ഞ എന്നീസ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് ഗതാഗതയോഗ്യമാക്കിയാൽ ധാരാളം ജനങ്ങൾക്ക് അത് പ്രയോജനകരമായിരിക്കും ബണ്ടിച്ചാൽ-മൂടംബയൽ റോഡ് ചട്ടഞ്ചാൽ പാദൂർ റോഡുമായി ബന്ധിപ്പിച്ച് ബസ്സ് സർവ്വീസ് ആരംഭിച്ചാൽ പ്രസ്തുത പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കാൻ കഴിയും അതുപോലെ തന്നെ തെക്കിൽ നാഷണൽ ഹൈവെയുമായി ബന്ധിപ്പിക്കുന്ന ഉക്രമ്പാടി തെക്കിൽറോഡും വികസന സാധ്യതയുള്ള റോഡാണ്. ചട്ടഞ്ചാൽ ബിട്ടിക്കൽ വരെ ബസ്സ്സർവ്വീസ് നടക്കുന്നുണ്ടെങ്കിലും മഴക്കാലമായാൽ പള്ളത്തുംകാൽവരെ മാത്രമേ സർവ്വീസ് നടത്താൻ കഴിയുന്നുള്ളൂ. അഞ്ചങ്ങാടി പാലിയടുക്കം വഴിയുള്ള റോഡ് ടാർ ചെയ്ത് പെരുമ്പള കോളിയടുക്കം റോഡുമായി ബന്ധിപ്പിച്ചാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് യാത്രാസൗകര്യം ലഭിക്കുന്നതാണ്.

ജലഗതാഗതം

ചെമ്മനാട് പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളെ തഴുകിക്കൊണ്ട് വടക്കുപടിഞ്ഞാറ് ഒഴുകുന്ന ചന്ദ്രഗിരിപ്പുഴയിൽ ജലഗതാഗതത്തിന് ഏറെ സാധ്യതകളുണ്ട്. പ്രസ്തുത ജലപാത സാക്ഷാത്കരിക്കുകയാണെങ്കിൽ തെക്കിൽ, വയലാംകുഴി, പെരുമ്പള, കീഴൂർ, തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കാസർഗോഡ് ടൗണുമായി ബന്ധപ്പെടാൻ വളരെയേറെ സൗകര്യം ലഭിക്കും. പഞ്ചായത്തിലെ ചെമ്പരിക്ക് കീഴൂർ, മേൽപറമ്പ, കളനാട്, കോളിയടുക്കം, പരവനടുക്കം , പെരുമ്പള, ചട്ടംഞ്ചാൽ, തൈര, ബിട്ടിക്കൽ, ചെമ്മനാട് തുടങ്ങിയ പ്രദേശങ്ങളിലേക്ക് കാസർഗോഡ്നിന്ന് കെ.എസ്.ആർ.ടി.സി,ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിൽ ഏറെ യാത്രാസൗകര്യം ഉണ്ടെങ്കിൽ കൂടിയും വയലാംകുഴി, കുണ്ട, അള്ളംകുളം പാദൂർ, കുണ്ട്യങ്ങാനം, താനൂർ, അണിഞ്ഞ്, ചാത്തങ്കൈ, ചെമ്പിരിക്ക,ലക്ഷംവീട് കോളനി,പെരുമ്പള,പാലിച്ചിയടുക്കം എന്നീപ്രദേശങ്ങളിലെ ജനങ്ങൾക്ക് ബസ്സ്സ്റ്റോപ്പിലെത്താൻ കിലോമീറ്ററുകളോളം നടക്കേണ്ടിവരുന്നു.

റെയിൽവെ

പഞ്ചായത്തിൽകൂടി 9 കി.മീറ്റർ നീളത്തിൽ റെയിൽവെലൈൻ കടന്നുപോകുന്നുണ്ട്. കാസർഗോഡ്, കോട്ടിക്കുളം റെയിൽവെസ്റ്റേഷനുകളുടെ ഇടയിലാണ് നമ്മുടെ പഞ്ചായത്തിൽ കൂടി ലൈൻ കടന്നുപോകുന്നത്. കളനാട് റെയിൽവെസ്റ്റേഷനിൽ പാസഞ്ചർ ട്രെയിനുകൾ മാത്രമാണ് നിർത്തുന്നത്. ജനങ്ങളുടെ യാത്രാസൗകര്യം കണക്കിലെടുത്ത് കളനാട് റെയിവെ സ്റ്റേഷൻ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പ്രസ്തുതലൈനിൽ 150

മീറ്റർ നീളത്തിലുള്ള തുരങ്കം കളനാട് ആണ് സ്ഥിതി ചെയ്യുന്നത്. റെയിവെ ലൈൻ കടന്നുപോകുന്നതിനാൽ ചാത്തകൈപ്രദേശത്തെ ജനങ്ങൾക്ക് റെയിൽപാത മുറിച്ച് കടക്കാനും മറ്റും ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു. ചാത്തങ്കൈയിൽ റെയിൽ കടന്നുപോകാനുള്ള റോഡ് ആവശ്യമാണ്.

ബസ്സ് സർവ്വീസ് സാധ്യതയുള്ള പ്രദേശങ്ങൾ

പാദൂർ-ബന്താട്-പാദൂർ ചട്ടഞ്ചാൽ റോഡ്

വയലാംകുഴി-കോളിയടുക്കം -കാസർഗോഡ്

അഞ്ചങ്ങാടി-പാലിച്ചിയടുക്കം- പെരുമ്പള

ചട്ടഞ്ചാൽ -ബണ്ടിച്ചാൽ -കോളിയടുക്കം

ഉക്രമ്പാടി-തെക്കിൽ-ചട്ടഞ്ചാൽ, കാസർഗോഡ്

നടപ്പാത

പഞ്ചായത്തിൻെറ പലപ്രദേശങ്ങളിൽ നിന്നും റോഡുകളുമായി ബന്ധപ്പെടാനുള്ള നടപ്പാതകൾ മഴക്കാലമായാൽ വെള്ളത്തിനടിയിലാകുന്നു. ആയതിനാൽ ഈ നടപ്പാതകൾ പുതുക്കി പണിയേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന നടപ്പാത നിർദ്ദേശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

കടത്ത്

പഞ്ചായത്തിൻെറ അതിർത്തിയായി ഒഴുകുന്ന ചന്ദ്രഗിരിപ്പുഴ കടന്ന് തൊട്ടടുത്ത പ്രദേശങ്ങളുമായി ബന്ധപ്പെടാൻ പലബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ പെരുമ്പള, ചേരൂർ എന്നീ സ്ഥലങ്ങളിൽ കടത്തുസംവിധാനമുണ്ടെങ്കിലും അതു പര്യാപ്തമല്ല. യാത്രക്കാർക്ക് കടക്കാനുള്ള തോണി ചെറുതായതിനാൽ അപകടസാധ്യത കൂടുതലാണ്. പെരുമ്പള കടവിൽ തോണിയപകടത്തിൽ 5 പേർ ദാരുണമായി കൊല്ലപ്പെട്ടത് പഞ്ചായത്തിലെ കടത്ത് സംവിധാനം പരിഷ്കരിക്കേണ്ടതായി സൂചിപ്പിക്കുന്നു. ചേരൂർ കടവിലും പെരുമ്പള കടവിലും വലിയ തോണികൾ എത്തിക്കുകയോ ആവശ്യമുള്ളിടത്ത് തൂക്കുപാലം നിർമ്മിക്കുകയോ ചെയ്താൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. നിലനിലുള്ള റോഡുകൾ വീതി കുറവാണ്.

2. പ്രധാനപ്പെട്ട റോഡുകളിൽ അപകടകരമായ വളവുകൾ ദേഷം ചെയ്യുന്നു.

3. റോഡിന് ഓവുചാലുകൾ ഇല്ലാത്തതിനാൽ വെള്ളം കെട്ടി നിന്ന് നശിച്ചുപോകുന്നു.

4. സ്വകാര്യവ്യക്തികൾ ഓവുചാലുകൾ മൂടിക്കൊണ്ട് റോഡുകൾ നിർമ്മിക്കുന്നു.

5. ഇടവഴികൾ റോഡാക്കി മാറ്റുമ്പോൾ പറമ്പിലെ വെള്ളം ഒഴുകിപോകാനുള്ള സംവിധാനങ്ങൾ നടത്തിയിട്ടില്ല.

6. റോഡ് നിർമ്മാണം വയലുകളിൽ വെള്ളക്കെട്ട് ഉണ്ടാക്കുന്നു.

7. ഉൾ പ്രദേശങ്ങളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ വാഹനഗതാഗതത്തിന് സൗകര്യമില്ല.

8. മിക്കപഞ്ചായത്ത് റോഡുകളും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നതിനാൽ വാഹനഗതാഗതത്തിന് കഴിയുന്നില്ല.

9. ടാർ ചെയ്ത റോഡുകളുടെ വശങ്ങൾ മണ്ണൊലിപ്പ് കാരണം കീഴിയായി കിടക്കുന്നു.

10. റോഡ്നിർമ്മാണം ശാസ്ത്രീയ രീതിയിലല്ല നടക്കിന്നത്.

11. നടപ്പാതകൾ മഴക്കാലത്ത് വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോകുന്നു.

12. റോഡിൻെറ ഇരുവശങ്ങളിൽ ടെലഫോൺ കേബിളുകൾ ഇടുന്നതിനുവേണ്ടി എടുക്കുന്ന കുഴികൾ കാരണം ഗതാഗതത്തിന് തടസമാകുന്നു.

13. റോഡിൻെറ വശങ്ങളിലുള്ള വൈദ്യുതി, ടെലഫോൺ പോസറ്റുകൾ പ്രശ്നമാകുന്നു.

14.ഏകീകൃതമായ റിക്ഷ, ടാക്സി കൂലിനിരക്ക് നിലവിലുണ്ടെങ്കിലും ഡ്രൈവർമാർ തോന്നിയ പോലെ ചാർജ് ഈടാക്കുന്നു.

15. കെ.എസ്.ആർ.ടി.സി.ബസ്സുകൾ സമയക്രമീകരണം പാലിക്കുന്നില്ല.

16. ഒറ്റ ബസ് സർവ്വീസുള്ള പ്രദേശങ്ങളിൽ ഇടക്കിടക്ക് മുടക്കം വരുന്നു.

സാധ്യതകൾ

1. നിലവിലുള്ള മുഴുവൻ ടാർ ചെയ്ത റോഡുകളും വീതി കൂട്ടി റീ-ടാർ ചെയ്യണം

2. മുഴുവൻ റോഡുകൾക്കും ഓവുചാലുകൾ നിർമ്മിക്കുകയും, ഓവുചാലുകൾ മൂടിക്കൊണ്ടുള്ള സ്വകാര്യറോഡ് നിർമ്മാണം കർശനമായി തടയികയും വേണം.

3. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം റോഡുകളിൽ കൾവർട്ട് നിർമ്മിക്കണം

പൊട്ടിപ്പെളിഞ്ഞുകിടക്കുന്ന പഞ്ചായത്തിലെ മുഴുവൻ റോഡുകും ടാർ ചെയ്യണം.

1. ചട്ടഞ്ചാൽ സ്റ്റോപ്പിൽ ഗതാഗതക്കുരുക്കുകളും അപകടങ്ങളും ഒഴിവാക്കാൻ പഞ്ചായത്ത് മൈതാനിയിൽ ഷോപ്പിംഗ് കോംപ്ലക്സോകൂടിയുള്ള ബസ്റ്റാൻെറ് പണിയണം

2. റോഡ് നിർമ്മാണത്തിനുള്ള ടെൻഡർ ജനകീയസമിതികൾക്ക് നൽകണം.

3. ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കണം.

4. പെരുമ്പള, ചേരൂൽ കടവിൽ വലിയ തോണി എത്തിക്കണം

5.ചന്ദ്രഗിരിപ്പുഴയിൽ ചേരൂൽ കടവിൽ തൂക്കുപാലം വേണം.

6. റെയിൽവെ പാലത്തിനോടനുബന്ധിച്ചുള്ള കീഴൂർ -തളങ്കര നടപ്പാത മെച്ചപ്പെടുത്തുക.

7. പഞ്ചായത്തിലെ ആവശ്യമുള്ളിടത്തൊക്കെ നടപ്പാത നിർമ്മിക്കണം.

8. ചന്ദ്രഗിരി -ചെമ്പരിക്ക, ഇടവുകാൽ-ചാത്തകൈ എന്നീറോഡുകളിൽ റെയിവെ ക്രോസ് പണിയണം.

9. കീഴൂർ മുതൽ തെക്കിൽ പാലം വരെ ജലഗതഗതത്തി നുള്ള സൗകര്യം ഏർപ്പെടുത്തണം.

10. റോഡ് നിയമങ്ങൾ കർശനമായി നടപ്പാക്കണം.

11. റോഡുവക്കിലുള്ള ഇലക്ട്രിക് , ഫോൺ പോസ്റ്റു കൾ മാറ്റിസ്ഥാപിക്കണം.

12. ചെമ്മനാട്, കൊമ്പനടുക്കം, പെരുമ്പള, കോളിയടു ക്കം, അണിഞ്ഞ, മാങ്ങാട് റോഡ് ബന്ധിപ്പിക്കണം.

നിലവിലുള്ള റോഡുകൾ

1 -ാം വാർഡ്

1. തെക്കിൽ ഫെറി -തെക്കിൽ പാലം-	430 മീറ്റർ
2. പഞ്ചായത്ത് കിണർ-ചോടത്തുവളപ്പ്-	150
3. തെക്കിൽ ഫെറി- തോട്ടുംബായി-	800
4. കൊവ്വൽ വാണിയം വളപ്പ്-	150
5. കൊവ്വൽ- വാണിയം കണ്ടം-	200
6. കൊവ്വൽ -ദേലംമ്പാടി -	350
7. ഫെറി-കൂനിക്കുന്ന്-	900
8. തെക്കിൽ-ഫെറി-	650
9. എൻ.എച്ച്.കാനം -	220
10. നോർത്ത് ചട്ടംചാൽമൂല-	500മീ
11. ചട്ടഞ്ചാൽ ഹൈസ്കൂൾ-പാദൂർ-	1300
12. പാദൂർ -ബന്താട്-	650
13. കൂനിക്കുന്ന്-ബന്താട്-	510
14. കൂനികുന്ന്-ദേലംപാടി-	530
15. ബെണ്ടിച്ചാൽ -പാദൂർ-	820
16. ബെണ്ടിച്ചാൽ- മൂഡംബയൽ-	900

2 ാം വാർഡ്

ചട്ടംചാൽ-തൈരക്കടവ്	2.200കി.മീ
പള്ളത്തുങ്കാൽ -കുന്നാറ-	1.500
മണ്ണ്യം - പള്ളത്തുംകാൽ	1.000
പുത്തരിയടുക്കം -കാന ത്തുംകുണ്ട്	1.500
പുത്തരിയടുക്കം മാണ്യം	1.500
പുത്തരിയടുക്കം ഉക്രംപാടി	2.000
അമരാപുരി-കുന്നാറ	0.500
തെക്കീൽപാലം ഉക്രംപാടി	2.500
പള്ളത്തുംകാൽ മാച്ചിപ്പുറം	1.000

3-ാം വാർഡ്

പി.ഡബ്ല്യു.ഡി. തെക്കിൽ ആലട്ടി-	3.000
പി.ഡബ്ല്യു.ഡി.പൊയിനാച്ചി ബെണ്ടിച്ചാൽ	3.600
ചട്ടംചാൽ മൈലാട്ടി (എൻ.എച്ച്)	3.കി.മി
കോലോംകുന്ന് റോഡ് മൈലാട്ടി	
ഹൈൗസിംഗ് കോളനി	
55 ാംമൈൽ തെക്കിൽ പറമ്പ സ്കൂൾ വഴി പറമ്പ	
പള്ളത്തുംകാൽ ബിട്ടിക്കൽ ഹരിജൻ കോളനി	
മൈലാട്ടി ഹൗസിംഗ് കോളനി പറമ്പ്	
പൊയിനാച്ചി ചെറുകര	
കുയ്യംകോട് ചാര പണിക്കൽ കോലോംകുന്ന് റോഡ്	

4 -ാം വാർഡ്

കുളിക്കുന്ന് അണിഞ്ഞ റോഡ്	1840
പള്ളം അണിഞ്ഞ	2000 മീറ്റർ
എയ്യള മൂശാരി വളപ്പ്	1634
കുളിക്കുന്ന് ആലിൻറടി	2000
വാണിയൻവീട് റോഡ്	1000
കടപ്പള്ളം അണിഞ്ഞ	1000
ബെണ്ടിച്ചാൽ അണിഞ്ഞ	1200
കനിംകുണ്ട് റോഡ്	3000
ബെണ്ടിച്ചാൽ ഒറ്റതെങ്ങ്	3000
കൊറക്കുന്ന് മൊട്ട	2000
കോളിയടിക്കം നടുവിൽ കുന്ന്	1500
ബണ്ടിച്ചാൽ മൂഡംവയൽ	1 കി.മീ
മത്തങ്കാൽ -മാവുങ്കാൽ	500മീ

5-ാം വാർഡ്

കോളനി -കുന്നുപാറ	1500 മീ.
കോളിയടുക്കം ലക്ഷംവീട്	400
പൊന്നോലപ്പാറ-കോന്ന്ത്തുമൂല	300
മുതലപ്പാറ - കുണ്ട	500
വലിയടുക്കം -കുണ്ട	300
കുണ്ടടുക്ക -പോറ്റവീട്	600
കുഞ്ഞടുക്കം - കല്ലിങ്കാൽ	300
പച്ചളം കര റോഡ്	300
കുഞ്ഞടുക്കം ചോളിയോട്	1.500
അണിഞ്ഞ ആലിൻറടി	625
ദേളി-കുന്നുപാറ	400
കല്ലിൽകടവ് -മണിയടുക്കം	500
വയലാംകുഴി -കോളിയടുക്കം	1കി.മീ
കോളിയടുക്കം-അണിഞ്ഞ-കൂളിക്കുന്ന്	1.850

6 ാംവാർഡ് .

കപ്പണ -കുറുക്കം വളപ്പ്	1140
ബേനൂർ-ചേടിക്കുണ്ട്	420
തലക്ലായി -ചേടിക്കുണ്ട്	440
പാലിച്ചിയടുക്കം തോട്ടുംബായി	350

കപ്പണയടുക്കം - പാട്ടംപള്ള	440
കുണ്ടടുക്കം ബേനൂർ	320
കക്കണ്ടം -ബേനൂർ	220
വിഷ്ണുപാറ- മാന്താട്ടി-	900
പെരുമ്പളക്കടവ് -ഉപ്പിരംകുളം	360
കുഞ്ഞടുക്കം പെരുമ്പള സ്കൂൾ	570
തലക്ലായി-ലക്ഷംവീട്	210
കണ്ണോത്ത് കുപ്പത്തൊട്ടി	750
പരവനടുക്കം വണ്ണാത്തിക്കടവ്	600
പരവനടുക്കം -ഹരിജൻ കോളനി	180

വാർഡ് 8

കൈന്താർ ലോഡ്ജ്മുതൽ -കൈന്താർ റോഡ്-	280
നെച്ചിപ്പടുപ്പ് -കൈന്താർ കുളം പാലിച്ചിയടുക്കം	730
പാലിച്ചിയടുക്കം ആലക്കയംറോഡ്	700
കോണത്തുമൂല നഞ്ചിൽ റോഡ്	210
കോണത്തുമൂല കാൽച്ചാമരം	300
കാവുങ്കാൽ പാലോത്ത്പള്ളി റോഡ്	170
കപ്പണയടുക്കം പാലോത്ത് പള്ളിവരെ	350
കപ്പണയടുക്കം മുത്തനാട് റോഡ്	475
കൊമ്പനടുക്കം -മനക്കോത്ത്	325
മാവില റോഡ്	400
മാവില തൊടുകുളം റോഡ്	175
ലേസ്യത്ത് പള്ളിറോഡ്	190
നൊച്ചിപ്പടുപ്പ് ബസ്റ്റേപ്പ് കൈന്താർ-	
കാൽച്ചാമരം റോഡ്	260
നെച്ചിപ്പടുപ്പ് ബസ്റ്റോപ്പ് മത്തിക്കണ്ണം വളപ്പ്	300
പരവനടുക്കം വളപ്പോത്ത് റോഡ്	300
പരവനടുക്കം ടൗൺ കൈന്താർ റോഡ്	275

വാർഡ് -9

പരവനടുക്കം കണ്ണോത്ത് റോഡ്	700
കണ്ണോത്ത് കൂവത്തൊട്ടി റോഡ്	730
ദേളി എൽ.പി.സ്കൂൾ ഉലജിജംഗ്ഷൻ	470
ദേളി സാദിയാ ജംഗ്ഷൻ അരമങ്ങാനം	
എം.എൽ.എ.റോഡ് വരെ	930
ദേളി വളപ്പ് കാവാലമുതൽ അരമങ്ങാനം	
ഗുളികസ്ഥാനം വരെ	1070
കൂവത്തൊട്ടി അരമങ്ങാനം റേഡ്	400
മാനുമൂല തൈവളപ്പ് റോഡ്	730
മാനുമൂല(തീര) തെക്കേക്കര റോഡ്	400
ചളിയംകോട്ഫെറി പഴയകടവ് റോഡ്	370
കടവത്ത്- ചന്ദ്രഗിരികോട്ടക്കവല റോഡ്	440
കോട്ടജംഗ്ഷൻ പള്ളപ്പുറം	300
പാക്കണ്ടം വടക്കേക്കര വയൽറോഡ്	210
കോട്ടരുവം പാക്കണ്ടം -	300
പരവനടുക്കം കോരുവം	440
കോരുവം എസ്.എച്ച്. കോളിയാട്ട് റോഡ്	704

10-ാം വാർഡ്

അരമംങ്ങാനം ഉലുജി	425
കൂവത്തൊട്ടി മാവ്ക്കോട്	435
മാവ്ക്കോട് പുലിക്കുന്ന് എം.സി. റോഡ്	400
മേൽപറമ്പ് വള്ളിയോട് പറമ്പ്	240
മേൽപറമ്പ് നയാബസാർ വള്ളിയോട്	450
മാവ്കോടങ്ങാനം മസ്ജിദ് റോഡ്	550
കൂവത്തൊട്ടി അരമംങ്ങാനം മരവയൽറോഡ്	200
അരമംങ്ങാനം ഹരിജൻ കോളനി	332

12-ാം വാർഡ്

നമ്പ്യാർ കീച്ചൽ പരിയാരം റോഡ്	510
കൊക്കാൽ ജംഗ്ഷൻ അച്ചേരി വിഷ്ണുക്ഷേത്രം	1കി.മീ
കൊക്കാൽ മാവില ജംഗ്ഷൻ വണ്ണാത്തിക്കുളം	270മീ
അച്ചേരി അമ്പലം ജംഗ്ഷൻ റോഡിൽ നിന്ന്	
അംഗൺവാടി റെയിൽവെട്രാക്ക്വരെ	584
കൊക്കാൻ അച്ചേരി നോമ്പിൾ പുഴ	555
അച്ചേരി കളരിക്കാൽ ശ്രീഭഗവതിക്ഷേത്രം	678
കൊക്കാൽ ദിനേശ് ബീഡി (പഴയത്) കമ്പനി	280
കൊക്കാൽ അംഗൻ വാടി കിഴക്കേക്കര തെരുവ്	
വെള്ളക്കുന്ന് ഭഗവതി ക്ഷേത്രം വരെ	385
ഓവർബ്രിഡ്ജ് ഇച്ചിലംകോൽ റോഡ്	625
മെയിൻ റേഡിൽ നിന്ന്	
തൊട്ടിയിലേക്കുള്ള റോഡ്	157
റെയിൽവെട്രാക്ക് വള്ളിവയൽ റോഡ്	160
ഇടുവങ്കാൽ വിഷ്ണുക്ഷേത്രം	
ചാത്തംകൈ റോയൽ കോട്ടേജ് വരെ	450
കൊക്കാൽ മാവിലെ ജംഗ്ഷൻ വയലായി റോഡ്	210

വാർഡ് 13

കീഴൂർ ചെമ്പരിക്ക ബീച്ച് റോഡ്	1105
കീഴൂർ ചെമ്പരിക്ക ടണൽ റോഡ്	725
ചെമ്പരിക്ക കല്ലംവളപ്പ്	1250
ചെമ്പരിക്ക മാണിറോഡ്	1,000
ചാത്തംകെനോമ്പിൽ പുഴറോഡ്	700

ചെമ്പരിക്കസ്കൂൾ മഖാം റോഡ്	160
ചാത്തംകൈശവപ്പറമ്പ് റോഡ്	300
പുതിയവളപ്പ് ബീച്ച്റോഡ് '	400
ഖാസി.സി, മുഹമ്മദ് കുഞ്ഞി മുസ്ലാർ റോഡ്	400
ടെമ്പിൾ കല്ലുവളപ്പ് റോഡ്	425

14- ാം വാർഡ്

കീഴൂർ പടിഞ്ഞാറ് തെക്ക് വടക്ക് റോഡ് തീരം	1.250
കീഴൂർ ജമാമസ്ജിദ് പടിഞ്ഞാറ് റോഡ്	400
കീഴീർ ജംഗ്ഷൻ കുമ്പഭഗവതി ക്ഷേത്രം	175
കീഴൂർ ജംഗ്ഷൻ ചെമ്പരിക്കറോഡ്	685
കീഴൂർ ജംഗ്ഷൻ പൊയ്യ്പ്പാട് റോഡ്	375
മമ്മിഹാജി തോട് റോഡ്	85
കീഴൂർ കാട്ടുവളപ്പ് റോഡ്	150

15 ാം വാർഡ്

ഒറവും കര കടവത്ത് റോഡ്	600
ജി.എച്ച് .എസ്സ്.ചന്ദ്രഗിരി ചെമ്പരിക്ക	1540
ആശുപത്രിറോഡ്	120
കുന്നരിയത്ത് ശ്മശാനം റോഡ	240
മേൽപറമ്പ് ടണൽ റോഡ്	1480
കടവുംകോട് ഇടുവുങ്കാൽ റോഡ്	750
ജി.എച്ച്.എസ്സ്.ചന്ദ്രഗിരി പാറക്കുളം റോഡ്	300
മീത്തൽ വീട് സൊസൈറ്റി നടവഴി	60
ഇടവുംഗാൽ ചാത്തംകൈറോഡ്	850

ആവശ്യമുള്ള പുതിയ റോഡുകൾ

വാർഡ് 1

1.പാണൂർ മൂല -തെക്കിൽ ഫെറി

2. തെക്കിൽ ഫെറി -ബാന്താട് -മൂഡംവയൽ

3.തെക്കിൽ -പള്ളിക്കര -ആച്ചിറ വളപ്പ്

വാർഡ് 2

4. അമരാപുരി -മാണിയടുക്കം -ഉക്രംപാടി

4.(എ). മാണിയടുക്കം -തൈരകോളനി വടക്കുവരെ

5. ഉക്രംപാടി-തൈര

6. അമരാപുരി -തൈര

7. അമരാപുരി -പുത്തരിയടുക്കം -തെക്കിൽപറമ്പ

8. പുത്തരിയടുക്കം -ആദൂർ-മണ്ണ്യം

9. പുത്തരിയടുക്കം -മണ്ണ്യം

10. ബിട്ടിക്കൽ - മുണ്ടോൾ

11. കാനത്തും കുണ്ട്-തൈര

12. പള്ളത്തും കാൽ -മാച്ചിപ്പുറം

വാർഡ് 3

1.ബിട്ടിക്കൽ മുതൽ കോലാംകുന്ന് വഴി കരിച്ചേരിപാലം വരെ

2, 55 മുതൽ കുളിയം മൊട്ട - ബെണ്ടിച്ചാൽ

3. പ്രിയദർശിനി ബസ്റ്റോപ്പ് മുതൽ എം.എൽ.എ.റോഡ് വരെ

4. പൊയ്ക്കോട് ചാൽ വഴി കരിച്ചേരി

5. ചെറുപുരവയൽ തെക്കിൽപറമ്പ് സ്കൂൾ വഴി പുന്നാറ്റവരെ

6.മൈലാട്ടിയിൽ നിന്ന് രാജീവ് കോളനി വരെ

7. പൊയിനാച്ചി പുള്ളത്തുങ്കാൽ നിന്ന് ഹരിജൻ കോളനി വരെ

8. പറമ്പ നിന്ന് ആലിങ്കാൽ വഴി പൊയിനാച്ചിവരെ

9. തെക്കിൽ പറമ്പ നിന്ന് മുണ്ടക്കാൽ വരെ

10. പൊയിനാച്ചിയിൽ നിന്ന് ആടിയം വഴി ഉദുമവരെ

11. പൊയിനാച്ചിയിൽ നിന്ന് മുണ്ടോൾ റോഡ്വരെ

12. പൊയിനാച്ചിയൽ നിന്ന് തെക്കേക്കടവ് റോഡ് വരെ

13. പറമ്പ് ബസ്റ്റോപ്പിൽ നിന്ന് ഉദുമ എം.എൽ.എ.റോഡ് വരെ

14. ഞാനിക്കടവ് മുതൽ പറമ്പ് വരെ

15. ഹൈവേയിൽ നിന്ന് പൊയിനാച്ചി മൊട്ടവരെ

വാർഡ് 4

19. കൊറക്കുന്ന് മൊട്ട- ബണ്ടിച്ചാൽ സ്കൂൾ

20. കടപ്പള്ളം -അണിഞ്ഞ -കൂളിക്കുന്ന്

21. മൊയ്തീൻ പള്ളി -ഒറ്റതെങ്ങ്

22. കോളിയടുക്കം - കോളാരംകിണ്ട്

23. ബയാക്കനടി - മ്മെന്മകാച്ചുമൂല

24. കൂളിക്കുന്ന് -അണിഞ്ഞ - കോളിയടുക്കം

വാർഡ് 5

25 ഉപ്പിരം കുളം -നടുവിൽ കുന്ന്

26. കുണ്ട അംഗൻവാടി -ചാക്കട്ടക്കാൽ

27ചന്ദ്രഗിരിപ്പാലം- കൊമ്പനടുക്കം

പെരുമ്പള- മുതലപ്പാറ കോളിയടുക്കം

അണിഞ്ഞ -മാങ്ങാട്

28. ചാളക്കാട്- വയലാംകുഴി

29. അണിഞ്ഞ- കാപ്പുങ്ങാനം

30- കുഞ്ഞടുക്കം - മൂലവളപ്പ്

വാർഡ് 6

31 തായത്തൊടി-ബേനൂർ -കക്കണ്ടം

31.(എ). വിഷ്ണുപാറ -കാലിയംതൊടി ബേനൂർ

32. ചിറവാതുക്കൽ പട്ടയിൽ -തലക്കണ്ടം

33. പട്ടയിൽ - ചെല്ലൂഞ്ഞിമൂല

ചിറവാതുക്കൽ -സ്കൂൾ റോഡ്

വാർഡ് 7

34. കൊമ്പരനടുക്കം - ചാമക്കാട്

വാർഡ് 8

35 പരവനടുക്കം-വളപ്പോത്ത് -ഹൈവെറോഡ്

36. കുനിയിൽ-പാലോത്ത്

37. കുനിയിൽ -കരക്കാകാൽ

38. കൊമ്പനടുക്കം -മുത്തനാട്

39. നെച്ചിപ്പടപ്പ് -വാഴവളപ്പ്

40. നെച്ചിപ്പടപ്പ് -ചാളക്കാൽ

41. നെല്ലിപ്പടപ്പ് -കൈന്താർ

42. മാവില റോഡ് - തൊടിക്കുളം - കാട്ടാമ്പള്ളി

43. കപ്പണയടുക്കം -തളത്തൂർ മൂല- കാവുങ്കാൽ-കരക്കാൽ

44. കുനി-ലേസ്യം -ഹൈവേ

45. പരവനടുക്കം -നെച്ചിപ്പടപ്പ്

വാർഡ് 9

46. കൂവത്തൊട്ടി - കണ്ണോത്ത്-പരവനടുക്കം

47. ചളിയം കോട് -പള്ളിപ്പുറം -മേൽപറമ്പ

48. പാക്കണ്ടം - കോളിയാട് സ്റ്റേറ്റ് പാത

49. തായന്നൂർ സ്റ്റേറ്റ് ഹൈവേ-തൈരവളപ്പ് -മാനുമൂല

50. ചളിയംകോട് - മായിക്കച്ചേരി - മേൽപ്പറമ്പ

51. കുതിരക്കോട് റോഡ്

വാർഡ് 10

52. പള്ളിയോട് പറമ്പ് ഹൗസ് -കൂളിക്കുണ്ട്

53. ബാണിയൻ മൂല-ചേടിക്കമ്പനി റോഡ് -അരമങ്ങാനം

54. കൂവത്തൊട്ടിറോഡുമായി ബന്ധിപ്പിക്കണം

55. കൂവത്തൊട്ടി-മാക്കോട്

56. മേൽപ്പറമ്പ - മാക്കോട്ട് -അരമങ്ങാനം

57. മേൽപറമ്പ എൽ.പി.സ്കൂൾ -കൂളിക്കുണ്ട്

വാർഡ് 11

58. ബാണിയർമൂല- അരമങ്ങാനം വയൽ

59. ചോയിച്ചിങ്കാൽ -അയ്യങ്കോൽ തൊട്ടി

60. കെ.പി. അസീസ് റോഡ് -അയ്യങ്കോൽ

61. കളനാട് ജമാമസ്ജിദ് - പൂളംതൊട്ടി

വാർഡ് 12

62 കൊക്കാൽ -അച്ചേരി -നൂമ്പിൽ പ്പുഴ- റെയിവെട്രാക്ക് -ചാത്തങ്കൈ.

63. കൊക്കാൽ- വണ്ണാത്തിക്കുളം-അച്ചേരി അമ്പലം

64. കൊക്കാൽ മാവില ജംഗ്ഷൻ -വണ്ണാത്തിക്കുളം-ഉദുമ പരിയാരം റോഡ്.

65. അച്ചേരി-കളരിക്കൽ ഭഗവതി ക്ഷേത്രം -ഓവർബ്രിഡ്ജ്.

66. കൊക്കാൽ ദിനേശ്ബീഡി കമ്പനി -മെയിൻ റോഡ്

67. കൊക്കാൽ അംഗൻവാടി -കിഴക്കേതെരു

68. വള്ളിക്കുന്ന് - ഭഗവതിക്ഷേത്രം

69. റെയിൽവെട്രാക്ക് -പള്ളിവയൽ റോഡ്

70. അച്ചേരി അമ്പലം- കോട്ടക്കുന്ന്

വാർഡ് 13

71. ചാത്തങ്കൈ- മാണിക്കച്ചേരി

72. കല്ലുവളപ്പ്- കടവ്

73. ഖാസിറോഡ്- ബീച്ച് റോഡ്

74. മാണി- അച്ചേരി

വാർഡ് 14

75. കീഴൂർ അഴിമുഖം- വാർഡ് അതിർത്തി

76. കീഴൂർ ജംഗ്ഷൻ - പള്ളി

77. കീഴൂർ ജുമാമസ്ജിദ്-റെയിൽവെ സ്റ്റേഷൻ

78. തെരുവത്ത്- റെയിൽവേ തുരങ്കം

79. പള്ളിമുതൽ -പുഴക്കരവരെ

80. കീഴൂർ ജുമാമസ്ജിദ്-കടപ്പുറം

വാർഡ് 15

81. കടവത്ത് മസ്ജിദ് - കളനാട് റെയിൽവെ സ്റ്റേഷൻ

82. കളനാട്- ഓൾഡ് എൽ.പി.സ്കൂൾ-കളനാട് റെയിൽവെ സ്റ്റേഷൻ

83. ജി.എച്ച്.എസ്സ്. ചന്ദ്രഗിരി-ചന്ദ്രഗിരിക്കോട്ട

പുതിയ നടപ്പാത ആവശ്യമായ സ്ഥലം

1. കലിംഗാൽ- കുണ്ടടുക്കം

2. കുണ്ട- കുളങ്കര

3. പാലോത്ത്- പള്ളി-- പള്ളം

4. കപ്പണയടുക്കം റോഡ് മുതൽ - മടിക്കാൽ പള്ളം

5. മുത്തനാട്- പാലോത്ത് നടപ്പാത

6. ഹൈവേ വളപ്പോത്തുമുതൽ അരയാൽ വളപ്പുവരെ

7., കല്ലുവളപ്പുമുതൽ ജുമയത്തു ഹൈസ്കൂൾ വരെ

8. മേലത്ത് വീട് (പെരുമ്പള) കരുവാക്കോട്

9. മേലത്തുവീടുമുതൽ വപ്പള്ളിയോട് മൂല വരെ

10. ചിറവാതുക്കൽ -ചെലുഞ്ഞിമൂലവരെ

11. ചിറവാതുക്കൽ താലക്കണ്ടം വഴി ഇപ്പിരം കുളം വരെ

12. അച്ചേരിയിൽ നിന്ന് കോട്ടക്കന്നു വരെ

13. മേൽപറമ്പ് പൊതുകിണറിൻെറ വടക്കുഭാഗത്തു നിന്ന് ചന്ദ്രഗിരിസ്കൂളിലേക്ക്.

14. തായന്നൂരിൽ നിന്ന് ചളിയംകോടുവരെ

15. തായന്നൂർ സ്റ്റേറ്റ് ഹൈവെമുതൽ കണ്ണോത്തുവരെ

16. തായന്നൂർ മുതൽ കരിമ്പുവളപ്പ് തോടുവരെ

17. കോട്ടരുവം- കോളിയാട്

18. കപ്പണയടുക്കം -ചെല്ലുഞ്ഞി

19. മഞ്ചംകൊട്ടുങ്കാൽ -മാളിയാക്കൽ

20. തലക്കളായി മൊട്ടുംകുഴി

21 വറത്തോട് -കാലിയം തൊടി

22. മാച്ചിനടുക്കം അത്തിക്കാർ

23. പരവനടുക്കം - ഹരിജൻ കോളനി - മണിയങ്ങാനം

24. ദേളി ശ്രീപുരം - തായത്തൊടി

25. പാലച്ചിയടുക്കം - താലിത്താടി മൂല

26. കുറക്കം വളപ്പ്- ചിറവ്തുക്കൽ

27. ബേനൂർ -മാടിക്കാൽ

28. ദേളി കണ്ണോത്ത

29. കുന്നാറ ബിട്ടിക്കൽ റോഡിൽ നിന്ന് മുണ്ടോൾ റോഡ് വരെ

പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടെ പട്ടിക

ക്രമനമ്പർ	വാഹനം	എണ്ണം
1.	ഓട്ടോറിക്ഷ	178
2.	കാർ	103
3.	മിനി ലോറി	34
4.	ലോറി	57
5.	മോട്ടോർ സൈക്കിൾ	113
6.	സൈക്കിൾ	412

വികസനരേഖ



ആശംസകളോടെ.....



ജാമിയ സ:അദിയ അറബിയ്യ

ദേളി

കളനാട് പി.ഒ.
കാസറഗോഡ്
671317

പാർപ്പിടവും സാമൂഹ്യക്ഷേമവും

തെക്കിൽ, കളനാട്, പെരുമ്പള, ചെമ്മനാട് എന്നീ ഗ്രാമങ്ങളുൾപ്പെടുന്നതാണ് ചെമ്മനാട് ഗ്രാമ പഞ്ചായത്ത്. ഭൂരിഭാഗവും നിമ്നോന്നത പ്രദേശങ്ങളായ ഈ പഞ്ചായത്തിലെ തെക്കിൽ, ചെമ്മനാട്, പെരുമ്പള വില്ലേജുകളുടെ ചെറിയൊരു ഭാഗം നദിക്കരകളും കളനാട് വില്ലേജിൻെറ ഒരു ഭാഗം തീരപ്രദേശ മുൾക്കൊള്ളുന്നതുമാണ്.

വീടു നിർമ്മാണത്തിൻെറ അനുപാതം വർഷംതോറും കൂടി വരികയാണ്. കാർഷിക മേഖലയെ അവഗണിച്ച് മിക്കവരും ഗൾഫ് മേഖലാ സ്വാധീനത്തിലാണ്. പുതുതായി നിർമ്മിക്കുന്ന വീടുകൾ മിക്കതും ഓടിട്ടതോ കോൺക്രീറ്റോ ആണ്. ഓല മേഞ്ഞ വീടുകളുടെ എണ്ണം വർഷം തോറും കുറഞ്ഞു വരികയാണ്. പുതുതായി നിർമ്മിക്കുന്നവയിൽ കോൺക്രീറ്റ് വീടുകൾക്കാണ് മുൻഗണന നൽകുന്നത്. പഞ്ചായത്തിൽ മൊത്തം 9718 വീടുകളാണ് ഉള്ളത്. ഇതിൽ ഓല മേഞ്ഞവ 7%വും ഓടുമേഞ്ഞവ 67%വും കോൺക്രീറ്റ് വീടുകൾ 26%വും ബാക്കിയുള്ളവ 1% മറ്റു വിഭാഗത്തിൽ പെടുന്നതുമാണ്. പഞ്ചായത്തിലെ 15 വാർഡുകളിലായി നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം പട്ടിക I ൽ കൊടുക്കുന്നു.

ഓലമേഞ്ഞ വീടുകളിൽ പൂർണ്ണമായും ഓടുമേഞ്ഞവയിൽ ഭൂരിഭാഗവും പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവയാണ്. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഇതിനുള്ള കാരണം. 3, 4, 5 വാർഡുകളിലാണ് ഓലമേഞ്ഞ വീടുകൾ കൂടുതലുള്ളത്. തീരപ്രദേശങ്ങളിൽ അടുത്തടുത്തായി സ്ഥിതി ചെയ്യുന്ന വീടുകൾ സാമൂഹ്യ പ്രശ്നങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു.

ഇടത്തരക്കാർക്ക് വീടുനിർമ്മാണത്തിൽ സാമ്പത്തിക ബാദ്ധ്യത ഏറുകയാണ്. പലരും ഇടയ്ക്ക് വച്ച് പണി നിർത്തുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്നു. സാധനങ്ങളുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, സ്വന്തമായി സ്ഥലമില്ലായ്മ എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. വീടിൻെറ ആധുനികതയിലാണ് പലർക്കും ശ്രദ്ധ. അതിനാൽ ആരോഗ്യപരമായ ധർമ്മത്തെ അവഗണിക്കുന്നു. പഞ്ചായത്തിൽ 9 ഹരിജൻ കോളനികൾ ഉണ്ട്.

1. ചട്ടഞ്ചാൽ ചക്കിയ കോളനി
2. പുത്തരിയടുക്കം ഹരിജൻ കോളനി
3. കുന്നാറ- ബിട്ടിക്കൽ ഹരിജൻ കോളനി
4. പാദൂർ ഹരിജൻ കോളനി
5. അരമങ്ങാനം ഹരിജൻ കോളനി
6. കളനാട് ഹദ്ദാദ് നഗർ ഹരിജൻ കോളനി
7. പരവനടുക്കം ഹരിജൻ കോളനി
8. പെരുമ്പള കുറ്റിയാട്ട് ഹരിജൻ കോളനി
9. തൈര ഹരിജൻ കോളനി

ഇതിനു പുറമേ കോളിയടുക്കം, പരവനടുക്കം, ചെമ്പരിക്ക, ചട്ടഞ്ചാൽ എന്നിവിടങ്ങളിലെ ലക്ഷം വീടു കോളനികളും, കീഴൂരിൽ ഒരു ഫിഷറീസ് കോളനിയും മൈലാട്ടിയൽ രാജീവ് ദശലക്ഷം കോളനിയും ഈ പഞ്ചായത്തിലുണ്ട്. കോളനികളിലെ വീടുകളുടെ നില ശോചനീയമാണ്. മിക്കതിലും പ്രാഥമിക സൗകര്യങ്ങൾ

പോലുമില്ല. ദുർബല വിഭാഗങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല. സർക്കാർ അനുവദിക്കുന്ന പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ മുഴുവൻ ആളുകൾക്കും ലഭ്യമാക്കുന്നതിന് വേണ്ടി പ്രത്യേക പരിഗണന നൽകേണ്ടിയിരിക്കുന്നു.

പാർപ്പിടരംഗത്തെ പ്രധാനപ്രശ്നം സാമ്പത്തികമാണ്. LIC, ജില്ലാസഹകരണബാങ്ക്, ഹൗസിങ്ങ്ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും നിയമപരമായ നടപടികളുടെ കുരുക്കിൽ പെട്ടും കാലതാമസം കൊണ്ടും സ്വകാര്യ ഇടപാടുകാരെ ആശ്രയിക്കേണ്ടി വരുന്നു. തന്മൂലം ഉയർന്ന പലിശ നിരക്ക് നൽകേണ്ടി വരികയും ചെയ്യുന്നു. അങ്ങനെ ഗുണഭോക്താവ് തികഞ്ഞ സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങുന്നു.

അടുത്തകാലത്തായി വീടുവെക്കുന്ന മിക്കവരും പാടങ്ങൾ നികത്തിയാണ് വീടുനിർമ്മിക്കുന്നത്. പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും മൂന്നുവിളപാടങ്ങൾ വീടുനിർമ്മാണത്തിനും തെങ്ങ്- കവുങ്ങ് കൃഷികൾക്കുമായി വഴിമാറിക്കൊടുത്തു എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടിരിക്കുന്നു. നെൽ വയലുകളുടെ വിസ്തൃതി തീർത്തും കുറവാണ്. ഇത് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കും എന്ന കാര്യം നിസ്തർക്കമാണ്.

പഞ്ചായത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളികളുടെ എണ്ണം വളരെ അധികമാണ്. തൊഴിലാണെങ്കിൽ വളരെ പരിമിതവുമാണ്. മൊത്തം ജനസംഖ്യയിൽ 15% ത്തോളം കെട്ടിടനിർമ്മാണത്തൊഴിലാളികളാണ്. ആവശ്യത്തിനനുസരിച്ച് കെട്ടിടനിർമ്മാണത്തോത് പഞ്ചായത്തിൽ വർദ്ധിക്കുന്നില്ല. 91-96 കാലയളവിൽ വിവിധ വാർഡുകളിലായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ പട്ടിക മേൽപറഞ്ഞ കാര്യം വ്യക്തമാക്കുന്നു. (പട്ടികII)

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ

1. സാധന സാമഗ്രികളുടെ വില വർദ്ധനവ്

2. ചിലവ് കുറഞ്ഞ വീടു നിർമ്മാണ സാങ്കേതിക വിദ്യയുടെ അഭാവം

3. കോളനികളുടെ ശോചനീയാവസ്ഥ

4. വയലുകൾ നികത്തപ്പെടുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

5. പാർപ്പിടങ്ങളിൽ കുടിവെള്ളം, കക്കൂസ്, വൈദ്യുതി, ഗതാഗതസൗകര്യങ്ങൾ എന്നിവയുടെ അഭാവം

6. വീടു നിർമ്മിക്കാനുള്ള സ്ഥലത്തിൻെറ പരിമിതി

7. സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ

സാധ്യതകൾ

1. ഭവനവായ്പ നൽകുന്നതിന് പ്രത്യേക സഹകരണസംഘം സ്ഥാപിക്കുക.

2. കെട്ടിടനിർമ്മാണത്തിനു വേണ്ടി നൽകുന്ന ധനസഹായങ്ങൾക്കുള്ള ഉപാധികൾ ലഘൂകരിക്കുക. പലിശ നിരക്ക്, അടവുസംഖ്യയുടെ തോത് എന്നിവ കുറക്കുകയും തിരിച്ചടവിനുള്ള കാലയളവ് കൂട്ടുകയും ചെയ്യുക.

3. പാവപ്പെട്ടവർക്കുള്ള ഭവനവായ്പാ പദ്ധതികളിൽ സാധന- സാമഗ്രികളുടെ വില കുറച്ചു നൽകുക.

4. പഞ്ചായത്തിലെ കോളനികളിലെ പ്രശ്നം പഠിക്കുകയും അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ

സ്വീകരിക്കുകയും ചെയ്യുക.

5. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടപ്പിലാക്കുക.

6. ചിലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

7. സഹകരണസ്ഥാപനങ്ങൾ വഴി ഭവനനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുക.

8. ഭവനിർമ്മാണത്തിന് പ്രാദേശിക വിഭവങ്ങൾ ഉപയുക്തമാക്കുക.

9. ഭൂരഹിതരായ പാവപ്പെട്ടവർക്ക് വീടുവെക്കാനാവശ്യമായ സ്ഥലവും അതുപോലെ സ്ഥലം ഉള്ളവർക്ക് വീടുണ്ടാക്കിക്കൊടുക്കാനും പഞ്ചായത്തിൽ നിന്ന് സഹായം ചെയ്യുക.

10. ആഡംബര പൂർണ്ണമായ വീടു നിർമ്മാണം പ്രചാരണങ്ങളിലൂടെ നിരുത്സാഹപ്പെടുത്തുക.

11. പഞ്ചായത്തിലെ മുഴുവൻ ഓലമേഞ്ഞ വീടുകളും മാറ്റി നിർമ്മിക്കാനുള്ള ധന സഹായം നൽകുക.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മിച്ചഭൂമി, പുറമ്പോക്ക് സ്ഥലങ്ങൾ അർഹതപ്പെട്ടവർക്ക് നൽകി രാഷ്ട്രീയ സമൂഹ്യ സഹകരണ പ്രസ്ഥാനങ്ങളുടെ സഹകരണത്തോടു കൂടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമയ ബന്ധിതമായി മുഴുവൻ കുടുംബങ്ങൾക്കും സ്വന്തമായി ഒരു വീട് യാഥാർത്ഥ്യമാക്കി കൊടുക്കുകയും വേണം.

സാമൂഹ്യക്ഷേമം:

വികസന പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹ്യക്ഷേമ നിലവാരത്തിൽ കാതലായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് .പക്ഷേ ഇതു മൂലം ലഭിച്ച ഗുണ നിലവാരത്തോത് മതിയായതല്ല. ഈ സാഹചര്യത്തിൽ വിവിധ ക്ഷേമ പദ്ധതികൾ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

ഐ . ആർ. ഡി. പി. സർവ്വേ പ്രകാരം ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്കു താഴെ 2987 കുടുംബങ്ങളാണുള്ളത്. ഇതിൽ 64 കുടുംബങ്ങൾ പട്ടിക ജാതി കുടുംബങ്ങളിൽപ്പെടുന്നവയാണ്. ഗ്രാ മ വികസന വകുപ്പിന്റെ ഐ. ആർ.ഡി. പി. സ്കീമുകൾ പ്രകാരം 92-96 കാലയളവിൽ 209 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. സഹായം ലഭിച്ചവരിൽ വളരെ ചെറിയ ഒരു വിഭാഗം മാത്രമേ ദാരിദ്ര്യരേഖക്കു മുകളിലെത്തിയതായി പറയാൻ പറ്റുകയുള്ളൂ. 1995- 96 കാലയളവിൽ പല വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ലഭിച്ച ഐ.ആർ.ഡി.പി. ധനസഹായത്തിന്റെ വിവരം പട്ടിക IV ൽ കൊടുക്കുന്നു.

ഡി.ഡബ്ല്യൂ. സി. ആർ. എ.:

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ പദ്ധതിയാണിത്. സ്ത്രീകളാണ് ഇതിലെ ഗുണഭോക്താക്കൾ. 18 നും 35 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകളുടെ ഒരു സംഘം രൂപീകരിച്ച് അവർക്ക് കൂട്ടായ എന്തെങ്കിലും ഒരു പദ്ധതി ഏറ്റെടുത്തു നടത്തുന്നതിനു വേണ്ട പരിശീലനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതിയാണിത്. ഇതുവരെയായി ഈ പഞ്ചായത്തിൽ ഇതുപോലുള്ള 6 ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും ഇതിലെ അംഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ യൂണിറ്റുകൾക്ക് സാധിച്ചിട്ടുണ്ടെങ്കിലും എങ്കിലും ഇവർ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണിയില്ലാത്തതു മൂലം ഇത്തരം യൂണിറ്റുകൾക്ക് വേണ്ടത്ര സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ കാഴിഞ്ഞിട്ടില്ല.

പട്ടിക 1

വാർഡ് നമ്പർ	ഓലമേഞ്ഞത്	ഓട്	ടെറസ്സ്	മറ്റുള്ളവ്	ആകെ
1	44	423	120	ഇല്ല	587
2	57	372	207	-3-	639
3	198	625	362	-4-	1189
4	76	410	179	ഇല്ല	665
5	84	388	73	-1-	546
6	52	687	128	-7-	874
7	-5-	300	291	15	611
8	-5-	548	62	-9-	624
9	11	504	110	10	635
10	15	384	182	-5-	586
11	15	342	185	ഇല്ല	542
12	25	332	132	ഇല്ല	489
13	16	360	122	ഇല്ല	498
14	51	336	169	ഇല്ല	556
15	22	431	224	ഇല്ല	677
	676	6442	2546	54	9718

പട്ടിക II

XEROX

വാർഡ്	1991-92	92-93	93-94	94-95	95-96	
I	310	401	405	408	415	
II	606	620	630	645	693	
III	822	885	898	938	1010	
IV	729	750	780	795	815	
V	591	611	627	642	672	
VI	565	528	634	655	680	
VII	675	570	576	593	607	
VIII	638	560	570	584	612	
IX	602	655	670	715	756	
X	592	623	636	649	665	
XI	593	589	600	615	630	
XII	600	616	622	634	650	
XIII	543	564	582	595	625	
ആകെ	7826	7975	8230	8463	8830	

ഇതിൽ മൂന്നു യൂണിറ്റ് പശു വളർത്തൽ ആണ്. ഒരു വെറ്റില കൃഷിയുടെ യൂണിറ്റും മറ്റു രണ്ടെണ്ണം മത്സ്യ സംസ്ക്കരണ യൂണിറ്റുമാണ്. വിശദവിവരങ്ങൾ പട്ടിക V ൽ കൊടുക്കുന്നു.

ട്രൈസം:

ഈ പദ്ധതി പ്രകാരം 18 നും 35 നും ഇടയ്ക്ക് പ്രായമുള്ളതും ഐ. ആർ. ഡി. പി സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നൽകുന്നു. പരിശീലനത്തിനു ശേഷം തൊഴിലാരംഭിക്കുവാൻ സാമ്പത്തിക സഹായം ഐ. ആർ. ഡി. പി. പദ്ധതിയനുസരിച്ച് നൽകുന്നു. ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ 105 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 69 പേർ തൊഴിൽ ചെയ്യുന്നു. പ്രാദേശികമായി തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള കോഴ്സുകൾക്ക് പരിശീലന സ്ഥാപനങ്ങളില്ലാത്തത് ഇതിൽ പരിശീലനം നേടുന്നതിന് താല്പര്യക്കുറവ് ഉണ്ടാക്കുന്നു. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പട്ടിക **VI** ൽ കൊടുക്കുന്നു.

ടൂൾ കിറ്റ്:

ഗ്രാമീണ കരകൗശല തൊഴിൽ ചെയ്യുന്നവർക്ക് നവീന രീതിയിലുള്ള തൊഴിലുപകരണങ്ങൾ നൽകി അവരുടെ കഴിവ് വർദ്ധിപ്പിക്കാനുതകുന്ന ഒരു പദ്ധതിയാണിത്.

പട്ടിക VII ൽ ഈ പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ നൽകിയ ഉപകരണങ്ങളുടെ വിവരം പ്രതിപാദിച്ചിരിക്കുന്നു.

സി. ആർ. എസ്. പി.:

ദാരിദ്ര്യ രേഖക്കുതാഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ടി ഈ പദ്ധതിയനുസരിച്ച് സഹായം നൽകി വരുന്നു. ഇതനുസരിച്ച് 2500 രൂപ ചിലവ് വരുന്ന ഇരട്ടകുറ്റി കക്കൂസ് ഗുണഭോക്താക്കൾ നിർമ്മിക്കണം. ഇതുവരെയായി ഈ പഞ്ചായത്തിൽ 75 കക്കൂസ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇനിയും ധാരാളം പേർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം ലഭിക്കേണ്ടതുണ്ട്.

പട്ടിക VIII ൽ വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു.

ദശലക്ഷം കിണർ പദ്ധതി:

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾക്കു കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ഇതനുസരിച്ച് മുൻവർഷങ്ങളിൽ അനുവദിച്ച തുക പട്ടിക IX സൂചിപ്പിച്ചിരിക്കുന്നു.

മാതൃസംരക്ഷണം:

സാമൂഹ്യക്ഷേമ വകുപ്പ് മുഖേന പ്രവർത്തിക്കുന്ന 32 അംഗൻവാടികൾ ഉണ്ട്. ഇതിൽ 70 %ത്തിനും സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല. മിക്കവയും വാടക മുറിയിൽ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ശിശു സംരക്ഷണ കേന്ദ്രം ഇല്ല. അടുത്ത കാലത്തായി കുട്ടികളുടെ കുറവ് അനുഭവപ്പെടുന്നു. മിക്ക അംഗൻവാടികളിലും മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തീർത്തും നിർജ്ജീവമാണ്. കാലാകായിക രംഗത്തും മഹിളകളുടെ പ്രവർത്തനവും പങ്കാളിത്തവും കുറവാണ്.

സ്ത്രീകളുടെ വായനാ ശീലം പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന വായനശാലകളില്ല. പഞ്ചായത്തിലെ മാതൃ- ശിശു സംരക്ഷണ രംഗത്ത് മെഡിക്കൽ ക്യാമ്പുകൾ, പ്രതിരോധകുത്തിവെപ്പുകൾ, ആരോഗ്യപഠന ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കുന്നുണ്ടെങ്കിലും മഹിളാസമാജങ്ങളുടെ പങ്ക് കുറവാണ്. കൂടാതെ തൊഴിൽ

പട്ടിക 3.

പഞ്ചായത്തിൽ [illegible] വർഷങ്ങളിലായി [illegible] നിർമ്മിച്ച വീടുകളുടെ എണ്ണം, സ്കീം [illegible] കണക്ക്.

ക്രമ നമ്പർ	വർഷം	അനുവദിച്ച വീടുകളുടെ എണ്ണം	അനുവദിച്ച പദ്ധതി
1	1986 - 87	20	NREP , KLEGP
2	1987 - 88	25	NREP/ KLEGP
3	1988 - 89	13	NREP
4	1989 - 90	4	IAY
5	1990 - 91	8	MWS
6	1991 - 92	8	IAY , JRY
7	1992 - 93	3	JRY / IAY / MWS
8	1993 - 94	4	JRY / IAY / MWS
9	1994 - 95	5	
10	1995 - 96	14	JRY / IAY
	ആകെ	110	

പട്ടിക 4

സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ
സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക്.

ക്രമ നമ്പർ 1	വർഷം 2	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ					
		3	4	5	6	7	8
		SC	ST	OC	Total	Female	Phy: Handicapped
1	1992 - 93	16	-	41	57	22	5
2	1993 - 94	8	-	44	52	6	1
3	1994 - 95	4	-	42	46	30	1
4	1995 - 96	1	-	53	54	20	-
	ആകെ	29	-	180	209	78	7

പട്ടിക. 5

ഐ. ആർ. ഡി. പി സർവ്വേ പ്രകാരം കണ്ടെത്തിയ
-കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ-

അവലംബം: IRDP സർവ്വേ -1992

വാർഡ് നമ്പർ	IRDP survey പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	SC /ST കുടുംബങ്ങൾ
1	94	8
2	285	5
3	383	5
4	329	-
5	316	-
6	189	-
7	214	-
8	253	-
9	146	-
10	200	-
11	205	-
12	113	-
13	157	-
ആകെ	2884	18

വിദഗ്ധ പരിശീലനം നേടിയവർ പട്ടിക. 6.

ക്രമ നമ്പർ	പരിശീലനത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	തൊഴിൽ കണ്ടെത്തിയവർ	മറ്റു തൊഴിലിൽ ഏർപ്പെട്ടവർ
1	ബേക്കിംഗ്	2	2	-
2	നെയ്ത്ത്	57	5	2
3	ടെയ്ലറിംഗ്	27	20	7
4	ഓട്ടോ മൊബൈൽ	2	2	-
5	സ്പ്രേ പെയിന്റിംഗ്	2	2	-
6	ഇലക്ട്രോ പ്ലേറ്റിംഗ്	1	-	—1
7	വെൽഡിംഗ്	2	2	[illegible]
8	മോട്ടോർ റീ വൈൻഡിംഗ്	1	1	-
9	പമ്പ്സെറ്റ്	3	3	-
10	പെയിന്റിംഗ്	1	-	1
11	അച്ചടിയന്ത്രം	1	-	1
12	കല്ലുകൊത്ത്	4	4	-
13	T.V, റേഡിയോ റിപ്പേറിംഗ്	2	2	-
14	ഓട്ടോ മെക്കാനിക്	7	3	4
15	പ്ലാസ്റ്റിക് വർക്ക്	6	3	3
16	പ്രിന്റിംഗ് & കമ്പോസിംഗ്	18	5	13
17	ഇലക്ട്രിക് H. A റിപ്പേറിംഗ്	2	2	-
18	പ്ലംബിംഗ്, സാനിട്ടറി ഫിറ്റിംഗ്	4	3	1
19	ഇ: മോട്ടോർ വൈൻഡിംഗ്	2	2	-
20	റഫ്രിജറേഷൻ & A/C	3	2	1
21	അക്കൗണ്ടൻസി & B.K	3	3	-
22	ബ്ലോക്ക് പ്രിന്റിംഗ്	2	1	1
23	വയറിംഗ്	2	2	-
	ആകെ	105	69	35

രംഗത്തു കൂടി അവർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. വിവിധ പെൻഷൻ സഹായ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്ന 337 പേർ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ 32 വാർദ്ധക്യകാല പെൻഷനും 305 വിധവാ പെൻഷനുമാണ്.

തൊഴിലില്ലായ്മ:

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ ഈ പഞ്ചായത്തിൽ ഏറെയുണ്ടെങ്കിലും ഇതിനെക്കുറിച്ച് വ്യക്തമായ സ്ഥിതി വിവരക്കണക്കുകൾ ലഭിച്ചിട്ടില്ല. അധികം പേരും ''വൈറ്റ് കോളർ'' ഉദ്യോഗം ലഭിക്കുവാൻ വേണ്ടി കാത്തു നിൽക്കുന്നവരാണ്. ഈ യുവതീ - യുവാക്കളെ സംഘടിപ്പിച്ച് തൊഴിൽ മേഖലകളിൽ കുടിയിരുത്തേണ്ടിയിരിക്കുന്നു. ഇവർ സൃഷ്ടിക്കുന്ന സാമൂഹിക ബാധ്യതയും മറ്റും നാം കാണേണ്ടിയിരിക്കുന്നു. പഴയ തലമുറയുടെ അനുഭവ സമ്പത്തും തൊഴിൽ വൈദഗ്ദ്ധ്യവും നാം പുതിയ തലമുറയിലേക്ക് പകരുന്നതിന് ആസൂത്രിതമായ ഒരു പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.

പൊതു വിതരണ കേന്ദ്രം :

പഞ്ചായത്തിൽ 13 റേഷൻ ഷോപ്പുകളും ഒരു മാവേലി സ്റ്റോറും നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും മാനേജ്മെൻറ് ഏറ്റെടുത്തു നടത്തുകയാണ്. മാവേലി സ്റ്റോറിൻെറ പ്രവർത്തനം തൃപ്തികരമല്ല.

പ്രശ്നങ്ങൾ

1. ഐ. ആർ. ഡി. പി. പ്രവർത്തനം തൃപ്തികരമല്ല. ഈ പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ ഇക്കാലയളവിൽ വളരെ ചുരുക്കം പേർക്ക് മാത്രമെ ധനസഹായം ലഭിച്ചിട്ടുള്ളൂ.

2. അംഗൺവാടികൾക്ക് ഭൂരിഭാഗത്തിനും സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല.

3. അംഗൻവാടികളിൽ മിക്കതിലും മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഇല്ല.

4. പോഷകാഹാരക്കുറവ്.

5. അർഹരായവർക്ക് മിച്ച ഭൂമി ലഭിക്കാത്ത അവസ്ഥ.

6. റേഷൻഷോപ്പുകളിലേക്ക് ബഹുദൂരം യാത്ര ചെയ്യേണ്ട സ്ഥിതി.

7. പൊതു ശ്മശാനങ്ങളുടെ അഭാവം.

8. ആരോഗ്യ സംരക്ഷണത്തിനുള്ള സ്ഥിരം സംവിധാനമില്ലായ്മ.

9. പോഷകാഹാര വിതരണമില്ലായ്മ.

സാധ്യതകൾ:

1. തൊഴിലില്ലായ്മ പരിഹരിക്കാനായി ചെറുകിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക.

2. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കി കൊടുക്കുക.

3. അർഹരായ മുഴുവൻ പേർക്കും പെൻഷൻ അനുവദിക്കുക, പെൻഷൻ തുക വർദ്ധിപ്പിക്കുക, വിതരണത്തിലുള്ള കാല താമസം ഒഴിവാക്കുക, എല്ലാ പെൻഷനും അനുവദിക്കാനുള്ള ചുമതല

പട്ടിക. VII

വർഷം	എണ്ണം	തുക
1993-94	30	60,000
1994-95	28	56,000
1995-96	17	34,000
ആകെ	75	150,000

പട്ടിക. VIII

വർഷം	എണ്ണം	തുക
1992-93	20	40,000
1993-94	14	28,000
1994-95	20	40,000
1995-96	21	42,000
ആകെ	75	150,000

പഞ്ചായത്തിനു നൽകുക.

4. തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്താൻ പഞ്ചായത്തു തലത്തിൽ സ്ഥിരം സംവിധാനമുണ്ടാക്കുക.

5. അങ്കൺവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരം അർഹരായ എല്ലാവർക്കും നൽകുക.

6. റേഷൻ ഷോപ്പുകൾ ഇല്ലാത്ത സ്ഥലത്ത് അവ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക.

7. ആവശ്യമായ സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക.

8. തൊഴിലാളികൾക്കായുള്ള ക്ഷേമ നിധികളിൽ അർഹതപ്പെട്ട മുഴുവൻ ആളുകളേയും അംഗങ്ങളാക്കുക.

9. 1000 പേർക്ക് 1 എന്ന തോതിൽ എങ്കിലും അംഗൻവാടി നിർമ്മിക്കുക.

10. പഞ്ചായത്തിൽ ഒരു ഉപഭോക്തൃസംരക്ഷണ സമിതി രൂപീകരിക്കുക.

11. വളരെ പെട്ടെന്ന് I.R.D.P., TRYSEM, C.R.S.P. എന്നീ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുക, അവ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, വായ്പാ തുക വർദ്ധിപ്പിക്കുക.

12. ജാതീയ പരിഗണനകൾക്കതീതമായി ഉയർന്ന ജാതികളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു കൂടി സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിലുള്ള സംവരണ വ്യവസ്ഥ നടപ്പിലാക്കുക.

പട്ടിക. IX

വർഷം	എണ്ണം	തുക
1991-92	5	26150
1993-94	1	13795
1994-95	2	52934
ആകെ	8	92879



ഒരു കാലത്ത് കൊട്ടാരങ്ങളിലും രാജസദസുകളിലും; പിന്നീട് മ്യൂസിയങ്ങളിലും മാത്രം ദർശിക്കാൻ കഴിഞ്ഞ അത്ഭുത പൂർവ്വമായ കരവിരുതോടു കൂടിയ ഫർണിച്ചറുകൾ ഇന്ന് നിങ്ങൾക്കും സ്വന്തമാക്കാം !!!

ആധുനിക യുഗത്തിലെ നിങ്ങളുടെ വീടുകൾ അതിന്റെ യഥാർത്ഥ പൂർണ്ണത ഉൾക്കൊള്ളുന്നത് വൈവിധ്യമാർന്ന ഫർണിച്ചറുകളുടെ സാന്നിദ്ധ്യം കൊണ്ടു മാത്രമാണ്. ഇത്തരം ഫർണിച്ചറുകളുടെ വിപണന രംഗത്ത് കാസർകോടിന്റെ അഭിമാനമായി മാറാൻ ഞങ്ങളെ സഹായിച്ചത് ഉൽപാദന രംഗത്ത് ഞങ്ങൾ പുലർത്തിയ വിശ്വാസ്യതയും, അതിലുപരി നിങ്ങൾ ഞങ്ങളോട് കാണിച്ച നിർലോഭമായ സഹകരണവുമാണ്. കാലത്തിന്റെ കരൾ തുടിപ്പുകൾക്കനുസൃതമായി വീട്ടിത്തടിയിലും; തേക്കിലും കൊത്തിയെടുത്ത കലാമേന്മയുള്ള ഫർണിച്ചറുകൾ സ്വന്തമാക്കുന്നതിന് ഇന്നു തന്നെ ഞങ്ങളുടെ ഷോറൂം സന്ദർശിക്കുക.

ഡീലക്സ് ഫർണിച്ചർ & ഇൻറീരിയർ ഡക്കറേറ്റേർസ്

ഫബീന കോംപ്ലക്സ്
മെയിൻ റോഡ്, ഉദുമ.

ഫോൺ: 680481
വീട്: 680581

സംസ്ക്കാരം

പയസ്വനിപ്പുഴയായും ചെമ്മനാടു പുഴയായും വിളിക്കപ്പെടുന്ന ചന്ദ്രഗിരിപ്പുഴ ചിരിച്ചു വലം വെക്കുന്ന ഭൂഭാഗം ഉൾക്കൊള്ളുന്ന ചെമ്മനാട് പഞ്ചായത്തിന് സമ്പന്നമായ ഒരു സാംസ്ക്കാരിക പാരമ്പര്യം അവകാശപ്പെടുവാനുണ്ട്. ഹിന്ദുമുസ്ലിം ജന വിഭാഗങ്ങൾ ഇടകലർന്ന്സഹവസിക്കുന്ന ഈ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ പരസ്പര സഹിഷ്ണതയുടെയും സാഹോദര്യത്തിൻെറയും പാഠങ്ങൾ ചിരപുരാതനകാലം മുതലുള്ള ചരിത്രം നമ്മുടെ മുന്നിൽ കാഴ്ചവെക്കുന്നു. സമീപകാലത്ത് സവിശേഷ സന്ദർഭങ്ങളിൽ ചില മേഖലകളിലുണ്ടായിരുന്ന അസ്വാരസ്യങ്ങൾ യഥാ സമയം തന്നെ ഒഴിവാക്കാനും സമാധാന ജീവിതം മുന്നോട്ട് കൊണ്ടുപോകാനും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കഴിഞ്ഞത് അത്തരമൊരു പശ്ചാത്തലത്തിലാണ്.

ഗ്രാമീണ ദൈവീക സങ്കല്പങ്ങളുടേയും കലാപൂർണ്ണതയുടേയും വിശ്വരൂപങ്ങളായ തെയ്യങ്ങളും, പൂരക്കളിയും, കോൽക്കളിയും, ദഫ്മുട്ടും, ഒപ്പനയും, കന്നടിയരുടെ യക്ഷഗാനവും അടിസ്ഥാനമായുള്ള സമ്പന്നമായുള്ള ഒരു കലാരംഗം പഞ്ചായത്തിന് സ്വന്തമായുണ്ട്. കാവുകളിലും ഇടുക്കളിലും കൂലോങ്ങളിലും തറവാടുകളിലും നിശ്ചിത കാലയളവുകളിൽ കൊണ്ടാടപ്പെടുന്ന തെയ്യാനുഷ്ഠാനം പഞ്ചായത്തിലെ അനേകം കുടുംബങ്ങളുടെ പാരമ്പര്യമായ തൊഴിൽ കൂടിയാണ്. തെയ്യം കലയുടെ മർമ്മം കണ്ടറിഞ്ഞ കലാകാരൻമാരിൽ പരേതനായ എം. എ. പണിക്കരുടെ നാമം പ്രശസ്തമാണ്. കർണ്ണാടക സംഗീത അക്കാദമി അവാർഡു നേടിയ വിഖ്യാത യക്ഷഗാന കലാകാരൻ ചന്ദ്രഗിരി അമ്പു ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിൻെറ സന്തതി യാണ്. ശാസ്ത്രീയ സംഗീതത്തിൽ അനേകം പുരസ്ക്കാരങ്ങൾ നേടുകയും ഡൽഹി ആകാശവാണി നിലയം വരെ ചെന്നെത്തുകയും ചെയ്ത അന്തരിച്ച കൃഷ്ണമണോളിത്തായ ഈ പഞ്ചായത്തിൻെറ തന്നെ മറ്റൊരു സന്തതിയാണ്.

ജന്മിത്തത്തിനും നാടുവാഴിത്തത്തിനുമെതിരെ പുതിയൊരു സാമൂഹ്യ സൃഷ്ടിക്കുവേണ്ടിയുള്ള മഹാ പ്രസ്ഥാനങ്ങളുടെ അണിയറ പ്രവർത്തനങ്ങൾക്ക് വേദിയായ ഈ പ്രദേശങ്ങൾ ജനതയുടെ സാംസ്ക്കാരിക ബോധ ത്തെ മാറ്റി മറിച്ച കലാ സമിതി പ്രസ്ഥാനങ്ങളടക്കമുള്ള പ്രവർത്തനങ്ങൾക്കു അരങ്ങൊരുങ്ങി. കാസറഗോഡ് താലൂക്കിലെ തന്നെ ആദ്യത്തെ ജനകീയ കലാപ്രസ്ഥാനത്തിലൊന്നായി കരുതപ്പെടുന്ന 1957- ൽ രൂപീകൃതമായ പെരുമ്പള കലാസമിതിയുടെ പേരും പ്രസ്താവ്യമാണ്. പഞ്ചായത്തിലെ സാംസ്ക്കാരിക നവോത്ഥാന പ്രസ്ഥാനത്തിന് ആക്കം കൂട്ടുന്നതിന് ഇതുപോലുള്ള കലാസമിതികളും ക്ലബ്ബുകളും വഹിച്ച പങ്ക് വളരെ വലുതായിരുന്നു.

ഹിന്ദുക്കളും മുസ്ലിംങ്ങളും ഏറെക്കുറെ തുല്യ അളവിൽ ജീവിക്കുന്ന പഞ്ചായത്തിൽ ഈ മതവിഭാ ഗങ്ങളുടെ ആരാധനാ കേന്ദ്രങ്ങളായി അനേകം ക്ഷേത്രങ്ങളും പള്ളികളും ഉണ്ട്. കീഴൂർ ശ്രീ. ധർമ്മാശാസ്താ ക്ഷേത്രം, തലക്ലായി ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം, തൈര ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം, ചെമ്പരിക്ക ജുമാ അത്ത് പള്ളിയും മഖാമും, ചെമ്മനാട് ജമാ അത്ത് പള്ളി, തെക്കിൽ ജമാ അത്ത്പള്ളി തുടങ്ങിയവ പ്രശസ്തങ്ങളാണ്. തകർന്നുപോയ പല ക്ഷേത്രങ്ങളും പുനരുദ്ധാരണത്തിനുള്ള പല ശ്രമങ്ങളും അടുത്തകാലത്തായി കണ്ടു വരുന്നു. അനേകം പള്ളികളും അടുത്തകാലത്തായി നിർമ്മിച്ചിട്ടുണ്ട്.

കലാസാംസ്ക്കാരിക രംഗങ്ങളിൽ ജനങ്ങൾക്ക് താല്പര്യം കാണുന്നുണ്ട് എന്നതിൻെറ തെളിവാണ് പഞ്ചായത്തിലുള്ള അനേകം കലാ സാംസ്ക്കാരിക ക്ലബുകളും വായന ശാലകളും. എ. കെ. ജി. സ്മാരക വായന ശാല, യൂത്ത്ക്ലബ് പെരുമ്പള, ഭഗത്സിംഗ് യൂത്ത്ക്ലബ് പെരുമ്പള, അണിഞ്ഞ പ്യൂപ്പിൾസ് ആർട്സ് ക്ലബ്, വിക്ടറി കോളിയടുക്കം വിശ്വകർമ്മ ക്ലബ്, നവോദയ പരവനടുക്കം, വൈ.എം. എ. തെക്കിൽ, സർഗ്ഗവേദി കോളിയടുക്കം, വോയ്സ് ഓഫ് തെക്കിൽ, യുവജനവേദി കടവത്ത്, യുവജനവേദി കളനാട്, തമ്പ് മേൽപ്പറമ്പ്, കളനാട് വികസന സമിതി, സഫ്ദർ ഹാശ്മി ചെമ്പരിക്ക ചന്ദ്രഗിരി ക്ലബ്, ജിംഖാന, യൂത്ത് വോയ്സ്, നേതാജി ക്ലബ് തുടങ്ങി ഒട്ടേറെ സംഘങ്ങൾ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു. ഈ സംഘടനകളുടെ വാർഷികാഘോഷങ്ങളും വിശേഷാൽ പരിപാടികളും പഞ്ചായത്തിൻെറ സാംസ്ക്കാരിക രംഗത്തിന് മുതൽക്കൂട്ടാകുന്നു.

ഇവയോടൊപ്പം തന്നെ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കലാസാഹിത്യ സാംസ്ക്കാരിക പ്രസ്ഥാനങ്ങളായ പുരോഗമന കലാ സാഹിത്യ സംഘം, യുവകലാ സമിതി, ശാസ്ത്ര സാഹിത്യ പരിഷത് തുടങ്ങിയവയുടെ ഘടകങ്ങളും പഞ്ചായത്തിൽ പല നിലകളിലായി പ്രവർത്തിച്ചു വരുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കവിയരങ്ങുകൾ, ചർച്ചാ ക്ലാസ്സുകൾ, സാംസ്ക്കാരിക ജാഥകൾ തുടങ്ങിയവ പഞ്ചായത്തിൻെറ സാംസ്ക്കാരിക ബോധത്തെ രൂപപ്പെടുത്താൻ പര്യാപ്തമാണ്.

ഉൽസവങ്ങളും ആഘോഷങ്ങളും

ഗ്രാമത്തിലെ ഉൽസവങ്ങളുടെ സിരാകേന്ദ്രങ്ങൾ ക്ഷേത്രങ്ങളായിരുന്നു. മുൻപ് പ്രസ്താവിച്ച ക്ഷേത്രങ്ങൾ കൂടാതെ ഉൽസവങ്ങളാഘോഷിക്കുന്ന പ്രധാന ക്ഷേത്രമാണ് കീഴൂർ ശ്രീ ധർമ്മശാസ്താ ക്ഷേത്രം. ഈ ക്ഷേത്രത്തിലെ ഉൽസവങ്ങളിൽ പ്രധാനമാണ് മൂന്നു ദിവസം നീണ്ടു നിൽക്കുന്ന പാട്ടുൽസവം. കടപ്പുറം ശ്രീ കുറുമ്പാ ക്ഷേത്രത്തിൽ ചൈത്രമാസത്തിലെ പൂരം നാളിൽ പല വിധ ആർഭാടങ്ങളോടും അലങ്കാരങ്ങ ളോടും കൂടിയ ആഘോഷമാണ് നടത്തപ്പെടുന്നത്.

ഗ്രാമങ്ങളിൽ നടത്തപ്പെടുന്ന മറ്റ് ആഘോഷങ്ങൾ പൂരമഹോത്സവം, പള്ളികളിൽ നടത്തുന്ന ഉറൂസ്, നബി ദിനം, ശ്രീകൃഷ്ണ ജയന്തി, തലക്ലായി ഷഷ്ഠി മഹോത്സവം, പാട്ടുൽസവം മുതലായവയാണ്. അച്ചേരി വിഷ്ണു ക്ഷേത്രം, ബെള്ളിക്കുന്ന് ഭഗവതി ക്ഷേത്രം, ലക്ഷ്മി നാരായണ പുരം, ബദർ മസ്ജിദ് തുടങ്ങിയ ആരാധനാലയങ്ങളിലും വാർഷികാഘോഷ പരിപാടികൾ നടത്താറുണ്ട്. ആലിങ്കാൽ ക്ഷേത്രത്തിലും അണിഞ്ഞ യിലെ നാലു ക്ഷേത്രങ്ങളിലും തെക്കിൽ പള്ളിക്കര ശ്രീ വിഷ്ണു ക്ഷേത്രത്തിലും വാർഷികാഘോഷവും ഒറ്റ ക്കോല മഹോത്സവവും നടത്താറുണ്ട്. കൂടാതെ വയലാംകുഴി വിഷ്ണു ക്ഷേത്രത്തിലും ധാരാളം ആഘോഷങ്ങൾ നടത്താറുണ്ട്. മിക്കപള്ളികളിലും ആണ്ടുനേർച്ചകൾ പോലുള്ള വാർഷികാഘോഷങ്ങളും മത പ്രഭാഷണ ങ്ങളും നടത്താറുണ്ട്.

പ്രധാനപ്പെട്ട കലാ - കായിക സാംസ്ക്കാരിക പ്രവർത്തനങ്ങൾ വികസിപ്പിക്കാൻപര്യാപ്തമായ ഒന്നാണ് കേരളോത്സവം. ഇത് ഒരു പ്രധാനപ്പെട്ട ഉത്സവം പോലെ തന്നെ പഞ്ചായത്തിൽ ആഘോഷിക്കുന്നു. കൂടാതെ ക്ലബുകളുടെ വാർഷികങ്ങൾ, ഓണം, വിഷു എന്നിവയോടനുബന്ധിച്ചുള്ള കലാപരിപാടികൾ തുടങ്ങിയവയും നടത്താറുണ്ട്. അമ്പലങ്ങളിൽ നടത്തുന്ന ഉത്സവാഘോഷങ്ങളോടനുബന്ധിച്ച് ധാരാളം നാടൻകലാപരിപാടികൾ അവതരിപ്പിക്കാറുണ്ട്. പള്ളികളിൽ ആഘോഷ പരിപാടികളോടനുബന്ധിച്ച് ദഫ്മുട്ടും മറ്റു കലാപരിപാടികളും അവതരിപ്പിക്കാറുണ്ട്.

കായിക രംഗം

വിശാലമായ കളിസ്ഥലങ്ങളുള്ള സ്ക്കൂൾ മുറ്റങ്ങളും അമ്പല മൈതാനങ്ങളും കടൽതീരങ്ങളും ചെമ്മനാട് പഞ്ചായത്തിൻെറ പ്രത്യേകതകളാണ്. എന്നാൽ അവയെല്ലാം ആരോഗ്യകരമായ ഒരു കായിക രംഗം വളർത്തിയെടുക്കാൻ ഉപകരിച്ചിട്ടുണ്ടോ എന്നത് ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. ആസൂത്രിതമായ നീക്കങ്ങളുടെ അഭാവം കാരണം ശുഷ്ക്കമായ ഒരു കായിക രംഗമാണ് നമുക്കുള്ളത്. വിവിധ കായിക മേഖല കളിൽ മിടുക്കരായ ചെറുപ്പക്കാർ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും അവരുടെ പ്രാവീണ്യം തെളിയിക്കാൻ ആവശ്യമായ പരിശീലനത്തിൻെറ അഭാവം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. വിവിധ ക്ലബുകളുടെ നേതൃത്വ ത്തിൽ ചുരുക്കം ചില ഇനങ്ങളെ കേന്ദ്രീകരിച്ചു നടത്തുന്ന ടൂർണ്ണമെൻറുകളും വാർഷിക മത്സരങ്ങളും മാത്ര മാണ് ഇന്ന് ദൃശ്യമാവുന്നത്. സ്ക്കൂൾ കായിക മത്സര വേദി ചടങ്ങുകൾ മാത്രമായി അവശേഷിക്കുന്നു. സമീപ കാലത്ത് ആരംഭിച്ച കേരളോത്സവുമായി ബന്ധപ്പെട്ട കായിക മത്സരങ്ങളും ഈ പരിമിതികളെ മറികടന്നിട്ടില്ല.

പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും സ്വന്തമായി കെട്ടിടം ഇല്ല.
2. പഞ്ചായത്തിലെ ബാലവാടി, അംഗൻവാടി പ്രവർത്തനങ്ങൾക്ക് പ്രയാസങ്ങൾ നേരിടുന്നു. ഇവിടങ്ങളിൽ

മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നില്ല.

3. പഞ്ചായത്തിൽ പഞ്ചായത്തുവക ലൈബ്രറി, സാംസ്കാരിക നിലയങ്ങൾ തുടങ്ങിയവ ഒന്നും തന്നെയില്ല.

4. പഞ്ചായത്തിലെ ജനശിക്ഷണ നിലയങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

5. വായന ശാലകളോ ഗ്രന്ഥശാലകളോ ഒന്നും തന്നെ ഇല്ലാത്ത വാർഡുകൾ ഉണ്ട്.

6. ക്ലബുകൾ, വായനശാലകൾ, മഹിളാസമാജങ്ങൾ തുടങ്ങിയവയ്ക്ക് പ്രോത്സാഹനമോ ആവശ്യമായ സാമ്പത്തിക സഹായമോ ലഭിക്കുന്നില്ല.

7. പ്രാചീന കലാകായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും വളർത്തുവാനും യാതൊരു സംവിധാനവും ഇല്ല.

8. സ്ത്രീകൾക്ക് മാത്രമായുള്ള വായനശാലകളോ ഗ്രന്ഥാലയങ്ങളോ പഞ്ചായത്തിലില്ല.

9. കലാസാഹിത്യാദി അഭിരുചിയുള്ള കുട്ടികൾക്ക് ഇവയ്ക്ക് ആവശ്യമായ പ്രോത്സാഹനമോ പരിശീലനമോ ലഭിക്കുന്നില്ല.

10. സ്കൂൾ ലൈബ്രററി, വായനാ മുറി, എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല.

11. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ പൊതു കളിസ്ഥലം ഇല്ല.

സാധ്യതകൾ

1. നിലവിലുള്ള ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടെയു പ്രവർത്തനം സജീവമാക്കുക.

2. വായനശാലകൾ, ഗ്രന്ഥശാലകൾ, ക്ലബുകൾ തുടങ്ങിയ സാംസ്കാരിക സംഘടനകൾക്ക് ടെലിവിഷൻ സെറ്റ് നൽകുക.

3. ടെലിവിഷൻ പരിപാടികൾ കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത തരത്തിൽ പ്രക്ഷേപണം ചെയ്യുക.

4. ഗ്രാമതലങ്ങളിൽ നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും അവസരം ഉണ്ടാക്കുക.

5. പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്തെ നാടൻപാട്ടുകളും കലകളും ഉൾക്കൊള്ളിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഗ്രാമപഞ്ചായത്തിനു കീഴിൽ പ്രസിദ്ധീകരണം നടത്തണം.

6. പഞ്ചായത്തിനോടനുബന്ധിച്ച് ഒരു വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കുകയും ഒരു സ്ഥിരം ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യണം.

7. മഹിളാസമാജങ്ങൾ മുഖാന്തിരം സ്ത്രീകൾക്ക് ഗുണകരമായ പുസ്തകങ്ങളും മാസികളും എത്തിച്ച് അവരുടെ വായനാശീലം വളർത്തിയെടുക്കണം.

8. ~~ആരാധനാലയങ്ങൾ കൂടുതൽ ആകുന്നതുകൊണ്ട് ജനങ്ങളിൽ മതസ്പർദ്ദ വളരാൻ ഇടയാകുന്നത് ഒഴിവാക്കാൻ ഇവയുടെ നിർമ്മാണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.~~ Deleted vide P.R. No. 3446(C) 20.12.96

9. ആരാധനാലയങ്ങളിലെ ആഘോഷ കമ്മിറ്റികളിൽ അതാത് പ്രദേശത്തെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയാൽ മത - സാമൂഹിക മൈത്രി കെട്ടിപ്പടുക്കുവാൻ കഴിയും.

PRESIDENT ... PANCHAYAT

10. സാംസ്കാരിക സ്ഥാപനങ്ങളിൽ ആനുകാലികങ്ങളും പത്രമാസികകളും വാങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുള്ള സാധ്യതകൾ ആരായണം.

12. ഓണാഘോഷങ്ങൾ, കേരളോത്സവം തുടങ്ങിയവ പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോടെ നടത്തുക.

13. വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ക്ലബുകൾ, വായനശാലകൾ തുടങ്ങിയവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സാംസ്കാരിക സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കണം.

14.സാംസ്ക്കാരിക വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് തലത്തിൽ ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കുക.

15.വായനശാലകളോ ഗ്രന്ഥശാലകളോ ഇല്ലാത്ത വാർഡുകളിൽ സന്നദ്ധ സംഘടനകളുടെ സഹാ~ ടെ പുതിയവ ആരംഭിക്കുക.

16.രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ക്ലബുകൾക്കും വായനശാലകൾക്കും ആവശ്യമ~ കെട്ടിട സൗകര്യവും ഉണ്ടാക്കുക.

17.എല്ലാ വായന ശാലകൾക്കും ക്ലബുകൾക്കും വർത്തമാനപ്പത്രങ്ങളും ആന

18. പരവനടുക്കത്ത് സ്റ്റേഡിയവും സ്റ്റേജും നിർമ്മിക്കുക.

19. സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർപ്രവർത്തനങ്ങൾക്കായി ജന പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിക്കുക.

20.തെയ്യം, യക്ഷഗാനം കലാകാരന്മാർക്ക് ആടയാഭരണങ്ങൾ വാങ്ങുന്ന

21.പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ അംഗൻവാടികൾക്ക് കെ സംഘടനകളുടെ സഹായത്തോടെ ഏർപ്പെടുത്തുക.

22.നാടൻപാട്ടുകൾക്കും കളികൾക്കും പഞ്ചായത്ത് തലത്തിൽ മത്സര

23.പൊതു ശ്മശാനങ്ങൾ പൊതു ജന പങ്കാളിത്തത്തോടെ എല്ലാ വാർ

24.ചട്ടഞ്ചാലിൽ കമ്യൂണിറ്റിഹാളും ഗ്രന്ഥാശാലയും ആധുനിക സൗ നിർമ്മിക്കുക.

25.കോളിയടുക്കത്തെ പഞ്ചായത്ത് വക സ്റ്റേഡിയം ആധുനിക സ

26.കലാ കായിക പ്രതിഭകൾക്ക് ആ വിഭാഗങ്ങളിൽ പരിശീലനത്ത

27.പഞ്ചായത്തടിസ്ഥാനത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് കുട്ടിക പരിപാടികളഭ്യസിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക.

28.മേൽപറമ്പിൽ ഒരു സ്റ്റേഡിയവും ലൈബ്രറിയും സ്ഥാപിക്ക

29.കീഴൂർ ജംഗ്ക്ഷനിലുള്ള ചിൽഡ്രൻസ് പാർക്കിന്റെ പ്രവർത്ത ഉപയോഗപ്രദമാക്കുകയും അതിൽ പൊതുജനങ്ങൾക്കായി സ്ഥാപിക്കുകയും ചെയ്യുക.

30.വനിതകളുടെ ക്ഷേമത്തിനായി പൊതുജനങ്ങളുടെ സഹകര സംഘടനകൾ ഉണ്ടാക്കുക.

31.പഞ്ചായത്ത് തലത്തിൽ ഗ്രാമീണ ജനങ്ങൾക്കായി സാംസ്ക്കാര

32.തെക്കിലിൽ സ്കൂളിന് അനുവദിച്ചിട്ടുള്ള സ്ഥലം നിരപ്പാക്ക് നിർമ്മിക്കുക.

33.ചെമ്പരിക്കയിലെ ഏക പൊതു കളിസ്ഥലമായ സ്ക്കൂൾ ഗ്ര ജനങ്ങൾക്കും ഉപയോഗയോഗ്യമാക്കുക.

34.കോളിയടുക്കത്ത് പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രം സ

വനിത

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പലതരത്തിലുള്ള അനാചാരങ്ങൾ, വിലക്കുകൾ, അന്ധവിശ്വാസങ്ങൾ എന്നിവയുടെ ഫലമായി ഒട്ടേറെ ബുദ്ധിമുട്ടുകൾ മറ്റു പല പഞ്ചായത്തുകളേയും പോലെ ഈ പഞ്ചായത്തിലെയും സ്ത്രീജനങ്ങൾക്കും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ജാതിപരമായ ഉച്ചനീചത്വം നിലനിന്നിരുന്ന ഹിന്ദുക്കൾക്കിടയിലും ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന മുസ്ലീംങ്ങൾക്കിടയിലും സ്ത്രീ ജനങ്ങൾക്ക് ഏറെക്കുറെ വ്യത്യസ്തമല്ലാത്ത സ്ഥിതിയായിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസം, കലാ പ്രവർത്തനം, സാമൂഹ്യപ്രവർത്തനം തുടങ്ങിയ മേഖലകളിലൊക്കെ അവർ തഴയപ്പെടുകയോ പലതരത്തിലുള്ള വിലക്കുകൾക്കിടയിൽപ്പെട്ടു പോവുകയോ ചെയ്തു. സ്ത്രീകൾ ആദ്യമായി പൊതുരംഗത്തേക്ക് വരുന്നത് 1949 കാലഘട്ടത്തിലാണ്. റിപ്പോർട്ടിന്റെ ആരംഭത്തിൽ ഉള്ള ചരിത്രത്തിൽ പ്രദിപാദിച്ചിരുന്നതുപോലെ സ്ത്രീകളുടെ താലൂക്കോഫീസുകളിലേക്കുള്ള പ്രതിഷേധ പ്രകടനമായിരുന്നു എടുത്തുപറയത്തക്കതായ ആദ്യകാലത്തെ മുന്നേറ്റം. പ്രമുഖ സ്വാതന്ത്ര്യ സമരസേനാനി പരേതനായ കൃഷ്ണമണൊളിത്തായയുടെ മകൾ ശാന്തമ്മയായിരുന്നു ഇതിനു നേതൃത്വം നൽകിയിരുന്നത്. ഈ പ്രതിഷേധ പ്രകടനത്തിന്റെ ഫലം ഭീകരമായിരുന്നു. ഇതിനെ തുടർന്ന് പെരുമ്പള ഗ്രാമത്തിൽ നിരോധനാജ്ഞ പ്രഖ്യാപിക്കപ്പെടുകയും M.S.P ക്യാമ്പ് ആരംഭിക്കുകയും ചെയ്തു. പുരുഷൻമാർക്ക് വീടുകളിൽ നിൽക്കാൻ പറ്റാതെ വന്നപ്പോൾ കുടുംബം പുലർത്തേണ്ട ചുമതല കൂടി സ്ത്രീകൾക്ക് ഏറ്റെടുക്കേണ്ടി വന്നു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യരംഗത്ത് സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ പല മേഖലകളിലും സ്ത്രീകൾ നേതൃത്വപരമായ പങ്കുവഹിക്കുന്നുണ്ട്. പഴയ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉയർന്നിട്ടുണ്ട്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകണമെന്ന ബോധം ഇന്ന് ജനങ്ങൾക്കിടയിലുണ്ട്. മഹിളാസമാജങ്ങൾ, സംഘടിത മഹിളാപ്രസ്ഥാനങ്ങൾ, പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തന ഫലമായി സ്ത്രീകൾക്കിടയിൽ പുതിയ സ്വാതന്ത്ര്യബോധം ഉണ്ടായിട്ടുണ്ട്. പഞ്ചായത്തു രൂപീകരണത്തിനു ശേഷം ആദ്യത്തെ വനിതാ പഞ്ചായത്ത് മെമ്പർ ശ്രീമതി. എം. ജാനകിഅമ്മയും ആദ്യത്തെ പ്രസിഡണ്ട് കുമാരി എ. സുകുമാരിയുമാണ്.

1991 ലെ സെൻസസ് പ്രകാരം ചെമ്മനാട് പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യ 21,140 ആണ്. പുരുഷ ജനസസംഖ്യയെക്കാൾ 629 എണ്ണം കൂടുതലാണ് സ്ത്രീകൾ. അതായത് പഞ്ചായത്തിലെ സ്ത്രീ പുരുഷ അനുപാതം ആയിരത്തിന് 1030 ആണ്. ഇത് സംസ്ഥാന ശരാശരിയായ 1036 നെ ക്കാൾ വലിയ വ്യത്യാസമില്ല.

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് പുരുഷൻമാരെക്കാൾ ഒട്ടും പിറകിലല്ല സ്ത്രീകൾ. വിദ്യാഭ്യാസ രംഗത്തെ പട്ടികയിൽ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെയും വിദ്യാർത്ഥിനികളുടെയും കണക്ക് കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിൽ ഗണ്യമായ അന്തരം ഉണ്ട്. പുരുഷൻമാർ 74.53% സ്ത്രീകൾ 66.01%

കുടുംബത്തിന്റെ ഭാരം മുഴുവൻ പേറേണ്ടി വരുന്നത് സ്ത്രീകളാണ്. അവർ ചെയ്യുന്ന പല അദൃശ്യ ജോലികൾക്കും സാമ്പത്തിക മൂല്യം കല്പിക്കാൻ പറ്റുന്നതല്ല. കൃത്യസമയത്തു ഭക്ഷണം ഉണ്ടാക്കുന്നതോടൊപ്പം ഫലമൂലാദികളും വിറകും ശേഖരിക്കരിക്കൽ, ആടുമാടുകളെ നോക്കൽ, കൃഷിയുമായി ബന്ധപ്പെട്ട നൂറുകൂട്ടം ജോലികൾ ഇവയൊക്കെ പൂർത്തിയാക്കാനുള്ള ബാധ്യത വീട്ടമ്മയായ സ്ത്രീക്കാണ്. സർക്കാർ ജോലിക്കോ കൂലിപ്പണിക്കോ പോയതു കൊണ്ട് ഈ ഉത്തരവാദിത്വം അവരിൽ നിന്നും ഒഴിവാകുന്നില്ല.

പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ആദ്യ കാലം മുതൽ തന്നെ പഞ്ചായത്തിൽ ഉണ്ടായിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിനായി കാസർഗോഡ്, കാഞ്ഞങ്ങാട്, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നതു മൂലം സ്ത്രീകളെ സംബന്ധിച്ചിടത്തോളം പണ്ടു കാലത്ത് ഉന്നത വിദ്യാഭ്യാസം കിട്ടാക്കനി തന്നെയായിരുന്നു. പക്ഷേ അടുത്ത കാലത്തായി ഉന്നത വിദ്യാഭ്യാസത്തിന് സംസ്ഥാനത്തിനു പുറത്തു വരെ പോകാൻ സ്ത്രീകൾ തയ്യാറായിട്ടുണ്ട്. റെഗുലർ കോളേജുകൾക്കു പുറമെ സമാന്തര വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ ആവിർഭാവവും സ്ത്രീകൾക്കിടയിൽ വിദ്യാഭ്യാസം വ്യാപിക്കാൻ ഇടയായിട്ടുണ്ട്.

സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ള സ്ത്രീകളുടെ എണ്ണം കുറവാണ്. കാസർഗോഡ്, കാഞ്ഞങ്ങാട് നഗരങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിലും പഞ്ചായത്തിലെ സ്ത്രീകൾ ജോലിക്കു പോകുന്നുണ്ട്. (ഉദാ: ടെക്സ്റ്റയിൽ ഷോപ്പ്, ആശുപത്രികൾ, ടെലഫോൺ ബൂത്ത് മുതലായവയിൽ) പഞ്ചായത്തിലെ ഒരു പ്രധാന തൊഴിൽ മേഖല ബീഡി തെറുപ്പാണ്. പഞ്ചായത്തിലെ ദിനേശ് ബീഡി ഡിപ്പോകൾ ആയ കോളിയടുക്കവും കളനാടും കൂടി ഏകദേശം 200 സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. ഇവർക്കു പുറമെ നൂറുകണക്കിന് സ്ത്രീകൾ സ്വകാര്യ ബീഡി കമ്പനികളിൽ ജോലി ചെയ്യുന്നുണ്ട്. സ്ത്രീകൾക്ക് ധാരാളമായി തൊഴിലവസരം ലഭിച്ചിരുന്ന കാർഷിക മേഖലയിലെ മാറ്റങ്ങൾ കാരണം അടുത്ത കാലത്തായി തൊഴിലവസരം കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ 32 ഓളം അംഗൻവാടികളിലായി 64 സ്ത്രീകൾ ജോലി ചെയ്യുന്നു. പഞ്ചായത്തിൻെറ പടിഞ്ഞാറെ തീര പ്രദേശമായ കീഴൂർ ഭാഗത്തുള്ള മത്സ്യ മേഖലയിൽ ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. മത്സ്യം ഉണക്കുക, അത് ചുമന്നു കൊണ്ടു പോയി വിൽക്കുക തുടങ്ങിയ ജോലികളിലാണ് സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നത്. കാർഷിക മേഖലയിലും മറ്റു തൊഴിൽ മേഖലയിലും സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നം കുറഞ്ഞ വേതനവും വിവേചന പരമായ പെരുമാറ്റവുമാണ്. നഗരങ്ങളിലെ ആശുപത്രികൾ, പ്രസ്സുകൾ, ടെലഫോൺ ബൂത്തുകൾ തുടങ്ങിയ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് നാമമാത്രമായ വേതനമാണെന്നതിനു പുറമെ തികച്ചും അനാരോഗ്യപരമായ പരിതസ്ഥിതികളിലും ജോലി ചെയ്യേണ്ടി വരുന്നുണ്ട്. കെട്ടിട നിർമ്മാണ തൊഴിൽ മേഖലയിലും ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നു.

മദ്യപാനം മൂലം മിക്ക കുടുംബങ്ങളിലും സ്ത്രീകൾ ദുരിതമനുഭവിക്കുന്നു. ഇതോടൊപ്പം തന്നെ വർദ്ധിച്ചു വരുന്ന സ്ത്രീധന സമ്പ്രദായവും സ്ത്രീകളുടെ മുന്നോട്ടുള്ള ജീവിതത്തിന് തടസ്സമാകുന്നു. ഗ്രാമീണവനിതാ വികസന പരിപാടി (D.W.C.R.A) പ്രകാരം ഈ പഞ്ചായത്തിൽ ആറു യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കീഴൂരിൽ 2 യൂണിറ്റും (മീൻ ഉണക്കലും വിൽക്കലും) ചെമ്മനാട് 2 യൂണിറ്റും (പശു വളർത്തൽ, വെറ്റില കൃഷി) ചട്ടഞ്ചാലിൽ 2 യൂണിറ്റ് (പശുവളർത്തൽ). ഇതിൻെറയെല്ലാം പ്രവർത്തനം നല്ല നിലയിൽ നടന്നു വരുന്നുണ്ട്.

സ്ത്രീകൾക്കും പുരുഷൻമാർക്കും വ്യത്യസ്ത കൂലിനിരക്കാണ് ഉള്ളതെന്ന് താഴെക്കാണുന്ന പട്ടിക വ്യക്തമാക്കുന്നു.

തൊഴിൽമേഖല	സ്ത്രീകൾ	പുരുഷൻമാർ
കാർഷികമേഖല	50 രൂ	100 രൂ
കെട്ടിടനിർമ്മാണം	50രൂ	125രൂ
പ്രസ്സ്	20രൂ	80രൂ

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2. മിക്ക തൊഴിൽമേഖലയിലും സ്ത്രീകൾക്ക് പരിഗണന ലഭിക്കുന്നില്ല.
3. സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ വളരെ കുറവാണ്.

4. സ്ത്രീകളുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ യാതൊരു പരിപാടിയുമില്ല.

5. ഏതു രംഗത്തും സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായി പ്രാധിനിധ്യം നൽകുന്ന കാഴ്ചപ്പാട് രാഷ്ട്രീയ പാർട്ടികൾക്കുൾപ്പെടെയുള്ള സംഘടിത പ്രസ്ഥാനങ്ങളിലൊന്നുമില്ല.

6. പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകളിലും ജനത്തിരക്കുള്ള സ്ഥലങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.

7. സർക്കാറിന്റെ വനിതാക്ഷേമ പരിപാടികളെക്കുറിച്ച് സ്ത്രീകൾക്കിടയിൽ ഇപ്പോഴും വേണ്ടത്ര ബോധവൽക്കരണം വന്നിട്ടില്ല.

8. സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ പ്രായം അധികരിച്ചിട്ടും വിവാഹിതരാകാൻ പറ്റാത്ത ധാരാളം സ്ത്രീകൾ പഞ്ചായത്തിലുണ്ട്.

9. ചാരായ നിരോധനത്തിനുശേഷവും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുറ്റിക്കാടുകളിലും വഴിയരികിലും ആളൊഴിഞ്ഞ സ്ഥലങ്ങളിലും നടന്നു വരുന്ന അനധികൃത പാക്കറ്റ് ചാരായ വില്പന മൂലം സ്ത്രീകൾക്ക് വഴി നടക്കാൻ പറ്റാത്ത സ്ഥിതിയാണ്.

10. സ്ത്രീകളുടെ ശാരീരിക പ്രശ്നങ്ങളിലുള്ള (ആർത്തവം, ഗർഭധാരണം, പ്രസവം) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലം അവരുടെ സ്വാതന്ത്ര്യത്തിനും പുരോഗതിക്കും തടസ്സമുണ്ടാകുന്നു.

11. വിധവകൾക്കും അഗതികൾക്കും അർഹിക്കുന്ന പെൻഷൻ ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ആവശ്യമായ പരിപാടികൾ നടപ്പിലാക്കുക.

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് 50% സംവരണം ഏർപ്പെടുത്തുക. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ അദ്ധ്വാനത്തിനുസരിച്ച് വേതനം നൽകുക.

പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ ''കംഫർട്ട് സ്റ്റേഷനുകൾ'' സ്ഥാപിക്കുക.

ദിനേശ് ബീഡി തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സ്വകാര്യമേഖലയിലെ തൊഴിലാളികൾക്കും നൽകുക.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും ഉറപ്പുവരുത്തുന്ന വിധത്തിൽ വനിതാ സമാജങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനം ചിട്ടപ്പെടുത്തുക.

സ്ത്രീകൾക്കിടയിലുള്ള അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തുക.

പഞ്ചായത്തിൽ സമൂഹ വിവാഹങ്ങൾ സംഘടിപ്പിക്കുകയും അത്തരം സംരഭങ്ങൾക്ക് എല്ലാത്തരത്തിലുമുള്ള പ്രോത്സാഹനവും നൽകുകയും ചെയ്യുക .

35 വയസ്സിൽ കൂടുതലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

അനധികൃത മദ്യവിൽപന തടയുക.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ കർശനമാക്കുക.

വനിതകൾക്ക് മാത്രമായി തൊഴിൽ സംരഭങ്ങൾ ആരംഭിക്കുക.

കോളിയടുക്കത്തുള്ള വനിതാ വ്യവസായ യൂണിറ്റ് വിപുലീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.

വിവാഹം, മരണം തുടങ്ങിയ ചടങ്ങളുകളിലെ ആർഭാടം ഒഴിവാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

വിധവാ പെൻഷനോ വാർദ്ധക്യകാല പെൻഷനോ കിട്ടാൻ അർഹതയില്ലാത്തതും കല്യാണം കഴിക്കാത്തതുമായ ദരിദ്രരും രോഗിണികളുമായ വനിതകൾക്ക് പെൻഷൻ അനുവദിക്കുക.

പിതാവ് മരിച്ച സ്ത്രീകൾ കല്യാണം കഴിയുമ്പോൾ അനുവദിക്കുന്ന ധനസഹായം 5000 രൂപയായി വർദ്ധിപ്പിക്കുക.

തൊഴിൽ മേഖലയിലെ സ്ത്രീ- പുരുഷ പങ്കാളിത്തം

(1991 ലെ സെൻസസ് പ്രകാരം)

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷൻമാർ
കൃഷിക്കാർ	144	1038
കർഷകത്തൊഴിലാളികൾ	374	2170
ഖനനവും കരിങ്കൽ കോറിയും	19	226
ഉൽപ്പാദനവും സംസ്ക്കരണവും	14	14
കുടിൽ വ്യവസായം	1307	585
നിർമ്മാണം	22	683
വാണിജ്യവും വ്യപാരവും	154	1318
ഗതാഗതം- വാർത്താ വിനിമയം	3	446
മൃഗസംരക്ഷണവും അനുബന്ധമേഖലകളും	12	542
മറ്റുള്ളവ	308	762

സഹകരണം

ജന്മിമാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണത്തിൽ നിന്ന് കർഷകരേയും കർഷക തൊഴിലാളികളേയും രക്ഷിക്കുന്നതിനുവേണ്ടിയാണ് ചെമ്മനാട് പഞ്ചായത്തിൽ സഹകരണസ്ഥാപനങ്ങൾ രൂപം കൊള്ളുന്നത് ചെമ്മനാട്, പെരുമ്പള, കളനാട്, മുണ്ടോൾ എന്നീ സർവ്വീസ് സഹകരണ സൊസൈറ്റികളാണ് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചത് കലാക്രമേണ ഇവ സർവ്വീസ് സഹകരണ ബാങ്കുകളായിത്തീർന്നു. എന്നാൽ പ്രവർത്തന വൈകല്യം മൂലം മുണ്ടോൾ സഹകരണ ബാങ്ക് ലിക്വിഡേറ്റ് ചെയ്യുകയും ഈ ബേങ്കിൻെറ പിരിധി യിലുണ്ടായിരുന്ന തെക്കിൽ വില്ലേജിനെ പെരുമ്പളസഹകരണ ബേങ്കിൻെറ പരിധയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ബാക്കിയുള്ള മൂന്ന് സർവ്വീസ് സഹകരണബേങ്കിൻെറയും പ്രവർത്തനങ്ങളുടെ ലഘുവിവരണം താഴെ ചേർക്കുന്നു.

കളനാട് സർവ്വീസ് സഹകരണബേങ്ക്

1912ൽ ലാണ് കളനാട് വില്ലേജ് ഐക്യനാണയ സംഘം പ്രവർത്തനം ആരംഭിച്ചത്. സി.എച്ച് കുഞ്ഞിക്കലന്തർ ആയിരുന്നു. ആദ്യത്തെ പ്രസിഡൻറ്. 1960 കളിലാണ് ഇത് സഹകരണസംഘമായി രജിസ്റ്റർ ചെയ്തത് 1996 ൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെടുകയും പ്രസിഡൻറായി ആർ. ഗണേശൻ തുടർന്നു വരികയും ചെയ്യുന്നു.

ചെമ്മനാട് സർവ്വീസ് ബാങ്ക്

ചെമ്മനാട്ഐക്യനാണയ സംഘം1950 ൽ രജിസ്റ്റർ ചെയ്ത്. 1951 ൽ പ്രവർത്തനം ആരംഭിച്ചും.ആദ്യത്തെ പ്രസിഡൻറ് മേലത്ത് ചന്തുനായരായിരുന്നു. 1962-ൽ സർവ്വീസ് സഹകരണ സംഘമായി രജിസ്റ്റർ ചെയ്തപ്പോഴും പ്രസിഡൻറായി വീണ്ടും അദ്ദേഹം തന്നെ തെരഞ്ഞെടുക്കപ്പെട്ടു. 1984 -ൽ ഇത് സർവ്വീസ് സഹകരണ ബേങ്കായി ഉയർത്തപ്പെട്ടു.അന്നുമുതൽ കെ. കുഞ്ഞിരാമൻ നായർ പ്രസിഡൻറായി തുടർന്നു വരികയാണ്.

പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്

പെരുമ്പള ഐക്യനാണയസംഘം 1953 ൽ പ്രവർത്തനം ആരംഭിച്ചു. ഇ.കൃഷ്ണൻ മാസ്റ്ററായിരുന്നു ആദ്യത്തെ പ്രസിഡൻറ് .1962ൽ സർവ്വീസ് സഹകരണ സംഘമായി രജിസ്റ്റർ ചെയ്യുകയും 1990 ൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെടുകയും ചെയ്തു. 1990ൽ വി. കുഞ്ഞിരാമൻ നായരായിരുന്നു പ്രസിഡൻറ് 1993 മുതൽ എ. നാരായണൻ നായർ പ്രസിഡൻറായി തുടരുന്നു.

സഹകരണസ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക്

ചെമ്മനാട് വില്ലേജാണ് പ്രവർത്തനപരിധി 2471 പേർ ഈ ബേങ്കിൽ അംഗങ്ങളാണ്. ബാങ്കിൻെറ കീഴിൽ ഒരു വളം ഡിപ്പോയും ഒരു കൊപ്രസംഭരണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു ഓണക്കാലത്ത് സർക്കാർ നിർദ്ദേശ പ്രകാരം ആവശ്യസാധന വിൽപ്പന കേന്ദ്രവും നടത്താറുണ്ട്. ഈ ബാങ്കിൽ നിന്ന് സ്വർണ പണ്ടത്തിൻ മേൽ വായ്പ നൽകി വരുന്നതിനാൽ പൊതു ജനങ്ങൾക്ക് കമേഴ്സ്യൽ ബാങ്കുകളെ സമീപിക്കാതെ തന്നെ അത്യാവശ്യകാര്യങ്ങൾ നടത്താൻ കഴിയുന്നു.

പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്

പെരുമ്പള തെക്കിൽ എന്നീ വില്ലേജുകളാണ് ഈ ബേങ്കിൻെറ പ്രവർത്തന പരിധി . 2402 പേർ ഈ ബേങ്കിൽ അംഗങ്ങളാണ് ഈ ബാങ്കിൻെറ കീഴിൽ ഒരു വളം ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. ഉത്സവകാലങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരം അവശ്യ സാധന വിൽപന കേന്ദ്രം എന്നിവ നടത്തിവരുന്നുണ്ട്. ഈ സ്ഥാപനത്തിൽ നിന്ന് സ്വർണ പണ്ടിത്തിൻ മേൽവായ്പ [illegible] ർക്ക് സഹായകമാകുന്നു.

കളനാട് സർവ്വീസ് സഹകരണ ബാങ്ക്

കളനാട് ഗ്രാമമാണ് പ്രവർത്തന പരിധി.1500 പേരാണ് അംഗങ്ങൾ.ബാങ്കിൻെറ കീഴിൽ വളം ഡിപ്പോയും റേഷൻ കടയും പ്രവർത്തിക്കുന്നു.

കളനാട്വീവേർസ്സഹകരണ സംഘം

കൈത്തറി മേഖലയിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടി 1951ൽ നിലവിൽ വന്ന ഈ സ്ഥാപനത്തിൽ 55 മെമ്പർ മാരുണ്ട്. ഈ സ്ഥാപനത്തിൻെറ പ്രസിഡൻറ് കെ. അമ്പുവാണ്.

കീഴൂർ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം

പ്രവർത്തന പരിധി കളനാട് ഗ്രാമം ആകെ അംഗങ്ങൾ

342 . 1993 ലാണ് രൂപീകരിച്ചത്. ഈ സ്ഥാപനത്തിൽ നിന്നും വ്യക്തിഗത വായ്പയായി 20000 (ഇരുപതിനായിരം) രൂപ നൽകിയിട്ടുണ്ട്.

ലിക്വിഡേഷൻ നടന്നുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനം

വളരെ നല്ല രീതിയൽ പ്രവർത്തിച്ചിരുന്ന മുണ്ടോൾ സഹകരണ ബാങ്ക് പ്രവർത്തന വൈകല്യം കാരണം നഷ്ടത്തിൽ പ്രവർത്തിക്കുകയും ബാങ്ക് ലിക്വിഡേറ്റ് ചെയ്യേണ്ട രീതിയൽ എത്തിച്ചേർന്നിരിക്കുകയാണ്. തന്മൂലം തെക്കിൽ ഗ്രാമത്തിൽ പെട്ട കർഷകർക്കും മറ്റും പെരുമ്പള സർവ്വീസ് സഹകരണ ബാങ്കിൻെറ സഹായം തേടേണ്ടി വരുന്നു.

പെരുമ്പള ഗർഗണ്ട സാരി സഹകരണ സംഘം

ഒരുകാലത്ത് കരിമ്പ് കൃഷിയുടെ നാടായിരുന്നു പെരുമ്പള . കരിമ്പു കൃഷിക്കാരുടെ സേവനത്തിനായി രൂപീകൃതമായ സഹകരണ സ്ഥാപനമാണ് ഗർഗണ്ട സാരി സഹകരണ സംഘം. ഇന്ന് കരിമ്പ് കൃഷി നാമമാത്രമായതോടെ ഈ സ്ഥാപനത്തിന് നിലനില്പ്പില്ലാതായിരിക്കുകയാണോ. ഇപ്പോൾ ലിക്വിഡേഷൻ നടപടിയിൽ പെട്ടിരിക്കുകയാണ്.

കളനാട് തൊപ്പി നിർമ്മാണ സഹകരണ സംഘം

മുൻ കാലങ്ങളിൽ മുസ്ലീം ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട സ്ത്രീകളുടെ വരുമാന മാർഗ്ഗമായിരുന്നു തൊപ്പി നിർമ്മാണം. അവരുടെ ക്ഷേമക്കായി സ്ഥാപിച്ച സഹകരണസംഘം ഇപ്പോൾ തൊപ്പി നിർമ്മാണം തന്നെയില്ലാത്തഎത്തിനിൽക്കു പ്രസ്തുത സ്ഥാപനത്തിനു നിലനിൽപ്പില്ലാതിരിക്കുകയാണ്.

പീഡിത സഹകരണ സംഘം

ചെമ്മനാട് വനിതാ വ്യവസായ സഹകരണ സംഘം

ചെമ്മനാട് പഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി രൂപീകരിച്ച പ്രസ്തുത സഹകരണ സംഘം ഇപ്പോൾ നാമമാത്രമായി നിലകൊള്ളുന്നു.

രൂപീകരിച്ച് പ്രവർത്തിക്കാത്ത സഹകരണ സംഘം

പെരുമ്പള ഗ്രാമ വ്യവസായ സംഘം

പെരുമ്പള് വില്ലേജിൽ പാരമ്പര്യമായ കൈത്താഴിൽ ചെയ്ത് ജീവിക്കുന്നവരുടെ ഉന്നമനത്തിനുവേണ്ടി രൂപീകരിച്ച ഗ്രാമ വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്തതല്ലാതെ നാളിതുവരെ പ്രവർത്തന മാരംഭിച്ചിട്ടില്ല. പ്രവരത്തിക്കാത്ത ഒരു സംഘം രജിസ്റ്റർ ചെയ്തതു കൊണ്ട് പൊതു ജനങ്ങൾക്ക് ഗുണമില്ലെന്നത് മാത്രമല്ല പുതുതായി മറ്റൊന്ന് ആരംഭിക്കുന്നതിന് തടസ്സവുമാണ്.

ചട്ടഞ്ചാൽകൺസ്യൂമർ സ്റ്റോർസ്

തെക്കിൽ ഗ്രാമത്തിലെ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി രൂപീകൃതമായ ചട്ടഞ്ചാൽ കൺസ്യൂമർ സ്റ്റോർ രജിസ്റ്റർ ചെയ്തിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ അതിൻെറ പ്രവർത്തനം എത്രയും പെട്ടന്ന തന്നെ ആരംഭിക്കണം.

ചട്ടഞ്ചാൽ പഴം പച്ചക്കറി സംഭരണ സംസ്കരണം സംഘം

ഇതും രജിസ്റ്റർ ചെയ്ത പ്രവർത്തിക്കാത്തസ്ഥാപനമാണ്. പ്രവർത്തിക്കാതെ നിർജ്ജീവാവസ്ഥയിൽ നിൽക്കുന്നതിൻെറ ഔചിത്യം മനസിലാകുന്നില്ല. ജനങ്ങളുടെ സൗകര്യർത്ഥം പ്രവർത്തന ക്ഷമ മാക്കാൻ ഭാരവാഹികൾ മുൻകൈയെടുക്കുമെന്ന്പ്രതീക്ഷിക്കാം.

പുതുതായി രൂപീകരിച്ചതും പ്രവർത്തനം ആരംഭിക്കാത്തുമായ സ്ഥാപനങ്ങൾ

1ചെമ്മനാട് പഞ്ചായത്ത് ചെങ്കൽ വ്യവസായ സംഘം

2 ചെമ്മനാട് പഞ്ചായത്ത് കരിങ്കൽ വ്യവസായ സംഘം

3 ചെമ്മനാട് പഞ്ചായത്ത് കാർപെൻററി വ്യവസായസംഘം .

മേൽക്കാണിച്ച മൂന്ന് സംഘവും രജിസ്റ്റർ ചെയ്തിരിക്കുന്നത് പ്രസ്തുത മേഖലകളിൽ തൊഴിൽ ചെയത്ഉപജീവനം നടത്തുന്നവരുടെ ക്ഷേമത്തിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് .ആയതിനാൽ മൂന്ന് സ്ഥാപനങ്ങളുടെയും പ്രവർത്തനം കഴിയുന്നത്ര വേഗത്തിൽ ആരംഭിക്കുവാനും അതാത് മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുവാനും ഭാരവാഹികൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമെന്ന് കരുതുന്നു.

ഈപഞ്ചായത്തിൽപ്രവർത്തിക്കുന്ന

വിദ്യർത്ഥിസഹകരണ സംഘങ്ങൾ

ക്ര.	സഹകരണ സ്ഥാപനത്തിൻെറ പേര്	അംഗങ്ങളടെ എണ്ണം
1	ചന്ദ്രഗിരി ഗവ.ഹൈസ്കൂൾ വിദ്യാർഥി സഹകരണ സംഘം	1208
2	ചട്ടഞ്ചാൽ ഹൈസ്കൂൾ വിദ്യാർത്ഥി സഹകരണ സംഘം	1550
3	ചെമ്മനാട് ഗവ ഹൈസ്കൂൾ വിദ്യാർത്ഥി സഹകരണ സംഘം	3737
4	തെക്കിൽ പറമ്പ ജി. യി.പി സ്കൂൾ വിദ്യാർത്ഥി സഹകരണ സംഘം	3311
5	കീഴൂർ ഗവ. ഫിഷറീസ് യു.പി സ്കൂൾ സഹകരണ സംഘം	59

ഈ പഞ്ചായത്തിൽ പ്പെട്ട മേൽക്കാണിച്ച അഞ്ച് സ്കൂളുകളിൽ കുട്ടികളുടെ സൗകര്യാർത്ഥം രൂപീകരിച്ച സഹകരണ സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഒരു പരിധി വരെ വിജയപ്രദമായി നടത്തി പ്പോരുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഉള്ള കൃഷിക്കാർക്കും മറ്റുള്ളവർ

ക്കും സേവനം നൽക്കുന്നതിനുള്ള ഇതര സ്ഥാപനങ്ങൾ.

1.കാസറഗോഡ് ഭൂവികസന സഹകരണസംഘം.

2 കാസറഗോഡ് ജില്ലാ സഹകരണ സംഘം

3കാസറഗോഡ് മാർക്കറ്റിങ്ങ് സൊസൈറ്റി

4കാസറഗോഡ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി

മേൽപറഞ്ഞ സഹകരണസംഘങ്ങൾ കാർഷിക രംഗത്തു. തൊഴിൽ രംഗത്തും സമൂലമായി മാറ്റം വരുത്തുന്നതിനും കൂടുതൽ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ്, സ്ഥാപിച്ചതെങ്കിലും ഗുണ ഭോക്താക്കൾക്ക് തക്കതായ സമയത്ത് വായ്പ കിട്ടാത്തതിനാലും മറ്റും സഹകരണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സാങ്കേതിക മായ പല പ്രശ്നങ്ങളും തടസ്സം സൃഷ്ടിക്കുന്നു.

പ്രശ്നങ്ങൾ

1 സഹകരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വായ്പ സംഖ്യയും മറ്റും ജില്ലാ ബാങ്കിൽ നിന്നും യഥാ സമയം കിട്ടുന്നില്ല.

2 വായ്പകൾക്കുള്ള പലിശ നിരക്ക് കൂടുതലാണ്. സബ്സിഡികളുടെ നിരക്ക് കുറവാണ്.

3 സഹകരണ നിയങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാത്തത് കൊണ്ടുള്ള വിഷമം പ്രവർത്തനങ്ങളിൽ വിഷമം സൃഷ്ടിക്കുന്നു.

4 സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ട സഹായങ്ങൾ യഥാസമയം നൽകുന്നില്ല.

സാധ്യതകൾ

1 പാലുൽപാദന മേഖലകളിൽ ഇന്ന് അനുഭവിക്കുന്ന വിഷമങ്ങൾ പരിഹരിക്കുന്നതിന് സാധ്യത യുള്ളസ്ഥലങ്ങവിൽ ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

2 സഹകരണമേഖലയിൽ വനിതാ പ്രസ്സുകൾ ആരംഭിക്കണം.

3 വനിതൾക്ക് തൊഴിൽ നൽകന്നതിനാവശ്യമായ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

4 സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹകരണ സംഘം ആരംഭിക്കണം.

5 ചെമ്മനാട് പഞ്ചായത്തിന് മാത്രമായി ഒരു ഭവന നിരമ്മാണ സഹകരണ സംഘം സ്ഥാപിക്കണം.

6 കാർഷിക മേഖലയിൽ ഇന്ന് നിലവിലുള്ള ഹ്രസ്വകാല വായ്പാ പരിധി വർദ്ധിപ്പിക്കണം.

7 തൊഴിലവസരം സൃഷ്ടിക്കുന്നതിന് നാളീകേര ഉൽപ്പാദകർക്ക് ന്യായമായ വില കിട്ടുന്നതിന് വേണ്ടി ഈ പഞ്ചായ്തിൽ സഹകരണമേഖലയിൽ നാളീകേര സംസ്ക്കരണ ഫാക്ടറി ആരംഭിക്കുന്നത് ഉപകാര പ്രദമായിരിക്കും.

8 കാർഷിക വിഭവങ്ങളുടെ വിപണന സഹകരണ സംഘം സ്ഥാപിക്കണം.

9 പഞ്ചായത്തിലെ പ്രധാനപ്പെട്ടകേന്ദ്രങ്ങളിലെല്ലാം കൺസ്യൂമർ സൊസൈറ്റി സ്ഥാപിക്കണം.

10 സഹകരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണം.

11 പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും അവരുടെ പരിധിയിൽ പ്പെട്ട സഹകരണബേങ്കകളിൽ അംഗത്വം നൽകുകയും സഹകണ പ്രസ്ഥാനത്തെ പ്പറ്റി ബോധവൽക്കരണ ം നടത്തുകയും വേണം.

12 റേഷൻ ഷാപ്പ് ഇല്ലാത്ത സ്ഥലങ്ങളിൽ സഹകരണ മേഖലയിൽ റേഷൻ ഷാപ്പ് ആംരഭിക്കുന്നത് ഉപകാരപ്രദമായിരിക്കും.

13 പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകൾ ആംഭിക്കണം.

14 തെക്കിൽ വില്ലേജിൽ നിലവിൽ സഹകരണ ബാങ്ക് ഇല്ലാത്തതിനാൽ പെരുമ്പള സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു ശാഖ ചട്ടഞ്ചാലിൽ ആരംഭിക്കുന്നത് ഇവിടുത്തെ കൃഷിക്കാർക്ക് ഉപകാര പ്രദമായിരിക്കും.

15കാർഷിക രംഗത്ത് അനുവദിച്ച വായ്പയുടെ പലിശ നിരക്ക്കുറച്ചുകൊണ്ട് മുഴുവൻ അംഗങ്ങൾക്കും ആവശ്യമായ വായ്പ നൽകുവാൻ സഹകരണ ബാങ്കുകൾ ശ്രമം നടത്തണം.

16 തൊഴിൽ സാധ്യതയുള്ള മേഖലയിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചാൽ ഒരു പരിധിവരെ തൊഴിലില്ലായ്മ ഇല്ലാതാക്കാൻ പറ്റും.

17 കാർഷിക സഹകരണ സംഘങ്ങൾ രൂപികരിച്ച്കൃഷിക്കാർക്ക് ആവശ്യ സാധന സാമഗ്രികൾ വിതരണം ചെയ്യണം.

18 സഹകരണ മേഖലയിൽ ആധുനിക ചികിത്സാ സൗകര്യങ്ങളുള്ള ഒരു ആശുപത്രി സ്ഥാപിച്ച് ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണം.

19 ഇന്ന് പ്രവർത്തന ക്ഷമമല്ലാത്ത താഴെ കാണിച്ച സഹകരണ സംഘങ്ങളിലെ ഭാരവാഹികൾ അടിയന്തിരമായും പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കിയാൽ പല മേഖലയിലുള്ള തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും ഉപകാരപ്രദമായിരിക്കും,

1 ചെമ്മനാട് വനിതാ വ്യവസായ സഹകരണ സംഘം

2 പെരുമ്പള ഗ്രാമ വ്യവസായ സഹകരണ സംഘം

3ചട്ടഞ്ചാൽ കൺസ്യൂമർ സ്റ്റോർ

4 ചട്ടഞ്ചാൽ പഴം പച്ചക്കറി സംഭരണ സംസ്ക്കരണ സംഘം

5 ചെമ്മനാട് പഞ്ചായത്ത് ചെങ്കൽ വ്യവസായ സംഘം

6 ചെമ്മനാട് പഞ്ചായത്ത് കരിങ്കൽ വ്യവസായ സംഘം

7 ചെമ്മനാട് പഞ്ചായത്ത് കാർപെൻററി വ്യവസായ സംഘം

പട്ടിക - 1

ക്രമ നമ്പർ	സഹകരണ സ്ഥാപനത്തിന്റെ പേര്	ഉദ്ദേശ്യം	അംഗങ്ങളുടെ എണ്ണം	സ്ഥാപിത വർഷം.
1.	ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക്	കാർഷിക ധനസഹായം	2471	1950
2.	പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്	കാർഷിക ധനസഹായം	2402	1953
3	കളനാട് സർവ്വീസ് സഹകരണ ബാങ്ക്	കാർഷിക ധനസഹായം	1500	1912
4.	പെരുമ്പള ഗ്രാമ വ്യവസായ സഹകരണ സംഘം.	പ്രവർത്തന രഹിതം	—	—
5.	ചെമ്മനാട് വനിതാ വ്യവസായ സഹകരണ സംഘം	പ്രവർത്തന രഹിതം	—	—
6	ചട്ടഞ്ചാൽ കൺസ്യൂമർ സ്റ്റോർ	പ്രവർത്തന രഹിതം	—	—
7	ചട്ടഞ്ചാൽ പഴം പച്ചക്കറി സംഭരണ സംസ്കരണ സംഘം	പ്രവർത്തന രഹിതം	—	—
8.	ചെമ്മനാട് പഞ്ചായത്ത് ചെങ്കൽ വ്യവസായ സംഘം.	തൊഴിലാളി ക്ഷേമം.	—	—
9.	ചെമ്മനാട് പഞ്ചായത്ത് കരിങ്കൽ വ്യവസായ സംഘം	തൊഴിലാളി ക്ഷേമം	—	1996
10.	ചെമ്മനാട് പഞ്ചായത്ത് കാർപെന്ററി വ്യവസായ സംഘം	തൊഴിലാളി ക്ഷേമം.	—	1996
11.	ചന്ദ്രഗിരി ഗവ. ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	കൺസ്യൂമർ	1205	1973
12	ചട്ടഞ്ചാൽ ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.	കൺസ്യൂമർ	1550	1983
13	ചെമ്മനാട് ഹൈസ്കൂൾ (ഗവ:) കോ. ഓപ്. സൊസൈറ്റി.	കൺസ്യൂമർ	3731	1975
14.	തെക്കിൽപറമ്പ ഗവ.യു.പി.സ്കൂൾ കോ-ഓപ് സൊസൈറ്റി.	കൺസ്യൂമർ	334	1976
15.	ഗവ. ഫിഷറീസ് യു.പി.സ്കൂൾ കീഴൂർ കോ-ഓപ് സൊസൈറ്റി	കൺസ്യൂമർ	99	1976
16.	കീഴൂർ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം.	മത്സ്യത്തൊഴിലാളി ക്ഷേമം.	342	1993
17	കളനാട് വീവേഴ്സ് കോ. ഓപ് സൊസൈറ്റി.	കൈത്തറി വ്യവസായം.	55	1951
	ആകെ		13689	

അവലംബം: സഹകരണ സംഘം രേഖകൾ.

പട്ടിക 2

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥിരം ജീവനക്കാർ	താല്ക്കാലിക ജീവനക്കാർ	ആകെ
1.	ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക്	8	3	11
2	പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്	3	2	5
3	കളനാട് സർവ്വീസ് സഹകരണ ബാങ്ക്	4	6	10
4.	കളനാട് വീവേഴ്സ് കോ. ഓപ്. സൊസൈറ്റി.	1	—	1
5.	കീഴൂർ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം.	1	—	1
	ആകെ	17	11	28

അവലംബം : സഹകരണ സംഘം രേഖകൾ.

പട്ടിക 3

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിത വർഷം	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	അംഗീകൃത ഓഹരി മൂലധനം	നിക്ഷേപം	വായ്പകൾ		ക്ലാസിഫിക്കേഷൻ
							കാർഷികം	മറ്റുള്ളവ	
1.	പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്	1953	തെക്കിൽ പെരുമ്പള വില്ലേജുകൾ	2402	8,05,000	81,31,110	20,66,077	—	4
2.	ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക്	1950	ചെമ്മനാട് വില്ലേജ്	2079	—	—	10,65,181	1,07,63-539	6
3.	കളനാട് സർവ്വീസ് സഹകരണ ബാങ്ക്	1912	കളനാട് വില്ലേജ്	1500	1,50,000	—	2,15,860	2,69,600	6
	ആകെ			5981	9,55,000	81,31,110	33,47,118	1,1033,139	

പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ (41651) യുടെ 3% പട്ടിക ജാതി വിഭാഗമാണ്. 10 കോളനി കളിലായി 1181 പട്ടിക ജാതിക്കാരും 7 പട്ടിക വർഗ്ഗക്കാരും താമസിക്കുന്നു .

പഞ്ചായത്തിലെ കോളനികളുടെ എണ്ണങ്ങൾ

ക്രമനമ്പർ	പേര്	കുടുംബങ്ങളുടെ എണ്ണം
1	ബിട്ടിക്കൽ	13
2	കുന്നാറ	13
3	തൈര	12
4	പുത്തരിയടുക്കം	17
5	ചട്ടഞ്ചാൽ	10
6	പാദൂർകവുംവള്ളം	15
7	പെരുമ്പള	12
8	പരവനടുക്കം	35
9	അരമങ്ങാനം	15
10	കളനാട്	13
	ആകെ	155

കോളനികളിൽ ഉൾപ്പെടാത്തവീടുകൾ മരവയൽ 4 മൈലാട്ടി-5 കണിയടുക്കം 55 ാം മൈൽ -3, കോളിയടുക്കം -3 വാളിയാടം 3 അണിഞ്ഞ -1 കാനത്തുംകുണ്ട്-2 ചെമ്പരിക്ക 3 കൂവ്വത്തൊടി-കൈന്താർ 7 വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഇവരിൽ ചെറിയ ഒരു വിഭാഗം മാത്രമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിൽ നിൽകുന്നത്.

ഈ വിഭാഗത്തിൻെറ പരമ്പരാഗത കുടിൽ വ്യവസായമായ പായ നെയ്ത്ത് മാത്രമേ നിലവിലുള്ളൂ. വേറൊരു കുടിൽ വ്യവസായങ്ങളായ കുമ്മായം, തുകൽ ഉൽപ്പാദനം നാശോൻമുഖമായിരിക്കുകായണ്. ഇവരുടെ ഉയർച്ചക്ക് വേണ്ടി ഗവ. നൽകികൊണ്ടിരിക്കുന്ന വിവിധ ആനുകൂല്യങ്ങൾ വേണ്ടത്ര ഉപയോപ്രഗമാക്കാൻ കഴിഞ്ഞിട്ടില്ല, ഇത്തരം വിഭാഗത്തെസാമൂഹിക സാമ്പത്തിക് സാംസ്ക്കാരിക രംഗങ്ങളിൽ ഉയർത്തി കൊണ്ട് വരുന്നതിന് ഇവർക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ യഥാവസരം വേണ്ടവിധം അറിയിച്ച അർഹരായവർക്ക് ലഭ്യമാക്കുകയും ഇടനിലക്കാരൻെറ ചൂഷണത്തിൽ നിന്ന് രക്ഷിക്കുകയും വേണം.

ഹരിജനങ്ങളെ സംഘടിപ്പിച്ച് ക്ഷേത്ര പ്രവേശനം നടത്തിയതിന് പ്രശസ്ത സാമൂഹ്യ പരിഷ്കർത്താവായ സ്വാമി ആനന്ദതീർത്ഥനെ തൈരയിൽ വെച്ച് സവർണ മേധാവികൾ ഗുണ്ടകളെ വെച്ച് ആക്രമിക്കുകയും മർദ്ദിക്കുകയും ചെയ്തിരുന്നു.

1980 കളിൽ പരവനടുക്കത്ത് അയിത്തത്തിന് എതിരായി ഹരിജനോദ്ധാരണത്തിന് വേണ്ടി പ്രവർത്തിച്ചതിന് തുളിച്ചേരി ചാത്തുക്കുട്ടി നായർ എന്ന് അ്ദധ്യാപകനെ ജാതി പ്രാമാണികൾ പീഢിപ്പിച്ചരുന്നു.

മാദികർ എന്നവിഭാഗം ഇവിടെ കുടിയേറിപ്പാർത്തത് ചന്ദ്രനഗര രാജാക്കന്മാരുടെയും മൈസൂർ രാജാക്കന്മാരുടെയും പടയോട്ടത്തിൻെറ ഭാഗമായാണ്.

വിദ്യാഭ്യാസ നിലവാരം

ഒരു ഘട്ടത്തിൽ മുഴുവൻ കോളനി നിവാസികളെയും സാക്ഷരാക്കാൻ സാധിച്ചിരുന്നെങ്കിലും തുടർവിദ്യാഭ്യാസത്തിൻെറ അഭാവം കാരണം ഇവരിൽ കൂടുതൽ പേർനിരക്ഷരരായി മാറികൊണ്ടിരിക്കുകയാണ്. രക്ഷിതാക്കശഅക്ക് വിദ്യാഭ്യാസകുറവ് കാരണം കുട്ടികളെ സ്കൂളിൽ എത്തിക്കാൻ വേണ്ടത്ര താൽപര്യം ഉണ്ടാകാറില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടത്കൊണ്ട് പഠനം നിർത്തേണ്ടിവരുന്ന അവസ്ഥയും ചില കുട്ടികൾക്ക് ഉണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി കോളനികളിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ.

1996-97 അദ്ധ്യായന വർഷത്തിൽ ഈ പഞ്ചായത്തിൽ ആകെ 379 പട്ടിക ജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇവരിൽ 227 പേർ ആൺ കുട്ടികളും 152 പേർ പെൺ കുട്ടികളുമാണ്. എസ്.എസ്.എൽ.സി പരീക്ഷയിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികളിൽ 50 ശതമാനം ആളുകൾ മത്രമേ തുടർന്ന് പഠിക്കാൻ തയ്യാറാവുന്നുള്ളു. ബാക്കിയുള്ളവർ തൊഴിൽ തേടി നിരമ്മാണ മേഖലേക്കും കൂലി പണിയിലേക്കും വഴി മാറി പോവുകയാണ്.ഈ സമുദായത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകുന്നത്

പട്ടിക.
SC/ST കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ.

സ്കൂളിന്റെ പേര്	ആൺ	പെൺ	തോറ്റവർ		ആകെ	പഠനം നിർത്തിയവർ	ഇം: മീഡിയം
			ആൺ	പെൺ			
GHS. ചെമ്മനാട്	–	–	–	–	–	–	–
G.H.S ചന്ദ്രഗിരി	7	5	–	–	12	–	–
GUPS ചെമ്മനാട്	–	–	–	–	–	–	–
AUPS ദേളി	5	4	–	1	10	–	–
GLPS ചന്ദ്രഗിരി	4	1	–	1	6	1	–
GLPS. കളനാട് ഓൾഡ്	2	–	–	–	2	–	–
GUPS കോളിയടുക്കം	–	1	–	–	1	–	–
GLPS ചാത്തങ്കൈ	1	–	–	–	1	–	–
GLPS പെരുമ്പള	5	3	1	–	9	–	–
GUPS ചെമ്പരിക്ക	–	2	–	–	2	–	–
GFUPS. കീഴൂർ	–	–	–	–	–	–	–
GLPS തെക്കിൽ ഈസ്റ്റ്	2	1	–	–	3	–	–
GUPS ബെണ്ടിച്ചാൽ	–	2	–	–	2	–	–
CHSS ചട്ടഞ്ചാൽ	22	25	73	17	137	1	–
KHJ UPS കളനാട്	–	–	–	–	–	–	–
G.H.S ചെമ്മനാട്	23	31	9	1	64	–	–
M.I. കോളേജ്	–	–	–	–	–	–	–
" "	1	–	–	–	1	–	–
GLPS ചെമ്മനാട് ഈസ്റ്റ്	21	12	–	–	33	–	–
GUPS തെക്കിൽപറമ്പ	45	32	3	1	81	3	–
GLPS കളനാട് ന്യൂ	–	–	–	–	–	–	–
GUPS തെക്കിൽവെസ്റ്റ്	3	7	–	1	11	1	–
ചട്ടഞ്ചാൽ പ്ലസ് ടു.	–	4	–	–	4	–	–
ചാച്ചാ ഇം: മീഡിയം നഴ്സറി, ചട്ടഞ്ചാൽ	–	–	–	–	–	–	1
ആകെ.	141	130	86	22	379	6	1

മറ്റുവിദ്യാർത്ഥികളെ അപേക്ഷിച്ച് കുറവാണ് .എസ.എസ്.എൽ.സി തോറ്റ വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം ഇപ്പോൾ മാർക്കിൻെറ അടിസ്ഥാനത്തിൽ മാത്രമേ ലഭിക്കുകയുള്ളു. മാർക്ക് ഉണ്ടെങ്കിലും ചില പ്രദേശങ്ങളിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതേയില്ല. ഈ അനുകൂല്യം മാർക്കിൻെറ അടിസ്ഥാനത്തിൽ അല്ലാതെ തോറ്റമുഴവുൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ നടപടിസ്വീകരിക്കണം

സാമൂഹ്യ സാംസ്ക്കാരിക നില

വിദ്യാഭ്യാസ നിലവാരത്തിലൊക്കെകുറേയേറെ പുരോഗതി പ്രാപിച്ചുവെങ്കിലും നമ്മുടെ നാട്ടിലെ വികസന പ്രവരത്തനങ്ങളുടേയും സാംസ്ക്കാരിക പ്രവർത്തനങ്ങളുടേയും മുഖ്യ ധാരയിലേക്ക് ഈവിഭാഗക്കാർ ഇനിയം എത്തിയിട്ടില്ല. ചുരുക്കം ചില കുടുംബങ്ങൾ ജീവിത നിലവാരത്തിൽ മെച്ചപ്പെട്ടനില പുലർത്തുന്നുണ്ടെങ്കിലും ഏറെ പേരും പിന്നോക്കാവസ്ഥയിൽ തന്നെയാണുള്ളത്. നമ്മുടെ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ അയിത്തം എന്ന ദുരാചാരം ഇപ്പോഴും നിലനിൽക്കുന്നു.

തെയ്യംകലാകാരന്മാർ ഈ വിഭാഗത്തിൽ പെട്ടവരാണ്. കലാസാംസ്ക്കാരിക രംഗത്ത് കുലതൊഴിൽ നടത്തുന്നതാണ് തെയ്യം കെട്ടൽ.പട്ടിക ജാതി ഇവർ ഈവിഭാഗത്തിലെ തന്നെ പ്രത്യേക വിഭാഗമായി നിലകൊള്ളുന്നവരാണ്. കോപ്പാളൻ മാർ ,മലയർ ബണ്ണാൻ ഇവർ ഉപജീവനം കഴിച്ച് വരുന്നത് തെയ്യം കെട്ടികിട്ടുന്ന വരുമാനത്തിലൂടെയാണ്.മഴക്കാലങ്ങളിൽ ഉപജിവനമാർഗ്ഗം നടത്തുന്നതിന് ഇവർക്ക് ഒരു പ്രത്യേകതയുണ്ട്, വീട് തോറും തെയ്യക്കോലങ്ങളുമായി (ഗളിഞ്ചൻ,വേടൻ ആടൻ) കയറി ഇറങ്ങി വരുന്നു.

ആചാരങ്ങൾ:-

ചില ആചാരങ്ങൾ ഇപ്പോഴും മുറുകെ പിടിച്ച് ജീവിക്കുന്നവർ ഇക്കൂട്ടത്തിലുണ്ട് ഹിന്ദു-ഗൃഹങ്ങളിൽ മരണം നടന്നാൽ ശവം കത്തിച്ചുകളയുന്ന പൊതുആചാരങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ഇവിടെ മുതിർന്നവരെ മാത്രമേ കത്തിച്ചുകളയുന. കുട്ടികളെ കുഴിച്ചു മൂടുന്ന സമ്പ്രദായമാണ് ഇപ്പോഴും നിലിവുള്ളത് പഴയ കാലത്ത് കോളനികളിലുണ്ടായിരുന്ന മൂപ്പൻ മാർ (എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ തീർപ്പ് കൽപ്പിക്കുന്ന ആൾ) ഇപ്പോഴും കോളനികളിലുണ്ട്. ഈ വിഭാഗത്തിൽ പെട്ട മൂപ്പൻ മാർ മരിച്ചാൽ അവർ തെയ്യക്കോലങ്ങളായി മാറുന്നു എന്ന വിശ്വസം മുൻ കാലങ്ങളിൽ നിലനിന്നിരുന്നു. ഇതിൽ പ്പെടുന്ന താണ് ഇന്ന് കെട്ടിയാടുന്ന കാർണ്ണവൻതെയ്യം.

തൊഴിൽ

പട്ടിക ജാതി വിഭാഗങ്ങളിൽ ഭൂരിഭാഗവും അവരുടെ കുലത്തൊഴിൽ ചെയ്ത ജീവിച്ച്വരുന്നവരായിരുന്നു എന്നാൽ ഇത്തരം തൊഴിവുകളുടെ തകർച്ചയോടെ ജീവിക്കാനുള്ള തൊഴിലിന് വേണ്ടി മറ്റുമേഖലകളെ ആശ്രയിക്കാൻനിർബ്ബദ്ധിതരായി..ഭൂരിഭാഗവും നിർമ്മാണ് രംഗത്താണ് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനാൽ ചെറുപ്രായത്തിൽ തന്നെ പലരും ഇത്തരം മേഖലകളിലേക്ക് ചേക്കേറുന്നു.

കാർഷികമേഖലകളിൽ സീസണുകളിൽ മാത്രംഇവർ കൃഷി പണിയുമായി ബന്ധപ്പെടുന്നു. പ്രധാന കൈത്തൊഴിൽ ആയ പായാനെയ്ത്ത് അസംസ്കൃത വസ്തുവായ പയാമുണ്ട സംരക്ഷിക്കാൻ കഴിയാത്തതിനാൽ പൂർണമായി തടസ്സപ്പെട്ടിരിക്കുകയാണ്.

പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽ അഭ്യസ്തവിദ്യരായ യുവതി യുവാക്കൾ സ്വയം തൊഴിൽ പഠിച്ചെങ്കിലും ബന്ധപ്പെട്ട ബാങ്കുകൾ വായ്പ നൽകുന്നതിന് മടിക്കുന്ന സ്ഥിതിയാണുള്ളത്. സ്വയംതൊഴിൽ പരിശീലനം നൽകാൻ മേഖലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ തയ്യാറാകാത്തത് പണം കൈക്കലാക്കാൻ വേണ്ടിയാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസി വഴി നടപ്പാക്കിവരുന്നപദ്ധതികൾമുഖേന വീടുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്, ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങൾ ഉണ്ടെങ്കിലും ഒറ്റപ്പെട്ട് കഴിയുന്ന പട്ടിക ജാതി കുടുംബങ്ങൾക്ക് കോളനിയിൽ ലഭിക്കുന്ന പല ആനുകൂല്യങ്ങളും ലഭിക്കാത്ത സ്ഥിതിയാണ്. ഇവർക്ക് വീട് നിർമ്മിക്കാൻഅനുവദിക്കുന്ന തുകയുടെഅപര്യാപ്തത കാരണം പല വീടുകളും പൂർത്തിയാകാത്ത സ്ഥിഥിയാണ്.ഇത് ചില കോളനികളിൽ നിലവിലുണ്ട്. ഈ പഞ്ചായത്തിൽ 65 ശതമാനം കുടുംബങ്ങൾക്ക് മാത്രമേ ഈ അനുകൂല്യം ലഭിച്ചിട്ടുള്ളൂ. ഇവിടെ ഒരേ വീട്ടിൽ തന്നെ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നു. വീട് വെക്കാൻ ആവശ്യമായ സ്ഥലവും വീട് വെക്കാനുള്ള പണവും അനുവദിച്ച് കൊടുത്താൽ മത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളൂ.

ആരോഗ്യം

പല കോളനികളുലും ആരോഗ്യ പ്രശ്നം നിലനിൽക്കുന്നു.പല കുടുംബങ്ങളും ശുചിത്വത്തിൻെറ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല., പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ പ്രകാരം 10 ശതമാനം കുടുംബങ്ങൾക്ക് മാത്രമേഅനുകൂല്യം ലഭിച്ചിട്ടുള്ളൂ. ആരോഗ്യപ്രവർത്തകരുടെനിരന്തര സമ്പർക്കവും ബോധവൽക്കരണവും ഈ പ്രദേശങ്ങളിൽ ഉണ്ടാവണം.പഞ്ചായത്തിൽ വിവിധ കേന്ദ്രങ്ങളിൽ ആശുപത്രികൾ ഉണ്ടെങ്കിലും സ്ഥിരമായ ഡോക്ർമാരും ആവശ്യമായ മരുന്നുകളും ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1കർഷികമേഖലയിൽ തൊഴിലവസരം കുറഞ്ഞ് വരുന്നത് മൂലം ജീവിതം കൂടുതൽ പ്രതിന്ധിയിലണ്നീങ്ങുന്നു.

2 എല്ലാവർക്കും സ്വന്തമായിവീടില്ല. കോളനികളിലെ വീടുകളിൽ മിക്കവയും പഴക്കം ചെന്നതും തീർത്തും വാസയോഗ്യമല്ലാത്തവയുമാണ്.

3 വീടുകളുടെ ചുറ്റുപാടും ശുചിത്വമില്ല,

4 കോളനികളിൽ 90 ശതമാനം വീടുകൾക്കും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ല.

5 ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല. നിർദ്ധനരായ കുടുംബങ്ങളെ ചികിത്സിപ്പിക്കുന്നതിനും മറ്റുമുള്ള കാര്യങ്ങളിൽ വേണ്ടത്ര ഊന്നൽ കൊടുത്തിട്ടി

ല്ല.

6 നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് വേണ്ടത്ര ധനസഹായം നൽകുന്നതിന് പ്രധാന്യം കൽപ്പിക്കുന്നില്ല.

7 ഐ.ആർ.ഡി.പി പദ്ധതി ഫലപ്രദമായി ഉപയോഗ പെടുത്തുന്നില്ല.

8 പട്ടിക ജാതി ക്ഷേമ കോർപ്പറേഷൻ സ്വയം തൊഴിലിന് വേണ്ടി നൽകുന്ന വായ്പകൾ ലക്ഷ്യം നേടുന്നില്ല.

9 നിലവിലുള്ള ക്ഷേമ പ്രവർത്തനങ്ങളെ പറ്റി വേണ്ടത്ര ബോധവാന്മാരല്ല.

10 ഈ പഞ്ചായത്തിൽ 10കോളനികളിലും കോളനി അല്ലാത്ത ചില വീടുകളിലും കുടിവെള്ളക്ഷാമമുണ്ട്.

11 കോളനികളിൽ പെതു ശ്മശാനം ഇല്ല.

12 ബിട്ടിക്കൽ ,തൈര, പാദൂർ ,കാവുംവെള്ളം, പെരുമ്പള, അരമങ്ങാനം കളനാട് എന്നീ കോളനികളിൽ ഗതാഗത സൗകര്യമില്ല.

13 വീട് വെക്കുന്നതിനും കൃഷി ചെയ്യുന്നതിനും വേണ്ടത്ര ഭൂമിയില്ല. ലഭിച്ചഭൂമിതന്നെ അന്യാധീനമായി പോകുന്നു.

സാധ്യതകൾ

1പായ നെയ്ത്ത്,തോൽവസ്തുകളുടെ നിർമ്മാണം ,കുമ്മായം എന്നിവയുടെ വ്യവസായം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

2 സാമൂഹ്യ സേവന മേഖലയിൽ ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളും വിദ്യാഭ്യാസആനുകൂല്യങ്ങളും വേഗത്തിലും അർഹതപ്പെട്ടവർക്കു മുഴവനും ലഭ്യമാക്കാൻ നടപടിയെടുക്കുക.

3 കോളനികളിലെ വീടുകൾ പൂർണമായി വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കണം.

4 മുഴുവൻ കുടുംബങ്ങൾക്കും സാനിറ്റേഷൻ സൗകര്യം ഉറപ്പാക്കണം.

5 പകർച്ചവ്യാധികളും മാരകരോഗങ്ങളും തടയുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുക. ബന്ധപ്പെട്ടആരോഗ്യകേന്ദ്രങ്ങളിൽ സ്ക്വാഡ് രൂപീകരിച്ച് കോളനിയിലെ കൊതുക് നിവാരണ ത്തിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക .

6 പട്ടിക ജാതി കോളനികളിൽ നടപ്പാക്കി വരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ വിവിധ ഡിപ്പാർട്ട്മെൻറുകൾ പരസ്പരം ആലോചിച്ച് നടപ്പിലാക്കുക.

7 കോളനിയുമായിബന്ധപ്പെടുത്തികൊണ്ട് പൊതു ശ്മശാനം ഉണ്ടാക്കുക.

8 കോളനികളിൽ വായനശാലയും പൊതു ടി.വി സ്ഥാപനങ്ങളും കളിസ്ഥലങ്ങളും സ്ഥാപിക്കുക.

10 കോളനികൾതോറും കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കുക.

11 തുടർ സാക്ഷരതാ പ്രവർത്തനം നടത്തുക. മുഴവൻ നിരക്ഷരരെ സാക്ഷരരാക്കാൻ നടപടിയെടുക്കുക.

12 സ്വയം തൊഴിൽ ചെയ്യുന്നയുവതി യുവാക്കൾക്ക് ബാങ്ക് വായ്പ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുക.

13 ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് ജനകീയ കമ്മിറ്റികൾ പരിശോധിക്കേണ്ടതാണ്.

പട്ടിക ജാതികാർക്കും പട്ടിക വർഗ്ഗക്കാർക്കം എംപ്ലോയ്മെൻറിൽ നിന്നും ലഭിക്കുന്ന ജോലി സ്ഥിരിപ്പെടുത്തുക.

14 ആരോഗ്യപ്രശ്നങ്ങളിൽ ആരോഗ്യപ്രവർത്തകർ ഡോക്ടർമാർ എന്നിവർ മാസത്തിൽ ഒരു തവണയെങ്കിലും സന്ദർശിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

15 പഴകിയതും വാസയോഗ്യമല്ലാത്തുമായ കോളനികളിലെ വീടുകൾ പുനർനിർമ്മിക്കണം.വീടുകൾ തമ്മിലുള്ള അകലം ആരോഗ്യകരമായി പുനർനിർമ്മിക്കണം.

16 ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നതിന് ഓരോ കുടുംബത്തിനും ആവശ്യമായ ഭൂമിനൽകണം.

17 എല്ലാ കോളനികളിലും കുടിവെള്ള സൗകര്യമുണ്ടാക്കണം.ഈ കോളനികളിൽ നിലവിലുള്ള കുഴൽ കിണർ ഉപയോഗ ശൂന്യമാണ്. ചില കുഴൽ കിണറുകളിൽ വെള്ളം ലഭിക്കുന്നുണ്ടെങ്കിലും ശുദ്ധജലം ലഭിക്കുന്നില്ല.ആയതിനാൽ കോളനികളിലെ ഉയർന്ന പ്രദേശങ്ങളിൽ ടാങ്ക് നിർമ്മിച്ച് എല്ലാ പ്രദശേങ്ങൾക്കും പൈപ്പ് വെള്ളം എത്തിക്കുക.

18 പദ്ധതികൾക്ക ഗുണഭോക്താക്കളെ കണ്ടത്തുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്ത് സമിതിയെ ഏൽപ്പിക്കണം.പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിൻെറ മേൽനോട്ടം സമിതിയുടെ ഉത്തര വാദിത്വത്തിൽ ആകണം.

19 കുടിൽ വ്യവസായങ്ങളായ പായ,തുകൽ വസ്തുകളുടെ നിർമ്മാണ തൊഴിലാളികളെ ഏകോപിപ്പിച്ച് തൊഴിൽ മേഖലവികസിപ്പിക്കുകയും ഇവരുടെ സംരക്ഷണത്തിന് പട്ടിക ജാതി വികസന സഹകരണസംഘം ഉണ്ടാക്കുകയും വേണം.

20 കൺസ്യൂമർ സൊസൈറ്റി സ്ഥാപിച്ച് ഉപഭോക്തൃത സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സംവിധാനം ഉണ്ടാക്കണം.

21 പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിക്കാൻ മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക. ന്യായമായ വിലക്ക് ഭക്ഷണം ലഭിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഹോട്ടലുകൾ ഉണ്ടാക്കണം.

22 സഹകരണ ബ്രാഞ്ചിൻെറ ബ്രാഞ്ചുകൾ സ്ഥാപിക്കണം .നിർമ്മാണ പ്രവർത്തനങ്ങൾ ലേബർ കോൺട്രാക്റ്റ് സൊസെറ്റി രൂപീകരിച്ച് നിർമാണ പ്രവർത്തനം സൊസൈറ്റിയെ ഏൽപ്പിക്കണം.

23 പട്ടിക ജാതി പട്ടികവർഗ്ഗ കാർക്ക് വേണ്ടി സംവരണം ചെയ്ത ഭൂമി ഒരുവിഭാഗം ജനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പിൻ ബലത്തോടെ കൈവശപ്പെടുത്തുന്നു. ഇത് തടയുന്നതിന് വേണ്ടിയുള്ള നടപ ടി സ്വീകരിക്കണം

വിഭവസമാഹാരണം

ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഒരു ഒന്നാംഗ്രേഡ് പഞ്ചായത്താണ്. വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ ഗ്രൂപ്പ് തിരിച്ചപ്പോൾ ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്ത് ആകുന്നതിനുള്ള സാധ്യതകളും വിഭവങ്ങളും പഞ്ചായത്തിനുണ്ടായിരുന്നു. പഞ്ചായത്തുകളെ ഗ്രേഡ് തിരിക്കുന്നതിൽ പറ്റിയ ഒരു നോട്ടപിശകാണ് 1987 മുതൽ സ്പെഷൽഗ്രേഡ് പഞ്ചായത്ത് ആകേണ്ടിയിരിക്കുന്ന ഈ പഞ്ചായത്ത് ഒന്നാം ഗ്രേഡ് മാത്രമായി തുടരുന്നതിനുകാരണം. ഈ പഞ്ചായത്തിലെ 58.8 ശതമാനം പേർ ദാരിദ്ര്യരേഖക്ക് മുകളിലുള്ളവരും 41.5 ശതമാനം പർ ദാരിദ്ര്യരേഖയ്ക്ക്താഴെയുള്ളവരുമാണെന്ന് കാണുന്നു. കെട്ടിട നിർമ്മാണ പ്രവർത്തനവുമായി ജോലി ചെയ്യുന്ന വലിയ ഒരുവിഭാഗം തൊഴിലാളികൾ ബീഡി തൊഴിലാളികൾമറ്റ് അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഇവരാണ്, വലിയൊരു വിഭാഗം. ഗൾഫ് മേഖലയിലെ വരുമാനം ,കൃഷി തുടങ്ങിയവയും ഈ പഞ്ചായത്തിൻെറ പ്രധആന വരുനാനമാർഗ്ഗമാണ്. കാർഷികമേഖലയിൽ ഉൽപ്പാദന മാന്ദ്യം കാണപ്പെടുന്നുണ്ട്, തെങ്ങ്,മധുരക്കിഴങ്ങ് കരിമ്പ്, വെറ്റില പുകയില തുടങ്ങിയ കൃഷ്കൾ ലാഭകരമല്ലാത്ത തിനാലും ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്തതിനാലും അപ്രത്യക്ഷമായിരിക്കുകയാണ്. ഇവയൊക്ക സ്വന്തം ആവശ്യത്തിന് പോലും ഇന്ന് കൃഷി ചെയ്യുന്നില്ല, വ്യവസായരംഗത്താകട്ടെ ഒരു തരത്തിലുള്ള പുരോഗതിയും ഉണ്ടായിട്ടില്ല. വ്യവസായശൃഖലകൾ തന്നെ തുടങ്ങുന്നതിനാവശ്യമായ സ്ഥലങ്ങൾ കടത്ത് സൗകര്യങ്ങൾ, യാത്രാ സൗകര്യങ്ങൾ ഇവയൊക്കെ ഉണ്ടായിട്ടും ഈ രംഗത്ത് സർക്കാറോ സ്വകാര്യവ്യക്തികളോ ആരും തന്നെ മുന്നോട്ട് വന്നിട്ടില്ല.കേവലം കുടിൽ വ്യവസായങ്ങളും സഹകരണ മേഖലയിലും ബീഡിമേഖലയിലും ജോലിചെയ്യുന്ന ആളുകളുമാണ് ഇവിടെ യുള്ളത്.അതുകൊണ്ട് തന്നെ വ്യവസായ മേഖലയിൽ നിന്നും പഞ്ചായത്തിതന് യാതൊരുവിധ വരുമാനവുമില്ല.

കളിമണ്ണ്,ചെങ്കല്ല് മത്സ്യസമ്പത്ത്, കയർ തുടങ്ങിയ മേഖലകളുള്ള വ്യാവസായിക മായി വളർത്തിയെടുക്കുന്നത് പഞ്ചായത്തിൻെറ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതന് സഹായിക്കും.

കെട്ടിട നികുതിയിനത്തിൽ 1995- 96 ൽ നാലു ലക്ഷത്തിഎൺപത്തി അയ്യായിരത്തി അറുന്നൂറ്റി എഴുപത്തൊമ്പത് രൂപ ധനാഭ്യർത്ഥനയും 413562 രൂപാ വരവും ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷമായി ശരാശരി 50,000 രൂപമുതൽ 1,00,000 രൂപ വരെ പുതുതായി പണിയുന്ന 500 ഓളംനികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെട്ടിടം പണിയുന്നതിൽ ഈ പഞ്ചായത്തിൻെറ പുരോഗതി വളരെ കൂടുലാണ്. അത് കൊണ്ട് തന്നെ കെട്ടിടനികതിയിനത്തിൽ കാര്യമായി വരുമാനമുണ്ടാകുന്നതിന് പഞ്ചായത്തിന് സാധിക്കും. കേരളാപഞ്ചായത്ത് രാജ് ആക്ടും പഴയ കേരള പഞ്ചായത്ത് ആക്ട് പ്രകാരവും കെട്ടിടത്തിൻെറ വാർഷിക വാടകയുടെ 10 ശതമാനം അറ്റകുറ്റപ്പണികൾക്ക് നീക്കിവെച്ച് ബാക്കി ഉള്ളതിൻെറ 6 ശതമാനം മുതൽ 10 ശതമാനം വരെ നികുതി ചുമത്താനും വ്യവസ്ഥയുണ്ട്. ആ രീതിയിൽ ഇപ്പോൾ 8 ശതമാനം നിരക്കിൽ നികുതി ചുമത്തുന്നുണ്ട്. അതിൽ തന്നെ ചുമത്തിയവ പൂർണമായും പരിച്ചെടുക്കുന്നതിൽ അലസതകാണുന്നു എന്നത് 1995 -96 ലെ കണക്കുകൾ വ്യക്തമാക്കുന്നു. ആധുനിക രീതിയിലുള്ള വിശാലവും വിസ്തൃതവും മനോഹരവുമായ കെട്ടിടങ്ങൾ പണയുന്നതിൽ ഈ പഞ്ചായത്തിലെ ചിലരെങ്കിലും മത്സരബുദ്ധികാണിക്കുന്നുണ്ട്, പുതുതായി പണിയുന്ന കെട്ടിടങ്ങളളിൽ ഏറിയ കുറും കോൺഗ്രീറ്റ് കെട്ടിടങ്ങളാണ് .പഞ്ചായത്ത്

പഞ്ചായത്തിലെ വീടുകൾ

ക്രമ നമ്പർ	ഓലമേഞ്ഞത്	ഓടിട്ടത്	കോൺക്രീറ്റ്	മറ്റുള്ളവ	ആകെ
1	676	4448	2546	54	7724

രേഖകൾ കാണിക്കുന്നു. അതിനനിസരിച്ച് നികുതി വർദ്ധനവ് ഉണ്ടാക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. നികുതിയിനത്തിൽ വർദ്ധവ് ഉണ്ടാകാത്തതുകൊണ്ട് പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കര്യമായ കുറവുണ്ടാകുന്നു. പിതിയ കെട്ടിടങ്ങൾ പണിയുമ്പോൾ അവയ്ക്ക് ലൈസൻസ് സമ്പ്രദായും ഏർപ്പെടുത്തുകയും അവയ്ക്ക് ചുമത്താവുന്ന ഫീസിനത്തിൽ തന്നെ നല്ലൊരു വരുമാനവും പഞ്ചായത്തിന് ലഭിക്കാൻ സാധ്യതയുണ്ട്.കെട്ടിട നിർമ്മാണ ത്തിലെ നിയന്ത്രണങ്ങൾ കർശനമാക്കുന്നതിലൂടെ ഗതാഗത പ്രശ്നങ്ങൾ ഒരു പരിധിവരെ യെങ്കിലും പരിഹരിക്കാൻ സാധിക്കും.ഈ നിലയിൽ തന്നെ ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നകെട്ടിട നികുതി പത്ത് ലക്ഷമായി ഉയർത്താൻ കഴിയുന്നതും അവ സാധാരണക്കാരന് ദോഷകരമുണ്ടാവാത്ത രീതിയിൽ നടപ്പിലാക്കാൻ കഴിയുമെന്നതും ചൂണ്ടിക്കാണിക്കപ്പെടുന്നു.

നിലവിൽ 7048കെട്ടിടങ്ങൾക്കായി അസ്സസ്സ് മെൻറ് കളിൽ നിന്നും കെട്ടിട നികുതി പിരിവ് നടത്തുന്നുണ്ട്. നികുതി ചുമത്തുന്നതിൽ കെട്ടിടങ്ങൾ ഒഴിവാകുന്നുണ്ടെന്നൽ ഒരു പ്രാഥമിക പരിശോധനയിൽ മനസ്സിലാകുന്നു. തൊഴിൽ നികുതിയിനത്തിൽ 95-96 വർഷത്തിൽ 1,07.779 രൂപ ധനാഭ്യർത്ഥനയും 90479 രൂപി വരവുണ്ട് കഴിഞ്ഞ അഞ്ച് വർഷമായി തൊഴിൽ നികുതിയിനത്തിലെ ശരാശരി വരവ് ഒരു ലക്ഷത്തിന് താഴെ യാണ്.കേവലം സർക്കാരുദ്യോഗസ്ഥന്മാരിൽ നിന്നും പിക്കുന്നവയാണ് ഇവ, മറ്റ് മേഖലയിൽ നിന്നും ഈ ഇനത്തിൽ വരവ് ഉണ്ടാക്കുന്നതിനും കഴിഞ്ഞാൽ ഈ ഇനത്തിലെ വർവ് രണ്ടു ലക്ഷമായി ഉയർത്തണം .

വിനോദനികുതിയിനത്തിൽ ഈ അടുത്ത കാലത്തായി പഞ്ചായത്തിലുള്ള ഏക സിനിമാശാലയിൽ നിന്നും 10000 രൂപ വരവ് കാണുന്നുണ്ട്. പരിശോധനകൾകാര്യക്ഷമമാക്കിയാൽ ഈ ഇനത്തിലുള്ള ചോർച്ച തടയാൻ കഴിയും. പഞ്ചായത്തിലെ 460 കച്ചവടസ്ഥാപനങ്ങളിൽ നിന്നായി ഏകദേശം 10000 രൂപയോളം ലൈസൻസ് ഫീസിനത്തിൽ വരുമാനമുള്ള തായി കാണുന്നു. പഞ്ചാത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ വിധേയമായി ലൈസൻസീ ഫീസ് സംഖ്യ പുതുക്കി കാര്യക്ഷമമായി ഫീസ് ചുമത്തുകയാണെങ്കിൽ ഏകദേശം ഒരുലക്ഷം രൂപയോളം അധിക വരുമാനം കണ്ടത്താൻ കഴിയും.

പഞ്ചായത്തിനുള്ളകൈമാറ്റ നികുതിയിനത്തിൽ 75 ശതമാന നികുതി രണ്ടു ലക്ഷം രൂപയും 25 ശതമാനം നികുതി യിനത്തിൽ ഒരുലക്ഷംരൂപയും ശരാശരി വരാനുമുണ്ട്. ഈ പഞ്ചായത്തിലെ വസ്തു കൈമാറ്റകണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഇതിൽ ഭീമമായസംഖ്യ പഞ്ചായത്തിന് ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. ഇത് ലഭിക്കുന്നതിന് പഞ്ചായത്തിന് അധികാരം ലഭിക്കുകയും ആയത് ശാസത്രീയ മായി പരിഷ്കരിക്കുന്നതിനുള്ള നടപടിയും ഉണ്ടാക്കണം

ഇന്നത്തെ നിലയിൽ പഞ്ചായത്തിൻെറ തനത് വരുമാനത്തിൻെറ 32 ശതമാനം പഞ്ചായത്ത് നടത്തിപ്പിനായി ഉപയോഗിക്കണം. ഇതിൽ 28 ശതമാനം ഉദ്യോഗ്സ്ഥന്മാർക്ക് മാത്രമായി ചെലവഴിക്കുന്നു.എന്നാൽ പഞ്ചായത്തിൻെറ ജോലി ഭാരത്തിൻെറ അടിസ്ഥാനത്തിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും അത് ശാസത്രീയമായി സർക്കാർ തലത്തിൽ പരിഷ്കരിപ്പിച്ച് കാര്യക്ഷമമായ വിഭവസമാഹരണം നടത്തണം.

പുഴപുറമ്പോക്ക്, തോട് പുറമ്പോക്ക് ഇവ പൂർണമായും കേരള പഞ്ചായത്ത് ആക്ട് 62 വകുപ്പ് പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്.ഈ പഞ്ചായത്തിലെ കരിച്ചേരി പുഴമുതൽ കീഴൂർ റെയിൽപ്പാലം വരെയുള്ള ഏകദേശം 25 കിമിറ്റർ ദൂരത്തിലുള്ള ചന്ദ്രഗിരിപ്പുഴയോരത്തിൽ നിരവധി സ്ഥലങ്ങൾ സ്വകര്യവ്യക്തകൾ കുടിയേറി,തെങ്ങ് കവുങ്ങ് മുതലായവ കൃഷിചെയ്ത് വരുന്നുണ്ട്,അതുപോലെ വിവിധ തോടുകളുടെ ഇരുകരകളിലായി ഏകദേശം 100 മീറ്റർ കുടിയേറി തെങ്ങ് വെച്ച് പിടിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ചും കേരളത്തിലെ ഏറ്റവും ചെറിയ പുഴയായ നൂമ്പിൽ പുഴയുടെ തീരങ്ങൾ ഇങ്ങനെ കയ്യേറി പുഴതന്നെ ഇല്ലാതായിരിക്കുകയാണ്. ഇവരെയെല്ലാം കണ്ടെത്തി ഇവരിൽ നിന്നും നികുതി ഈടാക്കുകയാണെങ്കിൽ ഏകദേശം 5ലക്ഷത്തിലധികംരൂപ അധിക വരുമാനം കണ്ടെത്തന്നതിന് പഞ്ചായത്തിന് കഴിയും. റവന്യൂ സ്റ്റാഫിൻെറ സേവനം ഉപയോഗപ്പെടുത്തി ഒരു ഉദ്യോഗസ്ഥനെ മാത്രം നിയമിച്ചാൽ ഇത് നടപ്പാക്കാവുന്നതാണ്. ഭൂമി കൈവശക്കാർക്ക് ഇത്തരത്തിൽ രേഖകളും നൽകാവുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമായ തീരുമാനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്തിലെ നെൽ പാടങ്ങൾ നികത്തി തെങ്ങ് കവുങ്ങ് എന്നീ കൃഷിയും കെട്ടിടങ്ങൾ പണിയലും കണ്ടുവരുന്നുണ്ട്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തന്നെ ഇത്തരത്തിൽ വിളമാറ്റം നടത്തുന്ന പാടശേഖരങ്ങൾക്കും കൃഷിയിടങ്ങൾക്കും നികുതിചുമത്താൻ അധികാരമുണ്ട് ആയത് നടപ്പിലാക്കുന്നത് നല്ലൊരു വരുമാന മാർഗ്ഗമായിരിക്കും.

പഞ്ചായത്തിൽ വിവിധതരം പരസ്യങ്ങൾ സ്വകാര്യവ്യക്തികൾ പ്രദർശിപ്പിക്കുന്നുണ്ട്. നിലവിൽ ഇതിന് നികുതി ഈടാക്കാൻ നിയമമുണ്ടെങ്കിലും അത് നടപ്പിലാക്കുന്നില്ല, അത് നടപ്പിലാക്കുകയാണെങ്കിൽ അത് നല്ലൊര വരുമാനമാർഗ്ഗമായിരിക്കും.

പഞ്ചായത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അൺ ടൈഡ് ഫണ്ട് ജവഹർ റോസ് ഗാർ യോജന എന്നീ പദ്ധതികൾ പ്രകാരമുള്ള വിഹിതം ഇവയൊക്കെ ആളോഹരി കണക്കാക്കി യാണ് പഞ്ചായത്തിന് ലഭിക്കുന്നത്.ആയത് ശാസ്ത്രീയമയി പരിഷ്കരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തണം. അടിസ്ഥാന ഭൂനികുതി കൃതമായി ലഭിക്കണം.

വികസന പ്രവർത്തനങ്ങളിൽ കരാർ സമ്പ്രദായം അവസാനിപ്പിച്ച് ജനകീയകമ്മിറ്റികൾ ഏറ്റെടുത്ത് നടപ്പിലാക്കണം.ഇത്തരത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ കഴിയും. നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വ്യക്തമാക്കികൊടുക്കാനും ജനകീയ കമ്മറ്റികൾക്ക് കഴിയും.ഓരോ മാസവും പഞ്ചായത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ ലിസ്റ്റ് അടങ്കൽ തുക എന്നിവ പഞ്ചായത്ത് പ്രദേശങ്ങളി

ലെ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുകയും ചെയ്താൽ ജനങ്ങൾ ക്ക് പഞ്ചായത്ത് ഭരണ സമിതിയിലുള്ള വിശ്വാസം വർദ്ധിപ്പിക്കുകയും ഈ രംഗത്തുള്ള അഴിമതി അവസാനിപ്പിക്കുകയും ചെയ്യാം.

പഞ്ചായത്തിൽ വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന കരിങ്കൽ ,കളിമണ്ണ് എന്നിവ ശേഖരിക്കുന്നതിന് ലൈസൻസ് ഫീസ് ഏർപ്പെടുത്തുന്നതും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമാണ്.ചട്ടഞ്ചായൽ പ്രദേശത്ത് ഒരു ആഴ്ച ച്ചന്തയുംമത്സ്യ വിപണന മേഖലകളിൽ മത്സ്യമാർക്കറ്റുകളും അറവ് ശാലകളും ഇവയ്ക്ക ലൈസൻസ് ഫീസും ചുമത്തി നല്ലൊരു വിഭവ സമാഹരണം നടത്താം.

പഞ്ചായത്ത് വക ഏകദേശം നാലുലക്ഷം രൂപ ചെലവ് വ്ചെയ്ത് 13 മുറികൾ ഉള്ള ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് പണിതിട്ടുണ്ട്. അവയിൽ 9 മുറികൾ പ്രസ്തുത സ്ഥലത്ത് മുമ്പ് കച്ചവടം ചെയ്ത ആളുകൾക്ക് നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 4 എണ്ണം പുതിയ ആളുകൾക്ക് ലേലത്തിൽ കച്ചവടം ചെയ്യാൻ നൽകിയിരിക്കുന്നുണ്ട്. ഇന്നത്തെ നിലയിൽ ലഭിക്കുന്ന ഈ യിനത്തിലുള്ള വാർഷികവരുമാനം 65880 രൂപയാണ്.

പഞ്ചായത്തിന്റെ നിലവിലുള്ളവരവിന്റെയും ചെലവിന്റെയും വിവരങ്ങളും മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സമാഹരിക്കാവുന്ന വിഭവങ്ങളുടെയും പട്ടിക ചുവുടെ ചേർക്കുന്നു.

—

പട്ടിക - 1 ചെമ്മനാട് ഗ്രാമപഞ്ചായത്ത് - വരവ്.

ക്രമനമ്പർ	ഇനം	1993-94 രൂപ	1994-95 Rs	1995-96 രൂപ
എ	തനത് വരുമാനം			
1	കെട്ടിട നികുതി	425741.44	413030.54	393303.22
2	തൊഴിൽ നികുതി	151633.00	146816.00	90479.00
3	വിനോദനികുതി	37.50	300.00	7041.20
4	ലൈസൻസ് ഫീസ്	22080.00	12086.50	9011.00
5	ലീസ്, ലേലം, പലവക	3997.00	27956.00	9602.00
	ആകെ	603488.94	600189.04	519436.42
ബി	സർക്കാർ ഗ്രാന്റ്			
1	വസ്തു കൈമാറ്റചുങ്കം	398603.00	441604	201555.00
2	അടിസ്ഥാനനികുതി ഗ്രാന്റ്	161873.00	70787.00	69875
3	എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്	15441.00	94817.00	-
4	വി.ടി.സി. ഗ്രാന്റ്	1050000.00	~~40272.00~~	~~40~~316[illegible].00
5	എം.ഐ ഗ്രാന്റ്	4545.00	4545	4545
6	VRM ഗ്രാന്റ് ~~ആകെ~~	40416.00	40272.00	40296.00
	ആകെ	1670928.00	652025.00	622782.00
സി	മറ്റിനങ്ങൾ			
1	ഉപാധിരഹിതഫണ്ട്	194000.00	296000	309440.00
2	ഡെപ്പോസിറ്റ്	100000.00	400000.00	-
3	വെസ്റ്റേൺ ഘട്ട് പ്രോഗ്രാം	—	—	—
4	ജെ ആർ വൈ	370048.00	303584	359040.00
	ആകെ	664048.00	999584.00	668480.00
	മൊത്തം വരവ്	2938464.94	2251798.04	1820698.42

പട്ടിക - 2 - ചെലവ്

ക്രമ നമ്പർ	ഇനം	1993-94 രൂപ	1994-95 രൂപ	1995-96 രൂപ
1	ഭരണം	32604500	379812.00	3,08180.00
2	പൊതുമരാമത്ത്	527055.00	1759393.00	1073853.00
3	വിദ്യാഭ്യാസം	72,42.00	10,000.00	45,666.00
4	ജലവിതരണം	35,000.00	18328.00	76,761.00
5	തെരുവ് വിളക്ക്	32,670	32791.00	32784.00
6	മറ്റുള്ളവ	1,04210.00	1148459.00	271127.00
ആകെ	തുക	1970022.00	3330455.00	1808281.00

പട്ടിക 1, 2 - അവലംബം പഞ്ചായത്ത് രേഖ



പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് പരവനടുക്കം.

ഉപസംഹാരം

ചെമ്മനാട് ഗ്രാമപഞ്ചായത്തിൻെറ വികസനത്തിൻെറ പോരായ്മകളെക്കുറിച്ച് നമ്മൾ വിവിധ വിഷയങ്ങളായി തിരിഞ്ഞുകൊണ്ട് ചർച്ച ചെയ്തിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൻെറ സ്ഥായിയും സമഗ്രവുമായ വികസനത്തിന് കൃഷി ,വ്യവസായം തുടങ്ങിയ മേഖലകളുടെ വളർച്ചയും സർവ്വീസ് മേഖലകളുടെ കാര്യക്ഷമമായ പ്രവർത്തനവും നടക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യാനന്തരം നടന്ന വിവിധ പഞ്ചവത്സര പദ്ധതികൾ കേന്ദ്രീകൃതവും ഡിപ്പാർട്ടുമെൻറ് ലിസവുമായിരുന്നു സർക്കാർ നടപ്പിലാക്കുന്ന വിവിധ സ്കീമുകളുടെ പ്രവർത്തന പോരായ്മയും ജനങ്ങൾ അനുഭവിക്കുന്ന പലതായ പ്രശ്നങ്ങളുമാണ്, നമ്മുടെ ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ടത്.കഴിഞ്ഞ കാല വികസന സങ്കൽപ്പങ്ങളിൽ നിന്നും വ്യത്യസ്തമായി സന്നദ്ധ സേവനങ്ങളും ജനകീയ ഇടപെടലുകളും ഉപയോഗിച്ച് കൊണ്ട് ഒരുപുതിയ വികസനരാഷ്ട്രീയ സംസ്ക്കാരം ഉണ്ടാക്കുവാൻ കഴിയുമെന്നാണ് ഗ്രാമ സഭകളിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും ഉണ്ടായ ജനകീയ മുന്നേറ്റം സൂചിപ്പിക്കുന്നത്.

കർഷകരംഗത്ത് വരൾച്ചയും കെടുതികളും മൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സംരക്ഷിക്കണം. തകർന്നുപോയ പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിച്ചും പുതിയ വ്യവസായങ്ങൾ തുടങ്ങിയും തൊഴിലില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. സ്വന്തമായി വീട് കക്കൂസ്,കുടിവെള്ള സൗകര്യം മുതലായവ ഇല്ലാത്തവരുടെ ദയനീയതകൾക്ക് പരിഹാരം കാണണം. ഗതാഗതം സംസ്ക്കാരം തുടങ്ങിയരംഗത്തെ പ്രശ്നങ്ങൾ തരണം ചെയ്യണം. ഇങ്ങനെ ഒട്ടനവധി നീറുന്ന പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

നമ്മുടെ പഞ്ചായത്തിൻെറ ഫണ്ട് കൊണ്ട് മാത്രം ഈ വികസന പ്രവർത്തനങ്ങളൊന്നും നടത്താൻ കഴിയുകയില്ല. പഞ്ചായത്തിൻെറ വരുമാനം ചെലവുമായി പൊരുത്തപ്പെട്ടുപ്പോകാൻ വലിയ ബുദ്ധിമുട്ടാണ്. നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ നിറവേറ്റണമെങ്കിൽ ഒരു പുതിയ വികസനസംസ്കാരം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.വികസന രംഗത്ത് കക്ഷിരാഷ്ട്രീയ ഭേദമന്യേ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പ്രാദേശിക അസന്തുലിതാവസ്ഥയും മുൻഗണനാക്രമങ്ങൾ ഇല്ലായ്മയു ംമൂലം ഉണ്ടായ മുരടിപ്പുകൾവസ്തുതനിഷ്ഠവും ശാസ്ത്രീയവുമായപരിശോധന യോടെ തിരുത്തപ്പെടണം. .ഇതിനുവേണ്ടി സാമ്പത്തിക സാമൂഹ്യസർവ്വെയും വിഭവ ഭൂപട നിർമ്മാണവും നമ്മൾ നടത്തേണ്ടിയിരിക്കുന്നു,.ജനകീയ പിന്തുണയോടെ ഇതും സമയബന്ധിതമായി ചെയ്യാൻ പറ്റുമെന്ന പ്രത്യാശയാണുള്ളത്.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി യായി സർക്കാർ പ്രഖ്യാപിച്ചതുമൂലം നമ്മുടെ ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും, ഒമ്പാതം പദ്ധതി ക്കുള്ള ആകെ അടങ്കൽ തുക 14800 കോടി രൂപ നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ 40 ശതമാനം പഞ്ചായത്തുകൾക്ക് അനുവദിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിന് പ്രതിവർഷം ഒരു കോടി രൂപ ലാഭിക്കാൻ സാധ്യതയുണ്ട്. ഗ്രാമങ്ങളിലെ പാവപ്പെട്ടവരുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സുവർണ്ണാവസരമാണിത്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളുംഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ ചർച്ചയിലൂടെ വിവിധ കർമ്മ പദ്ധതികശ്ആ പഞ്ചായത്ത് വികസന സെമിനാറോടെ രൂപം കൊള്ളുകയാണ്. കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശമാണ് ഈ വികസന രേഖ.ഇതിൻെറ അടിസ്ഥാനത്തിൽ ഗ്രാമ വികസന രംഗത്ത് ഒരു പുതിയ മുന്നേറ്റം നമുക്ക് ഉണ്ടാക്കാൻ കഴിയും.

ചെമ്മനാട് ഗ്രാമപഞ്ചായത്തിൻെറ സമഗ്ര വികസരേഖ വിശദമായ ചർച്ചക്കും ക്രിയാത്മകമായ നിർദ്ദേശത്തിനും വേണ്ടി നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്. ഈ വികസന രേഖ തയ്യാറാക്കുന്നതിനുവേണ്ടി പ്രവർത്തിച്ച സന്നദ്ധ പ്രവർത്തകരെയും സർക്കാർ ഉദ്യോഗസ്ഥരെയും മറ്റുള്ളവരെയും ഈ അവസരത്തിൽ കൃതജ്ഞതയേടെ ഓർക്കുകയാണ്.

%%%%%%%%%%%%%%%%%%%

പുനരർപ്പണ ദിനത്തിൽ ചെമ്മനാട് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മൈലാട്ടി രാജീവ് ദശലക്ഷം കോളനിയൽ കിണർക്കുഴിക്കൽ പ്രവൃത്തി പഞ്ചായത്ത് പ്രസിഡൻറ് എ.സുകുമാരി ഉൽഘാടനം ചെയ്യുന്നു

ചെമ്മനാട് ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

1996 സപ്തംബർ മാസം മുതൽ ആരംഭിച്ചു

സപ്തംബർ 16 :	പഞ്ചായത്ത് തല ഒന്നാം ഘട്ട പരിശീലനം
സപ്തംബർ 21 മുതൽ ഒക്ടോബർ 6 വരെ	വിവിധ ഗ്രാമസഭകൾ
ഒക്ടോബർ 10 മുതൽ 26 വരെ :	ദ്വിതീയ സ്ഥിതി വിവരങ്ങളുടെ ശേഖരണം, ഗ്രാമ സഭ റിപ്പോർട്ട് കളുടെ ക്രോഡീകരണം പാഠ പര്യടനംതുടങ്ങിയവ
ഒക്ടോബർ 30 നവംബർ 1	ബ്ലോക്ക് തല രണ്ടം ഘട്ട പരിശീലനം
നവംബർ 1	ദേശീയ പുനരർപ്പണ ദിനം മൈലാട്ടി രാജിവ് ദശലക്ഷം കോളനിയൽ കിണർ കുഴിക്കൽ ഉൽഘാടനം
നവംബർ 12	പഞ്ചായത്ത് രണ്ടാം ഘട്ട പരിശീലനം
നവംബർ 13 മുതൽ നവംബർ 23 വരെ	റിപ്പോട്ട് തയ്യാറാക്കൽ
നവംബർ 26	പഞ്ചായത്ത് വികസനസെമിനാർ സ്വാഗതസംഘം രൂപീകരണം.
ഡിസംബർ 1	ചെമ്മനാട് ഗ്രാമപഞ്ചായത്ത് വികസന സെമിനാർ


കേരളം
കാസർകോട്
KERALA

തുളുനാടൻ സംസ്കാരങ്ങളുടെ ജന്മഭൂമിയായ

ചന്ദ്രഗിരിക്കരയിൽ

ബേക്കലിന്റെ സൗന്ദര്യംനുകാരാനെത്തുന്നവർക്ക്

സിംഗപുരിന്റെ സാംസ്കാരിക ചൈതന്യം

ഉൾക്കൊള്ളുന്ന ഒരു വിശ്രമ മന്ദിരം

NH 17, HIGHWAY JUNCTION
POINACHI,
KASARAGOD DT.
PH : 420411(Restaurant)
420619 (Hos.),
680295(R).

holiday Inn

RESTAURANT

ICE CREAM PARLOUR & SWEET CENTRE

ഉടൻ തുടങ്ങുന്ന സംരംഭങ്ങൾ

HOLIDAY INN LODGE
(A\c &Non A\c Rooms, T.V.Music, Telephone Facilities)

HOLIDAY INN CHILDREN''S PARK
(Swimming Pool Attached)

AUDITORIUM
1000 Seats Capacity)

sister Concerns:

MUNEER MEMORIAL HOSPITAL, POINACHI.
POINACHI RESTAURANT, POINACHI.
MUNEER HOUSING COLONY, POINACHI.
SINGAPORE PLAZA TEXTILE & READYMADES,POINACHI.
RELAX FOOTWEAR, POINACHI.
STD-ISD BOOTH, POINACHI

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്

അഭിവാദനങ്ങൾ

അപ്സര റീഗൻസി ഗ്രൂപ്പ്

(ഓപ്പോസിറ്റ് കെ.എസ്.ആർ.ടി.സി.ബസ്സ് സ്റ്റാൻറ്)

കാസർഗോഡ്. ഫോൺ നമ്പർ : 522124; 521629.

ഏയർ കണ്ടിഷൻ, നോൺ ഏയർകണ്ടിഷൻ റൂമുകൾ,

വെജിറ്റേറിയൻ ഹോട്ടൽ.

പ്രൊപ്രൈറ്റർമാർ:-

അനീഫ്, പോക്കർ

അഹമ്മദ്, ഒറവങ്കര

കളനാട്

അച്ചടി: ഉത്തര മലബാർ ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ്, കാഞ്ഞങ്ങാട്